www.malankaralibrary.com

# സലാമ റമ്പാന്റെ അപവാദവ്യവസായം

ഫാദർ തോമ്മസ് വടശ്ശേരി എൽ. ഡി

Printed at the
St. Joseph's Printing House,
Tiruvalla
1957.

www.malankaralibrary.com

# സലാമ റമ്പാന്റെ
# അപവാദ വ്യവസായം

206

ഫാദർ തോമസ്സ് വടശ്ശേരി എൽ. ഡി.

[വില 1 രൂ. 10 അണ.

Printed at the
St. Joseph's Printing House,
Tiruvalla,
1957.

www.malankaralibrary.com

*Imprimatur*

Mgr. Mathew Nedungatt,
Administrator.

Marygiri,
Tiruvalla,
1—10—'57.

www.malankaralibrary.com

YUVA ... LIBRARY
CHINK...

# പ്രസ്താവന.

വന്ദ്യദിവ്യശ്രീ വി. സി. ഗീവർഗീസ് കോർഎപ്പിസ്കോപ്പാ ബി. എ. കത്തോലിക്കാസഭയിൽ പ്രവേശിച്ചശേഷം പ്രസിദ്ധപ്പെടുത്തിയ "കത്തോലിക്കാസഭയിൽ ഞാൻ ചേൎന്നതു് എന്തുകൊണ്ടു്?" എന്ന ഗ്രന്ഥത്തെ വിമൎശിച്ചു് ശ്രീമാൻ കെ. വി. തോമസ്സ് അമ്പലത്തു "കത്തോലിക്കാസഭയിൽ ഞാൻ ചേരാത്തതു് എന്തുകൊണ്ടു്?" എന്ന ഗ്രന്ഥവും, റവ. ഫാദർ എം. വി. ജോർജ്ജ് എം. എ., ബി. ഡി., എസ്. റ്റി. എം. "ബ. വി. സി. ഗീവറുഗീസച്ചനും റോമാസഭയും" എന്നഗ്രന്ഥവും, വന്ദ്യദിവ്യശ്രീ മോശ സലാമറമ്പാൻ "വിശ്വാസത്യാഗി" എന്നൊരു ലഘുലേഖയും പിന്നീടു "കാതോലിക്കാസഭയും റോമ്മാവാദങ്ങളും" എന്നഗ്രന്ഥവും പ്രസിദ്ധപ്പെടുത്തി. ഈ ഗ്രന്ഥങ്ങളെ അപ്പഴപ്പോൾ വിമൎശിച്ചു തിരുവനന്തപുരത്തുനിന്നു പുറപ്പെടുന്ന "സത്യസമാകാഹള"ത്തിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനങ്ങൾ ശ്രദ്ധാപൂൎവ്വം ഞാൻ വായിച്ചുകൊണ്ടിരുന്നു. ഗീവറുഗീസു് കോർഎപ്പിസ്കോപ്പാ "വിശ്വാസത്യാഗി"ക്കു നല്കിയ "ശകാരവൎഷങ്ങൾ" എന്ന സമുചിതമായ മറുപടിയും ഞാൻ സസൂക്ഷ്മം വായിച്ചു. തന്മൂലം പ്രസ്തുത ഗ്രന്ഥങ്ങളെ വിമൎശിച്ചു എന്തെങ്കിലും എഴുതണമെന്നുള്ള ആഗ്രഹം എനിക്കശേഷം ഇല്ലായിരുന്നു.

കത്തോലിക്കാസഭയെ സംബന്ധിച്ചു പറയുമ്പോഴും എഴുതുമ്പോഴും അകത്തോലിക്കസഭകളിൽ ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവരും, സൎവ്വകലാശാലാ ബിരുദധാരികളായ അഭ്യസ്തവിദ്യരും, ആ സഭകളി

www.malankaralibrary.com



പല പേരും പെരുമയുമുള്ള പ്രസംഗകർത്താക്കളും ഗ്രന്ഥകാരന്മാരും പോലും സാധാരണമായി പ്രയോഗിക്കാറുള്ള അധിക്ഷേപങ്ങൾ, ദുർവ്യാഖ്യാനങ്ങൾ, കത്തോലിക്ക ഗ്രന്ഥങ്ങൾ ഉദ്ധരിക്കുമ്പോൾ വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതിനും വഞ്ചിക്കുന്നതിനുംവേണ്ടി ചെയ്യുന്ന വ്യാജപ്രസ്താവനകൾ, കൃത്രിമങ്ങൾ ആദിയായവ "കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും", "ഫാദർ കെ. റ്റി. സഖറിയാസിന്റെ വിതണ്ഡാവാദങ്ങൾ", "എന്റെ തെങ്ങേലി പ്രസംഗം" മുതലായ ഗ്രന്ഥങ്ങളിൽ ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. വന്ദ്യദിവ്യശ്രീ ഗീവറഗീസ് കോർഎപ്പിസ്കോപ്പായുടെ ഗ്രന്ഥത്തിനെതിരായി ഇറങ്ങിയിട്ടുള്ള ഗ്രന്ഥങ്ങളും ലഘുലേഖയും അകത്തോലിക്ക സഭാംഗങ്ങളിൽ നിന്നു മുമ്പുണ്ടായിട്ടുള്ളവ പോലെതന്നെ അധിക്ഷേപങ്ങളും, ദുർവ്യാഖ്യാനങ്ങളും, സഭാസംബന്ധമായി വലിയജ്ഞാനമില്ലാത്ത സാധാരണ വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന വ്യാജപ്രസ്താവനകളും കൃത്രിമങ്ങളും മറവുംകൊണ്ടു നിറഞ്ഞവയത്രെ. ഹൃദയ പരമാർത്ഥികളും സത്യസ്നേഹികളുമായവർക്ക ഞാൻ നേരത്തെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങൾ വായിച്ചാൽ ഇക്കാര്യങ്ങൾ ശരിയായി ഗ്രഹിക്കാവുന്നതാകയാൽ പ്രസ്തുത ഗ്രന്ഥങ്ങൾക്കെല്ലാം മറുപടി എഴുതി സമയം പാഴാക്കുകയും, ബുദ്ധിമുട്ടി പുതിയ പുതിയ പുസ്തകങ്ങൾ അച്ചടിപ്പിച്ചു വളരെ പണം നഷ്ടപ്പെടുത്തുകയും ചെയ്യേണ്ട ആവശ്യമില്ലല്ലോ എന്നായിരുന്നു എന്റെ ചിന്ത. വാസ്തവത്തിൽ പത്തു വാണം കണ്ടവർക്ക ആയിരം വാണം കാണേണ്ട ആവശ്യമെന്ത്?

എന്നാൽ എന്റെ സ്നേഹിതന്മാരിൽ ചിലർ

www.malankaralibrary.com



ഇനിയും വാദങ്ങൾ കാണിക്കണമെന്ന് എന്നോടു ആവശ്യപ്പെട്ടു. അവരുടെ പലപ്രാവശ്യത്തെ സ്നേഹപൂർവ്വകമായ നിർബന്ധമനുസരിച്ചു മാത്രമാണു സലാമ റമ്പാൻ എഴുതിയ "കാതോലിക്കാസഭയും റോമ്മാവാദങ്ങളും" എന്ന ഗ്രന്ഥത്തിനു ഞാൻ ഈ വിമർശനം എഴുതിയതു്. ഇങ്ങനെയുള്ള നിർബന്ധമില്ലായിരുന്നെങ്കിൽ ഈ ഗ്രന്ഥം ലോകരംഗത്തു പ്രത്യക്ഷമാകാൻ ഇടവരികയില്ലായിരുന്നു. യാക്കോബായക്കാരുടെ ഇടയിൽ വിദേശീയനായ ഈ സലാമറമ്പാൻ മഹാപണ്ഡിതനായി പരിഗണിക്കപ്പെട്ടിരിക്കുന്ന ഒരു പ്രശസ്തവ്യക്തിയാണെന്നും, അദ്ദേഹത്തിന്റെ ലഘുലേഖയും ഈ ഗ്രന്ഥവും യാക്കോബായക്കാർ അഭിമാനാഹ്ളാദപൂർവ്വം വായിച്ചു പല സ്ഥലങ്ങളിലും കത്തോലിക്കരോടു തീവ്രമായ വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരിക്കയാണെന്നും, റമ്പാച്ചന്റെ ഗ്രന്ഥങ്ങളിലെ കാര്യങ്ങൾക്കു തക്കതായ മറുപടി പറയുവാൻ ഒരു കത്തോലിക്കനും ഒരുകാലത്തും സാധിക്കയില്ലെന്നുംമററും യാക്കോബായക്കാർ വിജയഘോഷം മുഴക്കുന്നതായി ഞാൻ പലരിൽ നിന്നു് അറിയുന്നതിനും ഇടയായി. പോരെങ്കിൽ തിരുവല്ലാ കട്ടപ്പുറത്തുപള്ളിവികാരി വന്ദ്യദിവ്യശ്രീ കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ റമ്പാച്ചന്റെ ഗ്രന്ഥത്തിനു് എഴുതിക്കൊടുത്തിരിക്കുന്ന പ്രൗഢമായ അവതാരികയിൽ "റീത്തുകാർ"(യാക്കോബായ സഭയിൽനിന്നും മററും അടുത്ത കാലത്തു കത്തോലിക്കാസഭയിൽ ചേർന്നവർ) ചരിത്രവസ്തുതകളെ കോട്ടിമറിക്കുകയും, ദൈവികവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുന്നവരെ ചതറിക്കുകയും, സത്യത്തിന്റെ നേരെ വാൾ വീശുകയും ചെയ്യുന്നവരാണെ

www.malankaralibrary.com



ന്നും, അഗാധ പണ്ഡിതനും വിജ്ഞാന കേന്ദ്രവും ഇന്നത്തെ തലമുറയുടെ അഭിമാന ഭാജനവുമായ സലാമ റമ്പാനെപ്പോലെയുള്ളവർക്കു മാത്രമെ ഗീവറുഗീസ് കോർ എപ്പിസ്കോപ്പായുടെയും മററും അബദ്ധജഡിലമായ കൃതികളെ വിജയകരമായി വിമർശിച്ചു ഖണ്ഡിക്കുവാൻ സാധിക്കുകയുള്ളുവെന്നും, സലാമ റമ്പാന്റെ ഈ ഗ്രന്ഥം പോലെ അനേക ഗ്രന്ഥങ്ങൾ ഇനി മലങ്കരയിൽ ഉണ്ടാകുവാൻ സർവ്വേശ്വരൻ സഹായിക്കട്ടെ എന്നും പ്രസ്താവിച്ചിരിക്കുന്നു. (പുറം 6) അവതാരികയിൽ കണ്ട ഈ സ്തുതിവാക്യങ്ങളാണ് എന്റെ സ്നേഹിതന്മാരുടെ നിർബന്ധം കഴിഞ്ഞാൽ ഈ വിമർശന ഗ്രന്ഥം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്. അഭിവന്ദ്യനായ കണിയാമ്പറമ്പിൽ കോർ എപ്പിസ്കോപ്പാ ഇത്രയധികം പുകഴ്ത്തുന്ന ഈ റമ്പാച്ചന്റെ അഗാധ പാണ്ഡിത്യവും, യാക്കോബായക്കാർക്കു ഈ തലമുറയിൽ അഭിമാനം കൊള്ളത്തക്ക അദ്ദേഹത്തിന്റെ വിമർശന സാമർത്ഥ്യവും വിജ്ഞാന സമ്പത്തും വാസ്തവത്തിൽ എങ്ങനെയുള്ളതു്, ചരിത്രവസ്തുതകളെ കോട്ടി മറിക്കയും സത്യവിശ്വാസത്തിനായി ദാഹിക്കുന്ന നിർദ്ദോഷികളെ പതറിക്കയും സത്യത്തിന്റെ നേരെ വാൾ വീശുകയും ചെയ്യുന്നവരെന്നു പറഞ്ഞു കത്തോലിക്കരെ അധിക്ഷേപിക്കുന്ന കണിയാമ്പറമ്പിൽ കോർ എപ്പിസ്കോപ്പായുടെ ഗ്രന്ഥരചനയും സത്യസന്ധതയും എങ്ങനെയുള്ളതു്, സലാമ റമ്പാന്റേതുപോലെയുള്ള കൃതികൾ മലങ്കരയിൽ ധാരാളം പ്രചരിക്കുന്നതിനു ദൈവം അനുഗ്രഹിച്ചാൽ ഉണ്ടാകുന്ന ഫലങ്ങൾ എന്തു് എന്നീ കാര്യങ്ങളൊക്കെ സത്യാന്വേഷികളും ഹൃദയപരമാർത്ഥികളുമായ പൊതുജനങ്ങളെ ധരിപ്പിക്കുന്നതു് വളരെ

www.malankaralibrary.com



നന്നായിരിക്കുമല്ലോ എന്നൊരു കൌതുകവും എനിക്കുതോന്നി. "റോമ്മാസഭയുടെ പത്രോസ്യവലയിൽ ചീഞ്ഞുനാറിയ മത്സ്യങ്ങൾ അല്ലാതെ അകപ്പെടാറില്ലല്ലോ. മുടക്കപ്പെട്ടവരും, ദ്രവ്യാഗ്രഹികളും, സ്വാത്മതല്പരരും, അങ്ങയെപ്പോലെ (വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പായെപ്പോലെ) ഉള്ളവരും അല്ലയോ അതിൽ കിട്ടുന്ന മത്സ്യങ്ങൾ?" (വിശ്വാസത്യാഗി, പുറം 4). കത്തോലിക്ക സഭയിൽ ഇതുവരെ ചേർന്നിട്ടുള്ള മേല്പട്ടക്കാരും പണ്ഡിതന്മാരും ചിന്തകന്മാരും ഉൾപ്പെട്ട എല്ലാവർക്കും, ഭാവിതലമുറകളിൽ ചേരാനിരിക്കുന്ന സകലർക്കും പരമസാത്വികനായ സലാമറമ്പാൻ സ്നേഹപൂർവ്വം കൊടുത്തിരിക്കുന്ന "നല്ല നടത്ത"യുടെ സാക്ഷിപത്രമാണ് ഇതു്! കത്തോലിക്കാ സഭയെ സംബന്ധിച്ചു പറയുമ്പോൾ തന്റെ ഗ്രന്ഥത്തിൽ ആദ്യന്തം ഇതുപോലെയുള്ള ആശയങ്ങളും പദപ്രയോഗങ്ങളുമാണ് പണ്ഡിതനായ ഈ റമ്പാൻ വായനക്കാരുടെ മുമ്പിൽ നിരത്തിവയ്ക്കുന്നതു്! ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ വായിക്കുന്നവർക്കു കത്തോലിക്കാ സഭയെ സംബന്ധിച്ചു തോന്നുന്ന അഭിപ്രായങ്ങൾ എങ്ങനെയായിരിക്കും? ഇതോടുകൂടി കണിയാമ്പറമ്പിൽ കോർ എപ്പിസ്കോപ്പായുടെ അവതാരികകൂടി വായിക്കുമ്പോഴോ? ഈ ചിന്തകളുടെയെല്ലാം ഫലമാണ് ഈ വിമർശനഗ്രന്ഥം.

കത്തോലിക്കാ സഭയിലെ വൈദികർക്കുള്ളതുപോലെ തത്വശാസ്ത്രം, ദൈവശാസ്ത്രം, സഭാചരിത്രം, സഭാനിയമങ്ങൾ ആദിയായ വിഷയങ്ങളെ സംബന്ധിച്ചു സുദീർഘവും, ശാസ്ത്രീയവും, ഖണ്ഡിതവുമായ പഠനം യാക്കോബായ സഭയിലെ വൈദികർക്കു ഇതുവരെ ഉണ്ടായിട്ടില്ല. തന്നിമിത്തം യാക്കോബാ

www.malankaralibrary.com



യ വിശ്വാസ വിഷയങ്ങളെല്ലാററിനെയും സംബന്ധിച്ച ശാസ്ത്രീയവും ഖണ്ഡിതവുമായ ജ്ഞാനമുള്ളവർ യാക്കോബായക്കാരുടെ ഇടയിൽ അപൂർവ്വമെന്നല്ല, ഇക്കാലത്തു ആരും തന്നെ ഇല്ലെന്നു പറയുന്നതു വെറും വാസ്തവമല്ലാതെ ഒരു കുററാരോപണമാകുന്നതല്ല. പ്രോട്ടസ്റ്റൻറുകാരുടെ ആശയങ്ങളാണു ഇക്കാലത്തു യാക്കോബായ പണ്ഡിതന്മാക്കുപോലുമുള്ളതു്. ഇക്കാരണത്താലത്രേ ഏക സഭ, സഭയുടെ ഭരണാഘട്ന, മേല്പട്ടക്കാരുടെ മുടക്കു ആദിയായ ഗൌരവാവഹമായ കാര്യങ്ങളെ സംബന്ധിച്ചുപോലും അഭിപ്രായഭിന്നതകൾ യാക്കോബായ സഭയിലെ മേല്പട്ടക്കാരുടെയും മല്പാന്മാരുടെയും ഇടയിൽ തന്നെയും നാം കാണുന്നതു്. ഇങ്ങനെ തങ്ങളുടെ സഭയുടെ കാര്യങ്ങളെപ്പോലും ശരിയായും ഖണ്ഡിതമായും മനസ്സിലാക്കാത്ത യാക്കോബായക്കാർ കത്തോലിക്കാ സഭയുടെ വിശ്വാസ വിഷയങ്ങളെ വിമർശിച്ചാൽ എങ്ങനെയിരിക്കും? "വൈദ്യാ! നിന്നെത്തന്നെ നീ സുഖപ്പെടുത്തുക" (ലൂക്കോ. 4, 23), "നിന്റെ കണ്ണിലുള്ള തുലാം നോക്കാതെ നിന്റെ സഹോദരന്റെ കണ്ണിലെ തുരുമ്പു നീ നോക്കുന്നതെന്തു്?......കപടഭക്താ! ആദ്യമേതന്നെ നിന്റെ കണ്ണിൽനിന്നു തുലാം എടുത്തുകളയുക; അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു തുരുമ്പു എടുത്തു കളയുവാൻ നിനക്കു കാണാറാകും" (മത്താ. 7, 3.5) എന്നിങ്ങനെ ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുള്ള വാക്യങ്ങളനുസരിച്ചു ആദ്യമേ തങ്ങളുടെ സ്വന്തം സഭയിലെ വിശ്വാസകാര്യങ്ങൾ ശരിയായി പഠിച്ചിട്ടു യാക്കോബായ പണ്ഡിതന്മാർ കത്തോലിക്കാ സഭയിലെ വിശ്വാസവിഷയങ്ങളെ വിമർശിച്ചെഴുതിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

www.malankaralibrary.com



കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളെ വിശദീകരിച്ചു കത്തോലിക്കാ ഗ്രന്ഥകാരന്മാർ എഴുതിയിട്ടുള്ള ചില പുസ്തകങ്ങളെങ്കിലും ശരിയായി വായിച്ചു പഠിച്ചിട്ട് യാക്കോബായക്കാർ ഗ്രന്ഥങ്ങൾ എഴുതിയിരുന്നെങ്കിൽ അവരുടെ ഗ്രന്ഥങ്ങളിൽ കാണാറുള്ള അനേകം ചിന്താക്കുഴപ്പങ്ങളും വിതണ്ഡാവാദങ്ങളും ഉണ്ടാകയില്ലായിരുന്നു. പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കാസഭയെ ആക്ഷേപിച്ചു എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്നാണു യാക്കോബായക്കാർ സാധാരണമായി കത്തോലിക്കാ വിശ്വാസവിഷയങ്ങൾ പഠിക്കുന്നത്. ഇര വെട്ടി വിഴുങ്ങുന്ന മീൻ അറിയാതെ ചൂണ്ടയും വിഴുങ്ങി അപകടത്തിലാകുന്നതുപോലെ പ്രോട്ടസ്റ്റൻറുകാരുടെ പുസ്തകങ്ങളിൽ കാണുന്ന ആശയങ്ങളെടുത്തു കത്തോലിക്കാസഭയ്ക്കെതിരായി പ്രയോഗിക്കുമ്പോൾ യാക്കോബായ സഭയുടെതന്നെ അടിത്തറ മാന്തി തങ്ങളെ അപകടത്തിലാക്കുകയാണു ചെയ്യുന്നതെന്നുള്ള സംഗതി അഭ്യസ്തവിദ്യരും ഉന്നതബിരുദധാരികളുമായ യാക്കോബായ സഹോദരങ്ങൾക്കുപോലും അറിഞ്ഞുകൂടാ. രണ്ടണമാത്രം മുടക്കിയാൽ കത്തോലിക്കരുടെ "വേദോപദേശ സംഗ്രഹം" എന്ന ഗ്രന്ഥം ലഭിക്കുന്നതാണ്. ഈ ഗ്രന്ഥംമാത്രം വായിച്ചു പഠിച്ചാലും യാക്കോബായ പണ്ഡിതന്മാർ കത്തോലിക്കാസഭയെയും അതോടുകൂടി അറിയാതെ തങ്ങളുടെ സഭയുടെ പല വിശ്വാസവിഷയങ്ങളെയും സംബന്ധിച്ചു പലപ്പോഴും പറയാറുള്ള ആക്ഷേപങ്ങൾ പറയാതിരിക്കുന്നതിന് ഇടയാകുമായിരുന്നു. "പഠിച്ചവൻ മാത്രം പഠിപ്പിക്കട്ടെ" എന്ന മഹനീയതത്വം കത്തോലിക്കാസഭയെ വിമർശിക്കുമ്പോൾ അകത്തോലിക്കാ സഹോദരങ്ങൾ അശേഷം പാലി

www.malankaralibrary.com



കന്നില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. "വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാടു" എന്ന മട്ടിൽ അകത്തോലിക്കനായ ഏതു "മുളമണ്ടനും" കത്തോലിക്കസഭയിലെ അതിഗഹനങ്ങളായ വിഷയങ്ങളെപ്പറ്റിയും പ്രസംഗിക്കുകയും ഗ്രന്ഥങ്ങൾ രചിക്കയും ചെയ്തുവരുന്ന ഒരു പതിവാണ് അകത്തോലിക്കരുടെ ഇടയിൽ കണ്ടുവരുന്നതു്. കത്തോലിക്കാസഭ ആർക്കും എപ്പോൾ വേണമെങ്കിലും പ്രഹരിക്കാവുന്ന ഒരു തല്ലുകൊള്ളി ചെണ്ടയായി സദാ നിന്നുകൊള്ളണമെന്നാണ് ഏററം നല്ല അകത്തോലിക്ക സഹോദരങ്ങളുടെയും മനോഭാവം. എന്തു ചെയ്യും?

"വി. സി. ഗീവറുഗീസച്ചനും റോമാസഭയും" എന്ന തന്റെ ഗ്രന്ഥത്തിൽ റവ. ഫാദർ എം. വി. ജോർജ്ജ് എം. എ., ബി. ഡി., എസ്. ററി. എം. വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ കത്തോലിക്കസഭയിൽ ചേർന്നതിനെ സംബന്ധിച്ചു ഇപ്രകാരം പറയുന്നു: "സ്വന്ത വായനയാൽ സമ്പാദിച്ച വേദപരിജ്ഞാനം കൂടാതെ ഒരു ബി. ഡി. കോഴ്സെങ്കിലും ബ. അച്ചനു ലഭിച്ചിരുന്നെങ്കിൽ ഇപ്പോഴത്തെ വൈതരണിയിൽ ഒരു പക്ഷേ അദ്ദേഹം ചാടുകയില്ലായിരുന്നു". യാക്കോബായ വൈദികർ ബി. ഡി., എസ്. ററി. എം. മുതലായ ബിരുദങ്ങൾ സമ്പാദിക്കുന്നതു യാക്കോബായ വേദശാസ്ത്രം പഠിച്ചല്ലന്നുള്ളതു ആർക്കും അറിയാം. നിത്യരക്ഷയ്ക്കു മാമ്മോദീസാപോലും ആവശ്യമില്ലെന്നു വിശ്വസിക്കുന്ന ചില പ്രോട്ടസ്റ്റന്റു സഭാവിഭാഗങ്ങൾ നടത്തുന്ന വൈദിക കോളേജുകളിൽ നിന്നു പഠിച്ചിറങ്ങുന്ന ചില പട്ടക്കാരും, അവരിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ചില മേല്പട്ടക്കാരും ഉള്ളതു നിമിത്തമാണു യാക്കോബായ സഭ

www.malankaralibrary.com



യിൽ ഇത്രയധികം പ്രോട്ടസ്റ്റൻറ വിശ്വാസം കയറി ആ സഭ അധഃപതിക്കാനും, ഏക സത്യസഭയായ കത്തോലിക്കസഭയോടു യാക്കോബായക്കാൎക്ക ഇത്രയധികം വെറുപ്പുണ്ടാകാനും കാരണമായതു് എന്നുള്ളതു ഒരു വാസ്തവമാണു്. ശീവറുഗീസ് കോർ എപ്പിസ്കോപ്പാ ബി. ഡി. കോഴ്സ് നടത്തിയിരുന്നെങ്കിൽ ബ. ജോർജ്ജച്ചനെപ്പോലെ യാക്കോബായ വിശ്വാസത്തിനു നേരേ വിപരീതമായ പ്രോട്ടസ്റ്റൻറ ആശയങ്ങളുള്ള ഒരാളായിത്തീരുക എന്ന വൈതരണിയിൽ ചാടുന്നതിനും, അങ്ങനെ സത്യസഭയായ കത്തോലിക്കാ സഭയിൽ വരാതിരിക്കുന്നതിനും പക്ഷേ ഇടയാകുമായിരുന്നു എന്നുള്ളതും ഒരു പരമാൎത്ഥം മാത്രമാണു്. അങ്ങനെ സംഭവിക്കാതിരുന്നതിൽ കോർ എപ്പിസ്കോപ്പാ എന്നെന്നും ദൈവത്തിനു പ്രത്യേകം നന്ദി പറയേണ്ടിയിരിക്കുന്നു. ബ. ജോൎജ്ജ അച്ചൻ രചിച്ച ഗ്രന്ഥത്തിൽ എഴുതുന്നു;—"കത്തോലിക്കാവിശ്വാസം ശരിക്കു പഠിച്ച ഇതര സഭകളിൽനിന്നും റോമ്മാസഭയിൽ ചേൎന്നവർ ഒരു ശതമാനംപോലും ഉണ്ടെന്നു തോന്നുന്നില്ല......റോമ്മാസഭ ഒരു സഭയല്ല; പിന്നെയോ മതത്തിൻെറ പേരൊട്ടിച്ച (religious label) ഒരു ഭൗതികശക്തിയാണു്. കൎത്താവിൻെറ അപ്പോസ്തോലനായ തോമ്മാശ്ലീഹായ്ക്കു പത്രോസിനെക്കാൾ എന്തു കുറവുള്ളു? സകല ക്രിസ്ത്യാനികളുടെയും ഏക തല യേശുക്രിസ്തുവാണു്. അദ്ദേഹത്തിൻെറ പ്രതിനിധിയായി ലോകത്തിലുള്ളതു റോമായിലെ ബിഷപ്പല്ല, പരിശുദ്ധാത്മാവാണു്......ഒരു പാത്രിയൎക്കീസും മററു പാത്രിയൎക്കീസുമാരുടെ പിതാവോ തലവനോ അല്ല, പിന്നെയോ എല്ലാ പാത്രിയൎക്കീസന്മാരും സമന്മാരും സഹോദരന്മാരുമാണു്..." (പുറം

10, 11, 14, 43, 47). ഇപ്രകാരമുള്ള തനി പ്രോട്ടസ്റ്റൻറ ആശയങ്ങളും, കത്തോലിക്ക സഭയിൽ പ്രതിമകളുണ്ടാക്കി വിഗ്രഹാരാധന നടത്തുന്നു (പുറം 31-32), പാപമോചനച്ചീട്ടു വില്പന നടത്തുന്നു, ബേസ്പൃക്കൊന്നാ വിശ്വാസം 1439-ൽ ഫ്ളോറൻസ് സൂനഹദോസ് പുതുതായി കണ്ടുപിടിച്ചതാണ് (പുറം 33), കത്തോലിക്കാസഭ മതപീഡനം നടത്തുന്നു (പുറം 58), കത്തോലിക്കസഭ സഭാംഗങ്ങളെ വേദപുസ്തകം വായിക്കുവാൻ അനുവദിക്കുന്നില്ല (പുറം 41), കത്തോലിക്ക സഭ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്നില്ല (പുറം 49) ആദിയായ പ്രോട്ടസ്റ്റൻറ പഴഞ്ചൻ വാദങ്ങളും ബ. ജോർജ്ജച്ചൻ തൻെറ ഗ്രന്ഥത്തിൽ ആദ്യവസാനം വായനക്കാരുടെ മുമ്പിൽ നിർല്ലജ്ജം വിളമ്പുന്നു. യാക്കോബായസഭയിലെ വിശ്വാസം എന്താണെന്നു അശേഷം പഠിക്കാതെ പ്രോട്ടസ്റ്റൻറുകാരുടെ വേദശാസ്ത്രം മാത്രം പഠിച്ചു ഉന്നത ബിരുദങ്ങൾ സമ്പാദിച്ചതുകൊണ്ടാണ്. ഈ നിർഭാഗ്യാവസ്ഥ വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പായ്ക്കുണ്ടാകാതെ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു ഒരു പക്ഷേ ജോർജ്ജച്ചനെപ്പോലെ പ്രോട്ടസ്റ്റൻറ വേദശാസ്ത്രം പഠിച്ചു ഉന്നത ബിരുദങ്ങൾ സമ്പാദിക്കാൻ ഇടവരാതിരുന്നതിനാലത്രേ. ദൈവത്തിനു സ്തോത്രം.

മലങ്കര ഓർത്തഡോക്സ് സഭയിലെ അഞ്ചു മേല്പട്ടക്കാരെ കൂടാതെ വൈദികരും അൽമായരും ഉൾപ്പെട്ട ഉന്നത ബിരുദധാരികളായ പതിനൊന്നുപേർ കൂടി അംഗങ്ങളായുള്ള "വിശ്വാസപ്രചരണസംഘ"ത്തിൻെറ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ച ഫാദർ എം. വി. ജോർജ്ജിൻെറ ഗ്രന്ഥം ഇത്തരത്തിൽ ആപാദചൂഡം കത്തോലിക്കവിശ്വാസസത്യങ്ങളെ തെ

റിലാരിപ്പിക്കുന്നതും, പ്രോട്ടസ്റ്റന്റ ആശയങ്ങൾകൊണ്ടും വാദമുഖങ്ങൾകൊണ്ടും നിറഞ്ഞതും, യാക്കോബായസഭ വിശ്വസിച്ചുവരുന്ന പല കാതലായ വിശ്വാസസത്യങ്ങൾക്കു വിരുദ്ധവുമെങ്കിൽ ഇക്കാലത്തു യാക്കോബായക്കാരുടെ മജ്ജയമനികൾപോലും പ്രോട്ടസ്റ്റന്റ വിശ്വാസത്താൽ സമ്പൂർണ്ണവും, കത്തോലിക്കവിശ്വാസത്തിനു പ്രതികൂലവുമെന്നല്ലേ അനുമാനിക്കേണ്ടതു്? ഈ സ്ഥിതിക്കു സാധാരണ യാക്കോബായക്കാരുടെ വിശ്വാസവും കത്തോലിക്കസഭയ്ക്കെതിരായ വാദരീതികളും എങ്ങനെയിരിക്കും? "അഞ്ജനമെന്നാൽ എനിക്കറിയാം, മഞ്ഞളുപോലെ വെളുത്തിരിക്കും" എന്ന മട്ടിലായിരിക്കയില്ലേ?

ഒരു ലഘുലേഖയായി മാത്രം ഉദ്ദേശിച്ചെഴുതിത്തുടങ്ങിയ ഈ കൃതി വായനക്കാർക്കു കഴിയുന്നത്ര ഉപയോഗയോഗ്യമായിരിക്കട്ടെ എന്നുകരുതി ഇത്രയും വിപുലമാക്കി. സംക്ഷിപ്തമായിട്ടാണെങ്കിലും ഇതിൽ പ്രതിപാദിച്ചിട്ടുള്ള അനേകം വിഷയങ്ങൾ, പ്രത്യേകിച്ചു ഹൂദായകാനോൻ, അറബികാനോനാകൾ, മാർപ്പാപ്പായുടെ പരമാധികാരം, വി. പത്രോസിന്റെ യഥാർത്ഥപിൻഗാമി അന്ത്യോക്യായിലോ റോമ്മായിലോ? പൊതുസൂനഹദോസുകൾ, പരിശുദ്ധാത്മാവിന്റെ പുറപ്പാടു്, ഇരുസ്വഭാവ വിശ്വാസം, "ബേസ്പുർക്കാനാ," അമലോത്ഭവം, പത്തുകല്പനകൾ മുതലായവ കത്തോലിക്കരുടെയും യാക്കോബായക്കാരുടെയും ഇടയിൽ എപ്പോഴും ചൂടേറിയ വാദപ്രതിവാദത്തിലിരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളാണു്. ഇരുകക്ഷികളും ഇവ ശരിയായി പഠിച്ചു, ആരുടെ ഭാഗത്താണു സത്യാവസ്ഥ എന്നു ഗ്ര

www.malankaralibrary.com



ഹിക്കുന്നതു് രണ്ടുകൂട്ടർക്കും വളരെ പ്രയോജനകരമായിരിക്കും.

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള പല വിഷയങ്ങളും സഭാചരിത്രത്തെയും അധിക വിദ്യാഭ്യാസമില്ലാത്ത സാധാരണ വായനക്കാർക്കു മനസ്സിലാക്കാൻ വിഷമമുള്ള ഗഹനങ്ങളായ വിശ്വാസ സത്യങ്ങളെയും സാരമായി സ്പർശിക്കുന്നവയാകയാൽ കത്തോലിക്കാസഭയെ സംബന്ധിച്ച സലാമ റമ്പാനും അവതാരികാകർത്താവായ കണിയാമ്പറമ്പിൽ കോർഎപ്പിസ്കോപ്പായും വായനക്കാരിൽ ഉളവാക്കിയിട്ടുള്ള ഭീമമായ തെററിദ്ധാരണകളെയും അവജ്ഞയെയും നിശ്ശേഷം നീക്കിക്കളയുന്നതിനു പലകാര്യങ്ങളും സവിസ്തരം പ്രതിപാദിച്ചു സത്യസ്ഥിതി ആരുടെയും മുഖം നോക്കാതെ തുറന്നു കാണിക്കേണ്ടി വന്നിട്ടുണ്ടു്. ഇങ്ങനെ ചെയ്യേണ്ടതു് സത്യത്തെയും നീതിയെയും സ്നേഹിക്കുന്ന ഏവർക്കുമുള്ള കടമയാണെന്നും നിഷ്പക്ഷമതികളായ സാധാരണ വായനക്കാരോടുള്ള ഒരു ധർമ്മാനുഷ്ഠാനമാണെന്നുമുള്ള സദുദ്ദേശ്യത്താൽ പ്രേരിതനായിട്ടാണെന്നല്ലാതെ ഏതെങ്കിലും സഭയെയോ സഭാംഗങ്ങളെയോ മനഃപൂർവ്വം അധിക്ഷേപിക്കയോ, തരംതാഴ്ത്തുകയോ ചെയ്യണമെന്നുള്ള ദുരുദ്ദേശത്തോടു കൂടിയാണെന്നു് ആരും ദുർവ്യാഖ്യാനം ചെയ്കയില്ലെന്നു വിശ്വസിക്കുന്നു. അന്യരെ ദൂഷിക്കണമെന്നുണ്ടെങ്കിൽ മററുവിധത്തിൽ അതു സാധിക്കാമല്ലോ.

സലാമ റമ്പാൻെറ പ്രധാനപ്പെട്ട അഞ്ചു ചോദ്യങ്ങൾക്കു വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ തൃപ്തികരമായ മറുപടി നല്കിയിട്ടില്ലെന്നു റമ്പാച്ചൻ തൻെറ ഗ്രന്ഥത്തിൻെറ മുഖവുരയിൽ ജ

www.malankaralibrary.com



യരേറി മുഴക്കുന്നു. (പുറം 1–2). ഈ അഞ്ചു ചോദ്യങ്ങളും, അവയ്ക്കു ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള മറുപടികളുടെ പുറങ്ങളും താഴെ ചേർക്കുന്നു:–

1) യാക്കോബായസഭയിൽ പാഷണ്ഡോപദേശം വല്ലതും ഉണ്ടോ? ഉണ്ടെങ്കിൽ അതു തെളിയിക്കണം (മറുപടി ഈ ഗ്രന്ഥത്തിൽ പുറം 34–38; 79–81; 116–118; 136–164–ൽ കാണുക. "മലങ്കര യാക്കോബായക്കാർ ഏകസ്വഭാവ വാദികളോ?" എന്ന പേരിൽ 1951–ൽ ഞാൻ പ്രസിദ്ധംചെയ്ത ഗ്രന്ഥം മുഴുവനും ഇതിനു മറുപടിയാണു്.)

2) വി. പത്രോസിന്റെ സിംഹാസനം അന്ത്യോഖ്യായിൽ നിന്നു റോമ്മായിലേക്കു മാററി എന്നുള്ളതിനു തെളിവെന്തു്? (മറുപടി ഈ ഗ്രന്ഥത്തിൽപുറം 38–61; 69–72; 89–101; 104–112; 239–255.)

3) പത്തു കല്പനകൾ റോമ്മാസഭ തിരുത്തൽ ചെയ്തിട്ടില്ലേ? (മറുപടി പുറം 209–230)

4) മർദ്ദന പ്രസ്ഥാനങ്ങൾ (മറുപടി പുറം 118–121)

5) മാർപ്പാപ്പായുടെ മൌലിക രാജത്വം (മൌലിക രാജത്വം എന്നപദത്താൽ റമ്പാച്ചൻ എന്താശയമാണു ഉദ്ദേശിച്ചിട്ടുള്ളതെന്നു മനസ്സിലാകുന്നില്ല. മാർപ്പാപ്പായ്ക്കു പരമാധികാരം ലഭിച്ചതു റോമ്മാ സിംഹാസനം സാമ്രാജ്യത്തിന്റെ തലസ്ഥാനത്തു സ്ഥാപിച്ചതുകൊണ്ടാണെന്നുള്ള ആശയമാണെങ്കിൽ അതിനു മറുപടി ഈ പുസ്തകം പുറം38–61;85–86–ൽ. 2–ാംചോദ്യത്തിനു നല്കിയിട്ടുള്ള മറുപടിയുടെ പുറങ്ങൾ ഇവിടെയും കാണുക.)

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ മുൻവിധികൂടാതെയും നിഷ്പക്ഷബുദ്ധിയോടുകൂടിയും പ്രാർത്ഥനാപൂർവ്വം ചിന്തിച്ചു പഠനം ചെയ്യുന്നവർക്കു ഓരോന്നിന്റെയും സത്യാവസ്ഥ ഇന്നല്ലെങ്കിൽ നാളെ വെളിപ്പെടാതിരിക്കയില്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുകയും, അതിനു വേണ്ട വിശേഷാനുഗ്രഹങ്ങൾ സത്യാന്വേഷികൾക്കും ഹൃദയപരമാർത്ഥികൾക്കും കരുണ നിറഞ്ഞ ദൈവം സമൃദ്ധമായി പ്രദാനം ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഗ്രന്ഥകർത്താ.

ഭദ്രാസനദേവാലയം,
തിരുവല്ലാ.
അമലോത്ഭവ തിരുനാൾ,
1957.

www.malankaralibrary.com

# വിഷയവിവരണി.


പുറം.

1. വേദവാക്യങ്ങളെ കോട്ടിമാട്ടുന്നു. 3

1) ശകാരവർഷങ്ങൾ നടത്തുകയിൽ, * 3 2) സഭാലക്ഷണങ്ങൾ പ്രതിപാദിക്കയിൽ, 8.

2. വ്യാജപ്രസ്താവനകൾ. 14

1) മാർപ്പാപ്പാ ദൈവം, 14. 2) ക്രിസ്തു "ബേസ്പുക്കാനാ"യിൽ, 16. 3) വി. അല്ഫോൻസ് ലിഗോരിയുടെ ഗ്രന്ഥം ഉദ്ധരിക്കുമ്പോൾ, 19

3. കൃത്രിമങ്ങൾ. 30

1) ഇപ്പോഴത്തെ മാർപ്പാപ്പായുടെ ചാക്രികലേഖനം ഉദ്ധരിക്കയിൽ, 30. 2) ഗീവറുഗീസ് കോർ എപ്പിസ്കോപ്പായുടെ ഗ്രന്ഥം ഉദ്ധരിക്കയിൽ, 32. 3) ഫാദർ വടശ്ശേരിയുടെ ഗ്രന്ഥം ഉദ്ധരിക്കയിൽ, 34.

4. ഇരിക്കുന്ന കമ്പുവെട്ടുന്നു. 38

1) ഹൂദായ കാനോനിലെ നിക്യാകാനോൻ 38. 2) അറബികാനോനാകൾ, 43. 3) സഭയുടെ ഭരണഘടന, 54. 4) മെത്രാന്മാരുടെ വിധേയത്വം, 59. 5) വി. പത്രോസിന്റെ പരമാധികാരം, 61; യാക്കോബായ സാക്ഷ്യങ്ങൾ, 62.


---

* വിഷയം കഴിഞ്ഞുള്ള സംഖ്യ പ്രതിപാദനം ആരംഭിക്കുന്ന പുറം കാണിക്കുന്നു.

www.malankaralibrary.com



5. ദുർവ്യാഖ്യാനങ്ങൾ. 72

1) സഭയുടെ വിശുദ്ധി, 72. 2) സഭയുടെ ശ്ലൈഹികത്വം, 79. 3) പൊതുസൂന്നഹദോസുകൾ, 81; എതിർവാദങ്ങൾക്കു മറുപടി, 86. 4) വി. പത്രോസിന്റെ പിൻഗാമി അന്ത്യോക്യായിലൊ റോമ്മായിലൊ? 89; എതിർവാദങ്ങൾക്കു മറുപടി, 92. 5) യാക്കോബ് ബുർദാനാ, 101. 6) ദൈവം എഴുന്നേല്പിച്ച രണ്ടു മഹാന്മാർ, 102.

6. വായനക്കാരെ വഞ്ചിക്കുന്നു. 104

1) പൊതുസൂന്നഹദോസുകളും രാജാക്കന്മാരും 104. 2) രണ്ടാമത്തെ സാർവ്വത്രിക സൂന്നഹദോസ്, 105. 3) മാർപ്പാപ്പായുടെ ശാസനകത്തു അയച്ചോ? 109. 4) യാക്കോബായ പാത്രിയർക്കീസിന്റെ ആസ്ഥാനം അന്ത്യോക്യായിലോ? 113 5) യാക്കോബായസഭയുടെ പേരു ഓർത്തഡോക്സ് എന്നോ? 134. 7) കത്തോലിക്കസഭയിൽ പല വിശ്വാസങ്ങളോ? 116. 6) പാഷണ്ഡതയില്ലാത്തതുകൊണ്ടുമാത്രം സഭ ശരിയോ? 116. 8) കത്തോലിക്കസഭയിലെ മർദ്ദനപ്രസ്ഥാനം, 118. 9) ലത്തീൻകാരുടെ കൃത്രിമങ്ങൾ, 122. 10) ഇപ്പോഴത്തെ മാർപ്പാപ്പാ ഏകസ്വഭാവവാദിയോ? 122. 11) കത്തോലിക്കർക്കു വേദപുസ്തകം വായിക്കുവാൻ അനുവാദമില്ലേ? 123. 12) മാർപ്പാപ്പായ്ക്കു പാപം ചെയ്‌വാൻ പാടില്ലെന്ന്, 127. 13) ശ്ലേമ്മോൻ നരകത്തിലെന്ന്, 128.

www.malankaralibrary.com



7. റമ്പാച്ചൻ കാണുന്ന പാഷണ്ഡതകൾ. 129

1) പരിശുദ്ധാത്മാവിന്റെ പുറപ്പാടു്, 130. 2) ഇരുസ്വഭാവവിശ്വാസം, 136. 3) "ബേസ്പൃക്കാനാ", 164. 4) ദൈവമാതാവിന്റെ അമലോത്ഭവം, 173.

8. പത്തുകല്പനകൾ. 209

ആദ്യത്തെ രണ്ടുകല്പനകൾ കൂട്ടിച്ചേർത്തു ഒന്നാക്കിയോ?, 209. 10–ാം കല്പന വെട്ടിക്കണ്ടിച്ചു രണ്ടാക്കിയോ? 221.

9. റമ്പാച്ചന്റെ പ്രവചനങ്ങൾ. 229

ഗീവറുഗീസ് കോർഎപ്പിസ്കോപ്പായുടെ ഭാവി, 229; മരണം, 229.

10. അവതാരികാകർത്താവിന്റെ സത്യസന്ധത. 231

അവതാരികയിലെ ആശയങ്ങൾ, 231. സത്യത്തിന്റെ നേരെ വാൾ വീശുന്നതാരു്? 236. അഡ്രിയൻ ഫൊർട്ടെസ്കിന്റെ ഗ്രന്ഥം ഉദ്ധരിക്കുന്നതിൽ കാണിച്ചിട്ടുള്ള മഹാ കൃത്രിമങ്ങളും സത്യഗോപനങ്ങളും, 239.

11. ഉപസംഹാരം. 260

കത്തോലിക്കാസഭയോടുള്ള അകത്തോലിക്കാ സഹോദരങ്ങളുടെ എതിർപ്പു്, 261. അതിന്റെ ഫലങ്ങൾ, 262. കത്തോലിക്കാസഭയുടെ വിജയപാരമ്യം, 268.

www.malankaralibrary.com

# സലാമ റമ്പാന്റെ അപവാദവ്യവസായം

---

"കത്തോലിക്കാസഭയിൽ ഞാൻ ചേർന്നതു എന്തുകൊണ്ടു്?" എന്ന പേരിൽ വന്ദ്യ ദിവ്യശ്രീ വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ ബി. എ. അവർകൾ രചിച്ച ഗ്രന്ഥത്തിന് എതിരായി സിറിയാ സ്വദേശിയും, പത്തനംതിട്ടയുള്ള മഞ്ഞനിക്കര സന്യാസാശ്രമത്തിൽ അന്ത്യോക്യാ പ്രതിനിധി മാർ ജൂലിയോസ് തിരുമേനിയോടുകൂടി ഇപ്പോൾ വസിച്ചുവരുന്ന വന്ദ്യ ദേഹവുമായ മോശ സലാമ റമ്പാൻ ഏതാനും മാസങ്ങൾക്കു മുമ്പു "വിശ്വാസത്യാഗി" എന്ന ഒരു ലഘുലേഖയും, "കാതോലിക്കാ സഭയും റോമ്മാ വാദങ്ങളും" എന്ന ഗ്രന്ഥവും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. "വിശ്വാസത്യാഗിക്കു" മറുപടിയായി "ശകാരവർഷങ്ങൾ" എന്ന പേരിൽ വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാതന്നെ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി.

"വിശ്വാസത്യാഗി" എന്ന ലഘുലേഖയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള കാർയ്യങ്ങളെ ഒന്നുകൂടി വിസ്തരിച്ചെഴുതിയിട്ടുള്ളതാണു "കാതോലിക്കാസഭയും റോമ്മാവാദങ്ങളും" എന്ന ഗ്രന്ഥം. ഇതിന്റെ അവതാരികയിൽ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട വന്ദ്യ ദിവ്യശ്രീ കുര്യൻ കോർ എപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ അവർകൾ ഈ ഗ്രന്ഥത്തിന്റെ മാഹാത്മ്യങ്ങളെയും മോശറമ്പാന്റെ അഗാധപാണ്ഡിത്യ

www.malankaralibrary.com



ത്തെയും ഇതര യോഗ്യതകളെയും വാഴ്ത്തി പുകഴ്ത്തി ഇപ്രകാരം എഴുതുന്നു: "മലങ്കര സുറിയാനിസഭയിൽ പരിശുദ്ധ കർബാന സന്നിധിയിൽ സത്യംചെയ്തു സ്ഥാനമേററ ഒരു വൈദികൻ—ബ. വി. സി. ഗീവറുഗീസച്ചൻ— വി. സഭയെ ഉപേക്ഷിച്ചു റോമ്മാസഭയിൽ ചേർന്നശേഷം * സ്വസ്ഥാനസാധൂകരണത്തിനായി രചിച്ച അബദ്ധ ജഡിലമായ കൃതികളുടെ ഒരു നിഷ്പക്ഷ വിമർശനവും ഖണ്ഡനവുമാണ് ഈ മഹത്തായ കൃതിയുടെ പ്രതിപാദ്യവിഷയം. ചരിത്രം, വിശ്വാസം മുതലായവയിൽ അദ്വിതീയ പാണ്ഡിത്യം സമ്പാദിച്ച ഒരു തൂലികക്കു മാത്രമേ അതു വിജയകരമായി നടത്തുവാൻ സാധ്യമാകൂ. യുവാവെങ്കിലും സാത്വികനും അഗാധപണ്ഡിതനും വിജ്ഞാനകേന്ദ്രവുമായ ബ. മോശ സലാമറമ്പാച്ചനവർകൾ ഇന്നത്തെ തലമുറയുടെ അഭിമാനഭാജനമാണ്. അദ്ദേഹത്തിന്റെ സമർത്ഥവും എന്നാൽ സംക്ഷിപ്തവും ശാസ്ത്രീയവുമായ പ്രതിപാദനം നിർമ്മത്സരന്മാരെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. മലങ്കര സുറിയാനി സഭ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിൻ മധുരരസം ആസ്വദിക്കാൻ ആകാംക്ഷയോടിരിക്കയാണ്. ഇതുപോലുള്ള അനേകഗ്രന്ഥങ്ങൾ ബ. റമ്പാച്ചൻ മലങ്കരക്കു സംഭാവന ചെയ്വാൻ സർവ്വേശ്വരൻ സഹായിക്കട്ടെ എന്നു അസ്മാദൃശന്മാർ പ്രാർത്ഥിക്കയാണ്" (അവ-

---

* വി. കർബാനയുടെ സന്നിധിയിൽ സത്യംചെയ്തു സ്ഥാനമേററ വന്ദ്യ ദിവ്യശ്രീ കത്തുൻ കോർഎപ്പിസ്കോപ്പായും യാക്കോബായ സഭയെ ഉപേക്ഷിച്ചു കത്തോലിക്ക സഭയിൽ ചേർന്നു. എന്നാൽ മൂന്നുകൊല്ലങ്ങൾ കഴിഞ്ഞു യാക്കോബായ സഭയിലേക്കു അദ്ദേഹം തിരിച്ചുപോയി എന്നൊരു വിശേഷതയുണ്ട് — ഗ്രന്ഥകർത്താ.

www.malankaralibrary.com



താരിക, പുറം V–VI). അവതാരികയിലെ ഈ ഭാഗം വായിക്കുന്ന സാധാരണ വായനക്കാരിൽ സ്ലാമറമ്പാച്ചനെയും അദ്ദേഹത്തിൻെറ ഗ്രന്ഥത്തെയും സംബന്ധിച്ച മുമ്പുകൂട്ടിയുണ്ടാകുന്ന അഭിപ്രായം എത്ര വിലയേറിയതായിരിക്കുമെന്നു വിശേഷാൽ പറയേണ്ടതില്ലല്ലോ. പക്ഷേ യാഥാർത്ഥ്യം എന്താണെന്ന് ഈ ഗ്രന്ഥത്തെ നിഷ്പക്ഷബുദ്ധ്യാ ശോധന ചെയ്യുന്നവർക്കേ മനസ്സിലാകൂ.

"വിശ്വാസത്യാഗി" എന്ന ലഘുലേഖപോലെ റമ്പാച്ചൻെറ ഈ ഗ്രന്ഥവും വേദപുസ്തക വാക്യങ്ങളെ കോട്ടിമാട്ടുന്നതും, ശകാരവർഷങ്ങൾ നിറഞ്ഞതും, കത്തോലിക്കാസഭയുടെമേൽ ഇല്ലാത്ത കുററങ്ങളെല്ലാം ആരോപിച്ചു അപഹസിക്കുന്നതും, വ്യാജപ്രസ്താവനകൾ, കൃത്രിമങ്ങൾ, ദുർവ്യാഖ്യാനങ്ങൾ മുതലായവയാൽ വായനക്കാരെ തെററിദ്ധരിപ്പിക്കുന്നതും, യാക്കോബായസഭ സ്വീകരിച്ചിരിക്കുന്ന പല ഉപദേശങ്ങൾക്കുതന്നെയും എതിരായിട്ടുള്ളതുമായ ഒന്നത്രേ. ഇവ വിശദീകരിച്ചു തെളിയിക്കുക എന്നുള്ളതാണ് ഈ ലഘുലേഖയുടെ ഉദ്ദേശ്യം.

## 1. വേദവാക്യങ്ങളെ കോട്ടിമാട്ടുന്നു.

### (1) ശകാരവർഷങ്ങൾ നടത്തുകയിൽ

"വിശ്വാസത്യാഗി" എന്ന ലഘുലേഖയിൽ സ്ലാമറമ്പാൻ, മഹാ ദുഷ്ടന്മാരെയും പിശാചുക്കളെയും സംബന്ധിച്ചു പഴയ നിയമത്തിലും പുതിയനിയമത്തിലും പറഞ്ഞിട്ടുള്ള വാക്യങ്ങൾ മിക്കതും ഉദ്ധരിച്ചു യാക്കോബായ സഭയെ ഉപേക്ഷിച്ചു കത്തോലിക്കാസ

www.malankaralibrary.com



ളയെ ആശ്ലേഷിച്ച വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പായിൽ ആരോപിക്കുന്നു. ഇതു അകത്തോലിക്ക ഗ്രന്ഥകാരന്മാരുടെ സർവ്വസാധാരണമായ ഒരു രചനാരീതിയാണ്. അതായതു് അവർ ദ്വേഷിക്കുന്ന ആളുകളെയും സഭകളെയുംപററി പറയുമ്പോൾ വേദപുസ്തകത്തിൽ ആത്യന്തം കാണുന്ന ശാപവാക്യങ്ങളും മാലിന്യദ്യോതകമായ പദങ്ങളും വൈരാഗ്യപൂർവ്വം പ്രയോഗിക്കുക എന്നുള്ളതു്. വേദവാക്യങ്ങളാണല്ലോ ഉദ്ധരിക്കുന്നതെന്നു കരുതി സാധാരണക്കാർ ഇവയെല്ലാം ഭയഭക്തിയോടുകൂടി വായിച്ചു ഗ്രന്ഥകർത്താവിൻെറ അഭിപ്രായം ശരിയാണെന്നു വിശ്വസിക്കുന്നു. വേദവാക്യങ്ങളെ ആസ്പദമാക്കിയും മററും മോശ റമ്പാൻ ഗീവറുഗീസ് കോർ എപ്പിസ്കോപ്പായ്ക്കു കൊടുക്കുന്ന വിശേഷണങ്ങളിൽ ചിലതു കേട്ടാലും.

“ഏതാത്മക്കളെയും വിശ്വസിക്കുന്നവൻ” (1 യോഹ. 4, 1), “കാററിനാൽ ഉലയുന്ന ഓട- (ഞാങ്ങണ)—മത്താ. 11, 7, “മൂഢൻ” (സദൃശ്യവാക്യങ്ങൾ 26, 4), “സർപ്പം” (ഉല്പത്തി 3, 1), “നാവിൻകീഴിൽ മൂർഖൻെറ വിഷമുള്ളവൻ” (സങ്കീ. 58, 4), “സാത്താനെപ്പോലെ കോപിഷ്ഠൻ” (വെളി. 12, 12–17), “സാത്താനാകുന്ന അന്തിക്രിസ്തുവിൻെറ സന്ദേശവാഹി”, “സാത്താൻെറ ദൌത്യം വഹിക്കുന്ന പാമ്പ്”, “കപടഭക്തൻ”, ഗോലിയാത്തിനെപ്പോലെ ദൂഷണങ്ങൾ പറയുന്നവൻ” (1 ശമുവേൽ 17, 25), “റബ്ശാക്കേയുടെ ആത്മാവിൽ വരുന്നവൻ” (ഏശായാ 36, 37 അദ്ധ്യായങ്ങൾ), “കള്ളപ്രവാചകൻ” “പുതിയ വെപ്പാട്ടിയായ റീത്തു സ്വീകരിച്ചവൻ”, രൂബേനെപ്പോലെ “വെള്ളംപോലെ ത്ര

www.malankaralibrary.com



ളമ്പുന്നവൻ" (ഉല്പത്തി 49, 4), ശപിക്കപ്പെട്ടവൻ, ഭാവിയിൽ ഖേദംകൊണ്ടു ആത്മഹത്യ ചെയ്യുന്നവൻ, "ആദ്യപിശാചിൽ ഉണ്ടായതായ അഹംഭാവം, ദ്രവ്യാഗ്രഹം, മത്സരം എന്നീ പാപങ്ങൾ ഉള്ളവൻ", "നരകയോഗ്യൻ", "വഞ്ചകൻ, ദ്രവ്യാഗ്രഹി, സ്വാത്മതല്പരൻ, യൂദസ്കറിയോത്താ, ഏഴു അശുദ്ധാത്മാക്കൾ ഉള്ളവൻ..." (വിശ്വാസത്യാഗി, പുറം 1–4). സാത്വികനും അഗാധപണ്ഡിതനുമെന്നു കണിയാമ്പറമ്പിൽ കോർ എപ്പിസ്കോപ്പാ സാക്ഷിപത്രം കൊടുത്തിരിക്കുന്ന മോശറമ്പാന്റെ "പാണ്ഡിത്യത്തിൻ മധുരരസം" കേരളത്തിലെ യാക്കോബായക്കാർക്കു ഇതിൽ കൂടുതൽ ആസ്വദിക്കണമെന്നു തോന്നുന്നെങ്കിൽ വേദപുസ്തകം തുറന്നു ഇതുപോലെയുള്ള വേദവാക്യങ്ങൾ കണ്ടുപിടിച്ചാൽ മതിയാകും.

"അണലികളുടെ സന്താനം" (മത്താ. 3, 7), "കുറുക്കൻ" (ലൂക്കോ 13, 32), "കൊതുകുകളെ അരിച്ചുനീക്കുകയും, ഒട്ടകങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കുരുടരായ വഴികാട്ടികൾ" (മത്താ. 23, 24), "കടിച്ചുകീറുന്ന ചെന്നായ്ക്കൾ" (മത്താ. 7, 15), "വെള്ള തേച്ചു പുറമേ ഭംഗിയുള്ളതായി കാണപ്പെടുന്നെങ്കിലും അകമേ, മരിച്ചവരുടെ അസ്ഥികളും സകലവിധ മ്ളേച്ഛതയുംകൊണ്ടു നിറഞ്ഞിരിക്കുന്ന ശവക്കല്ലറകൾ" (മത്താ. 23, 27), "പിടലി കടുത്തവർ" (നട. 7, 15), "സകല ദുഷ്ടതയും വ്യഭിചാരവും നീരസവും, തിന്മയും, പിടിച്ചുപറിയും, അസൂയയും.....ഏഷണിയും നിറഞ്ഞവർ" (റോമാ. 1, 29), "ക്രൂരചെന്നായ്ക്കൾ" (നട. 20, 29), "മൃഗതുല്യർ, ആത്മാവു ഇല്ലാത്തവർ" (യൂദാ. 19), "കള്ളമിശിഹാക്കൾ" (1 യോഹ. 4, 3), "ഉദരത്തെ ദൈവമാക്കിയവർ" (ഫിലി.

www.malankaralibrary.com



3, 19), "ഛർദ്ദിച്ചതിലേക്കു തിരിച്ചുചെല്ലുന്ന നായ്, കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നി" (2 പത്രോ. 2, 22) എന്നിങ്ങനെ വേദപുസ്തകത്തിലുള്ള അനേക പദപ്രയോഗങ്ങൾ ഗീവറുഗീസ് കോർഎപ്പിസ്കോപ്പായെപ്പററി പറയാതെ മനഃപൂർവ്വം വിട്ടുകളഞ്ഞതിൽ സലാമ റമ്പാൻ കാണിച്ചിട്ടുള്ള മഹാമനസ്കതയും കരുണയും സഹോദരസ്നേഹവും പ്രശംസാർഹമാണെന്നത്രേ റമ്പാച്ചൻെറ ഈ ലഘുലേഖ വായിക്കുന്നവർക്കു തോന്നിപ്പോകുന്നതു്.

അന്ത്യോക്യായിലെ പത്രോസ് പാത്രിയർക്കീസ് അബ്ദുള്ളാപാത്രിയർക്കീസിനെപ്പററി "നിഗളി, ഷത്രപിക്കട്ടത്ത കാര്യങ്ങളിൽ മടിയൻ, ദ്രവ്യാഗ്രഹി, ദൈവത്തിൽ ഭയമോ ശങ്കയോ ഇല്ലാത്തവൻ, കൂദാശചെയ്ത മൂറോൻ (ലെവു എണ്ണ) വിററു പണംശേഖരിച്ചവൻ, കലഹപ്രിയൻ" എന്നും, അബ്ദുൽമിശിഹാ പാത്രിയർക്കീസ് അബ്ദുള്ളായെപ്പററി "സന്ധ്യാസമയത്തെ ചെന്നാ, വഞ്ചകൻ, ചതിയൻ, സത്യവിശ്വാസത്തിൽ അശേഷം ചൊവ്വില്ലാത്തവൻ, ദ്രോഹി, മുടക്കപ്പെട്ടവൻ, ശപിക്കപ്പെട്ടവൻ, മദ്ബഹായുടെ മുമ്പാകെ അസത്യം പറയുന്ന അസത്യവാദി, വെള്ളിയുടെയും പൊന്നിൻെറയും ദാസൻ, നിന്ദ്യങ്ങളും മ്ലേച്ഛങ്ങളുമായ നടപടിക്കാരൻ, കൈക്കൂലികൊണ്ടും ചതിയാലും മെത്രാന്മാരെ വഞ്ചിച്ചവൻ, പിടിച്ചുപറിക്കാരൻ, ജനങ്ങളെ എല്ലാസ്ഥലത്തും കലക്കുന്നവൻ" എന്നും, അപ്രേം പാത്രിയർക്കീസ് മലങ്കര ഓർത്തഡോക്സ് കക്ഷിയുടെ ഇപ്പോഴത്തെ പരമാദ്ധ്യക്ഷനായ കാതോലിക്കാബാവായെപ്പററി "വൃദ്ധൻ, വൃദ്ധൻ പുന്ത്രസ് (ബാവാ അൽമായക്കാരനായിരുന്നപ്പോൾ ഉള്ളപേരു്), നിയമങ്ങൾ അനുസരിപ്പാൻ

www.malankaralibrary.com



അറിഞ്ഞുകൂടാത്തവൻ, കൈവെപ്പില്ലാതെ മെത്രാൻ എന്ന വ്യർത്ഥനാമത്തിൽ അഹങ്കരിച്ചു നടക്കുന്നവൻ, സഭയാകുന്ന തൊഴുത്തിനു പുറത്തുള്ളവൻ" എന്നും, പാത്രിയർക്കീസ് കക്ഷിക്കാർ അബ്ദുൽമിശിഹായെപ്പററി "ഭ്രാന്തൻ, ദുർമ്മാർഗ്ഗി, മദ്യപാനി, പാഷണ്ഡി, കള്ളനെ മെത്രാനാക്കിയവൻ, പൊതുസ്വത്തു വിററവൻ, ഭണ്ഡാരം മാന്തിയവൻ, പാക്കിൽ പള്ളി മഹമ്മദീയർക്കു കൊടുത്തവൻ" എന്നും, ഓർത്തഡോക്സ് കക്ഷിയിലെ മെത്രാന്മാരെപ്പററി പട്ടമില്ലാത്ത വെറും ചുവപ്പുവേഷധാരികളായ അൽമായക്കാരെന്നും, ഇവർ കൂദാശചെയ്ത മൂറോൻ (ഒലിവ എണ്ണ) ആനയെയോ, കാളയെയോ തേപ്പിക്കാനോ കെട്ടുവള്ളങ്ങൾക്കു പുരട്ടാനോ മാത്രമേ കൊള്ളുകയുള്ളു, ഇവർ കൂദാശചെയ്ത പള്ളികൾ രണ്ടാമതും കൂദാശ ചെയ്യണമെന്നും മററും പറഞ്ഞിട്ടുള്ളതോർക്കുമ്പോൾ * യാക്കോബായസഭയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയിൽ ചേർന്ന ഗീവർഗ്ഗീസ് കോർഎപ്പിസ്കോപ്പായുടെമേൽ സലാമറമ്പാൻ ചൊരിഞ്ഞിട്ടുള്ള അനുഗ്രഹവാക്കുകൾ എത്ര മാർദ്ദവമേറിയവ, എത്ര പ്രശാന്തങ്ങൾ! ഇക്കാര്യത്തിൽ തന്റെ പാത്രിയർക്കീസ്മാരോടൊപ്പം റമ്പാച്ചൻ സമർത്ഥനല്ലതന്നെ. ഇതാണു വിദേശത്തെ യാക്കോബായസഭയിൽനിന്നു മലങ്കര യാക്കോബായസഭയ്ക്കു ലഭിക്കുന്ന മധുരരസം. കത്തോലിക്കാസഭയിൽ ചേർന്ന കോർഎപ്പിസ്കോപ്പായെ ഇങ്ങനെ "പുരത്തെറി" കൊണ്ടു അഭിഷേകം ചെയ്താൽ, കത്തോലിക്കാസഭാമന്ദിരം മറിഞ്ഞു താഴെവീഴുമോ, യാക്കോ

---

* "എന്റെ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥം 388 മുതൽ 418 വരെയുള്ള പുറങ്ങളിൽ ഈ സാക്ഷ്യങ്ങളെല്ലാം മുഴുവനായി ചേർത്തിരിക്കുന്നു.

www.malankaralibrary.com



ബായസഭാമന്ദിരം ഉയൎന്നുയൎന്നു മാളികയാകുമോ എന്നത്രേ വിദ്യാഭ്യാസവും ചിന്താശക്തിയുമുള്ളവർ ആലോചിക്കേണ്ടതു്. റമ്പാച്ചൻ ഉദ്ധരിച്ചിരിക്കുന്ന ഈ വേദവാക്യങ്ങളെല്ലാം റമ്പാച്ചനിൽതന്നെ അന്വൎത്ഥമായിരിക്കുന്നു എന്നൊരാൾ പറഞ്ഞാൽ റമ്പാച്ചൻ എന്തു മറുപടി നൽകും? ഒരു സംഗതിക്കും തെളിവുകൾ നൽകാതെ വേദവാക്യങ്ങളെ ഇങ്ങനെ കണ്ടമാനം ഉദ്ധരിച്ചു അന്യരെ ദൂഷിക്കുന്നതാണോ പാണ്ഡിത്യത്തിന്റെയും സന്യാസത്തിന്റെയും ലക്ഷണം? അവതാരികാകൎത്താവായ കണിയാമ്പറമ്പിൽ കോർ എപ്പിസ്കോപ്പാ എന്തു പറയുന്നു?

(2) സഭാലക്ഷണങ്ങൾ പ്രതിപാദിക്കയിൽ.

ലോകത്തിലുള്ള അനേക ക്രൈസ്തവസഭകളിൽ നിന്നും ക്രിസ്തു സ്ഥാപിച്ച ഏക സത്യസഭയെ തിരിച്ചറിയുന്നതിനു ക്രിസ്ത്വബ്ദം 325-ൽ സമ്മേളിച്ച നിക്ക്യാ സൂനഹദോസ് സത്യസഭയ്ക്കു സാൎവ്വത്രികത (Catholicity, കാതോലികത്വം), ശ്ലൈഹികത്വം, ഏകത്വം, വിശുദ്ധി എന്നിങ്ങനെ നാലു ലക്ഷണങ്ങൾ ഉള്ളതായി പ്രഖ്യാപനം ചെയ്തു. ഈ നാലു ലക്ഷണങ്ങൾ ഏതു സഭയിൽ പൂൎണ്ണമായി നിറവേറിയിട്ടുണ്ടോ ആ സഭയാണു സത്യസഭ. കത്തോലിക്കാസഭയിൽ ഈ നാലു ലക്ഷണങ്ങളും പൂൎണ്ണമായി നിറവേറിയിട്ടുണ്ടു് (ഈ ഗ്രന്ഥകാരൻ എഴുതിയ "ഏക സത്യസഭ" എന്ന പുസ്തകം കാണുക). യാക്കോബായസഭയിൽ ഈ ലക്ഷണങ്ങളൊന്നും നിറവേറിയിട്ടില്ല. തന്മൂലം സലാമ റമ്പാൻ വേദപുസ്തകവാക്യങ്ങളെ കോട്ടിമാട്ടിയും, സഭാലക്ഷണങ്ങൾക്കു പുതിയ വ്യാഖ്യാനങ്ങൾകൊടുത്തും യാക്കോബായസഭ സത്യസഭ-

www.malankaralibrary.com



യാണെന്നു വായനക്കാരെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നു.

കാതോലികം അഥവാ സാർവ്വത്രികമെന്നു പറഞ്ഞാൽ "യഹൂദസഭയെപ്പോലെ ഏകജാതിക്കു മാത്രമല്ല സകല ജാതികൾക്കും വ്യത്യാസംകൂടാതെ തുല്യമായി ക്രിസ്തീയസഭയിൽ അവകാശികളായിരിക്കാമെന്നാണ് അർത്ഥം. അല്ലാതെ എല്ലായ്പ്പോഴും എല്ലായിടത്തും സഭയുണ്ടായിരിക്കണമെന്നില്ല. 14-ാം നൂററാണ്ടുവരെ അമേരിക്കയിലും, ആസ്ത്രേലിയായിലും ക്രിസ്ത്യാനികളുടെ നാമമേ ഇല്ലായിരുന്നു" എന്നിങ്ങനെയാണു സഭയുടെ സാർവ്വത്രികതയെപ്പററി റമ്പാച്ചൻ എഴുതിയിരിക്കുന്നത്. (കാതോലിക്കാസഭയും റോമ്മാവാദങ്ങളും, പുറം 7)

യാക്കോബായസഭ സിറിയാ, ഇറാക്ക്, മലങ്കര എന്നീ സ്ഥലങ്ങളിൽ മാത്രമേ ഗണ്യമായ വിധത്തിലുള്ളു. യാക്കോബായസഭ ചെറുതായിരിക്കകൊണ്ടു തദംഗങ്ങളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി "ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ടാ; എന്തെന്നാൽ നിങ്ങളുടെ പിതാവു നിങ്ങൾക്കു രാജ്യം നല്കുവാൻ ഇഷ്ടപ്പെട്ടിരിക്കുന്നു" (ലൂക്കോ. 12, 32) എന്ന വേദവാക്യം റമ്പാച്ചൻ തന്റെ ഗ്രന്ഥത്തിന്റെ പുറംകടലാസ്സിൽതന്നെ അച്ചടിച്ചിട്ടുണ്ട്. എന്നാൽ ക്രിസ്തുവിന്റെ സഭ എന്നും ചെറിയ ആട്ടിൻകൂട്ടമായിരിക്കുമെന്നാണോ വേദപുസ്തകം പറയുന്നത്? പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള അനേകം വേദവാക്യങ്ങൾ ക്രിസ്തുവിന്റെ സഭ എല്ലായിടത്തും വ്യാപിക്കുമെന്നു പ്രസ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നു. "നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെയാകും. കിഴക്കോട്ടും, പടിഞ്ഞാട്ടും, വടക്കോട്ടും,

www.malankaralibrary.com



തെക്കോട്ടും നീ വൎദ്ധിക്കും. ഭൂമിയിലെ സകല വംശങ്ങളും നീ മൂലവും നിന്റെ സന്തതിമൂലവും അനുഗ്രഹിക്കപ്പെടും” (ഉല്പത്തി 28, 14). “അവസാന ദിവസങ്ങളിൽ കൎത്താവിന്റെ ആലയമുള്ള പൎവ്വതം പൎവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും, കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും. സകല ജാതികളും അതിലേക്കു് ഒഴുകിച്ചെല്ലും” (ഏശായ 2, 2). “രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യത്തിനായിട്ടു ലോകമെങ്ങും പ്രസംഗിക്കപ്പെടും” (മത്താ. 24, 14). “എല്ലാ വംശത്തിലും, ഭാഷയിലും, ജനത്തിലും, ജാതിയിലും നിന്നു നിന്റെ രക്തംകൊണ്ടു ദൈവത്തിനായി ഞങ്ങളെ നീ വിലയ്ക്കു വാങ്ങി” (വെളി. 5, 9; സങ്കീൎത്തനം 2, 7–9; 18, 4–5; ഏശായാ 11, 10; 54, 2–3; മലാഖി 1, 10–11; റോമ്മാ. 1, 8; 4, 13–17 കാണുക). “നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ചു് അവരെ പഠിപ്പിക്കുവിൻ” (മത്താ. 28, 19–20). “നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടിയിലും എന്റെ സുവിശേഷം അറിയിക്കുവിൻ” (മൎക്കോ. 16, 15). “നിങ്ങൾ ഓറെശ്ലേമിലും, യൂദാ മുഴുവനിലും, ശമ്രായരുടെ സ്ഥലത്തും, ഭൂമിയുടെ അതിൎത്തികൾ വരെയും എനിക്കു സാക്ഷികൾ ആകും” (നടപടി 1, 8). ഈ വേദവാക്യങ്ങളിൽ നിന്നു ക്രിസ്തുവിന്റെ സഭ ചെറിയ ആട്ടിൻകൂട്ടമായിട്ടു എന്നും ഇരിക്കാതെ ലോകം മുഴുവൻ പ്രചരിക്കുന്ന ഒന്നായിത്തീരുമെന്നു വ്യക്തമാകുന്നു. “ചെറിയ ആട്ടിൻകൂട്ടമേ” എന്നു ക്രിസ്തു വിളിച്ചതു പന്ത്രണ്ടു അപ്പൊസ്തോലന്മാർ ഉൾപ്പെട്ട സംഘത്തെയാണു്, അല്ലാതെ ഭാവിയിൽ ലോകമെങ്ങും പ്രചരിക്കാനിരുന്ന സഭയെ അല്ല. കടുകുമ

www.malankaralibrary.com



ണിയോടും പുളിച്ചമാവിനോടും ക്രിസ്തു തന്റെ സഭയെ ഉപമിക്കുന്നു (മത്താ 13, 31–33). കടുകമണി സകല വിത്തുകളിലും ചെറുതാണെങ്കിലും അതു മുളച്ചു വൻവൃക്ഷമായിത്തീരുന്നു. അല്പം പുളിപ്പു ക്രമേണ മൂന്നിടങ്ങഴി മാവിനെ മുഴുവൻ പുളിപ്പിക്കുന്നു. ഇതുപോലെ ആരംഭകാലത്തു പന്ത്രണ്ടു അപ്പൊസ്തോലന്മാർ മാത്രം അംഗങ്ങളായുണ്ടായിരുന്ന സഭ—ആ ചെറിയ ആട്ടിൻകൂട്ടം—ശതാബ്ദങ്ങൾ മുമ്പോട്ടുപോകുന്തോറും ലോകത്തിൽ കൂടുതൽ കൂടുതൽ പ്രചരിച്ചു ജനസംഖ്യയിൽ ഗണ്യമായവിധം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുമെന്നാണു വേദപുസ്തകവാക്യങ്ങളിൽ നിന്നു തെളിയുന്നതു്. യാക്കോബായസഭയുടെ ആരംഭകാലത്തു, അതായതു യാക്കോബു് ബുർദ്ദാനായുടെ കാലമായ 6—ാം ശതാബ്ദത്തിൽ 89 മെത്രാന്മാരും ഒരു ലക്ഷത്തോളം പട്ടക്കാരും, 15 ലക്ഷത്തോളം ജനങ്ങളും ആ സഭയിൽ ഉണ്ടായിരുന്നു. ഇപ്പോൾ കേരളത്തിലെ ഓർത്തോഡോക്സ് കക്ഷിയെക്കൂടി ഉൾപ്പെടുത്തിയാലും വിദേശത്തും കേരളത്തിലുമായി 23 മേല്പട്ടക്കാരും, 340 പട്ടക്കാരും, 5,28,450 ആളുകളുമേ യാക്കോബായ സഭയിൽ ഉള്ളു. പതിനാറു ശതാബ്ദങ്ങൾ മുമ്പോട്ടുപോയപ്പോൾ യാക്കോബായസഭ സുവിശേഷത്തിൽ പറയുന്ന കടുകുവൃക്ഷംപോലെ വളരുന്നതിനു പകരം ശോചനീയമായി അധഃപതിച്ചിരിക്കുന്നു. ഇങ്ങനെ വന്നപ്പോൾ സാർവ്വത്രികത എന്നു പറഞ്ഞാൽ എല്ലായിടത്തും വ്യാപിച്ചിരിക്കുക എന്നല്ലെന്നും, ചെറിയ ആട്ടിൻകൂട്ടമായി ഒരു സഭ ഇപ്പോഴും ഇരുന്നാലും ഭയപ്പെടാനില്ലെന്നും മററും സലാമറമ്പാനും കൂട്ടരും പറഞ്ഞു യാക്കോബായക്കാരെ ആശ്വസിപ്പിച്ചില്ലെങ്കിൽ യാക്കോബായക്കാർ

www.malankaralibrary.com



എങ്ങനെ ആ സഭയിൽ നില്ക്കും? തിരുവല്ലായിൽ കുന്നന്താനം എന്ന സ്ഥലത്തു ഒരാൾ ഒരു സഭ സ്ഥാപിച്ചിട്ടുണ്ടു്. അയാൾ മാത്രമേ അതിന്റെ അംഗമായിട്ടുള്ളു. അതുകൊണ്ടു "ഒററ മിഷ്യൻകാരൻ" എന്നാണു ആളുകൾ അയാളെ വിളിക്കുന്നതു്. അയാൾക്കും തന്റെ സഭ സകല ജാതിമനുഷ്യർക്കും ചേരുവാൻ അർഹതയുള്ള ഒന്നാണെന്നും, ഇപ്പോൾ അതു വളരെ ചെറിയ ആട്ടിൻകൂട്ടമായിരിക്കകൊണ്ടു ഭയപ്പെടാനൊന്നുമില്ലെന്നും പറയാമല്ലോ. ഏതു ക്രിസ്തീയസഭയ്ക്കാണു ഇങ്ങനെ പറയുവാൻ പാടില്ലാത്തതു്? അങ്ങനെയെങ്കിൽ നിക്യാസൂനഹദോസിലെ പിതാക്കന്മാർ നല്കിയ ലക്ഷണംകൊണ്ടു ക്രിസ്തു സ്ഥാപിച്ച ഏകസത്യസഭയെ കണ്ടുപിടിക്കുവാൻ സാധിക്കാതെ വരുന്നു. അങ്ങനെയെങ്കിൽ സത്യസഭയുടെ ലക്ഷണങ്ങൾ പറയാതിരിക്കയല്ലേ വേണ്ടിയിരുന്നതു്?

സത്യസഭയ്ക്കു സാർവ്വത്രികത എന്ന ലക്ഷണമുണ്ടെന്നു നിക്യായിലെ പിതാക്കന്മാർ 325-ൽ പ്രഖ്യാപനം ചെയ്തപ്പോൾ, സഭ ചെറിയ ആട്ടിൻകൂട്ടമായിട്ടു ഇരിക്കയല്ലായിരുന്നു. പാത്രിയർക്കീസുമാരും മെത്രാന്മാരുമായി 318 മേല്പട്ടക്കാർ ആ സൂനഹദോസിൽ സംബന്ധിക്കത്തക്കവണ്ണം സഭ അന്നും സർവ്വലോകവ്യാപകമായിരുന്നു. അതിദൂരസ്ഥമായ റോമ്മായിൽ നിന്നു മാർപ്പാപ്പായുടെ പ്രതിനിധിമാരും, ഇൻഡ്യയിൽ ഭരണാധികാരമുണ്ടായിരുന്ന മാർ യോഹന്നാൻ മെത്രാനും ആ സൂനഹദോസിൽ സംബന്ധിച്ചിരുന്നു. 325-ൽ ഉണ്ടായിരുന്നതിനേക്കാൾ വ്യാപ്തി ഇക്കാലത്തു സഭയ്ക്കുണ്ടായിരിക്കേണ്ടേ? കൊളംബസ് അമേരിക്കാ ഭൂഖണ്ഡം കണ്ടുപിടിച്ചതു് 1498-ൽ ആണു്. ഇങ്ങനെ ലോകത്തി

www.malankaralibrary.com



ൽ ഒരു ഭൂവിഭാഗമുണ്ടെന്നു അന്നുവരെ ക്രിസ്ത്യാനി കളാരും അറിഞ്ഞിരുന്നില്ല. ആസ്ട്രേലിയായിൽ ക്രിസ്ത്യാനികൾ ആദ്യമായി പ്രവേശിക്കുന്നതു 1606—ൽ ആണു്. ഇനിയും ക്രിസ്തീയ മിഷ്യനറിമാർ പ്രവേശിച്ചിട്ടില്ലാത്ത പല സ്ഥലങ്ങളും ദക്ഷിണോത്തര ധ്രുവപ്രദേശങ്ങളിലുണ്ടു്. ഇവയെ അടിസ്ഥാനപ്പെടുത്തി ക്രിസ്തുവിന്റെ സഭ 15—ാം നൂററാണ്ടുവരെ ലോകമെങ്ങും പ്രചരിച്ചിട്ടില്ലെന്നും, ഇപ്പോഴും പ്രചരിച്ചിട്ടില്ലെന്നും റമ്പാച്ചൻ പറയുന്നതിന്റെ യുക്തി എത്രയോ ബാലിശം! ചന്ദ്രഗോളത്തിൽ ഇനി മനുഷ്യരുണ്ടെന്നു കണ്ടുപിടിക്കപ്പെട്ടാൽ സഭ അതുവരെ സാർവ്വത്രികമല്ലെന്നു് ഈ റമ്പാച്ചൻ വാദിക്കാൻ ഇടയുണ്ടു്. ആദിമ ശതാബ്ദങ്ങളിൽ തുടങ്ങി കത്തോലിക്കാസഭ മിഷ്യനറിമാരെ അയച്ചുകൊണ്ടു ലോകമെങ്ങും ക്രിസ്തുവിന്റെ സഭയെ പ്രചരിപ്പിച്ചുവരുന്നു. ക്രിസ്തു സഭ സ്ഥാപിച്ചിട്ടു രണ്ടായിരത്തോളം വർഷങ്ങളായി. ഇതുവരെയും യാക്കോബായസഭ ലോകത്തിൽ ഗണ്യമായി പ്രചരിക്കയോ, പ്രേഷിതന്മാരെ അയച്ചു ആ സഭയെ ലോകമെങ്ങും പ്രചരിപ്പിക്കയോ ചെയ്തിട്ടില്ല. ഇനി ഇതുപോലെ പല നൂററാണ്ടുകൾ കഴിഞ്ഞാലും കത്തോലിക്കാസഭ ചെയ്യുന്നതുപോലെ ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രേഷിതന്മാരെ അയക്കുന്നതിനുള്ള ശക്തി യാക്കോബായസഭയ്ക്കു ലഭിക്കുമെന്നു ഇപ്പോഴത്തെ അതിന്റെ സ്ഥിതിഗതികളിൽ നിന്നു ഊഹിക്കാനും നിവൃത്തിയില്ല. വേദവാക്യങ്ങൾ തെളിയിക്കുന്നപ്രകാരം ഇനി എത്ര കാലത്തു യാക്കോബായസഭ സാർവത്രികമാകും? ആകയാൽ റമ്പാച്ചൻ സാർവത്രികതയ്ക്കു നല്കുന്ന അർത്ഥം—സകലജാതികൾക്കും ക്രിസ്തുവിന്റെ സ

www.malankaralibrary.com


ഭയിൽ അവകാശമുണ്ടെന്നുള്ള അത്ഥം—വെച്ചുനോക്കിയാലും കത്തോലിക്കാസഭയിലാണു ആ ലക്ഷണം യഥാർത്ഥത്തിൽ നിറവേറിയിട്ടുള്ളതെന്നും, യാക്കോബായ സഭയിൽ അതു ഭാവിയിൽ നിറവേറാനുള്ള സാദ്ധ്യതയില്ലെന്നും സമ്മതിക്കാതെ നിർവാഹമില്ല.

## 2. വ്യാജപ്രസ്താവനകൾ.

(1) കത്തോലിക്കർ മാർപ്പാപ്പായെ ദൈവമായിട്ടു വിശ്വസിച്ചുവരുന്നെന്നും, ഫെരാരി എന്ന കത്തോലിക്കൻ രചിച്ച സഭാനിഘണ്ടുവിൽ (Ferrari's Ecclesiastical Dictionary) പാപ്പാ ദൈവമാണെന്നു എഴുതിയിട്ടുണ്ടെന്നും "വിശ്വാസത്യാഗി" മൂന്നാം പുറത്തു സലാമ റമ്പാൻ പറയുന്നു.

ലോകത്തിലുള്ള യാതൊരു കത്തോലിക്കനും മാർപ്പാപ്പാ ദൈവമാണെന്നു വിശ്വസിക്കുന്നില്ല. എട്ടു വാല്യങ്ങൾ അടങ്ങിയ ഫെരാരിയുടെ സഭാനിഘണ്ടു എന്ന ഗ്രന്ഥസഞ്ചയം ആലുവാ സെമ്മിനാരിയിലെ ഗ്രന്ഥശാലയിലുണ്ട്. അതിലൊന്നിലും മാർപ്പാപ്പാ ദൈവമാണെന്നു പറഞ്ഞിട്ടില്ല. ഇക്കാര്യങ്ങൾ വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ എഴുതിയ "ശകാരവർഷങ്ങൾ" എന്ന ലഘുലേഖയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു മറുപടിയായി സലാമ റമ്പാൻ "കാതോലികസഭയും റോമ്മാവാദങ്ങളും" എന്ന തൻെറ പുതിയ ഗ്രന്ഥത്തിൻെറ മുഖവുര 3–ാം പുറത്തു് ഇങ്ങനെ പറയുന്നു: "വിശ്വാസത്യാഗി എന്ന ലഘുലേഖയുടെ 3–ാം വശത്തു ഫേത്തിട്ടുള്ള ഫെരാരിയുടെ സഭാനിഘണ്ടു എന്ന പുസ്ത

www.malankaralibrary.com



കത്തിലെ ഉദ്ധരണി കോതമംഗലം ക്രിസ്തീയസുവിശേഷപ്രചരണസംഘം വകയായി ‘പേപ്പൽമതഖണ്ഡ്’ എന്ന പേരിൽ 1931-ൽ മൂന്നാം നമ്പരായി പ്രസിദ്ധപ്പെടുത്തിയ പുസ്തകം 6, 7 വശങ്ങളിൽ കണ്ടതാണ്. മനഃപൂർവ്വം തെററിദ്ധരിപ്പിക്കുവാൻ വ്യാജപ്രസ്താവനകൾ ഞങ്ങൾ ചെയ്യുമെന്ന അച്ചൻ വിചാരിക്കേണ്ട”. വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം തിന്നതു എന്തിനാണെന്ന ദൈവം ആദാമിനോട ചോദിച്ചപ്പോൾ “എന്റെ സഖിയായി എനിക്ക നീ തന്ന സ്ത്രീയാണ എനിക്ക തന്നതു” എന്നും, ദൈവം ഹാവായോട ചോദിച്ചപ്പോൾ “പാമ്പു എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി” എന്നും പറഞ്ഞു രണ്ടു പേരും കുററത്തിൽനിന്ന ഒഴിയുവാൻ ശ്രമിച്ചു. എന്നാൽ ദൈവം ഈ മറുപടി കേട്ട തൃപ്തനാകാതെ മൂന്ന പേരെയും കഠിനമായി ശിക്ഷിച്ചു (ഉല്പത്തി 3; 11–19). റമ്പാച്ചൻ വലിയ പണ്ഡിതനാണെന്ന പറയപ്പെടുന്നു. കോതമംഗലത്തു ആരോ എഴുതി അച്ചടിപ്പിച്ച പുസ്തകത്തിൽ കണ്ടതു തെറേറാ ശരിയോ എന്ന പരിശോധിച്ചറിയാതെ തന്റെ ഗ്രന്ഥത്തിൽ പകർത്തിയ റമ്പാച്ചന്റെ പ്രവൃത്തി സ്തുത്യർഹമോ? അനേകം പണ്ഡിതന്മാരുള്ള കത്തോലിക്ക സഭയെപ്പററി ഇത്ര ആക്ഷേപകരമായി എഴുതുന്നതിന മുമ്പു കോതമംഗലം ഗ്രന്ഥകർത്താക്കൾക്ക എന്തു പഠിപ്പുണ്ടെന്ന റമ്പാച്ചൻ അന്വേഷിച്ചോ? അച്ചടിച്ചു കാണുന്നതെല്ലാം ശരിയാണെന്ന വിശ്വസിക്കുന്നതോ പണ്ഡിതന്മാരുടെ ലക്ഷണം? പണ്ടാരോ വെയിലത്തു കിടന്ന പട്ടിയുടെ പുറത്തു കള്ളുംപാള ചാരിയിട്ട ഏതോ ജോലിക്ക പോയി തിരികെ വന്നപ്പോൾ കള്ളുംപാള മറിഞ്ഞു കള്ളെല്ലാം നഷ്ടപ്പെട്ടതാ

www.malankaralibrary.com



യി കണ്ടു വിസ്മയിച്ചു. പട്ടി എഴുന്നേററു പോകുന്ന കാര്യം ചിന്തിക്കാതെയാണ് അയാൾ പട്ടിയുടെ മേൽ കള്ളംപാള ചാരിയതു്. കോതമംഗലംകാർ റമ്പാച്ചനെ ചതിക്കുമെന്നു റമ്പാച്ചൻ അറിഞ്ഞില്ല. പാവം! എന്നാൽ "മാർപ്പാപ്പാ മുമ്പു ദൈവമായി വിശ്വസിക്കപ്പെട്ടിരുന്നു" എന്നു വിശ്വാസത്യാഗിയെന്ന ലഘുലേഖയുടെ മൂന്നാംപുറത്തു മറെറാരു ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നതു കോതമംഗലംകാരുടെയല്ല, റമ്പാച്ചന്റെ സ്വന്തം അഭിപ്രായമാണല്ലോ. അതു എവിടെ നിന്നു കിട്ടിയ അറിവാണു്? അതിലും ചതിവു പററിയോ?

(2) ക്രിസ്തു "ബേസ്പുക്കാനാ"യിൽ (ശുദ്ധീകരസ്ഥലത്തിൽ) പാപികളോടുകൂടി ഇപ്പോഴും പീഡ സഹിക്കുന്നുണ്ടെന്നും, ക്രിസ്തുവിനെ അവിടെ നിന്നു രക്ഷിക്കുവാൻവേണ്ടി കത്തോലിക്കർ ഇപ്പോഴും പ്രാർത്ഥിക്കുന്നുണ്ടെന്നും പ്രസ്താവിച്ചുകൊണ്ടു ഓർശ്ലേമിൽ അച്ചടിപ്പിച്ച ഒരു പുസ്തകത്തിൽ നിന്നു റമ്പാച്ചൻ താഴെക്കാണുന്ന പ്രാർത്ഥന ഉദ്ധരിക്കുന്നു:—

"ഞങ്ങളുടെ കർത്താവായ യേശുമശിഹാ! ബേസ്പുക്കാനാ അതിലെ ആത്മാക്കൾക്കുവേണ്ടി മാത്രമല്ലെന്നും അവരോടുകൂടെ അങ്ങും ബന്ധനമനുഭവിക്കുന്നതുകൊണ്ടു ബേസ്പുക്കാനാ അങ്ങേക്കും ഉള്ളതാണെന്നും ഞങ്ങൾ നന്നായി അറിയുന്നു. ഞങ്ങളുടെ പ്രവർത്തനംമൂലം അങ്ങേയ്ക്കും ഈ ആത്മാക്കൾക്കും വേണ്ടി പ്രാർത്ഥിക്കുന്നതു എത്രയോ യുക്തമാണെന്നു അങ്ങു ഞങ്ങൾക്കു കാണിച്ചുതന്നു. അതഭിശങ്കരമായ ബേസ്പുക്കാനായുടെ ബന്ധനങ്ങളിൽ നിന്നു അ

www.malankaralibrary.com



ങ്ങളെയും ആ ആത്മാക്കളെയും വിട്ടുവിക്കാനുള്ള സകല മാർഗ്ഗങ്ങളെയും തരണം ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" (പുറം 4–5).

അന്ത്യോക്യാപാത്രിയർക്കീസിന്റെ പ്രതിനിധിയായ മാർ ജൂലിയോസ് തിരുമേനി 22 കൊല്ലങ്ങൾക്കുമുമ്പ് റാന്നിയിൽ പറഞ്ഞ ഒരു പ്രസംഗത്തിൽ ഇക്കാര്യങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണ്. അന്നു റാന്നി കത്തോലിക്കാ പള്ളിയിൽ പ്രസംഗത്തിനു ചെന്നിരുന്ന റവ. ഡോക്ടർ പ്ലാസിഡും, റവ. ഫാദർ തോമ്മസ് തറയിലും (ഇപ്പോൾ തറയിൽ തിരുമേനി) ഇക്കാര്യങ്ങളെപ്പറ്റി മാർ ജൂലിയോസ് തിരുമേനിയോടു സംസാരിച്ച ആ പുസ്തകം കാണിക്കുവാൻ ആവശ്യപ്പെട്ടതാണ്. ഇതേപ്പറ്റി "എന്റെ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥം പുറം 107–114-ൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

ക്രിസ്തു ശുദ്ധീകരണസ്ഥലത്തിൽ ഒരു നിമിഷമെങ്കിലും കിടന്നതായോ, ഇപ്പോഴും കിടക്കുന്നതായോ ഭൂമുഖത്തുള്ള യാതൊരു കത്തോലിക്കനും വിശ്വസിക്കുന്നില്ല. അങ്ങനെയുള്ള വിശ്വാസം മഹാപാഷണ്ഡതയാണ്. കത്തോലിക്കാ മേല്പട്ടക്കാരുടെ അനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള യാതൊരു ഗ്രന്ഥത്തിലും ഇങ്ങനെയുള്ള വിശ്വാസം എഴുതിയിട്ടുള്ളതായി കാണുകയില്ല. ദൈവവരപ്രസാദത്തിൽ മരിച്ചെങ്കിലും ഈ ലോകത്തിൽ വച്ചു ചെയ്ത കഠിനപാപങ്ങൾക്കും ചെറിയ പാപങ്ങൾക്കും മുഴുവനായി പരിഹാരം ചെയ്യാതെ മരിച്ചിട്ടുള്ളവരുടെ ആത്മാക്കളാണ് ശുദ്ധീകരണസ്ഥലത്തിൽ പീഡ അനുഭ

www.malankaralibrary.com



വിക്കുന്നതെന്നത്രേ കത്തോലിക്കസഭ പഠിപ്പിക്കുന്നതു്. പാപം ചെയ്യാതെ ജീവിച്ചിട്ടുള്ളവരുടെയും പാപങ്ങൾക്കെല്ലാം പൂർണ്ണ പരിഹാരംചെയ്തു മരിച്ചിട്ടുള്ള മഹാവിശുദ്ധന്മാരുടെയും ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തിൽ പോകുമെന്നു കത്തോലിക്കസഭ പഠിപ്പിക്കുന്നില്ല. എല്ലാ ക്രൈസ്തവസഭകളെയുംപോലെ കത്തോലിക്കസഭയും ക്രിസ്തുവിൽ യാതൊരു പാപവുമില്ലെന്നും, ഒരു ചെറിയ പാപംപോലും ചെയ്യാതെയാണു ക്രിസ്തു മരിച്ചതെന്നും പഠിപ്പിക്കുന്നു. യാക്കോബായസഭയെപ്പോലെ ക്രിസ്തുവിൻെറ ഉയിർപ്പുതിരുനാൾ കഴിഞ്ഞു നാല്പതാംദിവസം ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണതിരുനാളും കത്തോലിക്കസഭയിലെ എല്ലാ ദേവാലയങ്ങളിലും പ്രതിവർഷം കൊണ്ടാടിവരുന്നു. വാസ്തവം ഇങ്ങനെ ഇരിക്കേ ക്രിസ്തു ഇപ്പോഴും ശുദ്ധീകരണസ്ഥലത്തിൽ കിടന്നു പീഡ സഹിക്കുന്നതായി കത്തോലിക്കസഭ വിശ്വസിക്കുന്നുണ്ടെന്നു പറഞ്ഞു ഓർശ്ലേമിൽ അച്ചടിപ്പിച്ച ഏതോ അറബി പുസ്തകത്തിൽനിന്നു പ്രാർത്ഥന ഉദ്ധരിക്കുന്നതു വ്യാജവും കൃത്രിമവുമല്ലെങ്കിൽ പിന്നെ എന്താണു്? സംഗതികൾ പറഞ്ഞുവരുമ്പോൾ ഫെരാരിയുടെയും കോതമംഗലംകാരുടെയും പുസ്തകത്തിൻെറപോലെയിരിക്കും ഇതും. പണ്ടാരോ പുലിയെ കണ്ടതു ചോദിച്ചവനപ്പോൾ കരിയില ഇളകിയതായി കണ്ടെന്നു പറഞ്ഞതുപോലെ. ദൈവപുത്രനായ ക്രിസ്തു കന്യകമറിയത്തിൽനിന്നു ജനിക്കാതെ, ഒട്ടകപ്പക്ഷിയുടെ മുട്ടപോലെ ഏതോ വലിയ ഒരു മുട്ടയിൽനിന്നു മനുഷ്യനായി വിരിഞ്ഞിറങ്ങുകയായിരുന്നെന്നു യാക്കോബായക്കാർ വിശ്വസിച്ചുവരുന്നെന്നും, "ക്രിസ്തുവിൻെറ ജീവചരിത്രം" എന്നപേരിൽ 1930-ൽ അന്ത്യോക്യാ

www.malankaralibrary.com



യിൽ അച്ചടിപ്പിച്ച ഒരു പുസ്തകത്തിൻെറ 58-ാം പുറത്തു ഇക്കാൎയ്യങ്ങളെല്ലാം പ്രസ്താവിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞാൽ സലോമറമ്പാൻ എന്തു മറുപടി നല്കും? അതു മറുപടിതന്നെയാണ് ക്രിസ്തു ശുദ്ധീകരസ്ഥലത്തിൽ കിടക്കുന്നതായി കത്തോലിക്കർ വിശ്വസിക്കുന്നെന്നും ഓർശ്ലേമിൽ അച്ചടിപ്പിച്ച ഒരു പുസ്തകം ഇന്ന പുറത്തു ക്രിസ്തുവിനുവേണ്ടിയുള്ള ഒരു പ്രാൎത്ഥനയുണ്ടെന്നും പറഞ്ഞു് അതു ഉദ്ധരിക്കുന്ന റമ്പാച്ചനും നല്കുവാനുള്ളതു്. ഇതുപോലെയുള്ള വ്യാജപ്രസ്താവനകൾകൊണ്ടു യാക്കോബായസഭയുടെ നിലയെ ഉറപ്പിക്കാമെന്നു വ്യാമോഹിക്കുന്ന യാക്കോബായ പണ്ഡിതന്മാരുടെ പാണ്ഡിത്യവും സദാചാരബോധവും എത്ര പ്രശംസാർഹം!

(3) എന്നാൽ ഇവയൊക്കെക്കാൾ വ്യാജപ്രസ്താവനകളും കൃത്രിമങ്ങളും സലോമറമ്പാൻ പ്രയോഗിക്കുന്നതു കത്തോലിക്കസഭയിലെ സുപ്രസിദ്ധ സന്മാർഗ്ഗശാസ്ത്രജ്ഞന്മാരിൽ ഒരാളായ വി. അല്ഫോൻസു ലിഗോരി എഴുതിയ "സന്മാൎഗ്ഗശാസ്ത്രം" (Moral Theology) എന്ന ഗ്രന്ഥസഞ്ചയത്തിൽനിന്നും ഉദ്ധരണികൾ നല്കുമ്പോഴാണ്. വി. ലിഗോരിയുടെ പുസ്തകത്തിൻെറ വാല്യവും പുറവുമെല്ലാം റമ്പാച്ചൻ പറയുന്നുണ്ടെങ്കിലും അതു എവിടെ അച്ചടിപ്പിച്ചതാണെന്നോ, ആരു് അച്ചടിപ്പിച്ചതാണെന്നോ പറയുന്നില്ല. വി. ലിഗോരി എഴുതിയിട്ടുള്ള പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാൎയ്യങ്ങൾക്കു നേരേ വിപരീതമായവ റമ്പാച്ചൻ ഉദ്ധരിക്കുന്നതുകൊണ്ടു് ഈ പുസ്തകം റമ്പാച്ചനു എവിടെ കിട്ടിയെന്നു അറിഞ്ഞാൽകൊള്ളാമായിരുന്നു. റമ്പാച്ചൻ പറയുന്നവിധത്തിൽ കാൎയ്യങ്ങൾ അടങ്ങിയ ഒരു പുസ്തകം വി. ലിഗോരി

www.malankaralibrary.com



യോ, കത്തോലിക്ക സഭയിൽ ആരെങ്കിലുമോ എഴുതിയിട്ടില്ല. മാർ ജൂലിയോസ് തിരുമേനിയുടെ സെക്രട്ടറിയായി ദീർഘകാലം മഞ്ഞനിക്കരെ വസിച്ചിരുന്ന ദേഹവും, ഇപ്പോൾ ശീമയിലുള്ള ബയ്റൂട്ടിൽ മാർ സേവേരിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായുമായ അബ്ദുൽ അഹദ് റമ്പാനായിരിക്കയിൽ "മാർത്തോമ്മാ ദിയസ്ക്കോറോസിന്റെ തിരുസഭ" എന്നൊരു "ചെറുപുസ്തകം" കത്തോലിക്കാസഭയെ ആക്ഷേപിച്ചു എഴുതുകയുണ്ടായി. അതിലെ ചരക്കുകളെയാണു ശരിയോ തെറ്റോ എന്നു പഠനം ചെയ്യാതെ പണ്ഡിതനായ സലാമ റമ്പാനും തന്റെ ഗ്രന്ഥത്തിൽ പകർത്തിയിരിക്കുന്നതു് (പുറം 4–7). അഹദ്റമ്പാന്റെ ആ പുസ്തകം വായിക്കണമെന്നാണു സലാമ റമ്പാൻ വായനക്കാർക്കു കൊടുത്തിരിക്കുന്ന നിർദ്ദേശവും. കോതമംഗലം കാരേക്കാരൻ തന്റെ സ്വദേശിയായ അഹദ് റമ്പാൻ വിശ്വസ്തനും പണ്ഡിതനുമാണെന്നു സലാമ റമ്പാൻ ഊഹിച്ചിരിക്കണം. എന്റെ ഈ മറുപടി കാണുമ്പോൾ അഹദ്റമ്പാന്റെ പുസ്തകത്തിൽ കണ്ടതാണ് ഇവയെല്ലാം എന്നു പറഞ്ഞു സലാമ റമ്പാനു ഒഴിയുകയും ചെയ്യാം. അഗാധപണ്ഡിതനായ സലാമ റമ്പാന്റെ പാണ്ഡിത്യത്തിന്റെയും സത്യാവസ്ഥ വായനക്കാരെ ഗ്രഹിപ്പിക്കുന്നതിലുള്ള ശുഷ്കാന്തിയുടെയും മാനദണ്ഡം എത്ര ഉന്നതമെന്നു കണ്ടാലും!

"എന്റെ തെങ്ങേലി പ്രസംഗം" എന്ന എന്റെ ഗ്രന്ഥത്തിൽ അഹദ്റമ്പാന്റെ പുസ്തകത്തെ വിമർശിക്കയിൽ സലാമ റമ്പാൻ തന്റെ ഗ്രന്ഥത്തിൽ ഇപ്പോൾ ഉദ്ധരിച്ചിട്ടുള്ള ഇക്കാര്യങ്ങൾ മിക്കതിനെ

www.malankaralibrary.com



യും സവിസ്തരം പ്രതിപാദിച്ചു മറുപടി കൊടുത്തിട്ടുണ്ട് (പുറം 116–152). അവ ഇവിടെ പകർത്തിയാൽ ഈ ലഘുലേഖ വലിയ ഗ്രന്ഥമായിത്തീരും. എന്നാൽ ഈ ലഘുലേഖ വായിക്കുന്നവർ സലാമ റമ്പാന്റെ വ്യാജപ്രസ്താവനകളും കൃത്രിമങ്ങളും ഗ്രഹിക്കുന്നതിനുവേണ്ടി റമ്പാച്ചൻ ഉദ്ധരിച്ചിട്ടുള്ള കാര്യങ്ങളും അല്ഫോൻസ് ലിഗോരിയും കത്തോലിക്കാസഭയും സാക്ഷാൽ പഠിപ്പിക്കുന്ന കാര്യങ്ങളും എന്തെന്നു സംക്ഷിപ്തമായി പറയാം. ആലുവാ സെമിനാരിയിലെ ഗ്രന്ഥശാലയിൽ വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രമുണ്ട്. അതിൽ നിന്നാണു ഞാൻ ഉദ്ധരണികൾ നല്കുന്നതു്. ഈ വിഷയത്തെ സംബന്ധിച്ചു കൂടുതൽ അറിയണമെന്നു് ആഗ്രഹിക്കുന്നവർ “എന്റെ തെങ്ങേലി പ്രസംഗം” എന്ന ഗ്രന്ഥം വായിച്ചാൽ മതി.

1. “മരിക്കാറായ പൂർണ്ണ ഗർഭിണിസ്ത്രീയുടെ ഉദരം കീറി കുട്ടിയെ പുറത്താക്കി മാമ്മോദീസാമുക്കേണ്ടതാണെ”ന്നു വി. ലിഗോരി പഠിപ്പിക്കുന്നതായി അഹാട് റമ്പാൻ എഴുതിയെങ്കിലും സലാമ റമ്പാൻ അതു “ഗർഭിണികളുടെ വയർ കീറി അവരുടെ ഉരുവുകളെ മാമ്മോദീസാ മുക്കുന്നതു്” എന്നു പകർത്തി. മരിക്കാറായ ഗർഭിണി സ്ത്രീയുടെ വയർ കീറണമെന്നു വി. ലിഗോരി പറഞ്ഞിട്ടില്ല. സലാമ റമ്പാൻ പറയുന്നതു കേട്ടാൽ എല്ലാ ഗർഭിണികളുടെയും വയർ കീറണം—സ്വാഭാവികമായി ഒരു സ്ത്രീയെയും പ്രസവിക്കുവാൻ അനുവദിക്കരുതു്—എന്നു വി. ലിഗോരി പഠിപ്പിക്കുന്നതായി തോന്നിപ്പോകും. എന്നാൽ ലിഗോരി പറയുന്നതു “ഗർഭിണിയായ സ്ത്രീ മരിക്കുകയും പ്രജ ജീവിക്കുകയും ചെയ്യുന്നെങ്കിൽ ശസ്ത്രവിദ

www.malankaralibrary.com



ഗ്ദ്ധന്മാർ ശസ്ത്രക്രിയ ചെയ്തു കുട്ടിയെ എടുത്തു മാമ്മോദീസാ മുക്കണം" എന്നാണ് (സന്മാർഗ്ഗശാസ്ത്രം, പുസ്തകം 6, ഖണ്ഡിക നമ്പർ 106). പൂർണ്ണഗർഭിണിയായ തള്ള മരിച്ചശേഷം കുട്ടി ജീവിക്കുന്നെങ്കിൽ അതിനെ മരിക്കാതെ രക്ഷിക്കുവാൻ ശസ്ത്രവിദഗ്ദ്ധന്മാരായ ഡോക്ടർമാർക്കു സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ പാടില്ലെന്നു മനുഷ്യസ്നേഹിയായ ആരെങ്കിലും പറയുമോ? അങ്ങനെ രക്ഷിക്കപ്പെടുന്ന കുട്ടിക്കു മാമ്മോദീസാ നല്കുന്നതു തെറ്റോ? മരിച്ച ഗർഭിണിസ്ത്രീയുടെ വയർ ശസ്ത്രവിദഗ്ദ്ധന്മാർ കീറി ജീവനുള്ള കുട്ടിയെ രക്ഷിക്കണമെന്നു ലിഗോരി പറയുമ്പോൾ, മരിക്കാറായ ഗർഭിണിസ്ത്രീയുടെ—എല്ലാ ഗർഭിണികളുടെയും—വയർ കീറണം എന്നു ആഹാദ്റമ്പാനും സലാമറമ്പാനും പറയുന്നതു വായനക്കാരെ തെറ്റിദ്ധരിപ്പിക്കാനല്ലേ? ഡോക്ടർമാർ ഒരു കുട്ടിയെ രക്ഷിക്കാനായി മരിച്ച സ്ത്രീയുടെ വയർ കീറുന്നതും, മരിക്കാറായ അഥവാ മരിക്കാതെ സുഖമായിരിക്കുന്ന സ്ത്രീയുടെ വയർ കീറുന്നതും ഒരുപോലെയാണോ?

2. "തുപ്പൽകൊണ്ടുള്ള മാമ്മോദീസാ സ്വീകാര്യമാണ്" എന്നു ലിഗോരി പറയുന്നതായി ആഹാദ്റമ്പാൻ എഴുതുമ്പോൾ "തുപ്പൽകൊണ്ടുള്ള മാമ്മോദീസാ" എന്നു മാത്രം സലാമറമ്പാൻ എഴുതുന്നു. കത്തോലിക്കാസഭയിലെ മാമ്മോദീസായെല്ലാം തുപ്പൽകൊണ്ടാണെന്നു വായനക്കാർ ധരിക്കാൻവേണ്ടിയായിരിക്കാം സലാമറമ്പാൻ ഇങ്ങനെ എഴുതിയതു്. കത്തോലിക്കാസഭ പഠിപ്പിക്കുന്നതു മാമ്മോദീസാ ശരിയാകണമെങ്കിൽ സ്വാഭാവികജലം (natural water) ഉപയോഗിക്കണമെന്നാണ്. മരിക്കാറാ

www.malankaralibrary.com



യി കിടക്കുന്ന ഒരാളെ മാമ്മോദീസാ മുക്കേണ്ട അത്യാവശ്യമുണ്ട്, എന്നാൽ സ്വാഭാവികജലം ഉടനെ കിട്ടാനില്ല എന്നു കരുതുക. അങ്ങനെ വന്നാലും പാൽ, എണ്ണ, നെയ്യ്, വീഞ്ഞ്, കണ്ണുനീർ, രക്തം, വിയർപ്പ്, തുപ്പൽ ആദിയായ ഏതെങ്കിലും ദ്രാവകംകൊണ്ടു മാമ്മോദീസാ മുക്കിയാൽ ശരിയാകയില്ലെന്നാണു വി. ലിഗോരിയും കത്തോലിക്കാസഭയും പഠിപ്പിക്കുന്നത്. തുപ്പൽകൊണ്ടുള്ള മാമ്മോദീസാ ശരിയാണെന്നു പഠിപ്പിച്ചിരുന്ന ചില പാഷണ്ഡികളുടെ അഭിപ്രായത്തെ ഇന്നസെന്റ് മാർപ്പാപ്പാ ശപിച്ചു തള്ളിക്കളഞ്ഞിട്ടുണ്ടെന്നും ലിഗോരി തന്റെ ഗ്രന്ഥത്തിൽ സ്പഷ്ടമായി എഴുതിയിരിക്കുന്നു (പുസ്തകം 6, ഖണ്ഡിക 103–104). ഇങ്ങനെ തുപ്പൽകൊണ്ടുള്ള മാമ്മോദീസാ അസാധുവാണെന്നു സ്പഷ്ടമായി പഠിപ്പിക്കുന്ന വി. ലിഗോരി തുപ്പൽകൊണ്ടുള്ള മാമ്മോദീസാ സാധുവാണെന്നു പഠിപ്പിക്കുന്നതായി ആഹാദ് റമ്പാനും സലാമ റമ്പാനും പറയുന്ന വാദിയെ പ്രതിയാക്കുന്ന ഈ സമ്പ്രദായക്ക സന്യാസിമാരായ റമ്പാന്മാർക്കു യോജിച്ചതോ?

3. “ഒരുവൻ മരണത്തെ ഭയന്നു ദൈവകല്പനകളെ ലംഘിക്കുകയോ ആവശ്യമായിരിക്കുന്നതുപോലെ കുമ്പസാരിക്കാതിരിക്കയോ ചെയ്യാം.” ഒരാൾ മരിക്കേണ്ടിവന്നാലും സ്വതേ അഥവാ ആന്തരികമായിത്തന്നെ തിന്മയായ മതത്യാഗം, ദൈവദൂഷണം, വ്യഭിചാരം, മന്ത്രവാദം ആദിയായവ ഭയം നിമിത്തം ചെയ്യുന്നതു ഭയങ്കരപാപമാണെന്നത്രേ കത്തോലിക്കാസഭയും ലിഗോരിയും പഠിപ്പിക്കുന്നത് (പുസ്തകം 5, ഖണ്ഡിക 19–22). മരണത്തെ ഭയന്നു ദൈവകല്പനകൾ ലംഘിക്കാമെങ്കിൽ കത്തോലി

www.malankaralibrary.com



ക്കസഭയിൽ ഇത്രയധികം രക്തസാക്ഷികൾ ഉണ്ടാകുമായിരുന്നില്ല. ഈ അടുത്ത കാലത്തു പന്ത്രണ്ടു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന മരിയ ഗൊരേത്തി എന്ന ബാലിക അശുദ്ധമായ ഒരു പാപത്തിന്റെ വശംവദയാകുന്നതിനേക്കാൾ അലക്സാണ്ടർ എന്ന ഒരു യുവാവിൽ നിന്നു പതിന്നാലു കുത്തേററു രക്തസാക്ഷിണിയായി മരിക്കയാണുണ്ടായതു്.

4. “കുമ്പസാരപിതാവു കുമ്പസാരസമയത്തും വ്യഭിചാരം ചെയ്യുന്നതു പാപമല്ല”. ആഹാദ് റമ്പാൻപോലും ഈ വഷളത്തരം എഴുതുവാൻ ധൈര്യം തോന്നിയില്ല. സലാമ റമ്പാൻ ഇക്കാര്യത്തിൽ ആഹാദ് റമ്പാനെയും ജയിച്ചിരിക്കുന്നു. വ്യഭിചാരം ആരു ചെയ്താലും, എപ്പോൾ ചെയ്താലും ഭയങ്കരപാപമാണെന്നത്രേ കത്തോലിക്കസഭയും വി. ലിഗോരിയും പഠിപ്പിക്കുന്നതു്. വി. കൂദാശകൾ കൈകാര്യം ചെയ്യുമ്പോൾ പാപം ചെയ്യുന്നെങ്കിൽ പുണ്യവസ്തു ദൂഷണം (Sacrilege) എന്ന ഭയങ്കരപാപംകൂടി ഉണ്ടാകുന്നു എന്നത്രേ കത്തോലിക്കസഭയും വി. ലിഗോരിയും പഠിപ്പിക്കുന്നതു്. വ്യഭിചാരം, വേശ്യാസംഗം മുതലായവ എത്രമാത്രം കഠിനപാപങ്ങളാണെന്നു വി. ലിഗോരി തന്റെ സന്മാർഗ്ഗശാസ്ത്രം മൂന്നാംപുസ്തകത്തിൽ “വ്യഭിചാരം ചെയ്യരുതു്, അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുതു്” എന്നീ ദൈവകല്പനകളെ സംബന്ധിച്ച എഴുത്തുകളിൽ അനേകം അദ്ധ്യായങ്ങളിലായി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.

5. “കുമ്പസാരിക്കുന്നവൻ കുമ്പസാരിപ്പിക്കുന്നവനെ കുമ്പസാരത്തിൽ ചതിക്കയും, താൻ ചെയ്ത പാപം ഹൃദയത്തിൽ കുമ്പസാരിച്ചുകൊണ്ടു വായാൽ

www.malankaralibrary.com



വിസമ്മതിക്കുകയും ചെയ്യാം. കമ്പസാരസമയത്തു കള്ളം പറയാം". വി. ലിഗോരിയുടെ ഒരു പുസ്തകത്തിലും ഇങ്ങനെ പറഞ്ഞിട്ടില്ല. കഠിനപാപങ്ങളെയും പ്രത്യേകമാലിന്യം വരുത്തുന്ന അവയുടെ സഹോചര്യങ്ങളെയും കമ്പസാരത്തിൽ പട്ടക്കാരനോടു പറയുവാൻ എല്ലാവർക്കും കടമയുണ്ടു്. മനഃപൂർവ്വം ഇവ പറയാതെ നടത്തുന്ന കമ്പസാരം അസാധുവും പുണ്യവസ്തു ദൂഷണവുമാണു് (Sacrilege) എന്നത്രേ കത്തോലിക്കസഭയുടെയും വി. ലിഗോരിയുടെയും ഉപദേശം (പുസ്തകം 6, ഖണ്ഡിക 465—468). യാക്കോബായസഭയിലാണു കമ്പസാരിക്കാൻ വരുന്നവർ കമ്പസാരിപ്പിക്കുന്ന പട്ടക്കാരനെ ചതിക്കുന്നതും, കമ്പസാരത്തിൽ കള്ളം പറയുന്നതുമെന്നു് "എന്റെ തെങ്ങേലി പ്രസംഗം" പുറം 133—142-ൽ ഞാൻ തെളിയിച്ചിട്ടുണ്ടു്.

6. "അസ്വാഭാവിക ഭാര്യാഭർത്തൃബന്ധം പാപമല്ല". അസ്വാഭാവിക (പ്രകൃതിവിരുദ്ധമായ) ഭാര്യാഭർത്തൃബന്ധം മരണകരമായ പാപമാണെന്നത്രേ ലിഗോരിയുടെ പുസ്തകത്തിൽ പറയുന്നതു് (പുസ്തകം 6, ഖണ്ഡിക 915—918).

7. "പത്തു കല്പനകളെയും പാപ്പാക്കു നീക്കിക്കളയാം". മേലധികാരിയുടെ യാതൊരു കല്പനയെയും കീഴിലുള്ളവർക്കു നീക്കിക്കളയുവാൻ അധികാരമില്ല. അതുപോലെ ദൈവത്തിന്റെ കല്പനകളെ നീക്കിക്കളയുന്നതിനു പാപ്പായ്ക്കോ, ഏതെങ്കിലും മനുഷ്യനോ അധികാരമില്ലെന്നാണു ലിഗോരി പറയുന്നതു്. (പുസ്തകം 6, ഖണ്ഡിക 195—196).

www.malankaralibrary.com



8. "വിശ്വാസം നിഷേധിക്കയും വിഗ്രഹത്തിന്ന ആരാധന നടത്തുകയും ചെയ്യാം". മരണത്തിൽനിന്ന ഒഴിയുവാൻവേണ്ടിപ്പോലും വിശ്വാസം ഉപേക്ഷിക്കയോ, വിഗ്രഹാരാധന നടത്തുകയോ ചെയ്യാൻ പാടില്ലെന്നത്രേ ലിഗോരി പറയുന്നതു്. (പുസ്തകം 2, ഖണ്ഡിക 4; പുസ്തകം 1, ഖണ്ഡിക 175).

9. "വേദവിപരീതികളെയും അക്രൈസ്തവരെയും കൊല്ലാം". കൊല്ലരുതെന്നു ദൈവം കല്പിച്ചിരിക്കുന്നതു വേദവിപരീതികളെയും അക്രൈസ്തവരെയും കൊല്ലാമെന്നുള്ള അർത്ഥത്തിൽ ലിഗോരി ഒരിക്കലും മനസ്സിലാക്കിയിട്ടില്ല. കൊലപാതകം ചെയ്യുന്നതും അതിന്ന സഹകരിക്കുന്നതും ഭയങ്കര പാപമാണെന്നത്രേ അദ്ദേഹം എഴുതിയിരിക്കുന്നതു്. (പുസ്തകം 3, ഖണ്ഡിക 393).

10. "ഉരുവിനെ (ഗർഭത്തിലുള്ള ശിശുവിനെ) കൊല്ലുവാൻ ഗർഭിണിക്കു മരുന്നു കുടിക്കാം. സന്തതി ഉണ്ടാകാതിരിപ്പാൻ മരുന്നു കുടിക്കാം". ഗർഭത്തിലുള്ള ശിശുവിനെ കൊല്ലുന്നതും, സന്തതി ഉണ്ടാകാതിരിക്കുവാൻ മരുന്നു കുടിക്കുന്നതും പ്രകൃതിവിരുദ്ധമായ ഭയങ്കര പാപങ്ങളാണെന്നു ലിഗോരി എഴുതിയിരിക്കുന്നു. (പുസ്തക 3, ഖണ്ഡിക 394).

11. "ന്യായാധിപന്നു കൈക്കൂലി വാങ്ങാം. മെത്രാന്നു കൈക്കൂലി കൊടുക്കാം. പാപ്പാ ആയിത്തീരുവാൻവേണ്ടി കർദ്ദിനാളന്മാർക്കു കൈക്കൂലി കൊടുക്കാം". ആരാണെങ്കിലും കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും പാപമാണെന്നു ലിഗോരി പറയുന്നു. (പുസ്തകം 4, ഖണ്ഡിക 211—212). വൈദികാധികാരങ്ങളോ സ്ഥാനമാനങ്ങളോ ലഭിക്കുന്നതിന്ന

www.malankaralibrary.com



കൈക്കൂലി വാങ്ങുന്നവരും കൊടുക്കുന്നവരും പുണ്യവസ്തുക്കളെ ക്രയവിക്രയം ചെയ്യുക (Simony) എന്നുള്ള ഭയങ്കര പാപത്തിൽ ഉൾപ്പെടുന്നെന്നു ലിഗോരി എഴുതിയിരിക്കുന്നു. (പുസ്തകം 3, ഖണ്ഡിക 52—63).

12. "ആവശ്യത്തിന്റെ പേരിൽ എന്തെങ്കിലും ചെയ്താൽ സ്വകൃതത്തിനു ഭംഗമായിരിക്കുകയില്ല". എത്ര നല്ല ഉദ്ദേശ്യത്തോടുകൂടി തിന്മ ചെയ്താലും തിന്മയല്ലാതെ നന്മയാകയില്ലെന്നത്രേ ലിഗോരി പഠിപ്പിക്കുന്നതു് (പുസ്തകം 5, ഖണ്ഡിക 38—41). ഉദാഹരണമായി ഒരാളെ വലിയ അപകടത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടിയാണെങ്കിലും കള്ളം പറയുന്നതു പാപമാണ്. "End does not justify the means" (ഒരാൾ തെരഞ്ഞെടുക്കുന്ന ചീത്ത മാർഗ്ഗങ്ങൾ അയാളുടെ നല്ല ഉദ്ദേശ്യം നിമിത്തം നല്ലതാകയില്ല) എന്നത്രേ കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. മറിച്ചു പഠിപ്പിക്കുന്നതായി സലാമ റമ്പാനെപ്പോലെ മററു അകത്തോലിക്കരും പറഞ്ഞു കത്തോലിക്കാ സഭയെ ആക്ഷേപിച്ചുവരുന്നു.

ഇത്രയും പ്രതിപാദിച്ചതിൽനിന്നും ആഹാദ് റമ്പാനും സലാമ റമ്പാനും തങ്ങളുടെ ഗ്രന്ഥങ്ങളിൽ വി. ലിഗോരിയും കത്തോലിക്കാ സഭയും സാക്ഷാൽ പഠിപ്പിക്കുന്നതിനു നേരേ വിപരീതമായവ പഠിപ്പിക്കുന്നുണ്ടെന്നു വായനക്കാരെ ധരിപ്പിക്കുവാനാണു ശ്രമിച്ചിട്ടുള്ളതെന്നു അനിഷേധ്യമായി തെളിയുന്നുണ്ടല്ലോ. ക്രിസ്ത്യാനികളുടെ വേദപുസ്തകത്തെപ്പററി ഒട്ടും പരിചയമില്ലാത്ത ഹിന്ദുക്കളുടെ ഇടയിൽ ക്രിസ്ത്യാനികളെ കഠിനമായി ദ്വേഷിക്കുന്ന ഒരു ഹൈന്ദവനേതാവു് ഒരു ഗ്രന്ഥം രചിക്കുന്നെന്നു സങ്കല്പിക്കുക. അതിൽ

www.malankaralibrary.com



ദൈവം മോശയ്ക്ക് പ്രത്യക്ഷനായി സീനായ്മലമുകളിൽവച്ചു കൊടുത്ത കല്പനകൾ "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കരുത്, കൊല്ലണം, വ്യഭിചാരം ചെയ്യണം, മോഷ്ടിക്കണം, കള്ളസാക്ഷി പറയണം" എന്നെല്ലാം ആണെന്നു പ്രസ്താവിച്ചിട്ടു "1954-ൽ അച്ചടിപ്പിച്ച വേദപുസ്തകം, പുറം 75" എന്നെഴുതിയാൽ ആ ഹൈന്ദവനേതാവിനെപ്പററി എന്തുപറയണം? ആളുകളുടെ അജ്ഞതയിൽനിന്നു മുതലെടുക്കുന്ന ഒരാളല്ലേ അദ്ദേഹം? ഇതുപോലെ കത്തോലിക്ക സഭയെ ദ്വേഷിക്കുന്ന സലാമ റമ്പാൻ യാക്കോബായക്കാർക്കും സാധാരണ വായനക്കാർക്കും പരിചയമില്ലാത്ത വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രത്തിൽനിന്നു അദ്ദേഹവും കത്തോലിക്ക സഭയും പഠിപ്പിക്കുന്നതിനു നേരേ വിപരീതമായവ പ്രസ്താവിച്ചിട്ടു ലിഗോരിയുടെ പുസ്തകത്തിന്റെ വാല്യവും പുറവും വായനക്കാരുടെ മുമ്പിൽ സധൈര്യം പ്രദർശിപ്പിക്കുന്നു! ഇങ്ങനെ വായനക്കാരെ വഞ്ചിക്കുന്നതാണോ സത്യസന്ധതയുടെയും പാണ്ഡിത്യത്തിന്റെയും ലക്ഷണം? ആലുവാ സെമ്മിനാരിയിൽ വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രമുണ്ടെന്നു പറഞ്ഞല്ലോ. ആലുവായിൽ പോയി വി. ലിഗോരിയുടെ ആ പുസ്തകത്തിൽനിന്നു റമ്പാൻ ഉദ്ധരിച്ചിട്ടുള്ളമാതിരി ഏതെങ്കിലും സംഗതി അതിൽ ഉള്ളതായി കാണിച്ചുതരാമോ? റമ്പാച്ചന്റെ യാത്രച്ചെലവു മുഴുവനും ഞാൻ വഹിച്ചുകൊള്ളാം.

വി. ലിഗോരിയെയും കത്തോലിക്കാസഭയെയും സംബന്ധിച്ച ഇത്രയധികം വ്യാജപ്രസ്താവനകൾ നടത്തി വായനക്കാരെ വഞ്ചിച്ചിട്ടും തൃപ്തനാകാതെ കത്തോലിക്ക സഭയെപ്പററി അജ്ഞതയും വിദ്വേഷവും

www.malankaralibrary.com



വായനക്കാരിൽ വഷളിപ്പിക്കുന്നതിനുവേണ്ടി റമ്പാച്ചൻ ഇപ്രകാരം എഴുതുന്നു: "ഇവകൾ കൂടാതെ ഇങ്ങനെയുള്ളതും ഇവയെക്കാൾ നികൃഷ്ടവും, പ്രസ്താവിക്കുവാൻ ഞങ്ങൾ ലജ്ജിക്കുന്നതുമായ അനേകകാര്യങ്ങൾ പ്രസ്തുത പുസ്തകത്തിലുണ്ടു്. യേശുക്രിസ്തുവിൻെറ നാമത്തെപ്രതി അവ ഞങ്ങൾ ഉദ്ധരിക്കുന്നില്ല". എത്ര "മര്യാദരാമ"നായിട്ടാണു റമ്പാച്ചൻ ഇവിടെ പ്രത്യക്ഷനാകുന്നതു്! ഇതിൽ കൂടുതൽ ഇനി എന്താണു പറയുവാനുള്ളതു്? ഇനി പറയാനുള്ളവയും ഇതുപോലെ ഇരിക്കുമെന്നു മാന്യവായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. അല്ഫോൻസ് ലിഗോരി സമർത്ഥനായ ഒരു അഭിഭാഷകനായിരുന്നു. ഒരു കേസിൽ അറിയാതെ തെററായ ഒരു പ്രമാണത്തെ ആസ്പദമാക്കി വാദിക്കുന്നതിനിടയായി. പിന്നീടു അദ്ദേഹത്തിനു ആ പ്രമാണം തെററായിരുന്നെന്നു മനസ്സിലായി. അറിയാതെയാണെങ്കിലും തെററുചെയ്യുവാൻ ഇടയാക്കിയ അഭിഭാഷകവൃത്തി തുടർന്നാൽ ആത്മനാശം നേരിട്ടേക്കുമെന്നു ഭയന്നു അദ്ദേഹം ജോലി ഉപേക്ഷിച്ചു സന്യാസജീവിതം തെരഞ്ഞെടുത്തു. കഠിനതപഃക്രിയകൾ ചെയ്തു മഹാപുണ്യവാനായി അദ്ദേഹം മരിച്ചു. "രക്ഷകൻെറ സഭ"(Redemptorist Order) എന്ന പേരിലറിയപ്പെടുന്ന വിശ്രുത സന്യാസസമൂഹത്തിൻെറ സ്ഥാപകനും ഇദ്ദേഹമാണു്. ആദ്ധ്യാത്മിക പാരായണത്തിനു ഉപകരിക്കുന്ന അസംഖ്യം വിശിഷ്ടഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ടു്. ഇത്ര പരിശുദ്ധനും മഹാനും മൃദുലമനസ്സാക്ഷിയുള്ളവനുമായ വി. ലിഗോരിയെയാണു സകലവിധ വഷളത്തരങ്ങളും മ്ലേച്ഛതകളും പഠിപ്പിക്കുന്ന ഒരാളായി രണ്ടു

www.malankaralibrary.com


യാക്കോബായ റമ്പാന്മാർ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്!

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ ആഹാദ് റമ്പാൻ (ഇപ്പോൾ ബെയ്റൂട്ടിലെ മാർ സേവേറിയോസ് മെത്രാപ്പോലീത്താ) യാക്കോബായ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു എന്ന വാർത്ത അടങ്ങിയ ഒക്ടോബർ 16—ാംനു-യിലെ മലയാളമനോരമയും, കേരളഭൂഷണവും എന്റെ കൈവശം കിട്ടി. ആഹാദു റമ്പാൻ ഒരു പണ്ഡിതനും വിവിധ ഭാഷകൾ അറിയാവുന്ന ആളുമാണെന്നത്രേ പത്രറിപ്പോർട്ടു്. ആഹാദ് റമ്പാനെപ്പോലെ സലാമ റമ്പാനും ഒരു പാത്രിയർക്കീസാകാനുള്ള യോഗ്യതകൾ ഇല്ലാതില്ല. ദൈവം ഇവരെ രണ്ടുപേരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## 3. കൃത്രിമങ്ങൾ.

(1) വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രം ഉദ്ധരിക്കുന്നതുപോലെ തന്നെ മറ്റു ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നതിലും പല കൃത്രിമങ്ങൾ സലാമ റമ്പാൻ കാണിക്കുന്നുണ്ടു്. "ഇപ്പോഴത്തെ പോപ്പ് ധൈര്യസമേതം പ്രസ്താവിക്കുന്നതു ഏകസ്വഭാവവിശ്വാസം സത്യവിശ്വാസമാണെന്നാണ്" എന്നു റമ്പാൻ പ്രസ്താവിച്ചിട്ടു് 12—ാം പിയൂസ് മാർപ്പാപ്പാ എഴുതിയ "നിത്യരാജൻ" എന്ന ചാക്രികലേഖനത്തിന്റെ പുറം നല്കുന്നു (വിശ്വാസത്യാഗി, പുറം 3; കാതോലിക്കാസഭയും റോമ്മാവാദങ്ങളും, പുറം 35). എന്നാൽ ഇപ്പോഴത്തെ മാർപ്പാപ്പാ തന്റെ ചാക്രികലേഖനത്തിൽ ക്രി

www.malankaralibrary.com



സ്തുവിന്റെ സ്വഭാവങ്ങളെപ്പററി എഴുതിയിരിക്കുന്നതു ഇങ്ങനെയാണ്: "(ക്രിസ്തുവിൽ) ഐക്യത്തിനുശേഷം രണ്ടു സ്വഭാവങ്ങൾ കൂടിക്കലർന്ന് ഏകസ്വഭാവം ഉദ്ഭൂതമായി എന്നു വിചാരിക്കുന്നതും ദോഷതമാണ്. എന്തുകൊണ്ടെന്നാൽ സമ്പൂർണ്ണവും യഥാർത്ഥവുമായ രണ്ടു സ്വഭാവങ്ങൾ—പ്രത്യേകിച്ച ദൈവസ്വഭാവം അപരിമേയവും അവ്യയവുമാകയാൽ—യാതൊരു വിധത്തിലും ഒന്നായിത്തീരുക സാദ്ധ്യമല്ല...ആകയാൽ സാധാരണവും വ്യക്തവുമായ പദപ്രയോഗമനുസരിച്ച ദൈവത്തിൽ ഒരു സ്വഭാവവും (nature) മൂന്നു ആളുകളും (persons) ഉണ്ടെന്നും ക്രിസ്തുവിൽ ഒരാളും രണ്ടു സ്വഭാവങ്ങളുമുണ്ടെന്നും നാം പറയേണ്ടിയിരിക്കുന്നു" (നിത്യരാജൻ എന്ന വിശ്വലേഖനം, മലയാള പരിഭാഷ, എറണാകുളം (1953) പുറം 4, 18). കൂടാതെ ഈ ചാക്രികലേഖനത്തിൽ തന്നെ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്ന ഔദ്യോഗികമായി പ്രഖ്യാപനം ചെയ്ത ലെവൊൻ മാർപ്പാപ്പായുടെയും കൽക്കദോനിയാ സുന്നഹദോസിന്റെയും നിരവധി സാക്ഷ്യങ്ങൾ ആദ്യന്തം മാർപ്പാപ്പാ ഉദ്ധരിക്കുന്നുണ്ട്. (പുറം 14–18; 22–23) ഇങ്ങനെ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു സ്പഷ്ടമായി പഠിപ്പിച്ച ആ വിഷയത്തെപ്പററി ഒരു ചാക്രികലേഖനംകൂടി എഴുതിയിട്ടുള്ള ഇരുപതാം നൂററാണ്ടിലെ മാർപ്പാപ്പാ ഏകസ്വഭാവവിശ്വാസിയാണെന്നു ധൈര്യപൂർവ്വം പറയുന്ന സലാമ റമ്പാൻ പണ്ടു പിതാക്കന്മാർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളെയും കത്തോലിക്കാ ഗ്രന്ഥങ്ങളെയും ഉദ്ധരിക്കുമ്പോൾ പച്ചനേരായിരിക്കുമോ വായനക്കാരെ ഗ്രഹിപ്പിക്കുക?

www.malankaralibrary.com



(2) ബ. വി. സി. ഗീവറഗീസ് കോർ എപ്പിസ്കോപ്പാ എഴുതിയ "കത്തോലിക്കാസഭയിൽ ഞാൻ ചേൎന്നതു് എന്തുകൊണ്ടു്?" എന്ന ഗ്രന്ഥം 75-ാം പുറത്തു മാർപ്പാപ്പാ "പണ്ഡിതസമിതികളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെട്ടുവാങ്ങിയ ശേഷമേ വിശ്വാസസത്യങ്ങളെ പ്രഖ്യാപിക്കാവൂ" എന്നെഴുതിയിട്ടുണ്ടെന്നു സലാമറമ്പാൻ പ്രസ്താവിച്ചശേഷം ലെയോൻ മാർപ്പാപ്പാ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തുകൊണ്ടു കോൺസ്റ്റന്റിനോപ്പിൾ പാത്രിയർക്കീസിനു അയച്ച ലേഖനം ഒരു പണ്ഡിതസമിതിയെയും കാണിച്ചില്ലെന്നും, ആകയാൽ ഇരുസ്വഭാവവിശ്വാസം വിശ്വാസസത്യമല്ലെന്നും രേഖപ്പെടുത്തുന്നു (2-ാം ഭാഗം, പുറം 24). എന്നാൽ കോർ എപ്പിസ്കോപ്പാ തന്റെ ഗ്രന്ഥത്തിൽ മാർപ്പാപ്പായുടെ അപ്രമാദ പ്രഖ്യാപനത്തെപ്പറ്റി പറയുന്നതു് ഇങ്ങനെയാണു്: "ലോകം മുഴുവനിലുമുള്ള സഭയുടെ സ്വീകരണത്തിനായി ക്രിസ്തുവിന്റെ ഏക വികാരി എന്ന നിലയിൽ (മാർപ്പാപ്പാ) വിശ്വാസം, സന്മാൎഗ്ഗം എന്നിവയെ സംബന്ധിക്കുന്ന കാര്യങ്ങൾ ഔദ്യോഗികമായും അവസാനമായും (final) പ്രസ്താവിക്കുമ്പോൾ മാത്രമേ അപ്രമാദിത്വമുള്ളു. അപ്രമാദിത്വാധികാരം മാർപ്പാപ്പായ്ക്കുണ്ടെന്നു കത്തോലിക്കാസഭയിലെ പൊതു സൂനഹദോസ് (Vatican Synod 1870 A D.) തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ, സാധാരണമായി മാർപ്പാപ്പാമാർ ചെയ്യാറുള്ളതു മേല്പട്ടക്കാരുടെ (മെത്രാന്മാരുടെ) അഭിപ്രായം അറിഞ്ഞശേഷം അപ്രമാദിത്വ പ്രഖ്യാപനം നടത്തുകയാണു്. ഇതിനു ഒരു ഉദാഹരണം പറയാം. ദൈവമാതാവു അമലോത്ഭവയാണെ

www.malankaralibrary.com



ന്നു 9-ാം പീയൂസ് മാർപ്പാപ്പാ 1854-ൽ അപ്രമാദിത്വവരം ഉപയോഗിച്ചു പ്രഖ്യാപിച്ചവിധംതന്നെ നോക്കിയാൽ മതി... ഈ വിഷയത്തെ കൂലങ്കഷമായി പരിശോധിച്ചു പഠിച്ചു അഭിപ്രായം സമർപ്പിക്കുവാൻ ഒരു പണ്ഡിതസമിതിയെ നിയമിച്ചു...പിന്നീടു മെത്രാന്മാരുടെ അഭിപ്രായങ്ങളും ആവശ്യപ്പെട്ടു... അവർ അനുകൂലമായ മറുപടികൊടുത്തു. ഇത്രയും കഴിഞ്ഞതിനു ശേഷമാണ് അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതു" (പുറം 74-75) കോർ എപ്പിസ്കോപ്പാ ഇവിടെ പറയുന്നതു ക്രിസ്തുവിൻെറ വികാരിയെന്ന നിലയിൽ മാർപ്പാപ്പായ്ക്കു തനിച്ചു അപ്രമാദപ്രഖ്യാപനത്തിനു അധികാരമുണ്ടെന്നും, അങ്ങനെ വർത്തിക്കാൻ സൂന്നഹദോസ് പഠിപ്പിക്കുന്നെന്നും, എന്നാൽ മാർപ്പാപ്പാ സാധാരണമായി പണ്ഡിതന്മാരുടെയും മെത്രാന്മാരുടെയും അഭിപ്രായം അറിഞ്ഞിട്ടാണ് ഔദ്യോഗികമായി വിശ്വാസപ്രഖ്യാപനം ചെയ്യുന്നതെന്നും, അതിനു ഒരു ഉദാഹരണമാണു ദൈവമാതാവു അമലോത്ഭവയാണെന്നു പ്രഖ്യാപനം ചെയ്തതെന്നുമാണല്ലോ. രാജാവിനു ചില പ്രഖ്യാപനങ്ങൾ നടത്തുവാൻ തനിച്ചു അധികാരമുണ്ടെന്നും, സാധാരണമായി മന്ത്രിയോടു ആലോചിച്ചശേഷമാണു രാജാവു അങ്ങനെയുള്ള പ്രഖ്യാപനങ്ങൾ നടത്താറുള്ളതെന്നും ഒരാൾ പറഞ്ഞാൽ രാജാവിനു പ്രഖ്യാപനങ്ങൾ തനിച്ചു നടത്താൻ അധികാരമില്ലെന്നു് അയാൾ പറയുന്നതായി വ്യാഖ്യാനിക്കുന്നതു ശരിയോ? ഇതുപോലെ മാർപ്പാപ്പായ്ക്കു തനിച്ചു അപ്രമാദപ്രഖ്യാപനത്തിനു അധികാരമുണ്ടെന്നു പറഞ്ഞിട്ടുള്ള വാചകങ്ങളെയെല്ലാം ഉപേക്ഷിച്ചിട്ടു "ഈ വിഷയത്തെ കൂലങ്കഷമായി പരിശോധി

www.malankaralibrary.com


ച്ചു പഠിച്ച അഭിപ്രായം സമർപ്പിക്കുവാൻ ഒരു പണ്ഡിത സമിതിയെ നിയമിച്ചു" എന്നു അമലോത്ഭവ പ്രഖ്യാപനത്തെ ഉദാഹരിച്ചു കോർ എപ്പിസ്കോപ്പാ 75-ാം പുറത്തു എഴുതിയിരിക്കുന്ന വാചകത്തെ "പണ്ഡിതസമിതികളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെട്ടു വാങ്ങിയശേഷമേ (മാർപ്പാപ്പാ) വിശ്വാസസത്യങ്ങളെ പ്രഖ്യാപിക്കാവൂ" എന്നിങ്ങനെ റമ്പാച്ചൻ മാററിയെഴുതി കോർ എപ്പിസ്കോപ്പായുടെ മേൽ കുതിരകയറി ലെയൊൻ മാർപ്പാപ്പാ തനിച്ചു ചെയ്ത പ്രഖ്യാപനം ശരിയല്ലെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. ഇങ്ങനെ ഒരാളുടെ ഗ്രന്ഥത്തിൽ പറയുന്ന പ്രധാനപ്പെട്ട ആശയങ്ങളെയെല്ലാം മറച്ചുവെച്ചിട്ടു വാചകങ്ങളെത്തന്നെയും മാററി എഴുതി ദുർവ്യാഖ്യാനങ്ങൾ കൊണ്ടുവരുന്നതു മഹാകൃത്രിമമല്ലേ?

(3) "വിശ്വാസത്യാഗി" എന്ന ലഘുലേഖയിൽ സലാമ റമ്പാൻ ഈ ഗ്രന്ഥകാരനെ "സഖാവ്", കള്ളപ്രവാചകൻ, നരകയോഗ്യൻ" എന്നിങ്ങനെ വിളിച്ചിരിക്കുന്നു (പുറം 2, 3). സന്യാസിയാകകൊണ്ടു എന്തും പറയാമായിരിക്കാം. "സുറിയാനി സഭയിൽ (യാക്കോബായ സഭയിൽ) യാതൊരു പാഷണ്ഡോപദേശവും ഇല്ലെന്നു അവരുടെ ശത്രുക്കൾപൊലും സമ്മതിക്കുന്നുണ്ടു" എന്നു പ്രസ്താവിച്ചിട്ടു ഈ ഗ്രന്ഥകാരൻ എഴുതിയ "ഏക സത്യസഭ" എന്ന പുസ്തകത്തിന്റെ 21, 101, 102 എന്നീ പുറങ്ങൾ സലാമ റമ്പാൻ തന്റെ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നു (പുറം 4). എവുത്തിക്കോസ് പഠിപ്പിച്ചിരുന്നതു ക്രിസ്തുവിൽ മനുഷ്യത്വം അഥവാ മനുഷ്യസ്വഭാവം ലയിച്ചുപോയതിനാൽ ദൈവത്വം അഥവാ ദൈവസ്വ

www.malankaralibrary.com



ഭാവം എന്ന ഏകസ്വഭാവം മാത്രമേ ഉള്ള എന്നായി
രുന്നു. അതുകൊണ്ടാണ എവുത്തിക്കോസിനെയും
അനുയായികളെയും ഏകസ്വഭാവവാദികൾ (Mono-
physites) എന്നു വിളിക്കുന്നതു്. യാക്കോബായസഭ
ഏക സ്വഭാവവാദത്തിൽ നിന്നും ഉത്ഭവിച്ചതാണെ
ങ്കിലും ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും പൂ
ർണ്ണമായിട്ടുണ്ടെന്നും, എങ്കിലും അത്ഭുതകരമായ ഏക-
സ്വഭാവമാണ ക്രിസ്തുവിലുള്ളതെന്നും ആ സഭ പഠി
പ്പിക്കുന്നതിനാൽ ശരിയായ അർത്ഥത്തിൽ (strict
sense—ൽ) യാക്കോബായക്കാർ ഏകസ്വഭാവവാദി
കളാണെന്നു പറഞ്ഞുകൂടാ എന്നത്രേ "ഏകസത്യസഭ"
എന്ന ഗ്രന്ഥത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതു് (പുറം
21). ഇതേ അർത്ഥത്തിലാണ 101,102 എന്നീ പുറങ്ങ
ളിലും ഞാൻ പറയുന്നതു്. യാക്കോബായക്കാരുടെ
ഔദ്യോഗിക ഗ്രന്ഥങ്ങളിൽ കാണുന്ന വിശ്വാസം ക
ത്തോലിക്ക വിശ്വാസത്തിൽ നിന്നു വ്യത്യസ്തമല്ലെ
ങ്കിലും യാക്കോബായ സഭയിലെ പല മേല്പട്ടക്കാ
രും പണ്ഡിതന്മാരും പ്രോട്ടസ്റ്റൻറുകാരുടെ പല അ
ബദ്ധോപദേശങ്ങളെയും ഇക്കാലത്തു സ്വീകരിക്ക
യോ അനുകൂലിക്കയോ ചെയ്യുന്നു. ആകയാൽ ഇപ്പോ
ഴത്തെ എല്ലാ യാക്കോബായക്കാരും പാഷണ്ഡോപ
ദേശങ്ങൾ സ്വീകരിക്കാത്ത സത്യവിശ്വാസികളാ
ണെന്നു പറഞ്ഞുകൂടാ എന്നും ഏക സത്യസഭ എന്ന
ഗ്രന്ഥം 101-ാം പുറത്തു ഞാൻ സ്പഷ്ടമായി പറഞ്ഞി
ട്ടുണ്ടു്. പോരെങ്കിൽ ഏക സത്യസഭ എന്ന ഗ്രന്ഥം
22-ാം പുറത്തു "മലങ്കര യാക്കോബായക്കാർ ഏക
സ്വഭാവവാദികളോ?" എന്ന എൻെറ പുസ്തകത്തിൽ
ഈ വിഷയം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടെന്നുള്ള
നിർദ്ദേശവും നല്കിയിട്ടുണ്ടു്. ഈ ഗ്രന്ഥത്തിൻെറ

www.malankaralibrary.com


28-ാം പുറത്തു ഞാൻ പറയുന്നു: "ദൈവശാസ്ത്രപരമായും താത്വികമായും പര്യാലോചിച്ചാൽ ക്രിസ്തുവിൽ രണ്ടു സ്വഭാവമെന്നു പറയുന്നതാണു ശരിയെന്നു മനസ്സിലാകും. ഏകസ്വഭാവം എന്ന പദത്തിനു യാക്കോബായക്കാർ വിവക്ഷിക്കുന്ന അർത്ഥത്തിൽ എവുത്തിക്കോസിന്റെ പാഷണ്ഡതയില്ലെങ്കിലും ആ പദപ്രയോഗം ശരിയല്ല. ഇക്കാര്യം വിശദമാക്കുന്നതിനു ഏതാനും തെളിവുകൾ താഴെച്ചേർക്കുന്നു." തുടർന്നു ആറു തെളിവുകൾ ഞാൻ നല്കുന്നു (പുറം 28–33). ഇതേ ഗ്രന്ഥത്തിന്റെ 81-ാം പുറത്തു ഞാൻ ഇങ്ങനെ പറയുന്നു: "വിദേശത്തെയും മലങ്കരയിലെയും യാക്കോബായസഭ ഏകസ്വഭാവവാദത്തെ പാഷണ്ഡോപദേശമായി ശപിച്ച കൽക്കെദോനിയാ (കത്തോലിക്ക) വിശ്വാസത്തിനു അനുരൂപമായ വിശ്വാസം പരോക്ഷമായി ഏററുപറയുന്നുണ്ടെങ്കിലും ഈ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വിവിധസാക്ഷ്യങ്ങളെയും ചരിത്രരേഖകളെയും ആസ്പദമാക്കി നിഷ്പക്ഷബുദ്ധ്യാ പര്യാലോചിച്ചാൽ ഏകസ്വഭാവവാദികളുടെ താഴെപ്പറയുന്ന ലക്ഷണങ്ങളെല്ലാം ഈ രണ്ടു സഭാവിഭാഗങ്ങളും ഇപ്പോഴും കാണിച്ചുവരുന്നതായി ബോദ്ധ്യമാകും." (പുറം 81) തുടർന്നു ഏകസ്വഭാവവാദികളുടെ ആറു ലക്ഷണങ്ങൾ യാക്കോബായസഭയിൽ ഉള്ളതായി പറഞ്ഞിട്ട് ഇപ്രകാരം ഉപസംഹരിക്കുന്നു:—"യാക്കോബായക്കാർ കത്തോലിക്കാസഭയെ ആശ്ലേഷിക്കാതെ ഇപ്പോഴത്തെപ്പോലെ യാക്കോബായസഭയിൽത്തന്നെ നിൽക്കുന്ന കാലത്തോളം അവർ ശപിക്കുന്ന ഏകസ്വഭാവവാദികളെ അറിഞ്ഞോ അറിയാതെയോ മേല്പറഞ്ഞ കാര്യങ്ങളിൽ (6 കാര്യങ്ങളിൽ) പൂർണ്ണമാ

www.malankaralibrary.com



യി അവർ അനുകൂലിക്കുന്നതായി പറയുന്നുമല്ലോ. ആകയാൽ തദനുസരണമായി ഏകസ്വഭാവവാദികളുടെ ചില അബദ്ധോപദേശങ്ങളുടെ വിഷബീജം അഥവാ ദുഷ്ഫലങ്ങൾ മലങ്കര യാക്കോബായക്കാരിൽ ഇപ്പോഴും ഉള്ളതായി പറയേണ്ടിയിരിക്കുന്നു” (യാക്കോബായക്കാർ ഏകസ്വഭാവവാദികളോ? പുറം 81—83). ഇങ്ങനെ ശരിയായ അഥവാ നിഷ്കൃഷ്ടമായ (strict sense-ൽ) അർത്ഥത്തിൽ യാക്കോബായക്കാർക്ക എവുതിക്കോസിന്റെ ഏകസ്വഭാവവിശ്വാസം എന്ന പാഷണ്ഡതയില്ലെന്നു ഞാൻ പറയുമ്പോൾ ആ പാഷണ്ഡതയുടെ വിഷബീജമോ അല്ലെങ്കിൽ ചില ദുഷ്ഫലങ്ങളോ യാക്കോബായസഭയിൽ ഇല്ലെന്നു അർത്ഥം വരുന്നില്ലെന്നു റമ്പാച്ചൻ ഉദ്ധരിക്കുന്ന “ഏകസത്യസഭ” എന്ന എന്റെ ഗ്രന്ഥത്തിൽനിന്നുതന്നെ തെളിയുന്നുണ്ട്. നിഷ്കൃഷ്ടമായ അഥവാ ശരിയായ അർത്ഥത്തിൽ പാഷണ്ഡതയില്ലെന്നു പറയുമ്പോൾ വ്യാപകമായ അർത്ഥത്തിൽ പാഷണ്ഡതയുടെ അല്പമെങ്കിലും സ്പർശനം (ചില പദപ്രയോഗങ്ങളിലാണെങ്കിലും) ഉണ്ടെന്നല്ലേ അർത്ഥം? സലാമ റമ്പാൻ ഇക്കാര്യം വായനക്കാരിൽനിന്നു മറച്ചുവെച്ചുകൊണ്ട് യാക്കോബായസഭയിൽ പാഷണ്ഡതയുടെ യാതൊരു സ്പർശനവും (പദപ്രയോഗങ്ങളിലാണെങ്കിലും) ഇല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നതായി തന്റെ ലഘുലേഖയിലും ഗ്രന്ഥത്തിലും പ്രസ്താവിക്കുന്നു. ഇതും ഒരു കൃത്രിമമല്ലേ? റമ്പാച്ചൻ വായനക്കാരെ സത്യംഗ്രഹിപ്പിക്കുന്ന ആളായിരുന്നെങ്കിൽ ഞാൻ സംക്ഷിപ്തമായി രേഖപ്പെടുത്തിയ ഒരു വാചകത്തെമാത്രം ആശ്രയിക്കാതെ അവിടെ വായിക്കുവാൻ ഞാൻ നിർദ്ദേശിച്ചിട്ടു

www.malankaralibrary.com



ള്ള എന്റെ പുസ്തകംകൂടി വായിച്ചിട്ടു ഈ വിഷയത്തിൽ എന്റെ ഖണ്ഡിതമായ അഭിപ്രായമെന്താണെന്നു വായനക്കാരെ ഗ്രഹിപ്പിക്കേണ്ടിയിരുന്നു. അങ്ങനെ ചെയ്യാത്തതു ഹൃദയപരമാർത്ഥതയുടെയും സത്യാന്വേഷണ മനഃസ്ഥിതിയുടെയും കുറവുകൊണ്ടല്ലേ?

## 4. ഇരിക്കുന്ന കമ്പു വെട്ടുന്നു.

കത്തോലിക്കസഭയുടെ ഉപദേശാചാരങ്ങൾ അബദ്ധമാണെന്നു സ്ഥാപിക്കുവാനുള്ള ആവേശത്താൽ മതിമറന്നു് യാക്കോബായസഭ വിശ്വസിക്കുന്നതും, ഔദ്യോഗികമായി പഠിപ്പിച്ചുവരുന്നതുമായ പല സംഗതികളെയും ഈ പുസ്തകത്തിൽ റമ്പാച്ചൻ നിഷേധിക്കുന്നുണ്ടു്. ഇരിക്കുന്ന കമ്പു് സ്വയമായി വെട്ടുന്നതുപോലെ വിവേകരാഹിത്യത്തെയും ഭോഷത്വത്തെയും കാണിക്കുന്ന ഒരു ലക്ഷണമാണു് ഇതു്. റമ്പാച്ചൻ നിഷേധിക്കുന്ന ചില കാര്യങ്ങളെ ഉദാഹരണത്തിനു ചൂണ്ടിക്കാണിക്കാം.

(1) ഹൂദായ കാനോനിലെ നിക്യാ കാനോൻ.

13–ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ബർ എബ്രായ എന്ന യാക്കോബായ പണ്ഡിതൻ പുരാതന കൈയെഴുത്തു പ്രതികളിൽനിന്നും ക്രോഡീകരിച്ചിട്ടുള്ള "ഹൂദായ കാനോൻ" എന്ന പുസ്തകം യാക്കോബായസഭയുടെ ഔദ്യോഗികമായ സഭാനിയമഗ്രന്ഥമാണു്. മിക്കവാറും കൈയെഴുത്തു പ്രതികളിൽ കിടന്നിരുന്ന ഈ "ഹൂദായകാനോൻ" പോൾ ബെഡ്ജാൻ

www.malankaralibrary.com



എന്നൊരു കത്തോലിക്ക പണ്ഡിതനാൽ 1898-ൽ പാരീസ് പട്ടണത്തിൽ മുദ്രണം ചെയ്യപ്പെട്ടു. ബർ എബ്രായയുടെ ഈ കാനോനാണു വിദേശത്തും കേരളത്തിലുമുള്ള യാക്കോബായ സഭയിൽ ഉപയോഗിച്ചുവരുന്നതു്. കോടതിഭാഷയിൽ "എ അക്കം" എന്ന പേരിൽ ഈ കാനോൻ കേരളത്തിൽ അറിയപ്പെട്ടുവരുന്നു.

ഹൂദായകാനോനിൽ അപ്പസ്തോലന്മാരുടെയും പുരാതന പിതാക്കന്മാരുടെയും കാലംതുടങ്ങിയുള്ള പല സഭാനിയമങ്ങളെയും നടപടികളെയും മാത്രമല്ല, നിക്യാ, കോൺസ്റ്റാൻറിനോപ്പിൾ, എഫേസൂസ് ആദിയായ പൊതുസുന്നഹദോസുകളുടെയും, അന്ത്യോക്യാ, അങ്കോറാ, ലവോദിക്യാ മുതലായ പ്രാദേശിക സുന്നഹദോസുകളുടെയും പല നിശ്ചയങ്ങളെയും അഭിപ്രായങ്ങളെയും ഉദ്ധരിച്ചിട്ടുണ്ടു്. ആചാര്യത്വത്തെപ്പററി പറയുകയിൽ നിക്യാ സുന്നഹദോസിന്റേതായി താഴെക്കാണുന്ന കാനോൻ (നിശ്ചയം) ഹൂദായ കാനോനിൽ ഉദ്ധരിച്ചിരിക്കുന്നു:—

"നിഖ്യാ:—ലോകത്തിലെ നാലുദിക്കുകളുടെ സംഖ്യയനുസരിച്ചു പാത്രിയർക്കീസന്മാർ നാലുപേരുണ്ടായിരിക്കണം. എല്ലാവരുടെയും പ്രധാന തലവൻ റോമായിലെ പാത്രിയർക്കീസും അദ്ദേഹത്തിന്റെകൂടെ അലക്സാന്ത്രിയായിലെ പാത്രിയർക്കീസും, അദ്ദേഹത്തിന്റെകൂടെ എപ്പേസോസിൽനിന്നു പാത്രിയർക്കാസ്ഥാനം അങ്ങോട്ടു മാററപ്പെടുകയും പുതിയ റോമ്മാ എന്നു നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസും, അദ്ദേഹത്തിന്റെകൂടെ പൌരസ്ത്യദേശം മുഴുവനിലും അധികാ

www.malankaralibrary.com



രമുള്ള അന്ത്യോക്യായിലെ പാത്രിയർക്കീസും ആയിരിക്കണം" (ഹൂദായ കാനോൻ, 7, 1)

വി. സി. ഗീവറഗീസ് കോർ എപ്പിസ്കോപ്പാ എഴുതിയ ഗ്രന്ഥത്തിൽ ഈ കാനോൻ ഭാഗം ഉദ്ധരിച്ച റോമ്മാ മാർപ്പാപ്പാ എല്ലാ പാത്രിയർക്കീസുമാരുടെയും തലവനാണെന്നു സ്ഥാപിച്ചിട്ടുണ്ട് (പുറം 10–11). സലാമ റമ്പാൻ തന്റെ ഗ്രന്ഥത്തിൽ ഇതിനു പറയുന്ന മറുപടി വാദിയെ പ്രതിയാക്കുന്ന തരത്തിലാണ്. "ഈ കാനോൻ വ്യാജമാണ്. റോമ്മാസഭ കൃത്രിമമായി ഉണ്ടാക്കിയതാണ്. നിഖ്യായുടെ നാമധേയം വ്യാജമായി അതിനു കൊടുക്കുകയും ചെയ്തു. നിഖ്യായിൽ ആകെ ഇരുപതു കാനോൻ മാത്രമേ ഉണ്ടായിരുന്നുള്ളു" എന്നത്രേ റമ്പാച്ചൻ എഴുതിയിരിക്കുന്നതു് (പുറം 14)

കത്തോലിക്കസഭയിൽ ഹൂദായ കാനോനോ, നിക്യാസൂനഹദോസിന്റേതായി ഇങ്ങനെയൊരു കാനോനായോ (നിശ്ചയമോ) ഇല്ല. നിക്യാസൂനഹദോസിന്റേതായി ഇരുപതു കാനോനാകളെയാണു കത്തോലിക്കാസഭ സ്വീകരിക്കുന്നതു്. എന്നാൽ യാക്കോബായസഭ ഈ ഇരുപതു കാനോനാകളെ മാത്രമല്ല മററു കാനോനാകളെയും നിക്യാസൂനഹദോസിന്റേതായി സ്വീകരിക്കുന്നുണ്ട്. അതിൽ ഒന്നാണു പാത്രിയർക്കീസുമാരെപ്പററി പറയുന്ന പ്രസ്തുത കാനോനാ. ഇതു നിക്യാസൂനഹദോസിന്റെ നിശ്ചയമായി യാക്കോബായക്കാർ പരിഗണിക്കുന്നതുകൊണ്ടാണു "നിക്യാ" എന്ന തലവാചകത്തോടുകൂടി ഹൂദായകാനോനിൽ ഇതു ബർ എബ്രായ എന്ന യാക്കോബായ പണ്ഡിതൻ ഉദ്ധരിക്കുന്നതു്. എന്നിട്ടും സലാമ റമ്പാൻ പറയുന്നു, ഈ കാനോൻ വ്യാജമാ

www.malankaralibrary.com



ണെന്നും, കത്തോലിക്കർ കൃത്രിമമായി ഉണ്ടാക്കി നിക്യായുടെ നാമധേയം വ്യാജമായി അതിനു നല്കിയെന്നും! ഏതു കാര്യത്തിനും തെളിവൊന്നും നല്കാതെ കത്തോലിക്കരെ കള്ളന്മാരാക്കുകയാണു റമ്പാച്ചന്റെ പണി.

വി. പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയായി റോമ്മാ സിംഹാസനത്തിൽവാണ വി. ക്ലിമ്മീസ് (ഭരണകാലം 91–100) കൊറിന്ത്യാ സഭയ്ക്കു അയച്ച രണ്ടു ലേഖനങ്ങളെ യാക്കോബായസഭ പുതിയ നിയമത്തിലെ വിശുദ്ധ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തുന്നു (ഹൂദായ കാനോൻ 7, 9; വട്ടശ്ശേരി തിരുമേനി എഴുതിയ മതോപദേശസാരങ്ങൾ, 33–ാം സംഗതി). എന്നാൽ കത്തോലിക്കസഭ ഇവയെ മറ്റു മാർപ്പാപ്പാമാരുടെ ലേഖനങ്ങളെ എന്നപോലെ പരിഗണിക്കുന്നതല്ലാതെ വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. യാക്കോബായക്കാർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന "തക്സാ"യിൽ (കുർബാനപുസ്തകത്തിൽ) മാർ സിക്സ്റ്റസ് (119–127), മാർ ജൂലിയോസ് (337–352) എന്നീ മാർപ്പാപ്പാമാരുടെ നാമത്തിൽ കുർബാനക്രമങ്ങളുണ്ടു്. കൂടാതെ വി. യാക്കോബു്, വി. പത്രോസ്, വി. യോഹന്നാൻ, പന്ത്രണ്ടു ശ്ലീഹന്മാർ ആദിയായവരുടെ നാമത്തിലും കുർബാനക്രമങ്ങളുണ്ടു്. ഇങ്ങനെ കത്തോലിക്കസഭയിൽ ഇല്ലാത്ത പല വേദഗ്രന്ഥങ്ങളും കുർബാനക്രമങ്ങളും യാക്കോബായ സഭയിൽ ഉള്ളതുപോലെ നിക്യാ സൂനഹദോസിന്റെ ചില നിയമങ്ങളും യാക്കോബായസഭയിലുണ്ടു്. കുർബാനക്രമങ്ങളിലെ പ്രധാനപ്പെട്ട ആശയങ്ങൾ സാരാംശപ്രകാരം ശ്ലീഹന്മാരുടെ കാലംതുടങ്ങി സഭയിൽ ഉണ്ടായിരുന്നതായി വിശ്വസിക്കാമെങ്കിലും ഇന്നു കാണു

www.malankaralibrary.com



ന്ന തരത്തിൽ പൂർണ്ണമായവിധം അവ ശ്ലീഹന്മാരുടെ കാലത്തു ഇല്ലായിരുന്നെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇതുപോലെ പാത്രിയർക്കീസന്മാരെ സംബന്ധിച്ചും മററും പറയുന്നതും, നിക്യാസുന്നഹദോസിന്റെ പേരിൽ യാക്കോബായക്കാർ സ്വീകരിക്കുന്നതുമായ കാനോനാകൾ ആ സുന്നഹദോസിന്റെ ഇരുപതു കാനോനാകളിൽ ഉൾപ്പെടുന്നില്ലെങ്കിലും—നിക്യാ സുന്നഹദോസിന്റെ കാലം കഴിഞ്ഞാണ് അവ ഇന്നത്തെ സ്ഥിതിയിൽ ക്രോഡീകരിക്കപ്പെട്ടതെങ്കിലും—അവയിൽ അടങ്ങിയിരിക്കുന്ന ആശയം സാരാംശപ്രകാരം നിക്യാസുന്നഹദോസിനു മുമ്പുതന്നെ അതായതു ശ്ലീഹന്മാരുടെ കാലംതുടങ്ങി തന്നെ സഭയിൽ ഉണ്ടായിരുന്നതാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അന്നു മാർപ്പാപ്പാ, പാത്രിയർക്കീസ് ആദിയായ ബഹുമാന സൂചകമായ പ്രത്യേകപേരുകൾ മേല്പട്ടക്കാർക്കു ഇല്ലായിരുന്നെങ്കിലും റോമ്മായിലെ മെത്രാൻ വി. പത്രോസിന്റെ യഥാർത്ഥപിൻഗാമിയാണെന്നും, ആ നിലയിൽ എല്ലാ വൈദികാദ്ധ്യക്ഷന്മാരുടെയും തലവനാണെന്നുമുള്ള വിശ്വാസം സഭയിൽ ഉണ്ടായിരുന്നു. ഇക്കാര്യമാണു നിക്യാസുന്നഹദോസിന്റേതായി യാക്കോബായക്കാർ സ്വീകരിക്കുന്നതും, ബർ എബ്രായ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നതുമായ കാനോൻ പ്രസ്പഷ്ടമാക്കുന്നതു്.

ഇതു കത്തോലിക്കരുടെ കൃത്രിമ കാനോനാണെന്നു സലാമ റമ്പാൻ പറയുന്നതു സഭാദ്ധ്യക്ഷനായ റോമ്മാ മാർപ്പാപ്പായിൽനിന്നു വേർപെട്ടുള്ള യാക്കോബായ സഭയുടെ നിയമവിരുദ്ധമായ നിലയെ സാധൂകരിക്കുവാൻ യാതൊരു ന്യായവും പറയുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ്.

www.malankaralibrary.com



(2) അറബി കാനോനാകൾ.

നിക്യാ സൂനഹദോസിന്റെ ഇരുപതു കാനോനാകളെ കൂടാതെ "അറബികാനോനാകൾ" എന്ന പേരിൽ അറിയപ്പെടുന്ന 84 കാനോനാകളെയും നിക്യാ സൂനഹദോസിന്റേതായി നെസ്തോറിയൻ, യാക്കോബായ, ഗ്രീക്ക ആദിയായ എല്ലാ പൌരസ്ത്യ സഭക്കാരും സ്വീകരിക്കുന്നുണ്ടു്. ഈ കാനോനാകളെപ്പററി സലാമ റമ്പാൻ ഇപ്രകാരം പ്രസ്താവിക്കുന്നു: "നിഖ്യായിലേതായി 20 കാനോനാകൾ മാത്രമേയുള്ളു. എന്നാൽ റോമ്മാസഭയ്ക്കു നിഖ്യായിലേതായി 84 കാനോനാകളുണ്ടു്. അവ 'അറബികാനോൻ' എന്ന പേരിൽ അറിയപ്പെടുന്നു... ഈ അറബികാനോൻ വ്യാജമാണു്" (പുറം 14, 16). ഇവിടെയും റമ്പാച്ചൻ വാദിയെ പ്രതിയാക്കുന്ന വിദ്യയാണു എടുത്തിരിക്കുന്നതു്. മുകളിൽ പ്രസ്താവിച്ചതുപോലെ കത്തോലിക്കസഭ നിക്യാസൂനഹദോസിന്റേതായി 20 കാനോനാകളേ സ്വീകരിക്കുന്നുള്ളു. കത്തോലിക്കസഭയിൽ അറബികാനോനാകളേ ഇല്ല. യാക്കോബായക്കാരുടെ നിയമഗ്രന്ഥമായ ഹൂദായകാനോനിൽ നിക്യായിലെ 81-ാം കാനോനാ ഉദ്ധരിച്ചുകൊണ്ടു് അറബികാനോനാകളെപ്പററി പൊതുവെ പറയുന്ന ഭാഗം കേട്ടാലും:—"നിഖ്യാ 81:—ദയറാക്കാർ (സന്യാസിമാർ) തലമുടി വളത്തരുതു്; രോമം കിരീടംപോലെ നിറുത്താതെ തല മുഴുവനും മുണ്ഡനം ചെയ്യണം. സ്വർണ്ണമോ, വെള്ളിയോ മററുവല്ലതുമോ കൊണ്ടുള്ള മോതിരങ്ങൾ വിരലിൽ ധരിക്കരുതു്. ഇതു നിഖ്യാസൂനഹദോസിലെ രണ്ടാം പുസ്തകത്തിൽ നിന്നാകുന്നു. അതിൽ യൌനായക്കാരുടേതും സുറിയാനിക്കാരുടേതുമായി 84 കാനോനാകളുണ്ടു്" (ഹൂദായകാ

www.malankaralibrary.com



നോൻ 7, 10). ഈ 84 കാനോനാകളാണ് അറബികാനോനാകൾ എന്ന പേരിൽ അറിയപ്പെടുന്നതു്. അവയിൽ 81-ാം കാനോനാണു ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു്. ഈ 84 കാനോനാകൾ യൌനായക്കാരുടെയും സുറിയാനിക്കാരുടെയും കാനോനാകളാണെന്നു് ഇവിടെ പറയുന്നതിനാൽ യൌനായ (ഗ്രീക്ക്), നെസ്തോറിയൻ, യാക്കോബായ, ഈഗുപ്തായ, അബിസ്സീനിയൻ, അർമേനിയൻ എന്നീ അകത്തോലിക്ക പൌരസ്ത്യ സഭക്കാരുടെയെല്ലാം കാനോനാകളാണ്. ഈ സഭക്കാരുടെയെല്ലാം നിയമഗ്രന്ഥങ്ങളിൽ ഈ കാനോനാകളുണ്ടു്. വാസ്തവം ഇങ്ങനെയിരിക്കെ സലാമ റമ്പാൻ പറയുന്നു, ഇവ കത്തോലിക്കരുടെ കാനോനാകളാണെന്നു്. നട്ടുച്ചയെ അർദ്ധരാത്രിയാക്കുവാൻ ശ്രമിക്കുന്നതുപോലെ അല്ലേ ഇതു്?

മലങ്കര യാക്കോബായ സഭയിലെ പ്രമുഖ ചരിത്രകാരനായ ശ്രീമാൻ ഇ. എം. ഫിലിപ്പ് തന്റെ ചരിത്രഗ്രന്ഥത്തിൽ അറബിക്കാനോനെ സംബന്ധിച്ചു ഇപ്രകാരം പറയുന്നു:—"അറബിക്കാനോന്റെ വിശ്വാസനീയതയെ ചില ഗ്രന്ഥകാരന്മാർ സംശയിക്കുന്നു. 'സർവ്വ പൌരസ്ത്യ സമുദായങ്ങളും ഒരുപോലെ ബഹുമാനിക്കുന്നതും, നെസ്തോറിയരും യാക്കോബിയരും (യാക്കോബായക്കാരും) തമ്മിലുള്ള പിരിച്ചിലിനുമുമ്പു പക്ഷേ പൂർത്തിയായതുമായ' ഒരു നിയമമെന്നാണു ഗിബ്ബൺ. ഈ കാനോനെപ്പറ്റി പറയുന്നതു് (1) 'സാമ്രാജ്യനിയമങ്ങൾപോലെ ബന്ധിക്കുന്നതായി കിഴക്കൻസഭ അതിനെ സ്വീകരിക്കുന്നു' എന്നും, 'ഇംഗ്ലണ്ടിലെ സകല നല്ല ആചാരങ്ങൾക്കും

1) Decline and Fall, Chap. 47.

www.malankaralibrary.com



ഹെറുട്ടൻ ആൽഫ്രഡു രാജാവാണെന്നു പറയപ്പെട്ടു ന്നതുപോലെ അറബികാനോൻ നിഖ്യാസുന്നഹദോസിൽ ഉത്ഭവിച്ചതാണെന്നു പറയപ്പെടുന്നുണ്ടെങ്കിലും അതു യഥാർത്ഥത്തിൽ പൌരസ്ത്യസഭ അംഗീകരിച്ചിരുന്ന ആചാരമര്യാദകളുടെയും കാനോനാകളുടെയും ഒരു സമുച്ചയം ആകുന്നു' എന്നും ഡീൻ സ്റ്റാൻലി എഴുതിയിരിക്കുന്നു." (2)

ഹെർബെർട്ട സ്കോട്ട പിഎച്ച്. ഡി., ബി. ലിററ്. (ഓക്സൺ), എഫ്. ആർ. എച്ച്. എസ്. എന്ന സുപ്രസിദ്ധ പ്രോട്ടസ്റ്റന്റ പണ്ഡിതൻ എഴുതിയ "പൌരസ്ത്യസഭകളും പാപ്പാസ്ഥാനവും" എന്ന ഗ്രന്ഥത്തിൽ അറബികാനോനാകളെ സംബന്ധിച്ച ഇപ്രകാരം എഴുതുന്നു:—

"There is in existence an Arabic collection of eighty-four so called *Canons of Nicoea*. The learned Maronite, Abraham Echellensis, published in Paris (1645) a Latin Translation of them and the result of the profound research he made regarding them. He came to the conclusion that they must have been collected from several Oriental nations — Syrians, Chaldeans, Maronites, Copts, Jacobites and Nestorians — and that they were translations of ancient Greek originals...........

Canon 39— Of the care and power which a patriarch has over the bishops and archbishops of his patriarchate; and the primacy of

2) Lectures on the History of the English Church, Lecture 5, p. 162, 2nd Editon.
—മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ, 1929, പുറം 57.

www.malankaralibrary.com



the Bishop of Rome over all. In this canon the following passage occurs:

"The patriarch is to all those who are under his power, just as he who holds the seat of Rome is the head and prince of all patriarchs; in as much as he is first, as was Peter, to whom power is given over all Christian princes, and over all their peoples, as he who is the Vicar of Christ our Lord over all peoples and over the whole Christian Church."

Canon 37 of Echellensis Nova Versio 84. Arabic *Canonum Con. Nicoeni*, runs as follows:

"Let there be only four patriarchs in the whole world as there are four writers of the Gospel............ And let there be a prince and chief over them, the lord of the see of the Divine Peter at Rome, according as the Apostles commanded. And after him the lord of the great Alexandria, which is the see of Mark. And the third is the lord of Ephesus, which is the see of John the Divine, who speaks divine things. And the fourth and last is my lord of Antioch, which is another see of Peter."' *

പരിഭാഷ.

"നിക്യായുടെ കാനോനാകൾ എന്നു വിളിക്കപ്പെടുന്നതും 84 കാനോനാകൾ ഉൾക്കൊള്ളുന്നതുമായ ഒരു അറബി (കാനോൻ) സഞ്ചയം നിലവിലിരിക്കു,

---

* The Eastern Churches and the Papacy. The Rev. S. Herbert Scott D. Phil., B. Litt. (Oxon), F. R. H. S., 1928, p. 386.

www.malankaralibrary.com



ന്നു. എബ്രഹാം എച്ചെല്ലേൻസീസ് എന്ന മാറോനീത്താ പണ്ഡിതൻ ഈ കാനോനാകളുടെ ഒരു ലത്തീൻ പരിഭാഷയും അവയെസംബന്ധിച്ച നടത്തിയ അവഗാഢമായ ഗവേഷണത്തിന്റെ ഫലങ്ങളും 1645—ൽ പാരീസിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇവ പല പൌരസ്ത്യജാതികളുടെ ഇടയിൽ നിന്ന്—സുറിയാനിക്കാർ, കൽദായക്കാർ, മാറോനീത്താക്കാർ, ഈഗുപ്തായക്കാർ, യാക്കോബായക്കാർ, നെസ്തോറിയർ എന്നിവരുടെ ഇടയിൽനിന്ന്—ശേഖരിക്കപ്പെട്ടവയാണെന്നും, പുരാതനങ്ങളായ ഗ്രീക്ക മൂലങ്ങളിൽ നിന്നു ഇവ വിവൎത്തനം ചെയ്യപ്പെട്ടവയാണെന്നുമുള്ള അനുമാനത്തിൽ അദ്ദേഹം എത്തിച്ചേൎന്നു.

തന്റെ പാത്രിയൎക്കാ സംസ്ഥാനത്തുള്ള മെത്രാന്മാരുടെയും മെത്രാപ്പോലിത്താമാരുടെയുംമേൽ ഒരു പാത്രിയൎക്കീസിനുള്ള മേൽനോട്ടത്തെയും അധികാരത്തെയും സംബന്ധിച്ചും, റോമ്മാമെത്രാന് എല്ലാവരുടെയും മേലുള്ള പരമാധികാരത്തെ സംബന്ധിച്ചും പറയുന്ന 39—ാം കാനോനിൽ താഴെക്കാണുന്ന ഖണ്ഡിക നാം കാണുന്നു:

“റോമ്മാ സിംഹാസനത്തിൽ വാഴുന്ന പാത്രിയൎക്കീസ് എല്ലാ പാത്രിയൎക്കീസുമാരുടെയും തലവനും അധിപതിയും ആയിരിക്കുന്നതുപോലെ അത്രേ, ഒരു പാത്രിയൎക്കീസ് തന്റെ അധികാരത്തിൻ കീഴുള്ള എല്ലാവൎക്കും. അദ്ദേഹം (റോമ്മാ പാത്രിയൎക്കീസ്) എല്ലാ ക്രിസ്തീയാധിപതിമാരുടെമേലും അവരുടെ എല്ലാ ജനങ്ങളുടെമേലും അധികാരം നല്കപ്പെട്ട പത്രോസിനെപ്പോലെ ഒന്നാമനും, അദ്ദേഹത്തെപ്പോ

www.malankaralibrary.com



ലെ (പത്രോസിനെപ്പോലെ) എല്ലാ ജനങ്ങളുടെമേലും ക്രിസ്തീയ സഭ മുഴുവന്റെമേലും നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ പ്രതിനിധിയുമാകുന്നു.

എച്ചെല്ലേൻസിസ് പരിഭാഷപ്പെടുത്തിയ 84 നിക്യാ അറബി കാനോനാകളിൽ 37—ാം കാനോനാ ഇപ്രകാരമാണ്:

"നാലു സുവിശേഷകന്മാർ ഉള്ളതുപോലെ ലോകത്തിലാകെ നാലു പാത്രിയർക്കീസുമാർ മാത്രം ഉണ്ടായിരിക്കട്ടെ. അപ്പൊസ്തോലന്മാർ കല്പിച്ചിട്ടുള്ളതുപോലെ റോമ്മായിൽ ദിവ്യനായ പത്രോസിന്റെ സിംഹാസനത്തിന്റെ നാഥൻ ഇവരുടെമേൽ അധിപതിയും തലവനുമായിരിക്കട്ടെ. അദ്ദേഹം കഴിഞ്ഞാൽ മർക്കോസിന്റെ സിംഹാസനമായ മഹനീയ അലക്സാണ്ഡ്രിയായുടെ നാഥൻ. ദിവ്യകാര്യങ്ങളെ പറയുന്ന ദിവ്യനായ യോഹന്നാന്റെ സിംഹാസനമായ എഫേസൂസിന്റെ നാഥൻ മൂന്നാമൻ. നാലാമനം അവസാനത്തേ ആളുമോ പത്രോസിന്റെ വേറൊരു സിംഹാസനമായ അന്ത്യോക്യായിലെ ആളിന്റെ നാഥൻ."

(ഹെർബർട്ട് സ്കോട്ട, പൌരസ്ത്യ സഭകളും പാപ്പാസ്ഥാനവും, 1928, പുറം 386)

ഹെർബർട്ട സ്കോട്ട ഒരു പ്രോട്ടസ്റ്റന്റ പണ്ഡിതനാണെന്നു പറഞ്ഞല്ലോ. അദ്ദേഹം എഴുതിയ "പൌരസ്ത്യസഭകളും പാപ്പാസ്ഥാനവും" എന്ന പ്രബന്ധമാണു പിന്നീടു ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തിയതു്. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ പ്രൊഫസർമാർ സ്കോട്ടന്റെ ഈ പ്രബന്ധം പരിശോധിച്ച് അതു പണ്ഡിതോചിതമെന്നു കാണുക

www.malankaralibrary.com



യൽ പിഎച്ച്. ഡി. എന്ന ഉന്നതബിരുദം അദ്ദേഹത്തിനു നല്കി. മാർപ്പാപ്പായുടെ പരമാധികാരത്തെ ഏററുപറയുന്ന കാനോനാകൾ വ്യാജനിർമ്മിതമാണെങ്കിൽ പ്രോട്ടസ്റ്റൻറു പണ്ഡിതന്മാർ അവ ഒരിക്കലും സ്വീകരിക്കയില്ലല്ലോ. ഇങ്ങനെ യാക്കോബായ സഭയിലെ നിയമഗ്രന്ഥമായ ഹൂദായകാനോനും, പ്രോട്ടസ്റ്റൻറു ആദിയായ ഇതര സഭകളിലെ പണ്ഡിതന്മാരും, യാക്കോബായ സഭയിലെ ചരിത്രകാരനായ ശ്രീ. ഇ. എം. ഫിലിപ്പും അറബികാനോനാകളെ യാക്കോബായക്കാർ ഉൾപ്പെട്ട എല്ലാ പൌരസ്ത്യ സഭക്കാരും സ്വീകരിക്കുന്നുണ്ടെന്നു പറയുമ്പോൾ സലാമറമ്പാൻ പറയുന്ന അതു കത്തോലിക്കസഭ കൃത്രിമമായി ഉണ്ടാക്കിയ കാനോനാണെന്നു! സഹതപിക്കയല്ലാതെ എന്തു ചെയ്യും?

37-ാം അറബികാനോനായെ ഇപ്രകാരമാണ റമ്പാച്ചൻ തൻെറ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നത്: "പ്രപഞ്ചത്തിൽ നാലുദിക്കുകൾ മാത്രമുണ്ട്. നാലു ഏവൻഗേലിയോനുകൾ മാത്രമുള്ളതിനാൽ പ്രപഞ്ചത്തിൽ നാലു പാത്രിയർക്കാ ആസ്ഥാനങ്ങൾ (Patriarchates) ഉണ്ടായിരിക്കണം. പത്രോസിൻെറ സിംഹാസനമായ ഒന്നാമത്തേ പാത്രിയർക്കാസ്ഥാനം റോമിലും, രണ്ടാമത്തേതു പരിശുദ്ധ മർക്കോസ് ഏവൻഗേലിസ്ത്തായുടെ സിംഹാസനമായ അലക്സന്ത്രിയായിലും, മൂന്നാമത്തേതു വീണ്ടും പത്രോസിൻെറ സിംഹാസനമാകുന്ന അന്ത്യോഖ്യയിലും, നാലാമത്തേതു അവസാനഘട്ടത്തിൽ എഫേസോസിൽ നിന്നു മാററപ്പെട്ട യൂഹാനോൻ ഏവൻഗേലിസ്ത്തായുടെ സിംഹാസനമാകുന്ന കസ്തന്തിനോപോലിസിലും അത്രേ" (പുറം 15). മററു വാചകങ്ങൾ എങ്ങനെയിരു

www.malankaralibrary.com



ന്നാലും "അപ്പൊസ്തോലന്മാർ കല്പിച്ചിട്ടുള്ളതുപോലെ റോമ്മായിൽ ദിവ്യനായ പത്രോസിന്റെ സിംഹാസനത്തിന്റെ നാഥൻ അവരുടെമേൽ (പാത്രിയർക്കീസമാരുടെമേൽ) അധിപതിയും തലവനും ആയിരിക്കട്ടെ" എന്ന വാചകം റമ്പാച്ചൻ ഉദ്ധരിക്കാതെ ഇവിടെ മറച്ചുവെച്ചിരിക്കുന്നതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല. അപ്പൊസ്തോലികകാലം തുടങ്ങി റോമ്മാ മെത്രാനു സഭയിൽ പരമാധികാരമുണ്ടായിരുന്നെന്നു സ്പഷ്ടമായി ഏററവുപറയുന്ന ഈ വാചകം റമ്പാച്ചനു ദഹിക്കാത്ത ഒരു ഗുളികയാകയാൽ ഛർദ്ദിച്ചുകളഞ്ഞതായിരിക്കണം. എന്നാൽ ഒരു പ്രോട്ടസ്റ്റൻറുകാരനായ സ്കോട്ടു സത്യത്തെ മറയ്ക്കാതെ ഹൃദയപരമാർത്ഥതയോടുകൂടി ഈ വാചകം 37-ാം കാനോനിൽ ഉദ്ധരിച്ചിട്ടുള്ളതായി മുകളിൽ കാണുക. (പുറം 46, 48)

അറബികാനോനാകളിൽ 8-ാം കാനോനാ പറയുന്നു:–"ഒരു പാത്രിയർക്കീസിനു തന്റെ അധികാരത്തിനു കീഴുള്ളവരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളതെല്ലാം പ്രവർത്തിക്കുവാൻ അധികാരമുള്ളതുപോലെ എല്ലാ പാത്രിയർക്കീസുമാരുടെമേലും റോമ്മായിലെ പാത്രിയർക്കീസിനു് അധികാരമുണ്ടു്. ഭാഗ്യവാനായ പത്രോസിനു പൊതുവിൽ എന്നപോലെ തന്നെ"(3)

റോമ്മാ പാത്രിയർക്കീസിനു മററു പാത്രിയർക്കീസുമാരുടെമേലും, സഭ മുഴുവനിലുമുള്ള അധികാരം എങ്ങനെയുള്ളതാണെന്നു 44-ാം അറബികാനോനായിൽ ഇതിലും വ്യക്തമായി പറയുന്നുണ്ടു്. നിക്യാ സുന്നഹദോസിന്റെ നിശ്ചയമായി ആ കാനോനാ

3) Codex Prop. Syriac—27, p. 10.

www.malankaralibrary.com



യിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "മെത്രാപ്പോലീത്താമാരുടെ സ്വകീയാഭിപ്രായത്താലോ, അഥവാ മെത്രാന്മാരുടെ സ്വകീയാഭിപ്രായത്താലോ അയോഗ്യമായി ചെയ്യുന്ന എല്ലാകാര്യങ്ങളെ സംബന്ധിച്ചും അറിയുന്നതിനുള്ള അധികാരം പാത്രിയർക്കീസിനുണ്ടായിരിക്കണമെന്ന് ഈ പൊതു സൂനഹദോസ് ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ പാത്രിയർക്കീസ് പൊതുവായ പിതാവും, എല്ലാ മെത്രാപ്പോലീത്താമാരും മെത്രാന്മാരും അദ്ദേഹത്തിന്റെ അവകാശത്തിന്റെ മക്കളുമാകുന്നു. മക്കളുടെമേൽ പിതാവിന്റെ (ബഹുമാനം) എന്നതുപോലെ പാത്രിയർക്കീസിന്റെ ബഹുമാനം വാഴുന്നു. തന്റെ അധികാരത്തിനു വിധേയരായവരുടെമേൽ യഥായോഗ്യം ഇഷ്ടമുള്ളതെല്ലാം ചെയ്യുന്നതിന് ഒരു പാത്രിയർക്കീസിനു അധികാരമുണ്ടായിരിക്കുന്നു. അതുപോലെ റോമ്മാ പാത്രിയർക്കീസിനു എല്ലാ പാത്രിയർക്കീസുമാരുടെമേലും അധികാരമുണ്ട്. അതു ഭാഗ്യവാനായ പത്രോസിനു സംഘം മുഴുവന്റെമേലും (അധികാരം) ഉണ്ടായിരുന്നതുപോലെ അത്രേ. എന്തുകൊണ്ടെന്നാൽ റോമ്മാസിംഹാസനത്തിൽ വാഴുന്നവൻ സഭ മുഴുവനിലും പത്രോസിന്റെ സ്ഥാനം വഹിക്കുന്നു. ആകയാൽ ഇവയെ (ഈ നിശ്ചയങ്ങളെ) ലംഘിക്കുന്നവൻ ഈ പൊതു സൂനഹദോസിന്റെ ശാപത്തിനു വിധേയനായിത്തീരുന്നു" (4)

കത്തോലിക്കാസഭയിൽ ഇല്ലാത്തതും, എന്നാൽ യാക്കോബായസഭ ഉൾപ്പെട്ട എല്ലാ പൌരസ്ത്യസഭക്കാരും സ്വീകരിക്കുന്നതുമായ ഈ അറബികാനോ

4) Jugie, Theol. Dog. Christ. Orient. V (1935), p. 49.

www.malankaralibrary.com



നാകളും, യാക്കോബായക്കാരുടെ ഹൂദായകാനോനം കത്തോലിക്കർ പറയുന്നതിനേക്കാൾ ഏത്രയും സ്പഷ്ടമായി മാർപ്പാപ്പായ്ക്കു സഭ മുഴുവനിലും പരമാധികാരമുണ്ടെന്നു ഏറ്റുപറയുമ്പോൾ സലാമ ചൊല്ലുന്ന വല്ല സമാധാനവും പറയുവാൻ സാധിക്കുമോ? ഈ വിഷമസ്ഥിതിയിൽ നിന്നു രക്ഷപെടുവാൻവേണ്ടി അദ്ദേഹം ഹൂദായകാനോനിൽ ഉദ്ധരിച്ചിരിക്കുന്ന കാനോനം, അറബികാനോനാകളും കത്തോലിക്കാ സഭയുടെതാണെന്നും, അവ കത്തോലിക്കർ വ്യാജമായി നിർമ്മിച്ചതാണെന്നും പറയുന്നു. സ്വന്തം ഭാര്യയിൽ ജനിച്ച കുട്ടികൾ തൻേറതല്ലെന്നും, വേറൊരാളുടെതാണെന്നും ഒരാൾ പറഞ്ഞാൽ അയാൾക്കു ലജ്ജയോ അഭിമാനമോ അല്പമെങ്കിലുമുണ്ടോ? ഇതുപോലെ അല്ലേ ഈ കാനോനാകളെ സംബന്ധിച്ചുള്ള റമ്പാച്ചൻെറ പ്രസ്താവനയും?

ഈ അറബികാനോനാകൾ വ്യാജമെങ്കിൽ യാക്കോബായക്കാരുടെ കാനോൻ പുസ്തകത്തിൽ ചേർത്തതെങ്ങനെ എന്നുള്ള ചോദ്യത്തിനു റമ്പാച്ചൻ മറുപടി പറയുന്ന കൂട്ടത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "പഴയകാലത്തുള്ള ക്രിസ്തീയ സഭയുടെ ഭരണരീതിയെ അനുസ്മരിപ്പിക്കാൻവേണ്ടി ബർ എബ്രായ ഈ ഭാഗം ചേർത്തിരിക്കാമെന്നു ചിലർ പറയുന്നു" (പുറം 16). അറബികാനോനാകൾ കത്തോലിക്കാ സഭ കൃത്രിമമായിട്ടുണ്ടാക്കിയ കള്ളക്കാനോനാകളാണെന്നുള്ള റമ്പാച്ചൻെറ ആദ്യത്തെ പ്രസ്താവനയ്ക്കു വിപരീതമത്രേ പിന്നീടു ചേർത്തിരിക്കുന്ന ഈ വാചകം. യാക്കോബായസഭയ്ക്കു യാതൊരു ബന്ധവും ആ കാനോനാകളോടു ഇല്ലെങ്കിൽ അവരുടെ പുസ്തകത്തിൽ അവ ചേർക്കുമോ? ക്രിസ്തീയ സഭയുടെ പൂ

www.malankaralibrary.com



രാതനമായ ഭരണരീതി റോമ്മാ പാത്രിയക്കീസിനെ പാത്രിയക്കീസുമാരിൽ തലവനായി സ്വീകരിച്ചുകൊണ്ടാണെങ്കിൽ ആ പാത്രിയക്കീസിൽ നിന്നു വേർപെട്ടുള്ള യാക്കോബായ സഭയിലെ ഇപ്പോഴത്തെ ഭരണരീതി തലവനില്ലാത്ത ഭരണരീതിയല്ലേ? തലയില്ലാത്ത ഉടൽ എങ്ങനെയിരിക്കും? ഇങ്ങനെ സഭയിലെ പുരാതനമായ ഭരണരീതി മാററി പുതിയതു നടപ്പിലാക്കാൻ ആർക്കാണു അധികാരമുള്ളതെന്നു യാക്കോബായക്കാർ ചിന്തിക്കേണ്ടതല്ലേ?

കത്തോലിക്കാസഭ കൃത്രിമമായി കാനോൻ ഉണ്ടാക്കിയെന്നു റമ്പാച്ചൻ പറയുന്നുണ്ടല്ലോ. പണ്ടു മാർത്തോമ്മാസഭക്കാരുമായുണ്ടായ വ്യവഹാരത്തിൽ ജയം കിട്ടുന്നതിനായി യാക്കോബായക്കാർ ബർ എബ്രായയുടെ ശരിയായ കാനോനിൽ (എ അക്കത്തിൽ) പല ഭാഗങ്ങൾ കളഞ്ഞും, ചില ഭാഗങ്ങൾ കൂട്ടിച്ചേർത്തും ഭേദപ്പെടുത്തിയും മലങ്കരയിൽ ഒരു കാനോനുണ്ടാക്കി കോടതിയിൽ ഹാജരാക്കി. അതു 18 അക്കം കാനോൻ എന്ന പേരിൽ അറിയപ്പെടുന്നു. ഇതുപോലെ ഒരു കാനോൻ കേരളത്തിലല്ലാതെ ഭൂലോകത്തു വേറെങ്ങുമില്ല. ഈ കള്ളക്കാനോനാണു ശരിയായ കാനോനായി ഓർത്തഡോക്സ് കക്ഷിയുമായുള്ള സമുദായക്കേസിൽ പാത്രിയക്കീസു കക്ഷി മുറുകെപിടിച്ചുകൊണ്ടിരിക്കുന്നതു്. ഓർത്തഡോക്സ് കക്ഷിയാവട്ടെ എ അക്കമാണു ശരിയായ കാനോൻ എന്നു വാദിച്ചുവരുന്നു. ഇതേ സംബന്ധിച്ച "എന്റെ തെക്കേലി പ്രസംഗം" എന്ന ഗ്രന്ഥത്തിൽ (പുറം 336–346; 359–364–ൽ) സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഇങ്ങനെ സ്വന്തം കാനോനെ തന്നെ ഭേദപ്പെടുത്തി കൃത്രിമമാ

www.malankaralibrary.com



യി നിർമ്മിക്കയും, അതു ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കയും ചെയ്യുന്നവർ, യാക്കോബായക്കാർ സ്വീകരിച്ചുവരുന്ന കാനോൻ ഗ്രന്ഥങ്ങളെ കത്തോലിക്കർ വ്യാജമാക്കുന്നു എന്നു പറഞ്ഞു ആക്ഷേപിക്കുന്നു! നോക്കണേ സത്യവും നീതിയും പോയ പോക്ക്! "അരിയും തിന്നു ആശാരിച്ചിയെയും കടിച്ചിട്ടും പിന്നെയും നായ്ക്കാണു മുറുമുറുപ്പ്" എന്നു പറയുന്നതുപോലെ അല്ലേ ഇതു്?

(3) സഭയുടെ ഭരണഘടന.

സഭയുടെ ഏകത്വത്തെയും ഭരണഘടനയെയും സംബന്ധിച്ചു പറയുമ്പോൾ സലാമ റമ്പാൻ യാക്കോബായ സഭയുടെ വിശ്വാസത്തിനു നേരേ വിപരീതമായ കാര്യങ്ങളാണു പ്രസ്താവിക്കുന്നതു്. "സഭയുടെ ഐക്യത്തിന്റെ ലക്ഷണങ്ങൾ ഏക പാത്രിയർക്കീസെന്നോ, ഏക പാപ്പായെന്നോ, ഏക ഭരണഘടനയെന്നോ അല്ല ........ സഭയുടെ ഏകത്വം അഥവാ ഐക്യം യാതൊരു മനുഷ്യനെയും ആശ്രയിക്കുന്നില്ല...മനുഷ്യനെ ആശ്രയിച്ചാൽ സഭ ഒരു ലൌകിക പ്രസ്ഥാനമായിത്തീരും. നാലു സുവിശേഷങ്ങൾ ഏക സുവിശേഷമായി കണക്കാക്കപ്പെടുന്നു...വി. മത്തായിയുടെ സുവിശേഷം ആരംഭത്തിലും, വി. യോഹന്നാന്റെ സുവിശേഷം അവസാനത്തിലും വെച്ചിരിക്കുന്നതു, വി. മത്തായിയുടെ സുവിശേഷത്തിനു കൂടുതൽ ബഹുമാനമുള്ളതുകൊണ്ടോ, വി. യോഹന്നാന്റെ സുവിശേഷത്തിനു അധികാരക്കുറവുള്ളതുകൊണ്ടോ അല്ല. ഇപ്രകാരം തന്നെ പാത്രിയർക്കീസന്മാരിലും അധികാരത്തിലല്ല, അവരവരുടെ പട്ടണങ്ങളുടെ രാഷ്ട്രീയ പ്രാധാന്യമനു

www.malankaralibrary.com



സരിച്ച ഒന്നാമത്തേ പാത്രിയക്കീസെന്നോ, മൂന്നാമ
ത്തേ പാത്രിയക്കീസെന്നോ വിളിക്കപ്പെട്ടിട്ടുണ്ടെങ്കി
ൽതന്നെ അതുകൊണ്ടു ഒരു പാത്രിയക്കീസിനു മ
റെറാരു പാത്രിയക്കീസിൻെറമേൽ അധികാരം ചെ
ലുത്തുവാനോ, ഭരണം നടത്തുവാനോ അവകാശമു
ണ്ടെന്നു വരികയില്ല" എന്നത്രേ റമ്പാച്ചൻ പറയുന്ന
തു് (പുറം 3, 15).

ക്രിസ്തു ഒരു സഭയെ അല്ലാതെ വ്യത്യസ്ത ഭരണ
ഘടനകളുള്ള നാലു സഭകളെ സ്ഥാപിച്ചതായി യാ
ക്കോബായക്കാർ വിശ്വസിക്കുന്നില്ല. ക്രിസ്തു സ്ഥാ
പിച്ച ഏക സഭയ്ക്കു തുല്യാധികാരമുള്ള നാലു ഭരണാ
ധികാരികൾ ഉണ്ടെന്നുമല്ല യാക്കോബായ സഭയുടെ
വിശ്വാസം. മെത്രാനും, പാത്രിയക്കീസിനും, മാർപ്പാ
പ്പായ്ക്കും (തലവനായ പാത്രിയക്കീസിനും) പട്ടത്വ
ത്തിൻെറ നൽവരങ്ങൾ ഒരുപോലെയാണെങ്കിലും
ഭരണാധികാരം ഒരുപോലെയാണെന്നുള്ള വിശ്വാ
സമല്ല യാക്കോബായ സഭയ്ക്കുള്ളതു്. തൻെറ അധി
കാരത്തിൻകീഴുള്ള കുററക്കാരായ മെത്രാന്മാരെയും
മെത്രാപ്പോലീത്താമാരെയും ശിക്ഷിക്കുവാനും മുടക്കു
വാനും പാത്രിയക്കീസിനു അധികാരമുണ്ടു്. അതു
കൊണ്ടാണു വട്ടശ്ശേരി മെത്രാപ്പോലീത്തായെ അബ്ദു
ള്ളാ പാത്രിയക്കീസു മുടക്കിയതും; ഒരു പാത്രിയക്കീ
സിനു തൻെറ കീഴുള്ളവരുടെമേൽ ഏതു അധികാര
മുണ്ടോ അതേ അധികാരം—വേണ്ടിവന്നാൽ ശിക്ഷി
ക്കുവാനും മുടക്കുവാനുമുള്ള അധികാരം—റോമായി
ലെ പാത്രിയക്കീസിനു മററു പാത്രിയക്കീസുമാരുടെ
മേൽ ഉണ്ടെന്നു യാക്കോബായക്കാർ സ്വീകരിക്കുന്ന
തും മുകളിൽ ഉദ്ധരിച്ചതുമായ 37, 39, 8, 44 എ
ന്നീ അറബികാനോനാകൾ സ്പഷ്ടമായി വിളിച്ചുപറ

www.malankaralibrary.com



യുമ്പോൾ റോമ്മാ പാത്രിയർക്കീസിൻെറ അധികാരം മററു പാത്രിയർക്കീസുമാരുടെതുപോലെ ആണെന്നുള്ള റമ്പാച്ചൻെറ പ്രസ്താവനയ്ക്കു എന്തു വിലയാണുള്ളതു്? ശിക്ഷിക്കുന്നവനും, ശിക്ഷ സ്വീകരിക്കുന്നവനും ഒരേ അധികാരമാണോ ഉള്ളതു്? പട്ടണത്തിൻെറ പ്രാധാന്യമനുസരിച്ചു്, വെറും ലോകരീതി പ്രകാരവുമാണോ മെത്രാന്മാരുടെമേലും, മെത്രാപ്പോലീത്താമാരുടെമേലും പാത്രിയർക്കീസിനു അധികാരം കിട്ടിയതു്? അങ്ങനെയാണെങ്കിൽ സഭയുടെ ഈ നിശ്ചയങ്ങളെയും ഭരണഘടനയെയും ലംഘിച്ചുകൊണ്ടു മെത്രാന്മാർ പാത്രിയർക്കീസിനെ അനുസരിക്കാതിരിക്കാമല്ലോ. അങ്ങനെയെങ്കിൽ മലങ്കരയിലെ ഓർത്തഡോക്സ് കക്ഷിക്കാർ യാക്കോബായ പാത്രിയർക്കീസിനെ അനുസരിക്കാതിരിക്കുന്നതു മഹാപാപമാണെന്നു സലാമ റമ്പാച്ചനും കൂട്ടരും പറയുന്നതു എന്തിനു്? സാധാരണക്കാനോനാ ഒരു പാത്രിയർക്കീസിനു വേറൊരു പാത്രിയർക്കീസിൻെറമേൽ അധികാരമില്ല. പക്ഷേ എല്ലാ പാത്രിയർക്കീസുമാരുടെയും തലവനായ റോമ്മാ പാത്രിയർക്കീസിനു മററു പാത്രിയർക്കീസുമാരുടെമേൽ യാതൊരു അധികാരമില്ലെന്നാണോ കാനോനകൾ പറയുന്നതു്? അപ്പസ്തോലന്മാർ കല്പിച്ചിട്ടുള്ളതുപോലെ റോമ്മാ പാത്രിയർക്കീസിനു മററു പാത്രിയർക്കീസുമാരുടേമേൽ അധികാരമുണ്ടെന്നു--വി. പത്രോസിനു സഭ മുഴുവനിലും അധികാരമുണ്ടായിരുന്നതുപോലെ റോമ്മാ സിംഹാസനത്തിലെ മെത്രാനു മററു സിംഹാസനങ്ങളിലെ പാത്രിയർക്കീസുമാർ ഉൾപ്പെട്ട സഭ മുഴുവനിലും അധികാരമുണ്ടെന്നു—യാക്കോബായ സഭയിലെ കാനോനാകൾ പറയുമ്പോൾ റമ്പാച്ചൻ മറിച്ചുപറയു

www.malankaralibrary.com



ന്നുള്ള യാക്കോബായ സഭാവിശ്വാസത്തിനും കാനോനാകൾക്കും എതിരല്ലേ? മെത്രാന്മാരുടെമേൽ പാത്രിയർക്കീസിനു അധികാരമുണ്ടെങ്കിൽ പാത്രിയർക്കീസന്മാരുടെമേൽ തലവനായ പാത്രിയർക്കീസിനു അധികാരം ഉണ്ടായിക്കൂടേ? ഒരു പാത്രിയർക്കീസിനു തന്റെ കീഴുള്ള മെത്രാന്മാരുടെമേൽ വെറും മൂപ്പ് സ്ഥാനമോ ബഹുമാനമോ അല്ലെങ്കിൽ തലവനായ റോമ്മാ പാത്രിയർക്കീസിന്റെ അധികാരം വെറും മൂപ്പും ബഹുമാനവുമാകുന്നതെങ്ങനെ?

സഭാചരിത്രം പരിശോധിച്ചാൽ റോമ്മാ പാത്രിയർക്കീസ് അലക്സാണ്ഡ്റിയാ, അന്ത്യോക്യാ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ മൂന്നു സിംഹാസനങ്ങളിലെ പാത്രിയർക്കീസുമാരുടെമേലും അധികാരം പ്രയോഗിച്ചതായി ധാരാളം സംഭവങ്ങൾ കാണാം. സെലസ്തീനോസ് മാർപ്പാപ്പാ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന നെസ്തോറിയസിന്റെ അബദ്ധോപദേശങ്ങളെ ശപിച്ചു. അലക്സാണ്ഡ്റിയാ പാത്രിയർക്കീസായ കൂറില്ലോസ് പ്രത്യേക കല്പനയനുസരിച്ച് മാർപ്പാപ്പായുടെ പ്രതിനിധിയായി എഫേസൂസ് സൂനഹദോസിൽ അദ്ധ്യക്ഷം വഹിച്ച് നെസ്തോറിയസിനെതിരായുള്ള മാർപ്പാപ്പായുടെ വിധി നടപ്പിലാക്കി. നെസ്തോറിയസിനെ അനുകൂലിച്ചതുകൊണ്ട് അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന യോഹന്നാനിൽ എഫേസൂസിലെ പിതാക്കന്മാർ കുററം ആരോപിച്ചെങ്കിലും യോഹന്നാൻ പിന്നീട് അനുതപിക്കയാൽ മാർപ്പാപ്പാ അദ്ദേഹത്തെ മഹറോൻ ശിക്ഷയിൽനിന്നു വിമുക്തനാക്കി. (എന്റെ [illegible]ങ്ങേലി പ്രസംഗം, പുറം 275—282 കാണുക) കൽക്കദോനിയാ സൂനഹദോസുവഴി ലെഓൻ

www.malankaralibrary.com



മാർപ്പാപ്പാ അലക്സാണ്ഡ്റിയാ പാത്രിയർക്കീസായിരുന്ന ദീയസ്കോറോസിനെ ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിച്ചു. ഇങ്ങനെ റോമ്മാ പാത്രിയർക്കീസ് മററു മൂന്നു പാത്രിയർക്കീസുമാരുടെമേലും അധികാരം പ്രയോഗിക്കുന്നതായി അനിഷേധ്യമായ ചരിത്രവസ്തുതകൾ തെളിയിക്കുമ്പോൾ നാലു സുവിശേഷങ്ങളെ സംബന്ധിച്ചു പറയുന്നതുപോലെ പാത്രിയക്കീസുമാരെ സംബന്ധിച്ചും ഒന്നാമത്തേയും രണ്ടാമത്തേയും എന്നു പറയുന്നു എന്നല്ലാതെ റോമ്മാ പാത്രിയർക്കീസിനു വിശേഷാൽ അധികാരമൊന്നുമില്ലെന്നു റമ്പാച്ചൻ പറയുന്നതു യാക്കോബായക്കാരുടെ കാനോനാകളെയും, യാക്കോബായക്കാർ സ്വീകരിക്കുന്ന എഫേസൂസ് സൂനഹദോസിന്റെ ചരിത്രത്തെയും മററും മറച്ചുവച്ചുകൊണ്ടല്ലേ? ഇതോ പാണ്ഡിത്യത്തിന്റെ ലക്ഷണം?

"സഭയുടെ ഏകത്വം അഥവാ ഐക്യം യാതൊരു മനുഷ്യനെയും ആശ്രയിക്കുന്നില്ല. ആശ്രയിച്ചാൽ ഒരു ലൌകിക പ്രസ്ഥാനമായിത്തീരും" എന്നുള്ള റമ്പാച്ചന്റെ പ്രസ്താവനയും യാക്കോബായസഭയുടെ വിശ്വാസത്തിന് എതിരാണ്. യാക്കോബായസഭയുടെ പരമാദ്ധ്യക്ഷൻ പാത്രിയർക്കീസാണ്. അദ്ദേഹത്തോടു യോജിച്ചു നില്ക്കാതെയും, അദ്ദേഹത്താൽ മുടക്കപ്പെട്ടും ഇരിക്കുന്ന മെത്രാപ്പോലീത്താമാരും മെത്രാന്മാരും സഭയിൽ ഉൾപ്പെട്ടതായി യാക്കോബായക്കാർ വിശ്വസിക്കുന്നില്ല. യാക്കോബായ പാത്രിയർക്കീസിനാൽ മുടക്കപ്പെട്ട ഓർത്തഡോക്സ് കക്ഷിയിലെ കാതോലിക്കാബാവായും മേല്പട്ടക്കാരും സഭയ്ക്കു പുറത്തു നില്ക്കുന്നവരും, പട്ടമില്ലാത്ത അൽമായക്കാരുമാണെന്നത്രേ റമ്പാച്ചന്റെ

www.malankaralibrary.com



സഭയിലെ വിശ്വാസം. ഒരു മെത്രാനാൽ മുടക്കപ്പെട്ട ന്ന പട്ടക്കാരനും അൽമായക്കാരനും സഭയുടെ ഐക്യത്തിൽ നിന്നു വേർപെട്ടുമെന്നാണു യാക്കോബായ സഭയുടെ വിശ്വാസം. പാത്രിയർക്കീസും മെത്രാന്മാരും മനുഷ്യരാണു്. ആകയാൽ സഭയുടെ ഏകത്വം അഥവാ ഐക്യം മേല്പട്ടക്കാരുടെ അധികാരത്തെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. കത്തോലിക്കാസഭക്കു എതിരായിട്ടു എഴുതുമ്പോൾ തന്റെ സഭയിലെ പ്രധാനപ്പെട്ട വിശ്വാസസത്യങ്ങൾ പോലും പണ്ഡിതനായ ഈ റമ്പാൻ മറന്നു കണ്ടമാനം എഴുതുന്നതു് എന്തു്? "കുഞ്ഞാടുകള ചത്താലും വേണ്ടുകയില്ല, നാത്തൂന്റെ കണ്ണുനീരു കാണണം" എന്നുള്ള കുശുമ്പല്ലേ ഇവിടെ കാണുന്നതു്?

(4) മെത്രാന്മാരുടെ വിധേയത്വം.

കത്തോലിക്കാസഭയിലെ മെത്രാന്മാർ അഭിഷേകം സ്വീകരിക്കുമ്പോൾ "കർത്താവേശുമിശിഹായാണു അവർക്കു മേല്പട്ടസ്ഥാനം കൊടുത്തതെന്നു വിസ്മരിക്കയാൽ 'തിരുസിംഹാസനത്തിന്റെ കൃപയാൽ' എന്നു ഉരുവിട്ടുകൊണ്ടു അവർ ഇതു സ്വീകരിക്കുന്നു. തന്മൂലം ദാസന്മാരെക്കാൾ ഏററവും താണ അവസ്ഥയിലേക്കു അവർ നിപതിച്ചു കഴിഞ്ഞു. പരമാധികാരിയായ പാപ്പായുടെ ഈ അധികാരത്തെ ചോദ്യം ചെയ്യുവാൻ ആ സാധുക്കൾക്കു എങ്ങനെ കഴിയും? എതിർത്താൽ റോമൻ അധികാരികൾ അവരെ കൊന്നുകളയും. നേരെ മറിച്ചു സുറിയാനിസഭയുടെ എപ്പിസ്കോപ്പന്മാർ (മെത്രാന്മാർ) 'ദൈവകൃപയാൽ' എന്നാണല്ലോ എഴുതുന്നതു്......ഏതായാലും ആ സന്തോഷവിയിലെങ്കിലും നിങ്ങളുടെ മെത്രാന്മാരിൽ മനു

www.malankaralibrary.com



സ്സാക്ഷിയും അഭിമാനബോധവുമുള്ളവർ ഈ പൈശാചിക ബോധത്തെ എതിക്കുകയും ഈ ദുരാചാരത്തിനെതിരായി ശബ്ദമുയർത്തുകയും ചെയ്യുമെന്നു പ്രത്യാശിക്കാം" എന്നിങ്ങനെ റമ്പാച്ചൻ രേഖപ്പെടുത്തുന്നു. (പുറം, 17)

തൻെറ സഭയിലെ നടപടികളെ ഓർക്കാതെയാണു റമ്പാച്ചൻ ഇങ്ങനെയെല്ലാം എഴുതിക്കൂട്ടിയിരിക്കുന്നതു്. യാക്കോബായ സഭയിലെ മെത്രാന്മാർ സ്ഥാനം ഏൽക്കുമ്പോൾ പാത്രിയർക്കീസിനെ അനുസരിച്ചുകൊള്ളാമെന്നു പറഞ്ഞു "ശൽമൂസാ" (ഉടമ്പടി) എഴുതിവയ്ക്കുന്നുണ്ടു്. കത്തോലിക്കാസഭയിലെ മേല്പട്ടക്കാരും സഭയുടെ അദ്ധ്യക്ഷനായ മാർപ്പാപ്പായെ അനുസരിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുന്നു. ഇങ്ങനെ മേലധികാരിക്കു അനുസരണം വാഗ്ദാനം ചെയ്യുന്നതുകൊണ്ടു ദാസന്മാരെക്കാൾ അധഃപതിക്കുമെങ്കിൽ പാത്രിയർക്കീസിനു ഉടമ്പടി എഴുതിക്കൊടുക്കുന്ന യാക്കോബായ മേല്പട്ടക്കാരും അധഃപതിക്കുകയല്ലേ ചെയ്യുന്നതു്? കത്തോലിക്കാമെത്രാന്മാർ "ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിൻെറ ആനുകൂല്യത്താലും ഇന്ന രൂപതയുടെ മെത്രാൻ" എന്നാണു ഇടയലേഖനത്തിൽ പറഞ്ഞു വരുന്നതു്. മേല്പട്ടസ്ഥാനത്തിൻെറ നൽവരങ്ങൾ അഭിഷേകംമൂലം കർത്താവിൽ നിന്നു ലഭിക്കുന്നതായിട്ടാണു അവർ വിശ്വസിക്കുന്നതു്. ഒരു രൂപതയ്ക്കു മേല്പട്ടക്കാരനെ നിശ്ചയിച്ചു നിയമിക്കുന്നതു മാർപ്പാപ്പായാകയാലാണു "പരിശുദ്ധ സിംഹാസനത്തിൻെറ ആനുകൂല്യത്താൽ" എന്നുകൂടി ഇടയലേഖനത്തിൽ കത്തോലിക്കാമെത്രാന്മാർ പറയുന്നതു്. യാക്കോബായസഭയിലും ക്രിസ്തു നേരിട്ടല്ല മെത്രാന്മാരെ നിയമിക്കുന്നതും,

www.malankaralibrary.com



അധികാരങ്ങൾ കൊടുക്കുന്നതും; പാത്രിയക്കീസോ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള സുന്നഹദോസോ ആണ്. ഇങ്ങനെ മേലധികാരിയെ അനുസരിക്കുന്നതും, മേലധികാരിയോടു സ്നേഹവും ബഹുമാനവും കൃതജ്ഞതയും പ്രകാശിപ്പിക്കുന്നതും ദാസ്യമനഃസ്ഥിതിയും പൈശാചിക ബോധവുമാണെങ്കിൽ യാക്കോബായസഭയിൽ ഇവ വേണ്ടെന്നോ പറയുന്നത്? ഓർത്തഡോക്സ് സഭയിലെ കാതോലിക്കാ ബാവായും മെത്രാന്മാരും പാത്രിയക്കീസിനെ അനുസരിക്കാത്തതുകൊണ്ട് അവരെ മുടക്കി അവരുടെമേൽ ലോകത്തിലാരും ചെയ്യാത്തവിധം ശകാരവർഷങ്ങൾ ചൊരിയുകയും, അവർ പട്ടമില്ലാത്ത അൽമായക്കാരാണെന്നും മറ്റും പറഞ്ഞു അധിക്ഷേപിക്കയും, നാല്പത്തഞ്ചുകൊല്ലമായി അവരുമായി വ്യവഹാരങ്ങളും "കോഴിപ്പോരും" നടത്തുകയും ചെയ്തുവരുന്ന സലാമറമ്പാന്റെ സഭയാണോ കൊല്ലുകയും തിന്നുകയും ചെയ്യാത്തതും, അഭിമാനബോധമുള്ളതും, പൈശാചിക ബോധമില്ലാത്തതും എന്നു റമ്പാച്ചൻ സമയം കിട്ടുമ്പോൾ ഇരുന്നു ചിന്തിച്ചാൽ കൊള്ളാം.

## (5) വി. പത്രോസിന്റെ പരമാധികാരം.

വി. പത്രോസ് അപ്പോസ്തോലന്മാരുടെ തലവനാണെന്നും, സഭ മുഴുവനിലും വി. പത്രോസിനു പരമാധികാരം സിദ്ധിച്ചിരുന്നെന്നുമത്രേ യാക്കോബായസഭയുടെ വിശ്വാസം. യാക്കോബായ പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിച്ചു 1912-ൽ കാതോലിക്കാബാവായെ വാഴിച്ച സ്വതന്ത്ര സഭക്കാരായതോടുകൂടിയാണു മലങ്കരയിലെ ഓർത്തഡോക്സ് കക്ഷിക്കാർ പ്രോട്ടസ്റ്റൻറുകാരെപ്പോലെ വി.

www.malankaralibrary.com



പത്രോസിൻെറ പരമാധികാരം നിഷേധിച്ച് അപ്പൊസ്തോലന്മാരെല്ലാം സമന്മാരാണെന്നു പഠിപ്പിച്ചു തുടങ്ങിയതു്. സലാമ റമ്പാൻ പാത്രിയർക്കീസ് കക്ഷിക്കാരനാണു്. എന്നാൽ കത്തോലിക്കാസഭയെ ദൂഷിച്ചെഴുതുകയിൽ തൻെറ സഭയിലെ വിശ്വാസം മറന്നു് അദ്ദേഹം പ്രോട്ടസ്റ്റൻറുകാരുടെയും ഓർത്തോഡോക്സു കക്ഷിയുടെയും അഭിപ്രായങ്ങൾ സ്വീകരിച്ചിരിക്കുന്നു. വി. പത്രോസിൻെറ അധികാരത്തെപ്പററി റമ്പാച്ചൻ പറയുന്നതു കേട്ടാലും. "കർത്താവായ യേശുമിശിഹാ മാത്രം സഭയുടെ തലവനാകുന്നു... വി. പത്രോസ് ശ്ലീഹന്മാരുടെ ഗണത്തിൽ പ്രഥമനും, തലവനും, പ്രതിനിധിയും ആകുന്നു. പത്രോസും പൌലോസും ശ്ലീഹന്മാരുടെ തലവന്മാരാണു്.. പത്രോസിനെപ്പോലെതന്നെ മററു ശ്ലീഹന്മാരും കർത്താവിൻെറ ശ്ലീഹന്മാരാണു്, വി. പത്രോസിൻെറ ആളുകളോ, ഉപദേഷ്ടാക്കളോ, ഭരണീയരോ അല്ല... ചുരുക്കിപ്പറഞ്ഞാൽ ഭരണത്തെ സംബന്ധിച്ചും ഉദ്യോഗത്തെ സംബന്ധിച്ചും എന്നുവേണ്ടാ സകലത്തെ സംബന്ധിച്ചും വി. പത്രോസിനു കിട്ടിയിട്ടുള്ള സകലതും, സിംഹാസനങ്ങളും താക്കോലുകളും അധികാരങ്ങളും അവർക്കും കിട്ടിയിട്ടുണ്ടു്" (II, പുറം 1–2). ഇവിടെ വി. പത്രോസ് പ്രഥമനും, തലവനുമാണെന്നു ഒരു വാചകത്തിൽ റമ്പാച്ചൻ പറയുന്നുണ്ടെങ്കിലും ഒടുവിലത്തെ വാചകത്തിൽ "പ്രഥമനും തലയും" എടുത്തു കളയുന്നതിനാൽ റമ്പാച്ചൻെറ ആശയം എന്താണെന്നു് അദ്ദേഹത്തിനേ മനസ്സിലാകൂ. റമ്പാച്ചൻെറ മേല്പട്ടക്കാരനും, യാക്കോബായ പാത്രിയർക്കീസിൻെറ കേരളത്തിലെ പ്രതിനിധിയുമായ മാർ ജൂലിയോസ് തിരുമേനിക്കു 114-ൽ തിരുമ

www.malankaralibrary.com



ലപുരം കത്തോലിക്കാപള്ളി വികാരി റവ. ഫാദർ മാത്യു ചിററക്കാട്ട അവർകളുടെ സഹോദരൻ പി. കെ. കോശി അവർകൾ ഒരെഴുത്തയക്കയുണ്ടായി. വി. പത്രോസിൻെറ പരമാധികാരത്തെപ്പററി യാക്കോബായ സഭയുടെ വിശ്വാസം എന്താണെന്ന് ആ എഴുത്തിൽ ചോദിച്ചിരുന്നു. അതിനു മറുപടിയായി ജൂലിയോസ് തിരുമേനിയുടെ സെക്രട്ടറിയായ വി. സി. ശമുവേൽ കത്തനാർ 28–2–1939–ൽ പത്തനംതിട്ടയിൽ നിന്ന് ഇങ്ങനെ എഴുതി: "15–7–114–ൽ ബാവാ തിരുമനസ്സിലേക്ക് നിങ്ങൾ അയച്ച കത്തു തിരുമനസ്സിലേക്ക കിട്ടി. ആജ്ഞാനുസരണം ഈ മറുപടി അയക്കുന്നു.

വി. പത്രോസ് ശ്ലീഹായുടെ സ്ഥാനത്തെക്കുറിച്ചുള്ള നിങ്ങളുടെ ചോദ്യത്തിനു വി. സഭയുടെ വിശ്വാസമനുസരിച്ചുള്ള മറുപടി താഴെ പറയുന്നവണ്ണമാണ്. വി. പത്രോസ് അപ്പൊസ്തോലനെപ്പററി സഭ എല്ലാക്കാലത്തും അപ്പൊസ്തോലതലവൻ എന്നാണു പറഞ്ഞുപോന്നിട്ടുള്ളത്. അദ്ദേഹത്തെക്കുറിച്ചു സാധാരണ ഉപയോഗിക്കുന്ന പേരുതന്നെയും അപ്പൊസ്തോലതലവനായ പത്രോസ് എന്നാണ്. പത്രോസ്ശ്ലീഹാ ക്രിസ്തീയ സഭയുടെ ആകമാന തലവനുമാണ്. അദ്ദേഹത്തെ അനുസരിപ്പാൻ ആകമാനസഭയ്ക്കും കടമയുണ്ട്. വേദപുസ്തകത്തിൽനിന്നും വി. പത്രോസ് ശ്ലീഹന്മാരുടെ തലവനാണെന്നു സുവിദിതമാകുന്നുണ്ട്. അതിലേക്കു വേദപുസ്തകത്തിലുള്ള ചില തെളിവുകൾക്കു വാക്യങ്ങൾ ഇവിടെ കുറിക്കാം. (മത്താ. 10, 2; 16, 17–19; ലൂക്കോ. 22, 31–32; യോഹ. 21, 15–18)......

www.malankaralibrary.com



സഭാപിതാക്കന്മാരും ഈ അഭിപ്രായത്തെ ശക്തിയായി സ്വീകരിച്ചിട്ടുണ്ട്. ബർ എബ്രായ എന്ന മഹാ പണ്ഡിതൻ അദ്ദേഹത്തിന്റെ "മ്നാറസ് ക്കുദ്ശാ" എന്ന വേദശാസ്ത്രപരമായ ഗ്രന്ഥത്തിൽ വി. പത്രോസ് ശ്ലീഹായെ അപ്പസ്തോല തലവനെന്നു സംബോധന ചെയ്തിരിക്കുന്നു. പത്രോസ് ശ്ലീഹാ ശ്ലീഹന്മാരുടെ തലവനും, മേല്പട്ടക്കാരുടെ തലവനും, പാത്രിയർക്കീസുമായിരിക്കെ സ്വയം കശീശാ (മൂപ്പൻ) എന്നു വിളിച്ചിരിക്കുന്നു. വീണ്ടും മൂശെ ബർ കീഫോ എന്ന പിതാവു അദ്ദേഹത്തിന്റെ 'കൂദാശവ്യാഖ്യാനം' എന്ന പുസ്തകത്തിൽ പട്ടത്വത്തെക്കുറിച്ചു പറയുന്നിടത്തു ശുദ്ധ ലൂക്കോസിന്റെ സുവിശേഷം 22, 31-32 എന്നീ വാക്യങ്ങളെ അടിസ്ഥാനമാക്കി ശുദ്ധ പത്രോസിനെപ്പറ്റി അപ്പസ്തോല തലവൻ എന്നു വ്യാഖ്യാനിച്ചു പറയുന്നുണ്ട്.

ഇങ്ങനെ പല തെളിവുകളും പറയുവാനുണ്ട്. നമ്മുടെ നമസ്കാരങ്ങളിൽ തന്നെയും ഇതിലേക്കു പല തെളിവുകളുണ്ട്. എങ്കിലും സമയക്കുറവും ദൈർഘ്യഭയവുംമൂലം ചുരുക്കുന്നു.

അവസാനമായി ഒരു കാര്യം ചോദിക്കുന്നു. വി. പത്രോസ് അപ്പസ്തോലസമനെന്നു പറയുന്ന എപ്പിസ്ക്കോപ്പന്മാർ (മെത്രാന്മാർ) അവർക്കു മേലായി സഭയിലുള്ള അധികാരികൾ സമന്മാരാണെന്നു സമർത്ഥിക്കുവാനാണല്ലോ ഇങ്ങനെ പണിപ്പെടുന്നതു്. അങ്ങനെയാണെങ്കിൽ മേലധികാരികൾ എന്നു പറഞ്ഞു അ

www.malankaralibrary.com



വരെ വേഷംകെട്ടിച്ചു വെച്ചിരിക്കുന്നതു് അവരെ കേവലം അവഹേളനപാത്രങ്ങൾ ആക്കുവാനാണോ?"*

യാക്കോബായ സഭയുടെയും യാക്കോബായസഭ സ്വീകരിക്കുന്ന പിതാക്കന്മാരുടെയും വിശ്വാസം വി. പത്രോസിനും മററു അപ്പസ്തോലന്മാർക്കും ഒരുപോലെയല്ല അധികാരം ലഭിച്ചിരിക്കുന്നതെന്നും, വി. പത്രോസ് അപ്പൊസ്തോലന്മാരുടെ തലവനാകയാൽ സഭ മുഴുവനിലും അദ്ദേഹത്തിന്റെ അധികാരം സിദ്ധിച്ചിരിക്കുന്നെന്നുമാണെന്നു് ഈ കത്തിൽ സ്പഷ്ടമായി പറയുന്നുണ്ടല്ലോ. മെത്രാന്മാരുടെ അധികാരമെല്ലാം ഒരുപോലെയാണെന്നു വാദിക്കുന്ന ഓർത്തഡോക്സ് കക്ഷിയിൽ എല്ലാ മെത്രാന്മാരുടെയും മുകളിലായി കാതോലിക്കാബാവായെ വാഴിച്ചുവെച്ചിരിക്കുന്നതു എന്തിനു്? അദ്ദേഹത്തിനു മററു മെത്രാന്മാരേക്കാൾ അധികാരമില്ലെങ്കിൽ വെറും വേഷം കെട്ടിച്ചിരിക്കുന്നതു് ആക്ഷേപാർഹമല്ലേ എന്നിങ്ങനെ എഴുത്തിന്റെ അവസാനഭാഗത്തു് ചോദിച്ചിരിക്കുന്നതു് സലാമ റമ്പാൻ പ്രത്യേകിച്ചു ചിന്തിക്കേണ്ടതാണു്. സലാമ റമ്പാന്റെ സഭയിലാണെങ്കിലും എല്ലാ മെത്രാന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും മുകളിൽ വേണ്ടിവന്നാൽ അവരെ ശിക്ഷിക്കാനും മുടക്കുവാനുമുള്ള അധികാരത്തോടുകൂടി ഒരു പാത്രിയക്കീസുണ്ടു്. ശ്ലീഹന്മാരുടെ പിൻഗാമികളാണു മെത്രാന്മാർ എന്നു യാക്കോബായ സഭ വിശ്വസിക്കുന്നു. അങ്ങനെയെ

---

*വന്ദ്യദിവ്യശ്രീ ചെപ്പാട്ടു പീലിപ്പോസു റമ്പാൻ എഴുതിയ "നേർവഴികാട്ടി" എന്ന ഗ്രന്ഥത്തിലും, ഈ ഗ്രന്ഥകാരൻ എഴുതിയ "കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും" (പുറം 159—160) എന്ന ഗ്രന്ഥത്തിലും ഈ കത്തു ഉദ്ധരിച്ചിരിക്കുന്നു.

www.malankaralibrary.com



ങ്കിൽ ആ മെത്രാന്മാരെയും മെത്രാപ്പോലീത്താമാരെ
യും മുടക്കുവാൻ അധികാരമുള്ള പാത്രിയർക്കീസ്
മെത്രാന്മാരെക്കാൾ വിശേഷാൽ അധികാരമുള്ള ഒരാ
ളല്ലേ? മുടക്കുന്നവനും മുടക്കപ്പെടുന്നവർക്കും ഒരേ അ
ധികാരമാണോ ഉള്ളതു്? വി. പത്രോസിന്റെ പിൻ
ഗാമിയാണെന്നു പറഞ്ഞാണു പാത്രിയർക്കീസ് മററു
മെത്രാന്മാരെ മുടക്കുന്നതു്. ആകയാൽ പത്രോസിനും
മററു ശ്ലീഹന്മാർക്കും ഒരുപോലെയാണു് അധികാര
മെന്നുള്ള സലാമ റമ്പാന്റെ വിശ്വാസം തന്റെ സ
ഭയുടെ വിശ്വാസമല്ല, പ്രോട്ടസ്റ്റന്റുകാരുടെ വിശ്വാ
സമല്ലേ?

വ്യാഴാഴ്ച രാത്രിയിലെ ശ്ഹീമ്മാ പ്രാത്ഥ
നയിൽ യാക്കോബായ വൈദികർ ഇപ്രകാരം
ചൊല്ലുന്നു:— "സത്യവിശ്വാസം പ്രസംഗിച്ച മെ
ത്രാന്മാർ ശെമഓന്റെ ശബ്ദത്തിൽ തർക്കംകൂടാ
തെ അതു പഠിപ്പിച്ചു". ക്രിസ്തു സ്ഥാപിച്ച
ഏക സത്യസഭയിൽ സത്യവിശ്വാസം പഠിപ്പിക്കു
ന്നതിനു നിയുക്തരായ മെത്രാന്മാർ ഇഷ്ടാനുസരണം
സ്വതന്ത്രമായി സത്യവിശ്വാസം പഠിപ്പിക്കാതെ വി.
പത്രോസിന്റെയും അദ്ദേഹത്തിന്റെ യഥാത്ഥപിൻ
ഗാമികളുടെയും ഐക്യത്തിൽ നിന്നുകൊണ്ടു തക്കം
അഥവാ ഭിന്നത ഇല്ലാതെ ഒരേ വിശ്വാസമാണു പ
ഠിപ്പിച്ചിരുന്നതെന്നുള്ള പുരാതന വിശ്വാസമത്രേ
ഇവിടെ ഏററുപറയുന്നതു്. എന്തുകൊണ്ടെന്നാൽ
സത്യവിശ്വാസം പ്രസംഗിക്കുന്ന എല്ലാ മെത്രാന്മാരു
ടെയും കാലത്തു വി. പത്രോസിന്റെ ശബ്ദം പുറപ്പെ
ടുവിക്കാൻ വി. പത്രോസ് ജീവിച്ചിരിക്കയില്ലല്ലോ.
ആകയാൽ അദ്ദേഹത്തിന്റെ യഥാത്ഥ പിൻഗാമി
യായിരിക്കണം വി. പത്രോസിന്റെ ശബ്ദം പുറപ്പെ

www.malankaralibrary.com



ഉവിക്കുന്നതു്. മുകളിൽ ഉദ്ധരിച്ച കാനോനിലും അറബികാനോനാകളിലും ഏറ്റവുംപറയുന്നതായി നാം കണ്ട റോമ്മാ പാത്രിയക്കീസിന്റെ പരമാധികാരത്തിലുള്ള വിശ്വാസമാണു ഇവിടെയും സൂചിപ്പിക്കപ്പെട്ടിരിക്കുന്നതു്.

എട്ടാം ശതാബ്ദത്തിൽ യാക്കോബായസഭയെ ഭരിച്ചിരുന്ന (758–790) ഗീവറുഗീസ് പാത്രിയക്കീസ് "ഞാനോ നിന്റെ വിശ്വാസം ക്ഷയിച്ചു പോകാതിരിക്കുവാൻ നിന്നെക്കുറിച്ചു പ്രാൎത്ഥിച്ചു. നീയും ഒരിക്കൽ മനസാന്തരപ്പെട്ട നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" (ലൂക്കാ. 22, 32) എന്നിങ്ങനെ അവസാനത്തേ അത്താഴത്തിൽവെച്ചു നമ്മുടെ കൎത്താവു വി. പത്രോസിനോടു അരുളിച്ചെയ്ത വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടു വിശുദ്ധ പത്രോസിനു മററു ശ്ലീഹന്മാരുടെമേൽ ലഭിച്ചിട്ടുള്ള പരമാധികാരത്തെ സംബന്ധിച്ചു ഇങ്ങനെ പറയുന്നു:—"നീ മാനസാന്തരപ്പെട്ട നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക എന്നു അവനോടു പറയപ്പെട്ടു. അതായതു്, മാനസാന്തരപ്പെട്ടശേഷം, അനുതാപിയായി ജീവിച്ചാൽ മാത്രം പോരാ, പ്രത്യുത അവൻ തന്റെ കൂട്ടുകാരുടെ കൂടിയും ഉപദേഷ്ടാവും തലവനും ആവണം. മററെല്ലാ മനുഷ്യരുടെയും മാത്രം ഉപദേഷ്ടാവായാൽ പോരാ, പ്രത്യുത, മനുഷ്യരെ പഠിപ്പിക്കുന്നവരെയും ഉപദേശിക്കുന്നവരെയുംകൂടി ഉറപ്പിക്കുന്നവനാകണം"(1). ശ്ലീഹന്മാരെ ഉറപ്പിക്കുന്ന പത്രോസിനും, ഉറപ്പിക്കപ്പെടുന്ന ശ്ലീഹന്മാൎക്കും ഒരേ അധികാരമല്ല ഉള്ളതെന്നും, ഉറപ്പിക്കുന്നവൻ ഉറപ്പിക്കപ്പെടുന്നവരെപ്പോലെ അല്ല

1) Codex Vat. Syr. 154 p. 224; Jugie V, p. 392–393.

www.malankaralibrary.com



യാൽ ആരും മറ്റുള്ളാതെ ഇളകിപ്പോകുമെന്നും ആരും സമ്മതിക്കും. ആകയാൽ ഗീവറുഗീസ് പാത്രിയക്കീസിന്റെ അഭിപ്രായം എല്ലാ ശ്ലീഹന്മാരുടെയും അധികാരം ഒരുപോലെ അല്ലായിരുന്നെന്നും, വി. പത്രോസിനു മററു ശ്ലീഹന്മാരുടെമേൽ അധികാരമുണ്ടായിരുന്നെന്നും അത്രെ.

ഒമ്പതാം ശതാബ്ദത്തിൽ ജീവിച്ചിരുന്നവനും, മോസലിലേ യാക്കോബായ മെത്രാപ്പോലീത്തായും, യാക്കോബായ പണ്ഡിതന്മാരിൽ അഗ്രഗണ്യനുമായ മോശെ ബർ കീഫോ പൌരോഹിത്യത്തെ സംബന്ധിച്ച എഴുതിയ പ്രബന്ധത്തിൽ പറയുന്നു:— “ശിഷ്യന്മാരെല്ലാവരും ശ്ലീഹന്മാരായിരുന്നു. എല്ലാവരും നമ്മുടെ രക്ഷകനിൽനിന്നു കൈവെപ്പ സ്വീകരിച്ചു. എല്ലാവരും മെത്രാന്മാരാക്കപ്പെട്ടു. എന്നാൽ ഭരണത്തിനുവേണ്ടി ശെമഓൻ (പത്രോസ്) തലവനാക്കപ്പെട്ടു” (2). സഭാഭരണത്തിനുവേണ്ടി പത്രോസ് മററു ശ്ലീഹന്മാരുടെ തലവനാക്കപ്പെട്ടെങ്കിൽ മററു ശ്ലീഹന്മാരുടെമേൽ തലവൻ എന്നു നിയയിൽ എന്തെങ്കിലും ഭരണാധികാരം വി. പത്രോസിനു ലഭിച്ചിരിക്കണം. തലവനു മററുള്ളവരെ അപേക്ഷിച്ച യാതൊരു വിശേഷാധികാരവുമില്ലെങ്കിൽ തലവൻ എന്നു പറയുന്നതിൽ അശേഷം അർത്ഥമില്ല.

പന്ത്രണ്ടാം ശതാബ്ദത്തിൽ യാക്കോബായ സഭയെ ഭരിച്ചിരുന്ന യൂഹന്നോൻ ബർ വഹബൂൻ പാത്രിയക്കീസ് കൂദാശകളെപ്പററി എഴുതിയ വ്യാഖ്യാ

---

2) De Sacerd. Tract. 4. c. 6; Codex de Prop. p. 124.

www.malankaralibrary.com



ന്നതിൽ രേഖപ്പെടുത്തുന്നു:—"കൈവെപ്പിലും, റൂഹാ-
യുടെ വിളിയിലും, ദാനത്തിലും, പാത്രിയൎക്കീസും,
മെത്രാനും, മെത്രാപ്പോലീത്തായും ഒന്നുപോലെയാ
ണു്. ശെമഓനും (പത്രോസും) അവന്റെ കൂട്ടുകാരാ
യ ശ്ലീഹന്മാരും പരിശുദ്ധാത്മാവിന്റെ ദാനം സ്വീ
കരിച്ചു ഒന്നുപോലെ പുരോഹിതന്മാരാക്കപ്പെട്ടതുപോ
ലെതന്നെ. എന്നാൽ മരണത്തിനു ശെമഓൻ(പത്രോ
സു്) തന്റെ കൂട്ടുകാരുടെ തലവൻ ആക്കപ്പെട്ടു"(3).
സുവിശേഷം പ്രസംഗിക്കുക, ദിവ്യബലിയൎപ്പിക്കു
ക, പാപം മോചിക്കുക, പട്ടം നല്കുക മുതലായ
അധികാരങ്ങൾ വി. പത്രോസിനു ലഭിച്ചതുപോലെ
എല്ലാ ശ്ലീഹന്മാൎക്കും ലഭിച്ചിട്ടുണ്ടു്. ഇതുപോലെ
മെത്രാന്മാൎക്കും, മെത്രാപ്പോലീത്താമാൎക്കും, പാത്രിയ
ൎക്കീസുമാൎക്കും മാർപ്പാപ്പായ്ക്കും ഇക്കാൎയ്യങ്ങളിൽ ലഭി
ച്ചിട്ടുള്ള അധികാരം ഒരുപോലെയാണു്. എന്നാൽ
മെത്രാപ്പോലീത്തായ്ക്കു തന്റെ കീഴിലുള്ള മെത്രാന്മാരു
ടെമേലും, പാത്രിയൎക്കീസിനു തന്റെ കീഴിലുള്ള മെത്രാ
ന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും മേലും, പാ
ത്രിയൎക്കീസുമാരിൽ തലവനായ റോമ്മാ പാത്രിയൎക്കീ
സിനു വി. പത്രോസിന്റെ യഥാൎത്ഥപിൻഗാമിയെന്ന
നിലയിൽ സഭ മുഴുവനിലും, അതായതു ലോകമെങ്ങും
വ്യാപിച്ചിട്ടുള്ള സഭയിലെ എല്ലാ പാത്രിയൎക്കീസു
മാരുടെയും, മെത്രാപ്പോലീത്താമാരുടെയും, മെത്രാ
ന്മാരുടെയും, പട്ടക്കാരുടെയും, ജനങ്ങളുടെയുംമേലും
അധികാരമുണ്ടു്. ഇതുപോലെ വി. പത്രോസിനു
സൎവ്വലോകവ്യാപകമായ സഭ മുഴുവനിലും അതായതു
എല്ലാ ശ്ലീഹന്മാരുടെയും അവരുടെ മരണത്തിലി

---

(3) In Exposit. Sacram. C. 29. art. 15; Codex de Prop. Sharfian. Syriac P. 4. 11. a tergo.

www.malankaralibrary.com



രുന്ന എല്ലാവരുടെയും മേൽ അധികാരമുണ്ടായിരുന്നു. വി. പത്രോസിനല്ലാതെ ശ്ലീഹന്മാരിൽ ആൎക്കും മറു ശ്ലീഹന്മാരുടെ മേലോ, സഭ മുഴുവനിലുമോ ഭരണാധികാരമില്ലായിരുന്നു തലവനായ വി. പത്രോസിനോടു യോജിച്ചുനിന്നുകൊണ്ടാണു ശ്ലീഹന്മാർ ഓരോരോ സ്ഥലത്തു സഭ സ്ഥാപിച്ചു ഭരിച്ചുവന്നിരുന്നതു്. ഇതുപോലെ വി. പത്രോസിന്റെ യഥാൎത്ഥപിൻഗാമിയായ റോമാ പാത്രിയർക്കീസിന്റെ ഐക്യത്തിൽ നിന്നുകൊണ്ടുവേണം മററു പാത്രിയർക്കീസുമാരും മേല്പട്ടക്കാരും സഭയെ ഭരിക്കുവാൻ. ഇക്കാൎയ്യമാണു യക്കോബായക്കാർ സ്വീകരിക്കുന്ന ഹൂദായ കാനോനും അറബി കാനോനാകളും വ്യക്തമാക്കുന്നതും, അവ കത്തോലിക്കരുടെ കൃത്രിമ ഗ്രന്ഥങ്ങളാണെന്നു പറഞ്ഞു തള്ളിക്കളഞ്ഞിരിക്കുന്ന സലാമറമ്പാൻ തന്റെ നിലയെ സാധൂകരിക്കുവാൻ വി. പത്രോസിന്റെ പരമാധികാരവും തള്ളിക്കളയാതെ നിവൃത്തിയില്ല. വി. പത്രോസിനു സഭ മുഴുവനിലും ഭരണാധികാരം നല്കിയതു അദ്ദേഹത്തിന്റെ കാലത്തേക്കുവേണ്ടി മാത്രമല്ല. സഭ ലോകാവസാനംവരെ നിലനില്പാനുള്ള സ്ഥാപനമാകയാൽ വി. പത്രോസിനു ലഭിച്ച ഭരണാധികാരം അദ്ദേഹത്തിന്റെ യഥാൎത്ഥപിൻഗാമിക്കും ലഭിക്കേണ്ടതാണു്. വി. പത്രോസു് ആദ്യം ജരുസലേമിലും, പിന്നീടു അന്ത്യോക്യായിലും സുവിശേഷം പ്രസംഗിച്ചു. ഏഴുകൊല്ലം അന്ത്യോക്യായിൽ ഭരിച്ചിട്ടു റോമ്മായിലേക്കു പോയി. അവിടെ മെത്രാനായി ഭരണം നടത്തുകയിൽ രക്തസാക്ഷിയായി മരിച്ചു. വി. പത്രോസു് അന്ത്യോക്യായിൽ നിന്നു റോമ്മിലേക്കു പോയപ്പോഴും തനിക്കു ലഭിച്ച പരമാധികാരം അന്ത്യോക്യായിൽ ഭരണ

www.malankaralibrary.com



ഭരമേല്പിച്ച എവോദിയോസിനു നല്കിയിട്ടല്ല പോയതു്. അങ്ങനെ നല്കിയെങ്കിൽ വി. പത്രോസ് ജീവിച്ചിരിക്കെ എവോദിയോസിൻെറ അധികാരത്തിനു വിധേയനായി എന്നു വരും. പത്രോസ് ജീവിച്ചിരിക്കെ വേറൊരു തലവൻ സഭയ്ക്കുണ്ടായിരിക്കയില്ലല്ലോ. മാത്രമല്ല, അന്ത്യോക്യാസിംഹാസനത്തിലെ മെത്രാനു (പാത്രിയർക്കീസിനു) സഭ മുഴുവനിലും അധികാരം ലഭിച്ചിട്ടുള്ളതായി യാതൊരു ചരിത്രരേഖയുമില്ല. യാക്കോബായ പാത്രിയർക്കീസുമാർ അന്ത്യോക്യാസിംഹാസനത്തിൽ വി. പത്രോസിൻെറ പിൻഗാമികളാണെന്നു പറയുന്നുണ്ടെങ്കിലും "അന്ത്യോക്യായിലും കിഴക്കൊക്കെയും" ഭരണാധികാരമുള്ളതായിട്ടേ ഇപ്പോഴും അവരുടെ കല്പനകളിലും മുകളിൽ ഉദ്ധരിച്ച ഹൂദായകാനോനിലും പറയുന്നുള്ളു (പുറം 39–40). നേരെ മറിച്ചു റോമ്മാപാത്രിയർക്കീസ് കിഴക്കും പടിഞ്ഞാറും വടക്കും തെക്കും ഉൾപ്പെട്ട സഭ മുഴുവനിലും അധികാരം സിദ്ധിച്ചിട്ടുള്ളതായി അവകാശപ്പെടുകയും, ഈ അവകാശവാദം ശരിയാണെന്നു അനിഷേധ്യമായ ചരിത്രരേഖകൾ ചൂണ്ടിക്കാണിക്കയും ചെയ്യുന്നു. ഈ ചരിത്രരേഖകളെ യാക്കോബായസഭ സ്വീകരിക്കുന്ന ഹൂദായകാനോനും അറബി കാനോനാകളും ഉദ്ധരിക്കുന്നു. ഇക്കാരണത്താൽ യാക്കോബായ പാത്രിയർക്കീസല്ല, റോമ്മാപാത്രിയർക്കീസാണു വി പത്രോസിൻെറ പരമാധികാരമുള്ള യഥാർത്ഥ പിൻഗാമി; അന്ത്യോക്യാസിംഹാസനമല്ല, റോമ്മാസിംഹാസനമാണു വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമിത്വമുള്ള സിംഹാസനം. ആകയാൽ യാക്കോബായക്കാർ റോമ്മാപാത്രിയർക്കീസിനോടുള്ള ഐക്യത്തിൽ വരാത്തകാലത്തോളം

www.malankaralibrary.com



വി. പത്രോസിനോടുള്ള ഐക്യത്തിൽ നിന്നു വേർപെട്ട ഏകസത്യസഭയ്ക്കു പുറത്തു നിൽക്കുന്നു. യാക്കോബായസഭയുടെ നിയമവിരുദ്ധമായ ഈ നിലയെ സാധൂകരിക്കുന്നതിനുവേണ്ടിയത്രേ ശ്ലീഹന്മാരെല്ലാം സമന്മാരാണെന്നും, വി. പത്രോസിനു പരമാധികാരമില്ലെന്നുമുള്ള , പ്രോട്ടസ്റ്റൻറ വാദവുംകൊണ്ടു സലാമ റമ്പാൻ ഇറങ്ങിയിരിക്കുന്നതു്. ഈ വാദം യാക്കോബായസഭയുടെ വിശ്വാസത്തിനു എതിരാണെന്നുള്ള കാര്യം റമ്പാച്ചൻ ഓർക്കുന്നില്ല. കത്തോലിക്കസഭയോടുള്ള കഠിനമായ വിദ്വേഷം അദ്ദേഹത്തിൻെറ ബുദ്ധിയെയും ചിന്തകളെയും അന്ധകാരപ്പെടുത്തുകയും, മത്തു പിടിപ്പിക്കയും ചെയ്തിരിക്കുന്നു!

## 5. ദുർവ്യാഖ്യാനങ്ങൾ.

റമ്പാച്ചൻെറ പുസ്തകത്തിൽ എവിടെ നോക്കിയാലും വായനക്കാരെ വഞ്ചിക്കുന്നതും തെററിദ്ധരിപ്പിക്കുന്നതുമായ ദുർവ്യാഖ്യാനങ്ങളും പ്രസ്താവനകളും പ്രതിപാദനങ്ങളും മാത്രമേ കാണാനുള്ളു. ഇതുവരെ പ്രസ്താവിച്ച കാര്യങ്ങളിൽനിന്നു മാന്യ വായനക്കാർക്കു ഇക്കാര്യം ശരിയായി ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും റമ്പാച്ചൻ വേറെയും അനേക വിഷയങ്ങളെ പ്രതിപാദിക്കുന്നതുകൊണ്ടു അവയ്ക്കും സംക്ഷിപ്തമായിട്ടെങ്കിലും മറുപടി കൊടുത്തില്ലെങ്കിൽ ഈ വിമർശനം അപൂർണ്ണമായിരിക്കും.

(1) സഭയുടെ വിശുദ്ധി.

സഭയുടെ സാർവത്രികത, ഏകത്വം എന്നീ രണ്ടു ലക്ഷണങ്ങളെ സംബന്ധിച്ചു റമ്പാച്ചൻ നൽകു

www.malankaralibrary.com



ന്ന ദുർവ്യാഖ്യാനങ്ങൾ എങ്ങനെയുള്ളതാണെന്നു നാം കണ്ടുകഴിഞ്ഞു (മുകളിൽ പുറം 9, 54–59). കത്തോലിക്കാസഭയ്ക്കു സാന്മാർഗ്ഗികവിശുദ്ധിയില്ലെന്നു കാണിക്കുവാൻവേണ്ടി വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രത്തിലെ കാര്യങ്ങൾ മുകളിൽ നാം കണ്ടതുപോലെ റമ്പാച്ചൻ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നു. ഇവയെല്ലാം വ്യാജപ്രസ്താവനകളും കൃത്രിമങ്ങളുമാകയാൽ റമ്പാച്ചൻ പണ്ടത്ത കോട്ട തകർന്നതായി കരുതാമല്ലോ. കത്തോലിക്കാ സഭയിലുള്ളതുപോലെ ഇത്രയേറെ വിശുദ്ധന്മാർ വേറൊരു ക്രൈസ്തവസഭയിലും ഇല്ലെന്നും, ഫ്രാൻസിസ് അസ്സീസ്സി, കൊച്ചുത്രേസ്യാ, വിൻസെൻറ് ഡി പോൾ ആദിയായ വിശുദ്ധാത്മാക്കളെപ്പോലെ അഖിലലോക പ്രസിദ്ധരും മഹാ ത്യാഗികളുമായ വിശുദ്ധരെ വേറൊരു സഭയും പുറപ്പെടുവിച്ചിട്ടില്ലെന്നും ഗീവർഗീസ് കോർ എപ്പിസ്കോപ്പാ തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിനു മറുപടിയായി റമ്പാച്ചൻ പറയുന്നതു കത്തോലിക്കാസഭ അനേകം കൊലപാതകങ്ങൾ ചെയ്തവരെയും, മുപ്പതോളം വെപ്പാട്ടികളുള്ള വ്യഭിചാരികളെയും വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്തിട്ടുണ്ടെന്നാണ് (പുറം II, 32). കത്തോലിക്കാ സഭയെ ഏററം ദോഷിക്കുന്ന നിരീശ്വരന്മാരുടെപോലും പ്രശംസയ്ക്കും വിസ്മയത്തിനും പാത്രീഭൂതരായ അസംഖ്യം വിശുദ്ധന്മാർ വന്ദ്യ റമ്പാച്ചനു കൊലപാതകികളും ദുർമ്മാർഗ്ഗികളുമായി തോന്നുന്നെങ്കിൽ ഈ റമ്പാച്ചന്റെ ലോകപരിചയവും, ഹൃദയപരമാർത്ഥതയും, കത്തോലിക്കാ സഭയെ സംബന്ധിച്ചുള്ള ജ്ഞാനവും എത്ര പ്രശംസനീയം!

ഏതു ഭക്തനെയും കത്തോലിക്കാസഭ പുണ്യവാനായി നാമകരണം ചെയ്യുകയില്ല. വീരോചിത പു

www.malankaralibrary.com



ണ്യങ്ങൾ (heroic virtues) ചെയ്തു ഏവർക്കും അനുകരണയോഗ്യരായിത്തീർന്നിട്ടുള്ള ചിലരെ മാത്രമേ വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്യാറുള്ളൂ. മരിച്ച ഒരാളുടെ ജീവിതപരിശുദ്ധിയെയും വീരോചിത പുണ്യങ്ങളെയും സംബന്ധിച്ച ദീർഘകാലം അതിനിഷ്കൃഷ്ടമായ അന്വേഷണം നടത്തി സഭാധികാരികൾക്കു മനോബോദ്ധ്യം ലഭിച്ചാലും അയാളുടെ മാദ്ധ്യസ്ഥത്താൽ അനിഷേധ്യമെന്നു ശാസ്ത്രീയരീത്യാ തെളിഞ്ഞ രണ്ടു അത്ഭുതരോഗശമനങ്ങളെങ്കിലും—സ്വവിശേഷത്തിൽ അറിയപ്പെടുന്നതുപോലെയുള്ള എന്തെങ്കിലും രോഗശമനങ്ങൾ—നടന്നെങ്കിൽ മാത്രമേ "അനുഗ്രഹീതൻ" (Blessed) എന്നു അദ്ദേഹത്തെ നാമകരണം ചെയ്യുകയുള്ളൂ. അതു കഴിഞ്ഞാൽ അതുപോലെയുള്ള രണ്ടു അത്ഭുതസംഭവങ്ങൾ നടന്നെങ്കിലേ വിശുദ്ധൻ (Saint) എന്ന നാമകരണം ചെയ്യുകയുള്ളൂ. പല കൊല്ലങ്ങളോളമായി അന്വേഷണവും പഠനവും നടത്തിയിട്ടും ഭരണങ്ങാനത്തെ അതിഭക്തയായ അല്ഫോൻസാമ്മയെ ഇതുവരെ അനുഗ്രഹീത എന്ന പദവിക്കു താഴെയുള്ള വന്ദ്യ (Venerable) എന്നുപോലും നാമകരണം ചെയ്തിട്ടില്ലെന്നു അറിയുമ്പോൾ കത്തോലിക്കാസഭ വിശുദ്ധന്മാരുടെ നാമകരണത്തിൽ കാണിക്കുന്ന വിവേകവും ശ്രദ്ധയും അന്വേഷണരീതിയും എത്രമാത്രമെന്നു നമ്മുടെ നാട്ടിലുള്ള സാധാരണക്കാർക്കുപോലും ഇപ്പോൾ മനസ്സിലാക്കാം. എന്നിട്ടാണു സലാമ റമ്പാച്ചൻ തന്റെ അപവാദങ്ങളും വ്യാജപ്രസ്താവനകളുമാകുന്ന ചരക്കു മലങ്കരയിൽ വിററഴിക്കാൻ ശ്രമിക്കുന്നതു്.

ലണ്ടനിൽനിന്നു പുറപ്പെടുന്ന "യൂണിവേഴ്സ്" എന്ന വിശ്വവിശ്രുത പത്രത്തിന്റെ 1957 ആഗസ്റ്റ്

www.malankaralibrary.com



30–ാംനം-യിലെ ലക്കത്തിൽ ചേർത്തിട്ടുള്ള ഒരു റിപ്പോർട്ട് ഇപ്രകാരമാണ്:— "Miracles needed in a Passionists' cause. Speaking of the canonisation cause of the Venerable Dominic Barberi on Sunday, Fr. Alfred Wilson, Passionist procurator general, said that what was needed to further his beatification cause were miracles. 'It is not a question of doubt as to sanctity that is holding back his beatification', he said. 'But two authenticated miracles are necessary before the process can be completed'. Several miracles have already been rejected officially, although privately they have been accepted, .......... Proof wanted. 'But what we really want are miracles from Lancashire. Some people today are sceptical, but the faith is still strong in this country and a miracle would furnish undeniable proof'.

Fr. Wilson was preaching during the annual pilgrimage to the Ven. Dominic's tomb.......... Despite the bad weather, more than 2,000 pilgrims were present .......

The Ven. Dominic Barberi, an Italian Passionist, arrived in England on November 5, 1840 and died in 1849........ His amazing work, amid great tribulations, has earned him the title of 'Apostle of the Second Spring'. It was he who, on October 9, 1845 received into the Church Cardinal Newman".

(Universe, London, August 30, 1957)

### പരിഭാഷ.

"ക്രിസ്തുവിന്റെ പീഡാനുഭവ സന്യാസ സഭ"യിലെ ഒരംഗത്തെ "അനുഗ്രഹിതൻ" എന്ന നാമകര

www.malankaralibrary.com



ണം ചെയ്യുവാൻ അത്ഭുതങ്ങൾ ആവശ്യമായിരിക്കു ന്നു. വന്ദ്യനായ ഡോമിനിക്ക ബർബേരിയെ വിശു ദ്ധനെന്നു പ്രഖ്യാപനം ചെയ്യുന്നതു സംബന്ധിച്ചുള്ള ചടങ്ങുകളെപ്പററി സംസാരിക്കയിൽ പീഡാനുഭവ സ ന്യാസസഭയിലെ പ്രൊക്കുറേറ്റർ ജനറലായ ഫാദർ ആൽഫ്രഡ് വിൽസൺ കഴിഞ്ഞ ഞായറാഴ്ച പറ ഞ്ഞതു്, അനുഗ്രഹീതൻ എന്നു പേരുവിളിക്കുന്ന ചട ങ്ങു പുരോഗമിപ്പിക്കുന്നതിനു് ആവശ്യമായിരിക്കുന്ന തു് അത്ഭുതങ്ങളാണെന്നത്രേ. 'അനുഗ്രഹീതൻ എന്നു പേരുവിളിക്കുന്നതിനു പ്രതിബന്ധമായിനിൽക്കുന്നതു ജീവിതവിശുദ്ധിയെ സംബന്ധിച്ചുള്ള എന്തെങ്കിലും സംശയകരമായ പ്രശ്നമല്ല' എന്നു് അദ്ദേഹം പറ ഞ്ഞു: 'ഈ ചടങ്ങു പൂർത്തിയാക്കുന്നതിനു മുമ്പു പ്രാ മാണികമായ രണ്ടു അത്ഭുതങ്ങൾ വേണ്ടിയിരിക്കുന്നു.' പല അത്ഭുതങ്ങളെയും (തിരുസംഘം) ഔദ്യോഗിക മായി തള്ളിക്കളഞ്ഞിരിക്കുന്നു. രഹസ്യമായി അവ സ്വീകരിക്കപ്പെട്ടിരുന്നവയാണു്...തെളിവുകൾ വേ ണ്ടിയിരിക്കുന്നു. 'വാസ്തവത്തിൽ നമുക്കു വേണ്ടതു ലങ്കാഷയാറിൽ നിന്നുള്ള അത്ഭുതങ്ങളാണു്. ചില ആളുകൾ ഇന്നു അവിശ്വാസികളായിത്തീർന്നിരിക്കു ന്നു. എന്നാൽ ഈ പ്രദേശത്തു വിശ്വാസം ഇപ്പോഴും ശക്തിമത്താണു്. അത്ഭുതം അനിഷേധ്യമായ തെ ളിവു നല്കും.'

ഫാദർ വിൽസൺ വന്ദ്യനായ ഡോമ്മിനിക്കി ന്റെ കവറിടത്തിങ്കൽ വാർഷിക തീർത്ഥാടനാഘോ ഷങ്ങളിൽ പ്രസംഗിക്കയായിരുന്നു...കാലാവസ്ഥ പ്ര തികൂലമായിരുന്നിട്ടും രണ്ടായിരത്തിലധികം തീർത്ഥ കർ അവിടെ സന്നിഹിതരായിരുന്നു...വന്ദ്യനായ ഡോമ്മിനിക്ക ബർബേരി ഇററലി സ്വദേശിയും,

www.malankaralibrary.com



ചിഡാനുഭവ സന്യാസസമാംഗവുമായിരുന്നു. അദ്ദേഹം 1840 നവംമ്പർ 5–ാംനു- ഇംഗ്ലണ്ടിൽ വന്നു. 1849–ൽ മരിച്ചു...വലിയ പീഡകൾക്കിടയിൽ അദ്ദേഹം നടത്തിയ വിസ്മയകരമായ പ്രവർത്തനങ്ങൾ നിമിത്തം 'ദ്വിതീയ വസന്തകാലത്തിൻെറ പ്രേഷിതൻ' എന്ന സ്തുത്യർഹമായ നാമം അദ്ദേഹത്തിനു ലഭിച്ചു. 1845 ഒക്ടോബർ 9–ാംനു- കർദ്ദിനാൾ ന്യൂമാനെ ഇദ്ദേഹമാണു കത്തോലിക്കാസഭയിൽ സ്വീകരിച്ചതു്."

മഹാനായ ഒരു സന്യാസിയെ അനുഗ്രഹീതനെന്നു പേരു വിളിക്കുന്നതിനു തന്നെയും ഇത്രമാത്രം ശ്രദ്ധയാണു കത്തോലിക്കസഭ പ്രദർശിപ്പിക്കുന്നതെങ്കിൽ അനേകരെ കൊന്നിട്ടുള്ളവരെയും മുപ്പതോളം വെപ്പാട്ടികളുണ്ടായിരുന്നവരെയും കത്തോലിക്കസഭ വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്യുന്നു എന്നുള്ള പ്രസ്താവന അന്യരെ നീചനീചമായി ദൂഷിക്കുന്നതിൽ സിദ്ധിച്ചിട്ടുള്ള ദീർഘകാലത്തെ തഴക്കംകൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടു്? യാക്കോബായ സഭയിൽ പല വിശുദ്ധന്മാരുമുണ്ടെന്നു റമ്പാച്ചൻ പറയുന്നു (II, പുറം 32). കത്തോലിക്കസഭയിൽ നിന്നു വേർപിരിഞ്ഞശേഷം യാക്കോബായസഭയിൽ ഭക്തന്മാർ ഉണ്ടായിട്ടുണ്ടെന്നല്ലാതെ അഖിലലോകപ്രസിദ്ധരായ ഏതു വിശുദ്ധന്മാരുണ്ടായിട്ടുണ്ടു്? കത്തോലിക്കസഭയിലുള്ളവരെപ്പോലെ വീരോചിതപുണ്യങ്ങൾ ചെയ്തവരോ അവർ? അവരെ പേരു വിളിക്കുന്നതിനു മുമ്പു കത്തോലിക്കസഭയിലുള്ളതുപോലെ കർശനമായ അന്വേഷണങ്ങൾ നിർവ്വഹിച്ചിട്ടുണ്ടോ? അനിഷേധ്യമായി തെളിഞ്ഞിട്ടുള്ള അ

www.malankaralibrary.com



ഭുതങ്ങളെ ആസ്പദമാക്കിയാണോ നാമകരണം നടത്തിയിട്ടുള്ളത്?

പരുമലതിരുമേനി വലിയ ഒരു ഭക്തനായിരുന്നു എന്നതിനു സംശയമില്ല. അദ്ദേഹത്തെ ഒരു വിശുദ്ധനായി ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനി ഒരു ദിവസം പ്രഖ്യാപനം ചെയ്തു. കത്തോലിക്കസഭയിൽ നടക്കുന്നതുപോലെ ദീർഘകാലത്തെ കൃശനമായ അന്വേഷണങ്ങളുടെയും പഠനത്തിന്റെയും ശേഷവും, ശാസ്ത്രീയരീത്യാ തെളിയിച്ചിട്ടുള്ള അത്ഭുതസംഭവങ്ങളെ ആസ്പദമാക്കിയുമാണു ഈ നാമകരണം നടന്നതെന്നു യാക്കോബായക്കാർക്കു തെളിയിക്കാമെന്നു തോന്നുന്നില്ല. സ്വർഗ്ഗത്തിൽ പോകുവാൻ അർഹതയുള്ള വലിയ ഭക്തന്മാരെ അല്ല, വീരോചിതപുണ്യങ്ങൾ ചെയ്തു ഏവർക്കും അനുകരണയോഗ്യരായിത്തീർന്നിട്ടുള്ള അസംഖ്യം പേരിൽ ചിലരെ മാത്രമാണു കത്തോലിക്കാസഭ വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്തിട്ടുള്ളത്. കുഷ്ഠരോഗികളെ ശുശ്രൂഷിച്ചു കുഷ്ഠരോഗം ബാധിച്ചു, ഒടുവിൽ കുഷ്ഠരോഗിയായി മരിച്ചിട്ടുള്ള അഖിലലോകപ്രസിദ്ധനും മഹാ ത്യാഗിയുമായ ഫാദർ ഡാമിയനെയോ, "ക്രിസ്ത്വാനുകരണം" എന്ന ജഗൽ പ്രസിദ്ധമായ ഗ്രന്ഥത്തിന്റെ കർത്താവും മഹാ ഭക്ത സന്യാസിയുമായിരുന്ന തോമ്മസ് അ കെമ്പീസിനെയോ അനുഗ്രഹീതൻ എന്ന പദവിക്കും "വന്ദ്യൻ" എന്ന പദവിക്കും വളരെ താഴെയുള്ള "ദൈവത്തിന്റെ ദാസൻ" എന്നുപോലും ഇതുവരെ നാമകരണം ചെയ്തിട്ടില്ല.

www.malankaralibrary.com



## (2) സഭയുടെ ശ്ലൈഹികത്വം.

ശ്ലീഹന്മാർ പഠിപ്പിച്ച അതേ ഉപദേശങ്ങളെ തന്നെയാണു യാക്കോബായസഭ പഠിപ്പിക്കുന്നതെന്നും, പാഷണ്ഡോപദേശങ്ങൾ യാക്കോബായ സഭയിൽ ഇല്ലെന്നും റമ്പാച്ചൻ പറയുന്നു (പുറം 4, 8). യാക്കോബായ സഭയിലെ ഔദ്യോഗികഗ്രന്ഥങ്ങളിൽ കാണുന്ന വിശ്വാസങ്ങൾക്കെതിരായി ആ സഭയിൽ പഠിപ്പും പ്രാമാണ്യവുമുള്ളവർ ഇക്കാലത്തു പറയുകയും എഴുതുകയും ചെയ്യുന്നതിനാൽ യാക്കോബായക്കാർക്കു പാഷണ്ഡതയില്ലെന്നു പറഞ്ഞുകൂടാ. "പല സത്യസഭകൾ അഥവാ സഹോദരീസഭകൾ ഉണ്ട്; വി. പത്രോസിനു പരമാധികാരമില്ല; ശ്ലീഹന്മാരെല്ലാം അധികാരത്തിൽ സമന്മാരായിരുന്നു; റോമ്മാ മാർപ്പാപ്പായ്ക്കും മററു പാത്രിയർക്കീസുമാർക്കും ഒരുപോലെയാണു അധികാരം; മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച കേരളീയസഭ സ്വസ്വതന്ത്രമാണ്, വിദേശത്തെ യാതൊരു അധികാരത്തിനും അതു വിധേയമായിരിക്കേണ്ട ആവശ്യമില്ല; പാത്രിയർക്കീസ് മെത്രാനെ മുടക്കിയാൽ ആ മെത്രാൻെറ പട്ടംകൂടി മാഞ്ഞു് അൽമായക്കാരനായിത്തീരും" എന്നിങ്ങനെയുള്ള വിശ്വാസങ്ങളൊക്കെ മലങ്കര ഓർത്തഡോക്സ് കക്ഷിയിലും പാത്രിയർക്കീസു കക്ഷിയിലുമായി കണ്ടുവരുന്നു. ഇവയൊന്നും പുരാതനസഭയിൽ ഉണ്ടായിരുന്ന വിശ്വാസമല്ല. ആകയാൽ പുരാതന ഗ്രന്ഥങ്ങളിൽ കാണുന്ന യാക്കോബായ സഭസ്ലൂമുകളിൽ പ്രസ്താവിച്ച വിധം നിഷ്കൃഷ്ടമായ അർത്ഥത്തിൽ (പുറം 35) പാഷണ്ഡതയില്ലെന്നു വന്നാലും ഇപ്പോൾ നടപ്പിലിരിക്കുന്ന യാക്കോബായ സഭയിൽ പാഷണ്ഡതയില്ലെന്നു പറ

www.malankaralibrary.com



യുന്നതു ശരിയല്ല. ഗ്രന്ഥത്തിലെ പശു പുല്ലു തിന്നുകയില്ലല്ലോ.

ഒരു സഭ അപ്പോസ്തോലികമാണെങ്കിൽ ഏകസത്യസഭയിൽനിന്നു വേർപെടാത്ത—മുടക്കപ്പെടാത്ത—സ്ഥിതിയിലുമായിരിക്കണം. 451-ൽ കൽക്കദോനിയാ സുന്നഹദോസിൽവെച്ചു നിയമാനുസരണം മുടക്കപ്പെട്ടു ബഹിഷ്കരിക്കപ്പെട്ട ഏകസ്വഭാവവാദികളിൽ ചില വിഭാഗക്കാരെ 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യാക്കോബ് ബുർദാനാ എന്ന മേല്പട്ടക്കാരൻ സംഘടിപ്പിച്ചു രൂപവൽക്കരിച്ചതാണു യാക്കോബായ സഭ. "റീശ്" അഥവാ തലവനായ പാത്രിയർക്കീസ് എന്നു യാക്കോബായ സഭയിലെ ഹൂദായ കാനോനും അറബി കാനോനുകളും വിളിച്ചുവരുന്ന റോമ്മാ പാത്രിയർക്കീസിൽ നിന്നു യാക്കോബായ സഭ വേർപെട്ടു നിൽക്കുന്നതിനാൽ ആ സഭയിലെ ഭരണാധികാരികൾ മുടക്കപ്പെട്ട സ്ഥിതിയിലാണു ഇരിക്കുന്നതു്. (മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ? പുറം 51-75 കാണുക.) ആകയാൽ യാക്കോബായ സഭയ്ക്കു ശ്ലൈഹികത്വം അഥവാ ശ്ലീഹന്മാരിൽ നിന്നു ലഭിച്ച നിർമ്മലമായ ഉപദേശങ്ങളും ഇടമുറിയാത്ത ഭരണാധികാരവുമില്ല.

ഇങ്ങനെ ഏകസത്യസഭയുടെതായി നിക്യാ സുന്നഹദോസ് ചൂണ്ടിക്കാണിക്കുന്ന സാർവ്വത്രികത, ഏകത്വം, വിശുദ്ധി, ശ്ലൈഹികത്വം എന്നീ നാലു ലക്ഷണങ്ങളും യാക്കോബായ സഭയിൽ നിറവേറിയിട്ടുണ്ടെന്നു സ്ഥാപിക്കുവാൻ റമ്പാച്ചൻ ചെയ്യുന്ന ശ്രമം ദുർവ്യാഖ്യാനങ്ങളിന്മേൽ അധിഷ്ഠിതവും, ചരിത്രരേഖകൾക്കും യാഥാർത്ഥ്യങ്ങൾക്കും വിരുദ്ധവുമാകുന്നു. വാസ്തവത്തിൽ യാക്കോബായ സഭയല്ല, കത്തോലി-

www.malankaralibrary.com



ക സഭയാണ നാലു ലക്ഷണങ്ങളുമുള്ള ഏക സത്യസഭ (ഏകസത്യസഭ എന്ന ഗ്രന്ഥം കാണുക.)

### (3) പൊതുസൂനഹദോസുകൾ.

പുരാതന സഭയിലുള്ള ചില വിശ്വാസ വിഷയങ്ങളെ കത്തോലിക്കാസഭ വിശദീകരിക്കയോ ഔദ്യോഗികമായി പ്രഖ്യാപിക്കയോ ചെയ്തുവരുന്നതിനെ ആസ്പദമാക്കി പുതിയ വിശ്വാസസത്യങ്ങളെ കത്തോലിക്കാ സഭ കണ്ടുപിടിക്കുന്നു എന്നുള്ള ആരോപണം റമ്പാച്ചന്റെ ഗ്രന്ഥത്തിൽ പലഭാഗത്തും കാണ്മാനുണ്ട്. (പുറം 4, 9—11; II, 11, 17). വായനക്കാരെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടി എഫേസൂസ് സൂനഹദോസിന്റെ രണ്ടാം നിശ്ചയം അദ്ദേഹം ഉദ്ധരിക്കുന്നു. "പരിശുദ്ധാത്മാവോടുകൂടി നിഖ്യായിൽ കൂടിയ വി. പിതാക്കന്മാർ വച്ചതായ ആ വിശ്വാസമല്ലാതെ വേറൊരു വിശ്വാസം ഉണ്ടാക്കുവാനോ എഴുതുവാനോ ആർക്കും അധികാരമില്ലെന്നു വി. സൂനഹദോസ് തീരുമാനിച്ചു" (പുറം 11). തുടന്ന് റമ്പാച്ചൻ എഴുതുന്നു: "നിഖ്യാവിശ്വാസം, അതേപടി വിശുദ്ധ സഭ സ്വീകരിച്ചു തൃപ്തിപ്പെടുന്നു. അതു നിരസിക്കയോ, അതിൽകൂടുതൽ കുറവുകൾ വരുത്തുകയോ ചെയ്യുന്നവരെ വിശുദ്ധ സഭ ശപിക്കുന്നു." (പുറം 11).

നിഖ്യാസൂനഹദോസിനു ശേഷം 381-ൽ നടന്ന കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസിനെയും, 431-ൽ നടന്ന എഫേസൂസ് സൂനഹദോസിനെയും കത്തോലിക്കരും യാക്കോബായക്കാരും സ്വീകരിക്കുന്നുണ്ട്. നിഖ്യാ സൂനഹദോസിൽ ക്രിസ്തു ദൈവമാണെന്നും, കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസിൽ

www.malankaralibrary.com



പരിശുദ്ധാത്മാവു ദൈവമാണെന്നും, എഫേസൂസ് സൂനഹദോസിൽ ദൈവപുത്രനും സാക്ഷാൽ മനുഷ്യനുമായ ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ (Person) ഉള്ളുവെന്നും, ദൈവപുത്രനെ പ്രസവിച്ചതിനാൽ കന്യകമറിയത്തെ ദൈവമാതാവെന്ന സന്യായം വിളിക്കാമെന്നുമാണു ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തതു്. ഈ സൂനഹദോസുകളിൽ ഇങ്ങനെ പ്രഖ്യാപനങ്ങൾ ഉണ്ടാകുന്നതിനു മുമ്പു് ഇവയെല്ലാം സഭയിൽ ഉണ്ടായിരുന്ന വിശ്വാസകാര്യങ്ങളാണ്. യഥാക്രമം ആറിയോസ്, മക്കദോനിയസ്, നെസ്തോറിയസ് എന്നീ പാഷണ്ഡികളുടെ അബദ്ധോപദേശങ്ങൾക്കു എതിരായിട്ടാണു് ഈ പ്രഖ്യാപനങ്ങൾ നടന്നതു്. ഇങ്ങനെ നിക്യാസൂനഹദോസിൽ പ്രഖ്യാപനം ചെയ്യാത്ത കാര്യങ്ങൾ പിന്നാലെ നടന്ന സൂനഹദോസുകളിൽ പ്രഖ്യാപനംചെയ്തുകൊണ്ടു സഭയും പിതാക്കന്മാരും നിക്യാസൂനഹദോസിന്റെ വിശ്വാസത്തെ ഭേദപ്പെടുത്തിയതായി യാക്കോബായക്കാരോ കത്തോലിക്കരോ വിശ്വസിക്കുന്നില്ല. സൂനഹദോസുകളുടെ പ്രഖ്യാപനങ്ങളാൽ സഭയിൽ നേരത്തേ ഉണ്ടായിരുന്ന വിശ്വാസവിഷയങ്ങൾ സാധാരണക്കാർക്കും മനസ്സിലാകത്തക്കവണ്ണം വിശദീകരിക്കപ്പെടുകയും വ്യക്തമാക്കപ്പെടുകയും ചെയ്തു എന്നല്ലാതെ സൂനഹദോസുകൾ പുതിയ വിശ്വാസസത്യങ്ങളെ കണ്ടുപിടിക്കയല്ല ചെയ്തതു്. നിക്യാ സൂനഹദോസിൽ പരിശുദ്ധാത്മാവു ദൈവമാണെന്നോ, ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളുവെന്നോ, കന്യകമറിയത്തെ ദൈവമാതാവെന്നു വിളിക്കാമെന്നോ പ്രഖ്യാപനം ചെയ്തിട്ടില്ല. സലാമമ്പാന്റെ വ്യാഖ്യാനപ്രകാരമാണെങ്കിൽ നിക്യാ സൂനഹദോസിൽ പ്രഖ്യാപനം ചെ

www.malankaralibrary.com



ള്ളാത്ത. ഈ വിശ്വാസസത്യങ്ങൾ സ്വീകാരയോഗ്യമല്ല. നിക്യാ സൂനഹദോസിന്റെ വിശ്വാസപ്രഖ്യാപനംകൊണ്ടു സഭ തൃപ്തിയടഞ്ഞെങ്കിൽ എന്തിനാണു പിന്നീടു രണ്ടു സൂനഹദോസുകൾകൂടി സമ്മേളിച്ചു പുതിയ വിശ്വാസപ്രഖ്യാപനങ്ങൾ നടത്തിയതു്? നിക്യാസൂനഹദോസിന്റെ നിശ്ചയങ്ങളിൽ എല്ലാ വിശ്വാസകാര്യങ്ങളും അടങ്ങിയിരിപ്പുണ്ടെങ്കിൽ മററു രണ്ടു സൂനഹദോസുകളുടെ നിശ്ചയങ്ങൾ എന്തിനു യാക്കോബായക്കാർ സ്വീകരിക്കുന്നു? "നിക്യാവിശ്വാസപ്രമാണം" എന്ന പേരിൽ അറിയപ്പെടുന്നതും, കത്തോലിക്ക, നെസ്തോറിയൻ, യാക്കോബായ, ഗ്രീക്കു ആദിയായ സഭകളെല്ലാം സ്വീകരിക്കുന്നതുമായ വിശ്വാസപ്രമാണം "പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന വാചകത്തിൽ അവസാനിച്ചിരുന്നു (1). "സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും" എന്നു തുടങ്ങി പരിശുദ്ധാത്മാവിനു പിതാവിനോടും പുത്രനോടുമുള്ള സമത്വത്തെ ഏററുപറയുന്ന ഭാഗവും, കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമെന്നിങ്ങനെ സഭയുടെ നാലു ലക്ഷണങ്ങളെ ഏററുപറയുന്ന ഭാഗവും, തുടർന്നുള്ള ഭാഗങ്ങളും 381-ൽ നടന്ന കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസിൽ കൂട്ടിച്ചേർത്ത ഭാഗങ്ങളാണു് (2). ആകയാൽ "നിക്യാ വിശ്വാസപ്രമാണം" എന്ന പേരിൽ അറിയപ്പെടുന്നതു സാക്ഷാൽ നിക്യാ–കോൺസ്റ്റൻറിനോപ്പിൾ വിശ്വാസപ്രമാണമാണു്. ഇക്കാര്യം റമ്പാച്ചൻ അറിഞ്ഞിട്ടുണ്ടോ? നിക്യാ വിശ്വാസപ്രമാണത്തോടു ഒന്നും കൂട്ടിച്ചേർക്കാൻ പാടില്ലെങ്കിൽ കോൺസ്റ്റൻറിനോപ്പിൾ സൂന

1) Cf. Denz. 54. 2) Denz. 86.

www.malankaralibrary.com



ഹദോസ് അങ്ങനെ ചെയ്തു തെററിപ്പോയെന്നു വരുന്നു. ഇതു യാക്കോബായക്കാർ സ്വീകരിക്കുന്ന ഒരു ഉപദേശമാകുന്നോ?

എഫേസൂസ് സൂന്നഹദോസിന്റെ രണ്ടാം നിശ്ചയമായി റമ്പാച്ചൻ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളുടെ ശരിയായ അൎത്ഥം, ക്രിസ്തു സാക്ഷാൽ ദൈവമാണെന്നുള്ളതിനെ സംബന്ധിച്ചും മററും നിക്യാസൂന്നഹദോസ് തീരുമാനിച്ചതിനു വിപരീതമായി ആർക്കെങ്കിലും വിശ്വാസം ഉണ്ടാക്കുവാനോ എഴുതുവാനോ അധികാരമില്ല എന്നത്രേ. അല്ലാതെ സഭയിലുള്ള വേറെ വിശ്വാസ വിഷയങ്ങളെ ക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചു നടത്തിയതുപോലെ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യുവാൻ സഭയ്ക്കു ഭാവിയിൽ പാടില്ലെന്നല്ല. അങ്ങനെയെങ്കിൽ നിക്യാ സൂന്നഹദോസുമാത്രം മതിയായിരുന്നു. എന്തിനു രണ്ടു സൂന്നഹദോസുകൾ കൂടി സമ്മേളിച്ചു? നിക്യാ സൂന്നഹദോസ് സകല വിശ്വാസ വിഷയങ്ങളെയും ചൎച്ച ചെയ്തു നിശ്ചയങ്ങൾ പാസ്സാക്കിയതായി റമ്പാച്ചനു തെളിയിക്കാമോ? പാടില്ലെങ്കിൽ നിക്യായിൽ പ്രഖ്യാപനം ചെയ്ത കാൎയ്യങ്ങൾ മാത്രം മതിയെന്നു റമ്പാച്ചൻ പറയുന്നതിന്റെ അൎത്ഥമെന്തു്? വായനക്കാരെ വഞ്ചിക്കുന്നതിനു റമ്പാച്ചൻ എടുത്തിരിക്കുന്ന വിദ്യ കണ്ടാലും! എഫേസൂസ് സൂന്നഹദോസിന്റെ രണ്ടാം നിശ്ചയത്തെ തന്റെ ദുരുദ്ദേശം സാധിക്കുവാൻ എങ്ങനെ ദുർവ്യാഖ്യാനം ചെയ്തിരിക്കുന്നു എന്നും കാണുക! എന്തിനാണു റമ്പാച്ചൻ ഈ ബദ്ധപ്പാടെല്ലാം കഴിക്കുന്നതു്? മാർപ്പാപ്പായുടെ പരമാധികാരം, അപ്രമാദിത്വം ആദിയായി കത്തോലിക്കാസഭ ഔദ്യോഗികമാക്കി പിന്നീടു പ്രഖ്യാപനം ചെയ്തിട്ടുള്ള

www.malankaralibrary.com



ചില വിശ്വാസസത്യങ്ങൾ തെററാണെന്നും, നിക്യാ-വിശ്വാസത്തിന്ന എതിരാണെന്നും, സൂന്നഹദോസ്സു നിശ്ചയങ്ങൾക്ക വിരുദ്ധമാണെന്നും വായനക്കാരെ ഗ്രഹിപ്പിക്കുവാൻ.

വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയെന്ന നിലയിൽ റോമ്മാ മെത്രാന്ന സഭ മുഴുവനിലും പരമാധികാരമുണ്ടെന്നുള്ള വിശ്വാസം പുരാതന സഭയിലുണ്ടായിരുന്നെന്നു—അപ്പൊസ്തോലന്മാർ തന്നെ കല്പിച്ചിട്ടുള്ളതാണെന്നു—യാക്കോബായസഭ സ്വീകരിക്കുന്ന ഹൂദായ കാനോനും അറബികാനോനാകളും പ്രസ്പഷ്ടമായി പ്രഖ്യാപിക്കുന്നതായി മുകളിൽ തെളിയിച്ചുവല്ലൊ. ഇങ്ങനെ പുരാതന സഭയിലുണ്ടായിരുന്ന ഒരു വിശ്വാസത്തെ — മാർപ്പാപ്പായുടെ പരമധികാരത്തെ—1870-ൽ നടന്ന വത്തിക്കാൻ സൂന്നഹദോസ് ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു എന്നല്ലാതെ ഈ വിശ്വാസസത്യത്തെ പുതുതായി കത്തോലിക്കസഭ കണ്ടുപിടിക്കയല്ല ചെയ്തതു്. മുകളിൽ പറഞ്ഞവിധം ക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചു 325-ൽ നിക്യായിൽ നടന്ന വിശ്വാസപ്രഖ്യാപനത്താൽ പുതിയ വിശ്വാസം സഭയിൽ ഉണ്ടാകയല്ല ചെയ്തതു്. അതുപോലെ ഔദ്യോഗികപ്രഖ്യാപനത്താൽ ഇവിടെയും പുതിയ വിശ്വാസം ഉണ്ടായിട്ടില്ല. ദൈവമാതാവു ശരീരത്തോടുകൂടി ഉയിർത്തു സ്വർഗ്ഗത്തിൽ പ്രവേശിച്ചു എന്നുള്ളതു പുരാതന സഭയിൽ ഉണ്ടായിരുന്ന ഒരു വിശ്വാസമാണു്. കത്തോലിക്കാ സഭയിലെപ്പോലെ യാക്കോബായസഭയിലും ഈ വിശ്വാസമുണ്ടു്. രണ്ടു സഭയിലും ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ (വാങ്ങിപ്പു) പുരാതന കാലംതുടങ്ങി കൊണ്ടാടിവരുന്നു.

www.malankaralibrary.com



കത്തോലിക്കാസഭ മാതാവിന്റെ സ്വർഗ്ഗാരോപണം ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തതു് 1950-ൽ മാത്രമാണു്. ഇക്കാരണത്താൽ പുതിയ വിശ്വാസം കത്തോലിക്കാസഭ കണ്ടുപിടിച്ചതായി പറയാമോ? ഇതുപോലെ കത്തോലിക്കാസഭ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തിട്ടുള്ള വിശ്വാസ സത്യങ്ങളെല്ലാം പുരാതന സഭയിൽ പരോക്ഷമായിട്ടെങ്കിലും ഉണ്ടായിരുന്നതാണു്. ഔദ്യോഗിക പ്രഖ്യാപനത്താൽ പുതിയ വിശ്വാസം കണ്ടുപിടിക്കയാണെന്നുള്ള റമ്പാച്ചന്റെ ആരോപണം വായനക്കാരെ തെററിദ്ധരിപ്പിക്കുവാൻവേണ്ടി ചെയ്യുന്ന ദുർവ്യാഖ്യാനമല്ലാതെ അതിൽ യാഥാർത്ഥ്യത്തിന്റെ കണികപോലുമില്ല.

"ഒരു സൂനഹദോസു സാർവ്വത്രികമാകണമെങ്കിൽ അതിന്റെ നിശ്ചയങ്ങൾ വിശ്വാസപ്രമാണത്തിൽ ചേർക്കണം. ഇരുസ്വഭാവം...പരമാധികാരം മുതലായവ റോമ്മാക്കാരുടെ വിശ്വാസപ്രമാണത്തിൽ കാണുന്നില്ലല്ലോ" എന്നു റമ്പാച്ചൻ പറയുന്നു (II, പുറം 11).

മറുപടി.

ഒരു സൂനഹദോസിൽ തീരുമാനിച്ചിട്ടുള്ള അസംഖ്യം നിശ്ചയങ്ങളെ സാധാരണ ആളുകൾ പ്രാർത്ഥനാവസരങ്ങളിലും വി. കുർബ്ബാനയ്ക്കും മററും ചൊല്ലുന്ന "വിശ്വാസപ്രമാണ"ത്തിൽ ഒരു സഭക്കാരും ചേർത്തിട്ടില്ല. വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള സൂനഹദോസു നിശ്ചയങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽനിന്നാണു നാം മനസ്സിലാക്കുന്നതു്, വിശ്വാസപ്രമാണത്തിൽ അവയെല്ലാം ചേർത്തു ചൊല്ലുക സാദ്ധ്യമല്ല. യാക്കോബായക്കാർ സ്വീകരിക്കുന്ന ആദ്യത്തെ മൂന്നു സൂനഹദോസുകളിലെ എല്ലാ നിശ്ചയങ്ങളെയും ചേർത്തു എഴുതി

www.malankaralibrary.com



യിട്ടുള്ള ഒരു വിശ്വാസപ്രമാണം റമ്പാച്ചൻ കാണി ച്ചുതരാമോ? സാധാരണ ജനങ്ങൾ ചൊല്ലുന്നതും വി. കർബാനയ്ക്കു ചൊല്ലുന്നതും നിക്യാ വിശ്വാസപ്രമാണമാണ്. ഇതിൽ നിക്യായുടെ 20 കാനോനാകൾ ചേർത്തിട്ടുണ്ടോ? എഫേസൂസ് സൂനഹദോസിൻെറ നിശ്ചയങ്ങളൊന്നും നിക്യാവിശ്വാസപ്രമാണത്തിലി ല്ല. ആകയാൽ നിക്യായിലേയും എഫേസൂസിലേയും സൂനഹദോസുകൾ സാർവ്വത്രികമല്ലേ?

"ഇരുപതു സൂനഹദോസുകളിൽ സാർവ്വത്രികം ഏതൊക്കെയാണ്? റോമ്മക്കാർക്കുതന്നെയും ഇതുവ രെയും നിശ്ചയമായിട്ടില്ല. പ്രത്യേകിച്ചു 869-ൽ കൂ ടിയ കുസ്തന്തീനോപോലീസിലെ 4-ാം സൂനഹദോ സും, 1414-ൽ കൂടിയ കോൺസ്റ്റാൻസ് സൂനഹ ദോസും ഇതിനു ഉദാഹരണങ്ങളാണ്" (പുറം 11).

മറുപടി.

കത്തോലിക്കാ സഭയിലെ ഇരുപതു പൊതു സൂ നഹദോസുകളും സാർവ്വത്രികമാണ്. കത്തോലിക്കരു ടെ ഏതു സഭാചരിത്രത്തിൽ നോക്കിയാലും അവ കാണാം. വിസ്തരഭയത്താൽ ഇവിടെ ഉദ്ധരിക്കുന്നി ല്ല. കത്തോലിക്കർക്കു അവയെ സംബന്ധിച്ചു ഒരു സംശയവും തോന്നാത്തവിധത്തിൽ അവ തീർച്ച യായ സൂനഹദോസുകളാണ്. 869-ലും, 1414-ലും കൂടിയ സൂനഹദോസുകളും പൊതുസൂനഹദോസുകളാ യി അംഗീകരിക്കപ്പെട്ടിട്ടുള്ളവയാണ്. അതിൽ ക ത്തോലിക്കർക്കു ഒരു സംശയവുമില്ല. സംശയമുള്ളതു റമ്പാച്ചനും കൂട്ടർക്കും മാത്രമാണ്.

"വേദവിപരീതികൾ ഉണ്ടാകുമ്പോൾ മാത്രം സാ ർവ്വത്രിക സൂനഹദോസുകൾ ആവശ്യമാണ്. ദൈവ

www.malankaralibrary.com



കൃപയാൽ ഇതേവരെ സുറിയാനി സഭയിൽ പറയത്തക്ക യാതൊരു വേദവിപരീതവും ഉണ്ടായിട്ടില്ല” (പുറം 11–12).

<u>മറുപടി.</u> വിശ്വാസ വിഷയങ്ങളെ സംബന്ധിച്ച വിശദീകരണങ്ങൾ ആവശ്യമുള്ളപ്പോൾ അഥവാ സംശയങ്ങൾ തോന്നുമ്പോൾ സുന്നഹദോസുകൾ ഉണ്ടായിക്കൂടാ എന്നുള്ളതിനു വല്ല തെളിവുമുണ്ടോ? കമ്മ്യൂണിസം, നിർമ്മതപ്രസ്ഥാനം മുതലായവ ലോകത്തിൽ ഇക്കാലത്തു ഉണ്ടായിട്ടും അവ യാക്കോബായക്കാരുടെ ഇടയിൽ പ്രചരിച്ചിട്ടും ഔദ്യോഗിക പ്രഖ്യാപനങ്ങൾ വഴി വിശ്വാസികൾക്ക അവയുടെ തിന്മ മനസ്സിലാക്കി കൊടുക്കേണ്ട ആവശ്യമില്ലേ? ക്രിസ്തുവിൻെറ ദൈവത്വം, വ്യക്തിത്വം, സ്വഭാവങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ച പുരാതനസഭയിൽ അബദ്ധോപദേശങ്ങൾ ഉണ്ടായപ്പോൾ പൊതു സുന്നഹദോസുകൾ ഉണ്ടായെങ്കിൽ, ഇവയേക്കാൾ ഭയങ്കരമായി— ദൈവത്തിൻെറ അസ്തിത്വത്തെയും സന്മാർഗ്ഗത്തെയും അടിയോടെ ഇളക്കുന്ന—അബദ്ധോപദേശങ്ങൾ ഇക്കാലത്തു ലോകത്തിൽ ഉണ്ടായിരിക്കെ പൊതു സുന്നഹദോസുകളുടെ ആവശ്യമില്ലേ? സഭ സജീവമായ ഒരു സ്ഥാപനമാണു്. പുരാതനകാലത്തുണ്ടായ അബദ്ധോപദേശങ്ങളെ സഭ തൻെറ മക്കൾക്കു ചൂണ്ടിക്കാണിച്ചെങ്കിൽ പിന്നീടുണ്ടായവയെ ചൂണ്ടിക്കാണിച്ചു സത്യവിശ്വാസത്തിൽ അവരെ നിലനിറുത്തേണ്ടയോ?

ഓർത്തൊഡോക്സു കക്ഷിക്കാർ ശീശ്മക്കാരും പാഷണ്ഡികളുമാണെന്നാണല്ലോ റമ്പാച്ചൻെറ കക്ഷി പറയുന്നതു്. ഓർത്തൊഡോക്സുകക്ഷി യാ-

www.malankaralibrary.com



ക്കോബായ സഭയിൽ 45 കൊല്ലമായി ഉണ്ടായിട്ടുള്ള ഒരു ഭിന്നതയാണ്. എന്നിട്ടും ഒരു പൊതു സൂന്നഹദോസ്സുകൂടി കാര്യങ്ങൾ തീരുമാനിക്കാതെ ഹിന്ദുക്കളും പ്രോട്ടസ്റ്റൻറുകാരും മററും ഉൾപ്പെട്ട വിധികർത്താക്കളുള്ള കോടതികൾക്ക എന്തിനാണ പ്രധാനപ്പെട്ട മതകാര്യങ്ങൾ—പാത്രിയർക്കീസിൻെറ മുടക്ക ന്യായാനുസരണമാണോ?, പാത്രിയർക്കീസിനു മലങ്കരയിൽ ലൌകികാധികാരമുണ്ടോ?, കാതോലിക്കാസ്ഥാപനം ശരിയോ?, ഏ അക്കമോ 18 അക്കമോ ശരിയായ കാനോൻ ഇത്യാദി അനേക കാര്യങ്ങൾ—തീരുമാനിക്കാൻ വിട്ടുകൊടുത്തിരിക്കുന്നതു? പൊതുസൂന്നഹദോസ്സ കൂടുവാൻ സഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായുടെ ഐക്യത്തിൽ നില്ക്കണം. ആ ഐക്യത്തിൽ നിന്നു വേർപെട്ടിട്ടുള്ള ഒരു സഭക്കാരും പൊതു സൂന്നഹദോസ്സ കൂടിയിട്ടില്ല. അതുപോലെ യാക്കോബായക്കാരും കൂടിയിട്ടില്ല. ഈ കാരണം മറച്ചുവെച്ചുകൊണ്ടു വേദവിപരീതമില്ലാത്തതിനാലാണ പൊതുസൂന്നഹദോസ്സ കൂടാത്തതെന്നു റമ്പാച്ചൻ പറയുന്നതു വായനക്കാരെ വഴിതെററിക്കാൻവേണ്ടി മാത്രമാണ്.

## (4) പത്രോസിൻെറ പിൻഗാമി
## അന്ത്യോക്യായിലൊ റോമ്മായിലോ?

1. വന്ദ്യദിവ്യശ്രീ ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ തൻെറ ഗ്രന്ഥത്തിൽ ഇങ്ങനെയെഴുതുന്നു: "പത്രോസിൻെറ ഒന്നാമത്തെ വേലസ്ഥലം യെരുശലേമും, രണ്ടാമത്തെ പ്രധാനവേലസ്ഥലം അന്ത്യോക്യായും, അവസാനത്തെ വേലസ്ഥലം റോമ്മായുമായിരുന്നു. റോമ്മായിൽ വെച്ചു മരിച്ചെന്നു യാക്കോ

www.malankaralibrary.com



ബായസഭ വിശ്വസിക്കുന്നുണ്ടു്. മരിക്കുന്നതുവരെ അദ്ദേഹംതന്നെ സാർവ്വത്രികസഭയുടെ പ്രധാനയിടയൻ എന്നു സംശയമില്ല. മരിച്ചപ്പോൾ മരിച്ചസ്ഥലത്തെ മെത്രാൻ അദ്ദേഹത്തിൻെറ പിൻഗാമിയുമായി" (പുറം 115). ഇതിനു മറുപടിയായി റമ്പാച്ചൻ എഴുതുന്നു: "പത്രോസ് റോമ്മായിൽവെച്ചു മരിച്ചെന്നു യാക്കോബായസഭ വിശ്വസിക്കുന്നുണ്ടു്. മരിച്ചസ്ഥലത്തെ മെത്രാൻ അദ്ദേഹത്തിൻെറ പിൻഗാമിയുമായി എന്നു കോർഎപ്പിസ്കോപ്പാ പറയുന്നു. ഒരുവൻ മരിക്കുന്ന സ്ഥലത്താണു തൻെറ പിൻഗാമി ആയിരിക്കേണ്ടതെങ്കിൽ......ബ. കോറിയച്ചൻ......കല്ലിശ്ശേരിയിലൊ, ഒമല്ലൂരോ വെച്ചുമരിച്ചാൽ അച്ചൻെറ അവകാശം ആർക്കാണെന്നു അച്ചൻ വിധിക്കട്ടെ. ബ. കോറിയച്ചൻ പണിത വീട്ടു തൻെറ തലമേൽത്തന്നെ വീണുപോയി". (II, പുറം 22). കോർഎപ്പിസ്കോപ്പാ എഴുതിയിരിക്കുന്ന പല വാചകങ്ങളും വിട്ടിട്ടു—ഇടയ്ക്കുള്ളതുപോലും വിട്ടിട്ടു—രണ്ടു ചെറിയ വാചകങ്ങൾ എടുത്തു വായനക്കാരുടെ മുമ്പിൽ വെച്ചുകൊണ്ടു റമ്പാച്ചൻ നടത്തുന്ന വാദകോലാഹലം കണ്ടാലും. യെരുശലേമിലും അന്ത്യോക്യായിലുമുള്ള സഭകളെ ഭരിപ്പാനായി വേറെ മെത്രാന്മാരെ നിയമിച്ചശേഷം അവസാനത്തെ വേലസ്ഥലമായ റോമ്മായിൽ വന്നു സഭ സ്ഥാപിച്ചു പ്രധാന ഇടയൻ എന്ന നിലയിൽ അതിനെ ഭരിച്ചശേഷം അവിടെ മരിച്ച പത്രോസിൻെറ യഥാർത്ഥ പിൻഗാമി റോമ്മായിലല്ലാതെ എങ്ങനെയാണു അന്ത്യോക്യായിൽ ഉണ്ടാകുന്നതു്? വി. പത്രോസ് മരിച്ചപ്പോൾ യെരുശലേമിലും അന്ത്യോക്യായിലും ഉണ്ടായിരുന്ന മെത്രാന്മാർ പെട്ടെന്നു മരിച്ചില്ലെ

www.malankaralibrary.com



ങ്കിൽ ഇവരിൽ ആരാണു വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമി? അന്ത്യോക്യായിൽ യഥാൎത്ഥ പിൻഗാമിയുണ്ടായെങ്കിൽ യെരുശലേമിലും ഉണ്ടാകേണ്ടയോ? സഭ മുഴുവനിലും അധികാരമുള്ള മൂന്നു പിൻഗാമികൾ വി. പത്രോസിനുണ്ടാകുമോ? മൂസലിലെ യാക്കോബായ മെത്രാനായ മൂശെ ബർകീഫോ ദേവാലയത്തിന്റെ പ്രതിഷ്ഠാകൎമ്മത്തെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:— "കേപ്പാ എന്നു വിളിക്കപ്പെടുന്ന ശെമൊൻ—യോനായുടെ പുത്രൻ, അതായതു ശ്ലീഹന്മാരുടെ തലവനായ പത്രോസ്—റോമ്മായിലേക്കു പോകയും അവിടെ സഭ സ്ഥാപിക്കയും, അതിനെ ശ്ലീഹന്മാരുടെ തലവന്റെ സിംഹാസനമാക്കുകയും, 25 സംവത്സരം അതിനെ ഭരിക്കയും ചെയ്തു"(1). ഇങ്ങനെ അന്ത്യോക്യായിൽ നിന്നു മാറി റോമ്മായെ ശ്ലീഹന്മാരുടെ തലവന്റെ സിംഹാസനമാക്കി, 25 കൊല്ലം അതിനെ ഭരിച്ചു അവിടെവച്ചുമരിച്ച വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമിയെ എങ്ങനെയാണു അന്ത്യോക്യായിൽ കാണുന്നതെന്നു റമ്പാച്ചൻ പറഞ്ഞാലും. അന്ത്യോക്യായിൽ വി. പത്രോസ് ഏഴു കൊല്ലം ഭരിച്ചെന്നാണു ചരിത്രം പറയുന്നതു്. 25 കൊല്ലം ഭരിച്ച റോമ്മായിൽ വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമിയില്ലെന്നും, ഏഴുകൊല്ലം ഭരിച്ച അന്ത്യോക്യായിലാണു ആ പിൻഗാമിയുള്ളതെന്നും പറയുന്നതിന്റെ ന്യായവും യുക്തിയുമെന്തു്? യാക്കോബായസഭയിലെ ഹൂദായകാനോനും മററും ഉദ്ധരിച്ചു റോമ്മായിലെ പാത്രിയൎക്കീസിനാണു സഭ മുഴുവ

1) Moses Barkipo. de dedic. Eccl. Homil. 1, Cod. Vatic. syr. 159, p. 314.

www.malankaralibrary.com



നിലും അധികാരമുള്ളതെന്നു തന്റെ പുസ്തകത്തിന്റെ മുകൾ ഭാഗങ്ങളിൽ (പുറം 10-13) സ്ഥാപിച്ചിട്ടുള്ള കോർഎപ്പിസ്കോപ്പായുടെ രണ്ടു മറിവാചകങ്ങളെ എടുത്താണു റമ്പാച്ചൻ അദ്ദേഹത്തിന്റെ തലയിൽ "വീട്" ഉരുട്ടിയിടുന്നതു്. ശരിയായി മനസ്സിലാക്കുമ്പോൾ ഈ വീട് ഉരുണ്ടുവീഴുന്നതു കോർ എപ്പിസ്കോപ്പായുടെ തലയിലോ റമ്പാച്ചന്റെ തലയിലോ?

2. "വി. പത്രോസിന്റെ സിംഹാസനം അന്ത്യോക്യായിൽ നിന്നു റോമ്മായിലേക്കു മാററി എന്നുള്ളതിനു തെളിവെന്തു്?" (മുഖവുര, പുറം 2). "വി. പത്രോസ് അന്ത്യോക്യായിൽ തന്റെ സിംഹാസനം സ്ഥാപിച്ചിട്ടുണ്ടെന്നു അച്ചന്റെ പുതിയസഭ (കത്തോലിക്കസഭ) വിശ്വസിക്കുന്നു എന്നറിയാമോ? അപ്പോൾ ഞങ്ങൾ ശീശ്മക്കാരായിത്തീരുന്നതെങ്ങനെ? റോമ്മിൽ വി. പത്രോസ് യാതൊരു സിംഹാസനവും സ്ഥാപിച്ചിട്ടില്ലെന്നും അന്ത്യോക്യായിൽ നിന്നു തന്റെ സിംഹാസനത്തെ മാററി റോമ്മിൽ സ്ഥാപിച്ചു എന്നും പാപ്പാമതക്കാർ (കത്തോലിക്കർ) വിശ്വസിക്കുന്നു. അന്ത്യോക്യായിൽ പത്രോസ് സിംഹാസനം സ്ഥാപിച്ചതിന്റെ ഓർമ്മ ഫെബ്രുവരി 22-ാംനു- റോമ്മാസഭ കൊണ്ടാടുന്നു. വത്തിക്കാനിലെയും, കൽക്കദോനിയാ സഭയിലെ സകല ഗ്രന്ഥശാലകളെയും അച്ചനും കൂട്ടരും പരിശോധിച്ചു അന്ത്യോക്യായിൽ നിന്നു റോമ്മിലേക്കു സിംഹാസനത്തെ മാററി എന്നു എന്തെങ്കിലും ഒരു തെളിവു കാണിക്കാമോ" (വിശ്വാസത്യാഗി, പുറം 8)

<u>മറുപടി.</u> കരിമരുന്നുപ്രയോഗം നടത്തുന്നവർ എലിവാണപ്പെട്ടിക്കു തീ കൊളുത്തുമ്പോൾ എന്തെ

www.malankaralibrary.com



ും ബഹളമാണു നടക്കുന്നതു്. മുകളിലേക്കും താഴേക്കും, ചുററിയും കറങ്ങിയും നാനാവശത്തേക്കും എലിവാണങ്ങൾ ചീററിക്കൊണ്ടു പായുന്നു. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന റമ്പാച്ചന്റെ വാചകങ്ങൾ കൃത്രിമങ്ങളും ദുർവ്യാഖ്യാനങ്ങളും വ്യാജങ്ങളും തെററിദ്ധരിപ്പിക്കലും കൊണ്ടു നിറഞ്ഞ ഒരു എലിവാണപ്പെട്ടി തന്നെയാണു്.

വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമി അന്ത്യോക്യായിലല്ല, റോമ്മായിലാണെന്നു കത്തോലിക്കർ പറയുന്നതിന്റെ അർത്ഥം വി. പത്രോസ് അന്ത്യോക്യായിൽ ഇരിക്കാൻ ഉപയോഗിച്ച കസേര (സിംഹാസനം) റോമ്മായിലേക്കു കൊണ്ടുപോയി എന്നാണെന്നോ അഥവാ അന്ത്യോക്യായിൽ വി. പത്രോസ് സ്ഥാപിച്ച സഭയെ റോമ്മായിലേക്കു കെട്ടിവലിച്ചുകൊണ്ടുപോയി എന്നോ ആണെന്നു വായനക്കാരെ ധരിപ്പിക്കുവാനാണു റമ്പാച്ചന്റെ ശ്രമം. ഇവയൊന്നും കത്തോലിക്കർ വിശ്വസിക്കുന്ന കാര്യമല്ല. "അന്ത്യോക്യാസിംഹാസനം, റോമ്മാസിംഹാസനം" എന്നു പറഞ്ഞാൽ അന്ത്യോക്യായിൽ സ്ഥാപിച്ച സഭ, റോമ്മായിൽ സ്ഥാപിച്ച സഭ എന്നാണർത്ഥം. ഈ സഭ കസേരയോ, കെട്ടിവലിച്ചുകൊണ്ടുപോകാവുന്ന സാധനമോ അല്ല. വി. പത്രോസ് ആദ്യം ജറുസലേമിലും, പിന്നീടു അന്ത്യോക്യായിലും സുവിശേഷം പ്രസംഗിച്ചു. അന്ത്യോക്യാസഭയെ ഏഴുകൊല്ലം ഭരിച്ചശേഷം വി. പത്രോസ് റോമ്മായിലേക്കു പോയി അവിടെ സഭ സ്ഥാപിച്ചു മെത്രാനായി ഭരിച്ചു. 25 കൊല്ലം വി. പത്രോസ് റോമ്മായിൽ ഭരിച്ചതായി മൂശെ ബർ കീഫോ എന്ന യാക്കോബായ പണ്ഡിതൻ പറയുന്നതായി മുകളിൽ

www.malankaralibrary.com



പ്രസ്താവിച്ചിട്ടുണ്ടല്ലൊ. (1) വി. പത്രോസ് അന്ത്യോക്യായിൽ സഭ സ്ഥാപിച്ചതിനെ കത്തോലിക്കർ നിഷേധിക്കുന്നില്ല. എന്നാൽ പത്രോസ് അന്ത്യോക്യായിൽ സ്ഥാപിച്ചസഭ ക്രിസ്തുവിൻെറ സഭയെത്തന്നെയാണ്.

ഈ സഭയിൽനിന്നു കൽക്കദോനിയാ സൂനഹദോസിൽവെച്ച 451-ൽ ബഹിഷ്കരിക്കപ്പെട്ട ഏക സ്വഭാവവാദികളിൽ ചില വിഭാഗക്കാരെ കൂട്ടിച്ചേൎത്തു യാക്കോബ് ബുർദാനാ സംഘടിപ്പിച്ച യാക്കോബായ സഭയെ അല്ല വി. പത്രോസ് അന്ത്യോക്യായിൽ സ്ഥാപിച്ചതു്. ആകയാൽ കത്തോലിക്കർ അന്ത്യോക്യാസഭ സ്ഥാപിച്ചതിൻെറ തിരുനാൾ ഫെബ്രുവരി 22-ാംനു- കൊണ്ടാടുമ്പോൾ യാക്കോബായസഭ സ്ഥാപിച്ചതിൻെറ തിരുനാളല്ല കൊണ്ടാടുന്നതു്. അന്ത്യോക്യാസിംഹാസനം സ്ഥാപിച്ച തിരുനാൾ കത്തോലിക്കസഭയിൽ കൊണ്ടാടുന്നതു കൊണ്ടു പരമാധികാരമുള്ള സിംഹാസനം അന്ത്യോക്യായിൽ ആണെന്നു അൎത്ഥമില്ല. വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചതിൻെറ തിരുനാൾ ജനവരി 18-ാംനു- കത്തോലിക്കസഭയിൽ കൊണ്ടാടിവരുന്നു. റോമ്മിൽ വി. പത്രോസ് സഭ സ്ഥാപിച്ചിട്ടുണ്ടെന്നു കത്തോലിക്കർ വിശ്വസിക്കുന്നില്ലെന്നു റമ്പാച്ചൻ പറയുന്നതു തികഞ്ഞ വ്യാജപ്രസ്താവനയാണ്. വി. പത്രോസ് റോമ്മായിലെ ആദ്യ മെത്രാനായിരുന്നു എന്നുള്ളതു കത്തോലിക്കരെല്ലാം പൂൎണ്ണ

---

1) ഈ വിഷയത്തെ സംബന്ധിച്ച മററു യാക്കോബായ സാക്ഷ്യങ്ങളും ചരിത്രരേഖകളും "കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും" എന്ന എൻെറ ഗ്രന്ഥം 1—5 അദ്ധ്യായങ്ങളിൽ കാണുക.

www.malankaralibrary.com



മായി വിശ്വസിച്ചുവരുന്നു. വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമി അന്ത്യോക്യായിലല്ല, റോമ്മായിലാണെന്നുള്ളതിനു വത്തിക്കാനിലെ ഗ്രന്ഥശാലകളോ, കൽക്കദോനിനായിലെ ഗ്രന്ഥശാലകളോ പരിശോധിക്കാതെ റമ്പാച്ചന്റെ സഭയിലെ ഗ്രന്ഥങ്ങൾ മാത്രം പരിശോധിച്ചാൽ മതി. റമ്പാച്ചന്റെ സഭ സ്വീകരിച്ചിരിക്കുന്ന ഹൂദായകാനോനും, അറബി കാനോനാകളും ഇക്കാൎയ്യങ്ങൾ എത്രയും വ്യക്തമായി പറയുന്നുണ്ടെന്നു മുകളിൽ തെളിയിച്ചിട്ടുണ്ടല്ലോ (പുറം 38–54).

റമ്പാച്ചനോടു ഈ ഗ്രന്ഥകാരൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. അന്ത്യോക്യായിലെ പാത്രിയൎക്കീസ് സഭ മുഴുവന്റെയും അദ്ധ്യക്ഷനാണെന്നുള്ളതിനു എവിടെയെങ്കിലും തപ്പി റമ്പാച്ചൻ ഏതെങ്കിലും ചരിത്രരേഖ കൊണ്ടുവരാമോ? റമ്പാച്ചന്റെ സഭയിലെ ഹൂദായ കാനോൻ പറയുന്നതു അന്ത്യോക്യാ പാത്രിയൎക്കീസിനു "പൌരസ്ത്യദേശം മുഴുവനിലു"മേ അധികാരമുള്ളു എന്നാണ് (മുകളിൽ പുറം 39-40 കാണുക). 325-ൽ സമ്മേളിച്ച നിക്യാ സൂനഹദോസിലെ പിതാക്കന്മാർ അന്ത്യോക്യാ പാത്രിയൎക്കീസിനു പൌരസ്ത്യദേശം മുഴുവനിലും അധികാരമുണ്ടെന്നു പറയുമ്പോൾ തലവനായ റോമ്മാപാത്രിയൎക്കീസിനോടു അക്കാലത്തു യോജിച്ചുനിന്ന അന്ത്യോക്യാ പാത്രിയൎക്കീസിനാണ്, അല്ലാതെ 6–ാം ശതാബ്ദത്തിൽ അന്ത്യോക്യാ പാത്രിയൎക്കീസ് എന്ന പേരിൽ യാക്കോബ് ബുൎദ്ദാനാ വാഴിച്ച യാക്കോബായ പാത്രിയൎക്കീസിനല്ല എന്നുള്ള കാൎയ്യവും ഇവിടെ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. ഇപ്പോഴും യാക്കോബായ പാത്രിയൎക്കീസുമാർ എഴുതുന്ന കല്പനകളിൽ "അ

www.malankaralibrary.com



ന്ത്യോക്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ പാത്രിയർക്കീസ്" എന്നു പറയുമെങ്കിലും താൻ വി. പത്രോസിനെപ്പോലെ സഭ മുഴുവനിലും അധികാരമുള്ള പാത്രിയർക്കീസാണെന്നു പറയുന്നില്ല. 1950 മാർച്ച് 14-ാംനു അയച്ച പാത്രിയർക്കീസ് ചിങ്ങവനത്തു കൂടിയ വട്ടമേശ സമ്മേളനത്തിലെ നിശ്ചയങ്ങൾക്കു മറുപടിയായി നല്കിയ സമാധാന വ്യവസ്ഥകളിൽ ഇങ്ങനെ പറയുന്നു:—"ശ്ലീഹന്മാരുടെ തലവനായ പരിശുദ്ധനായ മാർ പത്രോസിന്റെ സിംഹാസനത്തിന്മേൽ വാഴുന്ന അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് സത്യവിശ്വാസത്തിനടുത്ത ആകമാന സുറിയാനി സഭയുടെ മഹാപ്രധാനാചാര്യനും പിതാവും ആകുന്നു എന്നു മലയാളത്തുള്ള സുറിയാനിക്കാർ വിശ്വസിക്കാൻ ന്യായമാകുന്നു." (പൌരധ്വനി 1950 മാർച്ച് 29-ാംനു)

ഇവിടെ യാക്കോബായ പാത്രിയർക്കീസ് അന്ത്യോക്യായിലും കിഴക്കൻപ്രദേശങ്ങളിലുമേ തനിക്കു അധികാരമുള്ളതായി പറയുന്നുള്ളു. ഈ പ്രദേശങ്ങളിലുള്ള എല്ലാവരുടെയുമല്ല, സുറിയാനിക്കാരുടെ മാത്രം മഹാ പ്രധാനാചാര്യനും പിതാവുമാണു അദ്ദേഹം. ക്രിസ്തു സ്ഥാപിച്ച സഭ കിഴക്കുമാത്രമല്ല, പടിഞ്ഞാറും, വടക്കും, തെക്കും—എല്ലാ ദേശത്തും—വ്യാപിച്ച സാർവ്വത്രിക സഭയാണു്. ക്രിസ്തുവിന്റെ സഭയിൽ സുറിയാനിക്കാർ മാത്രമല്ല, ലത്തീൻ, ഗ്രീക്കു ആദിയായി എല്ലാ റീത്തുകളിലുംപെട്ട ക്രിസ്ത്യാനികളുമുണ്ടു്. യാക്കോബായക്കാർ സ്വീകരിക്കുന്ന നിക്യാ, എഫേസൂസ് എന്നീ രണ്ടു സൂനഹദോസുകളിൽ മാർപ്പാപ്പായുടെ പ്രതിനിധിമാരായി വന്ന ലത്തീൻ റീത്തുകാരായ മേല്പട്ടക്കാരും, പട്ടക്കാരും, ഗ്രീക്കു, സു

www.malankaralibrary.com



റിയാനി എന്നീ റീത്തുകളിൽപ്പെട്ട പാത്രിയർക്കീസു മാരും ഉണ്ടായിരുന്നു. ആകയാൽ അക്കാലത്തു സഭ ലത്തീൻകാരും, സുറിയാനിക്കാരും, ഗ്രീക്കുകാരും ഉൾപ്പെട്ട ഒരു സമൂഹമായിരുന്നു എന്നു നിസ്സംശയം പറയാവുന്നതാണ്. ഇങ്ങനെ ക്രിസ്തു സ്ഥാപിച്ച സഭ സർവ്വദേശത്തുമുള്ള സത്യവിശ്വാസികൾ ഉൾപ്പെട്ട സംഘമാണെങ്കിൽ അന്ത്യോക്യായിലും കിഴക്കൻ പ്രദേശങ്ങളിലുമുള്ള സുറിയാനി ക്രിസ്ത്യാനികളുടെമേൽ മാത്രം ഭരണാധികാരമുള്ള യാക്കോബായ പാത്രിയർക്കീസ് എങ്ങനെ സഭ മുഴുവൻെറയും അദ്ധ്യക്ഷനാകും? വി. പത്രോസിനു അന്ത്യോക്യായിലോ, കിഴക്കൻ പ്രദേശങ്ങളിലോ, സുറിയാനിക്രിസ്ത്യാനികളുടെ മേലോ മാത്രമല്ല ലോകമാകെ വ്യാപിച്ചിട്ടുള്ള എല്ലാ ക്രിസ്ത്യാനികളുടെയുംമേൽ അധികാരമുണ്ടായിരുന്നു എന്നാണല്ലോ യാക്കോബായ സഭയിലെ പിതാക്കന്മാരും സമുദായ റമ്പാൻെറ മേല്പട്ടക്കാരനായ മാർ ജൂലിയോസ് തിരുമേനിയും പ്രസ്താവിക്കുന്നതു്. വി പത്രോസിൻെറ യഥാർത്ഥ പിൻഗാമിക്കു വി പത്രോസിനു ലഭിച്ചതുപോലെ സഭ മുഴുവനിലും അധികാരം വേണ്ടേ? എന്നാൽ യാക്കോബായ പാത്രിയർക്കീസ് ഇങ്ങനെ സഭ മുഴുവനിലും അധികാരമുള്ളതായി ഈ ഇരുപതാം നൂററാണ്ടിലും പറയാത്ത സ്ഥിതിക്കു അദ്ദേഹം എങ്ങനെ വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമിയാകും?

ചരിത്ര രേഖകളെല്ലാം വിളിച്ചു പറയുന്നതു റോമാ പാത്രിയർക്കീസിനു സഭ മുഴുവനിലും പരമാധികാരമുണ്ടെന്നത്രേ (മുകളിൽ പുറം 38–54, 57 കാണുക). യാക്കോബായ പാത്രിയർക്കീസിനു സഭ മുഴുവനിലും പരമാധികാരമുള്ളതായി ഒരു ചരിത്രരേഖയുമി

www.malankaralibrary.com


ല്ല. ഇക്കാരണത്താലാണു വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമി റോമ്മാ പാത്രിയൎക്കീസാണ്, അന്ത്യോക്യാ പാത്രിയൎക്കീസല്ല എന്നു കത്തോലിക്കർ പറയുന്നതു്. റമ്പാച്ചൻ ധൈര്യപൂൎവ്വം ഇക്കാൎയ്യം നിഷേധിക്കുന്നതു കാണുമ്പോൾ ഒരു സംഭവം ഓർമ്മയിൽ വരുന്നു. പലർകൂടി ഒരു ഷാപ്പിൽ മദ്യപാനം ചെയ്തുകൊണ്ടിരിക്കവെ ഉന്മത്തനായ ഒരാൾ കൂട്ടകാരിൽ മത്തായി എന്നയാൾ ഒരു പെണ്ണാണെന്നു വാദിച്ചു. "ചുണയുണ്ടെങ്കിൽ ആണാണെന്നു തെളിയിക്കുക" എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. മത്തായിയും മററുള്ളവരും ആ കാൎയ്യം നിഷ്പ്രയാസം തെളിയിച്ചെങ്കിലും സുബോധം നശിച്ച ആ മദ്യപൻ തെളിവുകളെല്ലാം നിഷേധിച്ചു. എന്തു ചെയ്യും? വി. പത്രോസിന്റെ യഥാൎത്ഥ പിൻഗാമി റോമ്മാ പാത്രിയൎക്കീസാണെന്നു റമ്പാച്ചന്റെ സഭയിലുള്ള ഗ്രന്ഥങ്ങൾ തന്നെ ചൂണ്ടിക്കാണിക്കുന്നു. യാക്കോബായ പാത്രിയൎക്കീസ് യഥാൎത്ഥ പിൻഗാമിയാണെന്നുള്ളതിനു യാതൊരു തെളിവുമില്ല. എന്നിട്ടും റമ്പാച്ചൻ വെല്ലുവിളിച്ചുകൊണ്ടു് പറയുന്നു, വത്തിക്കാനിലും കൽക്കദോനിയായിലുമുള്ള ഗ്രന്ഥശാലകൾ മുഴുവൻ തപ്പി റോമ്മാ പാത്രിയൎക്കീസാണു വി. പത്രോസിന്റെ പിൻഗാമിയെന്നു തെളിയിക്കാമോ എന്നു്? സുബോധത്തിനോ, പാണ്ഡിത്യത്തിനോ യാതൊരു കുറവുമില്ലാത്ത ഈ റമ്പാച്ചന്റെ ധാർഷ്ട്യത്തിൽ ആർ വിസ്മയിക്കയില്ല! ഇക്കാൎയ്യം അനിഷേധ്യമായി തെളിയിച്ചു കഴിഞ്ഞു. റമ്പാച്ചൻ ഇതു നിഷേധിക്കുമോ എന്നാണ് അറിയേണ്ടതു്.

www.malankaralibrary.com



3. "അന്ത്യോക്ക്യാ, റോമ്മാ, അലക്സാണ്ഡ്റിയാ കസ്തന്തീനോപ്പോലീസ് എന്നീ തലസ്ഥാനങ്ങൾക്കു കിട്ടിയിട്ടുള്ള ബഹുമാനപ്രഥമതയും മൂപ്പും ദൈവിക നടപടിയല്ല, പിന്നെയോ സഭാപരവും ആചാരപരവും അത്രെ." (Ecclesiastical and Traditional) —പുറം 23.

മറുപടി. തലസ്ഥാനനഗരങ്ങളുടെ പ്രാധാന്യം നിമിത്തം അന്ത്യോക്ക്യായിക്കും കസ്തന്തിനോപ്പോലീസിനും ബഹുമാനവും മൂപ്പുസ്ഥാനവും കിട്ടിയതു ശരിയായിരിക്കാം. എന്നാൽ റോമ്മാ പാത്രിയർക്കീസിനു മററു സിംഹാസനങ്ങളുടെയും പാത്രിയർക്കീസുമാരുടെയും മേൽ പരമാധികാരം ലഭിച്ചതു റോമ്മാ തലസ്ഥാനനഗരമാണെന്നുള്ള കാരണത്താലല്ല, റോമ്മാ മെത്രാൻ വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയും സഭയുടെ പൊതുവായ അദ്ധ്യക്ഷനുമാകയാലാണു്. ആദിമ ശതാബ്ദങ്ങളിൽ മററെല്ലാ സ്ഥലങ്ങളിലേക്കാൾ റോമ്മായിൽ അതികഠിനമായ മതപീഡനം നടന്നു വന്നിരുന്നെന്നു എല്ലാ സഭക്കാരും സമ്മതിക്കുന്നു. ആകയാൽ തലസ്ഥാന നഗരത്തിന്റെ പ്രാധാന്യമനുസരിച്ചു പരിഗണിച്ചാൽ റോമാ മെത്രാനു ലൌകികമായ ഒരധികാരവും ലഭിക്കുന്നതിനു സാദ്ധ്യമല്ലായിരുന്നു. റോമ്മാ മെത്രാന്റെ അധികാരം ലൌകികമല്ല, അപ്പൊസ്തോലന്മാർ കല്പിച്ചിട്ടുള്ള പുരാതന നടപടിയാണെന്നു മുകളിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. മലങ്കരയിലുള്ള മേല്പട്ടക്കാരെ ശിക്ഷിക്കുവാനും മുടക്കുവാനും യാക്കോബായ പാത്രിയർക്കീസിനു കിട്ടിയിട്ടുള്ള അധികാരം വെറും ലൌകികമാണെന്നോ റമ്പാച്ചന്റെ അഭിപ്രായം? അങ്ങനെയെങ്കിൽ പാത്രിയർക്കീസിനെ അനുസരിക്കാത്ത

www.malankaralibrary.com



ഓത്തൊഡോക്സ്കക്ഷിയിലെ കാതോലിക്കാബാവായും മേല്പട്ടക്കാരും ദൈവത്തിന്റെ മുമ്പാകെ കുററക്കാരല്ലെന്നല്ലേ റമ്പാച്ചന്റെ സഭക്കാർ പറയേണ്ടതു്? അങ്ങനെയല്ലല്ലോ പറഞ്ഞുവരുന്നതു്. ആകയാൽ റോമ്മാമെത്രാന മററു പാത്രിയർക്കീസുമാരുടെ മേൽ ലഭിച്ചിട്ടുള്ള അധികാരം സഭാപരവും ആചാരപരവുമാണെങ്കിൽ തന്നെയും അതിനെ വകവെയ്ക്കാതെ അനുസരണരാഹിത്യത്തിൽ നില്ക്കുന്ന യാക്കോബായക്കാർ കുററക്കാരല്ലേ?

4. "ഏതെങ്കിലും ഒരു കാലത്തു സാക്ഷാൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് റോമ്മാ സിംഹാസനത്തിൻ കീഴിൽ പെട്ടിട്ടുള്ളതായി കോറിയച്ചന (വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ) തെളിയിക്കാമോ?" (പുറം 22–23)

മറുപടി. റോമ്മാ മാർപ്പാപ്പാക്കു വി. പത്രോസിനെപ്പോലെ സഭ മുഴുവനിലും പരമാധികാരമുള്ളതുകൊണ്ടു് അന്ത്യോക്യാ പാത്രിയർക്കീസും മററു പാത്രിയർക്കീസുമാരും ആദിമുതൽ റോമ്മാ സിംഹാസനത്തിനു വിധേയരായിരുന്നു. ഇക്കാര്യമാണു യാക്കോബായക്കാർ സ്വീകരിക്കുന്ന ഹൂദായ കാനോനും അറബികാനോനാകളും പറയുന്നതു് (മുകളിൽ പുറം 38–52; 57 കാണുക).

എഫേസൂസ് സൂനഹദോസിന്റെ കാലത്തു അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന യോഹന്നാനെ മഹറോൻ ശിക്ഷയിൽ നിന്നു മാർപ്പാപ്പാ മോചിച്ചതായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ (പുറം 57). മാർപ്പാപ്പാക്കു അന്ത്യോക്യാ പാത്രിയർക്കീസ് വിധേയനായിരുന്നെന്നല്ലേ ഇക്കാര്യം തെളിയി

www.malankaralibrary.com



കുന്നത്? മേലധികാരിക്കേ കീഴുള്ളവരുടെ ശിക്ഷ മോചിക്കാൻ സാധിക്കൂ. 451-ൽ നടന്ന കൽക്കദോനിയാ സൂനഹദോസിൽ അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന മാക്സിമോസ് സംബന്ധിച്ച് ആ സൂനഹദോസിന്റെ നിശ്ചയങ്ങളിൽ ഒപ്പുവെച്ചു (1) കൽക്കദോനിയാ സൂനഹദോസിൽ ലെയോൻ മാർപ്പാപ്പായുടെ പ്രതിനിധിമാരാണ് ആദ്ധ്യക്ഷം വഹിച്ചത്. ആകയാൽ അന്നും സാക്ഷാൽ അന്ത്യോക്യാപാത്രിയർക്കീസ് റോമ്മാസിംഹാസനത്തിനു വിധേയനായിരുന്നു. കൽക്കദോനിയാ സൂനഹദോസിനു ശേഷമാണു യാക്കോബ് ബുർദാനാ അനധികൃതമായി "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന പേരിൽ മർദ്ദീനിൽ സേർജിയൂസിനെ പാത്രിയർക്കീസായി വാഴിച്ചത്. ഇങ്ങനെയാണു യാക്കോബായസഭയിൽ ആദ്യമായി പാത്രിയർക്കീസുണ്ടാകുന്നത്. വി. പത്രോസ് സ്ഥാപിച്ച അന്ത്യോക്യാ സിംഹാസനത്തോടു യാക്കോബ് ബുർദാനാ അനധികൃതമായി സ്ഥാപിച്ച യാക്കോബായ സിംഹാസനത്തിനു യാതൊരു ബന്ധവുമില്ല.

(5) യാക്കോബ് ബുർദാനാ.

"കൽക്കദോനിയാ സൂനഹദോസ് കൂടിയതു ക്രിസ്തുവർഷം 451-ൽ ആണല്ലോ. വി. യാക്കോബ് ബുർദാനാ 543-ൽ ആണു സ്ഥാനാഭിഷിക്തനായതു്...പ്രസ്തുത സൂനഹദോസും വി. യാക്കോബ് ബുർദാനായുടെ സ്ഥാനാഭിഷേകവും തമ്മിൽ 100 വർഷത്തോളം അകലമുണ്ട്. ആ സ്ഥിതിക്കു യാക്കോബാ

1) ഈ ഗ്രന്ഥകാരൻ എഴുതിയ "കൽക്കദോനിയാ സൂനഹദോസ്" പുറം 70, 137 കാണുക.

www.malankaralibrary.com



യ സഭയുടെ സ്ഥാപകൻ യാക്കോബ് ബുർദ്ദാനായാണെന്ന് എങ്ങനെ പറയാം?" (പുറം 24).

മറുപടി. 451—ൽ സമ്മേളിച്ച കൽക്കദോനിയാ സൂന്നഹദോസിൽവച്ചു മുടക്കപ്പെട്ട് ഏക സത്യസഭയിൽ നിന്നു ബഹിഷ്കൃതരായവർ ഏക സ്വഭാവവാദികൾ (Monophysites) എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ കാലാന്തരത്തിൽ ഇരുപതോളം വിഭിന്ന വിഭാഗക്കാരായിത്തീന്ന് മിക്കവാറും നാമാവശേഷമാകാൻ തുടങ്ങിയപ്പോൾ 543—ൽ അഭിഷിക്തനായ യാക്കോബ് ബുർദ്ദാനാ ഈജിപ്ത്, സിറിയാ മുതലായ സ്ഥലങ്ങളിലുണ്ടായിരുന്ന ഏക സ്വഭാവവാദികളെ സംഘടിപ്പിച്ചു സേർജിയൂസിനെ അവരുടെ പാത്രിയർക്കീസായി വാഴിച്ചു. മററ ഏക സ്വഭാവവാദികൾ ഇപ്പോൾ ഈഗുപ്തായ, അബിസ്സീനിയൻ, അർമേനിയൻ എന്നീ സഭകളിൽ സ്വതന്ത്രകക്ഷികളായി നില്ക്കുന്നു. ഇങ്ങനെ കൽക്കദോനിയാ സൂന്നഹദോസിന്റെ കാലത്തുണ്ടായ ഏക സ്വഭാവവാദികളിൽ നിന്നു 100 കൊല്ലം കഴിഞ്ഞുണ്ടായ ഒരു സഭാവിഭാഗമാണു യാക്കോബായസഭ. ആകയാൽ കൽക്കദോനിയാ സൂന്നഹദോസിന്റെകാലത്തു "യാക്കോബായ" എന്നു പ്രത്യേകിച്ചു നാമമുള്ള ഈ സഭയില്ലായിരുന്നു. യാക്കോബ് ബുർദ്ദാനാ ഇങ്ങനെയൊരു പ്രത്യേക സഭയെ സംഘടിപ്പിച്ചതുകൊണ്ടാണു യാക്കോബായ സഭയുടെ സ്ഥാപകൻ യാക്കോബ് ബുർദ്ദാനായാണെന്നു പറയുന്നതു് (എന്റെ തെങ്ങേലിപ്രസംഗം, പുറം 26—40 കാണുക)

(6) ദൈവം എഴുന്നേല്പിച്ച മഹാന്മാർ.

ആറാം നൂററാണ്ടിൽ യാക്കോബുബുർദ്ദാനാ

www.malankaralibrary.com



യേയും, കേരളത്തിൽ 17—ാം നൂററാണ്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരെയും ദൈവം എഴുന്നേല്പിച്ചതു പാതാളവാതിലുകൾ സഭയെ ജയിക്കയില്ലെന്നുള്ളതിന്റ ശക്തിമത്തായ തെളിവായി റമ്പാച്ചൻ പറയുന്നു (II, പുറം 35—36)

മറുപടി. ഇരുപതോളം വിഭിന്ന വിഭാഗക്കാരായി ചിന്നിച്ചിതറിയ ഏകസ്വഭാവവാദികൾ മിക്കവാറും നാമാവശേഷമാകാൻ തുടങ്ങിയപ്പോഴാണു യാക്കോബുബുർദാനാ അവരെ സംഘടിപ്പിച്ചതു്. യാക്കോബുബുർദാനാ ഇല്ലായിരുന്നെങ്കിൽ യാക്കോബായസഭ എന്നൊരു സഭ ലോകത്തിൽ ഉണ്ടാകയില്ലായിരുന്നു. ഇതുപോലെ ദുർവാശിക്കാരനും മാർപ്പാപ്പായുടെ നാമത്തിൽ വ്യാജലേഖനങ്ങൾ ഉണ്ടാക്കുന്നതിൽ വിരുതൻമായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ ഇല്ലായിരുന്നെങ്കിൽ കേരളത്തിൽ യാക്കോബായസഭ എന്നൊരു സഭയും ഉണ്ടാകയില്ലായിരുന്നു. (എന്റെ തെങ്ങേലിപ്രസംഗം, പുറം 25—65 കാണുക) പക്ഷേ ഇവരെ ദൈവം എഴുന്നേല്പിച്ചതാണോ എന്നുള്ള കാര്യം റമ്പാച്ചൻ തെളിയിക്കേണ്ടിയിരിക്കുന്നു. നെസ്തോറിയസ്, ലൂഥർ ആദിയായവർ ഇല്ലായിരുന്നെങ്കിൽ നെസ്തോറിയൻ സഭയോ, പ്രൊട്ടസ്റ്റൻറു സഭകളോ ഇന്നു ലോകത്തിൽ ഉണ്ടാകയില്ലായിരുന്നു. ഇവരെ ദൈവം എഴുന്നേല്പിച്ചതാണെന്നു ഇവരുടെ സഭാംഗങ്ങൾ പറയുമെങ്കിലും റമ്പാച്ചൻ അതു വിശ്വസിക്കുന്നുണ്ടോ? ലോകത്തിലെ പണ്ഡിതന്മാർ സമ്മതിക്കുന്നുണ്ടോ? അതുപോലെ യഥാർത്ഥമായ ചരിത്രരേഖകളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ യാക്കോബ് ബുർദാനായും ഇട്ടിത്തൊമ്മൻ കത്തനാരും ദൈവത്താൽ എഴുന്നേല്പിക്ക

www.malankaralibrary.com


പ്പെട്ടവരായിരിക്കുമോ എന്നാണു് അറിയേണ്ടതു്. യാക്കോബായക്കാൎക്കു ഇവർ ദിവ്യപുരുഷന്മാരായിരിക്കാം. എന്നാൽ "കാക്കയ്ക്കും തൻകുഞ്ഞു പൊൻകുഞ്ഞു" എന്നുള്ള പ്രമാണം അനുസ്മരിച്ചു ചിന്തിക്കുന്ന ഇതരസഭാപണ്ഡിതന്മാൎക്കോ?

## 6. വായനക്കാരെ വഞ്ചിക്കുന്നു.

വായനക്കാരെ സൂക്ഷ്മമായി വഞ്ചിക്കുന്ന അനേകം പ്രസ്താവനകൾ സലാമ റമ്പാന്റെ പുസ്തകത്തിൽ ആദ്യന്തം കാണാവുന്നതാണു്. അവയിൽ ചിലതിനെ താഴെ ചേൎക്കുന്നു.

1. "റോമൻ ചക്രവൎത്തികൾ ക്രിസ്ത്യാനികളായപ്പോൾ സാൎവ്വത്രിക സൂനഹദോസുകൾ വിളിച്ചുകൂട്ടി. ഇവർ വിശ്വാസദ്രോഹികളായപ്പോൾ ഇതു സാധിക്കാതെ വന്നു" (II, പുറം 13)

മറുപടി. ക്രൈസ്തവരാജാക്കന്മാരോ ചക്രവൎത്തിമാരോ ഇല്ലെങ്കിൽ സൂനഹദോസുകൾ നടത്തുവാൻ സഭയ്ക്കു പാടില്ലെന്നുണ്ടോ? ജറുസലേമിൽ കൂടിയ അപ്പസ്തോലന്മാരുടെ സൂനഹദോസു് രാജാക്കന്മാരല്ലല്ലോ വിളിച്ചുകൂട്ടിയതു്. (നട. 15 കാണുക) ചക്രവൎത്തിമാരും രാജാക്കന്മാരും ആദ്യകാലത്തെ പൊതുസൂനഹദോസുകൾ വിളിച്ചുകൂട്ടുന്നതിനും, അവയിൽ സംബന്ധിച്ചിരുന്ന മെത്രാന്മാൎക്കു യാത്രാസൗകൎയ്യങ്ങളും വാസസ്ഥലങ്ങളും മറ്റും ഉണ്ടാക്കിക്കൊടുക്കുന്നതിനുംവേണ്ടി പരിശ്രമിച്ചിരുന്നു എന്നല്ലാതെ പൊതുസൂനഹദോസുകളുടെ ആഭ്യന്തരകാൎയ്യങ്ങളിൽ അവർ പ്രവേശിച്ചിരുന്നില്ല. ഉദാഹരണമായി നി-

www.malankaralibrary.com



ക്യാസ്സുന്നഹദോസിൽ കോൺസ്റ്റൻറയിൽ ചക്രവത്തി സന്നിഹിതനായിരുന്നെങ്കിലും ചില മെത്രാന്മാരുടെമേൽ കുററങ്ങൾ ആരോപിക്കപ്പെട്ടതു കേട്ടുകൊണ്ടിരുന്ന ചക്രവത്തി അവയെപ്പററി അഭിപ്രായമൊന്നും പറയാതെ സൂന്നഹദോസിൽ ഉണ്ടായിരുന്ന മെത്രാന്മാരോടു ഇപ്രകാരം പറഞ്ഞതായി മഹാനായ വി. ഗ്രീഗോറിയോസ് രേഖപ്പെടുത്തുന്നു:— "നിങ്ങൾ ദൈവത്തിൻെറ ആളുകളാണ്. ഈ പരാതികളെ സംബന്ധിച്ച നിങ്ങൾതന്നെ പരിശോധന നടത്തുവിൻ. ദൈവികകാര്യങ്ങളെപ്പററി വിധിപ്രസ്താവിക്കുക എന്നുള്ളതു നമ്മെപ്പോലുള്ളവക്കു അനുയോജ്യമല്ല"(1). പൊതുസൂന്നഹദോസുകളിൽ മേല്പട്ടക്കാർ മാത്രമാണ വിശ്വാസകാര്യങ്ങളെപ്പററി തീരുമാനങ്ങൾ ചെയ്തിട്ടുള്ളതു്. കത്തോലിക്കാസഭയിൽനിന്നു വേർപിരിഞ്ഞതിനുശേഷം യാതൊരു അകത്തോലിക്കാസഭയിലും പൊതുസൂന്നഹദോസ് നടത്തിട്ടില്ലാത്തതുപോലെ യാക്കോബായസഭയിലും നടത്തിട്ടില്ല. അതിൻെറ കാരണം പൊതുസൂന്നഹദോസുകൾക്കു വിലയും പ്രാമാണ്യവും സാധുത്വവും നല്കുന്ന റോമ്മാ മാർപ്പാപ്പായുടെ അധികാരത്തിൽ നിന്നു അകത്തോലിക്കാസഭകൾ വേർപിരിഞ്ഞു എന്നുള്ളതുമാത്രമാണ്. ഇങ്ങനെ പുരാതനസഭയിലേപ്പോലെ യാക്കോബായസഭയിൽ പൊതുസൂന്നഹദോസ് നടക്കാത്തതിൻെറ കാരണം ക്രിസ്തീയരാജാക്കന്മാർ വിശ്വാസമില്ലാത്തവരായതുകൊണ്ടാണെന്നു റമ്പാച്ചൻ പറയുന്നതു വായനക്കാരെ തെററിദ്ധരിപ്പിക്കാനാണ്.

2. "381-ൽ കസ്തന്തിനോപൊലീസിൽ കൂടിയ സാർവ്വത്രിക സൂന്നഹദോസ് പ്രാദേശികമായി

1) Gregorius, De titulo Sacerdotis in Exod. 20.

www.malankaralibrary.com



രുന്നു എന്നു ഫ്ലാദർ വടക്കേക്കര പറയുന്നു. അതും വ്യാജമല്ലേ?" (പുറം 34).

മറുപടി. "ഇവിടെ റമ്പാച്ചൻ മലങ്കര നസ്രാണികളും ക്രൈസ്തവ പുനരൈക്യവും" എന്ന പേരിൽ 1952-ൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിന്റെ 21-22 പുറങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പുറങ്ങളിൽ ഞാൻ എഴുതിയിട്ടുള്ള വാചകം ഇങ്ങനെയാണ്:—"പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിഷേധിച്ച മക്കദോനിയോസിനെ ശപിക്കുവാൻ 381-ൽ സമ്മേളിച്ചതും, വളരെക്കാലം പൌരസ്ത്യദേശത്തെ ഒരു പ്രാദേശിക സൂനഹദോസായി മാത്രം അറിയപ്പെട്ടുവന്നതുമായ കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് പാശ്ചാത്യ പൌരസ്ത്യദേശങ്ങളിൽ രണ്ടാമത്തെ പൊതുസൂനഹദോസായി പരിഗണിക്കപ്പെട്ടതു റോമ്മാ മാർപ്പാപ്പായുടെ അംഗീകരണത്തിനുശേഷം മാത്രമാണ്". ഈ വാചകത്തിന്റെ അവസാനത്തെ ഭാഗം (കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് പിന്നീടു പൊതു സൂനഹദോസായിത്തീർന്നു എന്ന ഭാഗം) മറച്ചുവെച്ചുകൊണ്ടു കുസ്തന്തനോപ്പോലീസിലെ സൂനഹദോസ് പ്രാദേശിക സൂനഹദോസായിരുന്നെന്നു മാത്രം ഞാൻ പറയുന്നതായി എന്റെ പുസ്തകത്തിന്റെ പുറം കാണിച്ചു വായനക്കാരെ റമ്പാച്ചൻ വഞ്ചിക്കുന്നതു മററു വഞ്ചനകൾപോലെ ഒന്നാണെന്നല്ലാതെ എന്താണു പറയേണ്ടതു്?

കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസിനെപ്പററി കത്തോലിക്കാ സഭയുടെ ബദ്ധശത്രുവായ ഡോളിഞ്ചർ ഇങ്ങനെ പറയുന്നു:— "It was a Council of

www.malankaralibrary.com



Oriental Bishops only, and acquired the authority of an Oecumenical Synod by the subsequent acceptance and confirmation of the Pope" (2) ("ഇതു പൌരസ്ത്യ മെത്രാന്മാർ മാത്രം ഉണ്ടായിരുന്ന ഒരു സൂനഹദോസായിരുന്നു. മാപ്പാപ്പാ പിന്നീട്ട സ്വീകരിക്കയും അംഗീകരിക്കയും ചെയ്തു നിമിത്തം ഇതിനു പൊതു സൂനഹദോസിൻെറ പ്രാമാണ്യം ലഭിച്ചു" (ഡോളിങ്ങർ, സഭാചരിത്രം, II, 220).

മുകളിൽ ഉദ്ധരിച്ചിട്ടുള്ള (പുറം 45) ഹെർബെട്ട് സ്കോട്ട് എന്ന പ്രോട്ടസ്റ്റൻറ പണ്ഡിതൻ "പൗരസ്ത്യസഭകളും പാപ്പാസ്ഥാനവും" എന്ന തൻെറ ഗ്രന്ഥത്തിൽ പറയുന്നു:— "In 381 was held the Second General Council, the first of Constantinople. This council, of which we possess little information beyond scattered notices in Socrates, Sozemen and Theoderet, is reckoned oecumenical now. But it was not so either in its convocation or in its composition. It became reckoned as a General Council later, when approved by Rome and the West." (3)

പരിഭാഷ:— "381-ൽ രണ്ടാമത്തെ പൊതുസൂനഹദോസ്, അതായതു് ആദ്യത്തെ കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് സമ്മേളിച്ചു. സോക്രട്ടീസ്, സോസെമെൻ, തെഓദെറററ് എന്നീ ചരിത്രകാരന്മാർ നല്കുന്ന ചിന്നഭിന്നമായ വിവരങ്ങൾ കൂടാതെ അല്പംമാത്രം ജ്ഞാനം നമുക്ക ലഭിച്ചിട്ടുള്ള ഈ സൂനഹദോസ് ഇപ്പോൾ പൊതുസൂനഹദോ

---

2) Dollinger, Hist. Ch. II, 220

3) S. H. Scott. o. c. p. 138

www.malankaralibrary.com



സായി പരിഗണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇതു വിളിച്ചുകൂട്ടപ്പെട്ടപ്പോഴോ, നടന്നപ്പോഴൊ ഒരു പൊതുസൂന്നഹദോസായിരുന്നില്ല. ഇതു പിന്നീട റോമായും പാശ്ചാത്യദേശവും അംഗീകരിച്ചപ്പോഴാണ് ഒരു പൊതു സൂന്നഹദോസായിത്തീർന്നതു്" (സ്കോട്ട് പുറം 138). ഇങ്ങനെ കത്തോലിക്കസഭയെ കഠിനമായി ദ്വേഷിച്ചിരുന്ന ഡോളിഞ്ചറും, പ്രോട്ടസ്റ്റൻറ ഗ്രന്ഥകാരനായ സ്കോട്ടും കോൺസ്റ്റൻറിനോപ്പിൾ സൂന്നഹദോസ് ആദ്യം പ്രാദേശികമായിരുന്നെന്നും പിന്നീട മാർപ്പാപ്പായുടെ അംഗീകാരത്താൽ മാത്രമാണു അതു പൊതുസൂന്നഹദോസായിത്തീർന്നതെന്നുമുള്ള ചരിത്രസത്യങ്ങൾ ഹൃദയപരമാർത്ഥതയോടുകൂടി പറയുമ്പോൾ അവരെക്കാൾ സത്യവും പരമാർത്ഥ ഹൃദയവും കത്തോലിക്കസഭയോടു സ്നേഹവുമുള്ള സലാമറമ്പാനെന്ന സന്യാസിശ്രേഷ്ഠൻ ഇക്കാര്യങ്ങളെല്ലാം നിഷേധിച്ചു് എൻെറ വാചകത്തിൻെറ ഒരു പകുതി വായനക്കാരെ കാണിച്ചുകൊണ്ടും, എൻെറ പുസ്തകത്തിൻെറ പുറം ചൂണ്ടിക്കാണിച്ചുകൊണ്ടും എന്നെ കള്ളനാക്കാൻ ശ്രമിക്കുകയും, വായനക്കാരെ വഞ്ചിക്കയും ചെയ്യുന്നു. യാക്കോബായക്കാർ പൊതുസൂന്നഹദോസായി സ്വീകരിക്കുന്ന കോൺസ്റ്റൻറിനോപ്പിൾ സൂന്നഹദോസ് വാസ്തവത്തിൽ പൊതുസൂന്നഹദോസായതു റോമാ മാർപ്പാപ്പായുടെ അംഗീകാരം നിമിത്തമാണെന്നുള്ള ചരിത്രവസ്തുത റമ്പാച്ചൻ എങ്ങനെ സഹിക്കും? അതുകൊണ്ടാണു എൻെറ വാചകം മുഴുവനും ഉദ്ധരിക്കാതെ എന്നെ കള്ളനാക്കാൻ അദ്ദേഹം ശ്രമിക്കുന്നതു്. ആരാണു വാസ്തവത്തിൽ കള്ളൻ? "ചക്കിനു വെച്ചതു കൊക്കിനു പററുന്നതുപോലെ" അല്ലേ ഇതു്?

3. "റോമ്മായിലെ എപ്പിസ്കോപ്പാ ആയിരുന്ന ദാമാസോസ് അന്ത്യോഖ്യയിലെ ന്യായമായ എപ്പിസ്കോപ്പാ ആയിരുന്ന പ്ലാവിയാനോസിനെ വകവയ്ക്കാതെ അവിടെ ഒരു വഴക്കുണ്ടാക്കാൻ ശ്രമിച്ചപ്പോൾ കുസ്തന്തിനോപോലീസിൽ 381—ൽ ചേർന്ന സാർവ്വത്രിക സുന്നഹദോസ് ആ കാര്യത്തിൽ പ്രവേശിക്കയും ദാമാസോസിനു ഒരു ശാസനക്കത്തു അയയ്ക്കയും ചെയ്തു" (പുറം 12).

മറുപടി. റമ്പാച്ചന്റെ ഈ പ്രസ്താവന കേട്ടാൽ സുന്നഹദോസിലെ പിതാക്കന്മാർക്കാണു മാർപ്പാപ്പായെക്കാൾ അധികാരമുള്ളതു് എന്നു തോന്നിപ്പോകും. വാസ്തവത്തിൽ എന്താണു സംഭവിച്ചതു്? കോൺസ്റ്റൻറിനോപ്പിൾ സുന്നഹദോസിലെ പിതാക്കന്മാർ മഹനീയ നഗരമായ റോമ്മായിൽ സമ്മേളിച്ചിട്ടുള്ള ദാമസ്സുസ് മാർപ്പാപ്പായോടും അംബ്രോസിസ്, ബ്രിട്ടോണി, വലേരിയൻ ആദിയായ മററു മെത്രാന്മാരോടും ഏക ശരീരത്തിലെ അംഗങ്ങൾ എന്നതുപോലെ യോജിച്ചുകൊണ്ടു നാനാതരത്തിൽ ആരിയോസ് കക്ഷിയിൽനിന്നു തങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന പീഡകളെ ക്ഷമാപൂർവ്വം സഹിച്ചു് നിക്യാവിശ്വാസം പൂർണ്ണമായി പാലിച്ചുവരുന്നെന്നും, കോൺസ്റ്റൻറിനോപ്പിളിൽ നെക്ററാരിയസിനെയും, അന്ത്യോക്യായിൽ ഫ്ളാവിയനെയും, ജറുസലേമിൽ ക്രുറില്ലോസിനെയും മെത്രാന്മാരായി തെരഞ്ഞെടുത്തിരിക്കുന്നെന്നും വിവരിച്ചു ദീർഘമായ ഒരെഴുത്തു 382—ൽ ദാമസ്സുസ് മാർപ്പാപ്പായ്ക്കു അയച്ചുകൊടുത്തു. (4) ഈ സംഭവത്തെയാണു മാർപ്പാപ്പാ

4) Cf. Kirch S.J., Enchir. Fons. Hist. Ecc. 649_654

www.malankaralibrary.com



അന്ത്യോക്യായിൽ വഴക്കങ്ങളാക്കിയെന്നും, സൂനഹദോസിലെ പിതാക്കന്മാർ മാർപ്പാപ്പായെ ശാസിച്ചു എഴുതയച്ചെന്നും മറവമായി റമ്പാച്ചൻ വായനക്കാരെ ധരിപ്പിക്കുന്നതു്. ചരിത്ര സംഭവങ്ങളെ ഈ വിധത്തിൽ വ്യഭിചരിപ്പിച്ചാൽ സത്യമെന്ന പുണ്യത്തെ ലോകത്തിൽ കണികാണാനെങ്കിലും കിട്ടുമോ?

കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസുതന്നെയും മാർപ്പാപ്പായുടെ അംഗീകരണത്താലാണു പൊതുസൂനഹദോസായിത്തീന്നതെന്നു 2-ാംഖണ്ഡികയിൽ പ്രസ്താവിച്ചല്ലോ. അങ്ങനെയെങ്കിൽ കോൺസ്റ്റൻറിനോപ്പിളിലെ പിതാക്കന്മാരെങ്ങനെയാണു മാർപ്പാപ്പായെ ശാസിക്കുന്നതു്? ഇനി ശാസിച്ചാലും അതിനു വല്ല വിലയുമുണ്ടോ? അപ്പനെ മക്കൾ ശാസിക്കയോ പ്രഹരിക്കയോ ചെയ്താൽ അപ്പന്റെ മക്കളുടെമേലുള്ള അധികാരം പോകുമോ? "അപ്പനെ ഞങ്ങൾ അടിച്ചു" എന്നു മക്കൾ കൊട്ടിഘോഷിക്കുന്നതോ അഭിമാനകരം? ലജ്ജയില്ലെങ്കിൽ എന്താണു പറയുവാനും എഴുതുവാനും പാടില്ലാത്തതു്?

കോൺസ്റ്റൻറിനോപ്പിളിലെ പിതാക്കന്മാർ റോമ്മാ കഴിഞ്ഞാൽ പിന്നെ കോൺസ്റ്റൻറിനോപ്പിൾ സിംഹാസനത്തിനു ബഹുമാനസ്ഥാനം ലഭിക്കണമെന്നുള്ള മൂന്നാം നിശ്ചയം പാസ്സാക്കി. * എന്നാൽ പുരാതനകാലംതുടങ്ങി റോമ്മാ കഴിഞ്ഞാൽ പിന്നെ അലക്സാണ്ഡ്റിയാ സിംഹാസനത്തിനായിരുന്നു ബഹുമാനസ്ഥാനം. തന്നിമിത്തം ഈ 3-ാം നിശ്ചയ

---

* റോമ്മാ സിംഹാസനത്തിലെപ്പോലെ പരമാധികാരമല്ല, ബഹുമാനമാണു അവർ ആവശ്യപ്പെട്ടതു്.

www.malankaralibrary.com



ത്തെ മാർപ്പാപ്പാ അംഗീകരിച്ചില്ല. ഇങ്ങനെ ഈ നിശ്ചയം വിലയില്ലാത്തതായിത്തീൎന്നപ്പോൾ 451-ൽ കൽക്കദോനിയാ സൂനഹദോസിൽ 28-ാം നിശ്ചയമായി ഇതു വീണ്ടും അവതരിപ്പിച്ചു. അവിടെയും അന്നത്തെ ലെഓൻ മാർപ്പാപ്പാ ഈ നിശ്ചയത്തെ അംഗീകരിച്ചില്ല. സൂനഹദോസിലെ മേല്പട്ടക്കാരെല്ലാവരുംകൂടി യോജിച്ചു പാസ്സാക്കുന്ന നിശ്ചയങ്ങളെപ്പോലും തക്ക കാരണത്താൽ റോമ്മാമെത്രാൻ അംഗീകരിക്കയോ, അംഗീകരിക്കാതിരിക്കയോ ചെയ്യാമെന്നും, മാർപ്പാപ്പായുടെ അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ എല്ലാ മേല്പട്ടക്കാരുംകൂടി സൂനഹദോസുകളിൽ പാസ്സാക്കുന്ന നിശ്ചയങ്ങൾക്കുപോലും യാതൊരു വിലയും സിദ്ധിക്കയില്ലെന്നുമാണു, കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസിൻെറ ചരിത്രം വാസ്തവത്തിൽ തെളിയിക്കുന്നതു്. റമ്പാച്ചനാകട്ടെ മാർപ്പാപ്പാ അന്ത്യോക്യായിൽ ഒരു മുട്ടാളനെപ്പോലെ വഴക്കുണ്ടാക്കിയെന്നു പറഞ്ഞു ചരിത്രസംഭവങ്ങളെയെല്ലാം കീഴ്മേൽ മറിച്ചു വായനക്കാരെ തെററിദ്ധരിപ്പിക്കുന്നു. മാർപ്പാപ്പാ ഉണ്ടാക്കിയ വഴക്കു എന്താണു? റോമ്മായിൽ വസിക്കുന്ന മാർപ്പാപ്പാ ദൂരസ്ഥമായ അന്ത്യോക്യായിൽ എങ്ങനെ വഴക്കുണ്ടാക്കും? വഴക്കുണ്ടായെങ്കിൽ തന്നെയും പൌരസ്ത്യദിക്കിൽ മാർപ്പാപ്പായ്ക്കു അധികാരമുണ്ടായിരുന്നു എന്നല്ലേ ഈ വഴക്കിൻെറ തന്നെ അൎത്ഥം? ഇപ്പോഴത്തെ മാർപ്പാപ്പാ റമ്പാച്ചൻെറ യാക്കോബായ പാത്രിയക്കീസിനോടു വഴക്കിനു പോകുന്നുണ്ടോ? ഇപ്പോഴത്തെ യാക്കോബായ പാത്രിയക്കീസ് മാർപ്പാപ്പായുടെ അധികാരത്തിനു വിധേയനല്ലാത്തതുകൊണ്ടാണു് യാതൊരു വഴക്കിനും മാർപ്പാപ്പാ പോകാത്തതെന്നു റമ്പാച്ചൻ സ

www.malankaralibrary.com



മെതിക്കമല്ലോ. അങ്ങനെയെങ്കിൽ പുരാതനകാലത്തു അന്ത്യോക്യാ റോമ്മാ പാത്രിയർക്കീസിൻെറ അധികാരത്തിനു വിധേയമായിരുന്നു എന്നല്ലേ ഈ വഴക്കു തെളിയിക്കുന്നതു്? ഒരു പാത്രിയർക്കീസിനു മറ്റു പാത്രിയർക്കീസ്സന്മാരുടെ ഭരണാതിർത്തിയിൽ പ്രവേശിക്കുവാൻ പാടില്ലെന്നു നിക്യായിലെ പിതാക്കന്മാർ പറഞ്ഞിട്ടുണ്ടെന്നാണു റമ്പാച്ചൻ വായനക്കാരെ ധരിപ്പിക്കുന്നതു് (പുറം 12). ഒരു ഇടവകവികാരി മറെറാരു ഇടവക വികാരിയുടെ ഇടവകയിൽ പ്രവേശിച്ചു മാമ്മോദീസാ, വിവാഹം മുതലായ കൂദാശകൾ നടത്തിക്കൊടുക്കുന്നതിനെ നിരോധിച്ചു നിയമമുണ്ടാക്കിയാൽ അതോടുകൂടി എല്ലാ ഇടവകകളിന്മേലും അധികാരമുള്ള അവിടത്തെ മെത്രാൻെറ അധികാരം നഷ്ടപ്പെട്ടെന്നും, മെത്രാനു ഒരു ഇടവകയിലും കർമ്മം നടത്താൻ പാടില്ലെന്നുമാണോ അർത്ഥം? ഇതുപോലെ സാധാരണ പാത്രിയർക്കീസ്സന്മാർ മറ്റു പാത്രിയർക്കീസ്സന്മാരുടെ ഭരണത്തിലിരിക്കുന്ന പ്രദേശങ്ങളിൽ അധികാരം നടത്തരുതെന്നു നിക്യാസുന്നഹദോസ് നിയമമുണ്ടാക്കിയപ്പോൾ അതോടുകൂടി എല്ലാപാത്രിയർക്കീസ്സന്മാരുടെയും തലവനായ റോമ്മാ പാത്രിയർക്കീസിനു മറ്റു പാത്രിയർക്കീസ്സന്മാരുടെമേൽ അഥവാ സഭ മുഴുവനിലുമുണ്ടായിരുന്ന അധികാരം നഷ്ടപ്പെട്ടു എന്നു റമ്പാച്ചൻ വായനക്കാരെ ധരിപ്പിക്കുന്നതു ന്യായമോ? അങ്ങനെയല്ലല്ലോ നിക്യാസുന്നഹദോസിൻെറതായി യാക്കോബായക്കാർ സ്വീകരിക്കുന്ന കാനോനാകളും, പൊതുസുന്നഹദോസുകളുടെ ചരിത്രവും വ്യക്തമാക്കുന്നതു്? (മുകളിൽ പുറം 38—59 കാണുക).

www.malankaralibrary.com



4. യാക്കോബായ പാത്രിയക്കീസിന്റെ ആസ്ഥാനം മർദ്ദീൻ, അമീദാ (മെസൊപ്പൊത്തേമിയായിലുള്ള ഡയർബെക്കർ), ഹോംസ് എന്നീ സ്ഥലങ്ങളിൽ മാറിമാറി സ്ഥാപിച്ചിട്ടുണ്ടു്. അന്ത്യോക്ക്യായിൽ ഇതുവരെയും യാക്കോബായ പാത്രിയക്കീസുമാർ ആസ്ഥാനം ഉറപ്പിച്ചിട്ടില്ല. ഇക്കാര്യം കോർഎപ്പിസ്കോപ്പാ തന്റെ "ശകാരവർഷം" എന്ന ലഘുലേഖയിൽ പറയുന്നു (പുറം 14). ഇതിനു മറുപടിയായി സലാമ റമ്പാൻ എഴുതിയിരിക്കുന്നതു പല യാക്കോബായ പാത്രിയക്കീസുമാരും അന്ത്യോക്ക്യായിൽ വസിക്കയും, അവിടെവച്ച് മൂറോൻ കൂദാശ ചെയ്യുകയും, മെത്രാന്മാരെ വാഴിക്കയും മററും ചെയ്തു എന്നാണു് (പുറം 19) യാക്കോബായ പാത്രിയക്കീസിന്റെ കേരളത്തിലെ പ്രതിനിധിയായ മാർ ജൂലിയോസ് തിരുമേനിയുടെ ആസ്ഥാനം പത്തനംതിട്ടയിലുള്ള ഓമല്ലൂരാണു്. തിരുമേനി ചിലപ്പോൾ ആലുവായിലും മൂവാററുപുഴയും കോട്ടയത്തും മററും കുറേമാസങ്ങൾ താമസിച്ചതുകൊണ്ടോ, ഈ സ്ഥലങ്ങളിൽവച്ചു പട്ടം കൊടുത്തതുകൊണ്ടോ തിരുമേനിയുടെ ആസ്ഥാനം ആലുവായിലും മൂവാററുപുഴയിലും കോട്ടയത്തുമാണെന്നു റമ്പാച്ചൻ പറയുമോ? ഇതുപോലെ യാക്കോബായ പാത്രിയക്കീസുമാർ കുറെനാൾ അന്ത്യോക്ക്യായിൽ വസിച്ചതുകൊണ്ടോ, അവിടെവച്ചു ചില കർമ്മങ്ങൾ നടത്തിയതുകൊണ്ടോ അവരുടെ ആസ്ഥാനം അന്ത്യോക്ക്യായിലാണെന്നു റമ്പാച്ചൻ വായനക്കാരെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നതു് ഒരു വഞ്ചനയല്ലേ? "അടുത്ത ഭാവിയിൽ തന്നെ സിംഹാസനം അന്ത്യോക്ക്യായിലേക്കു മാററുവാൻ ആലോചനയുണ്ടു്" എന്നും റമ്പാച്ചൻ പറ

www.malankaralibrary.com


യുന്നു. (പുറം 19) അങ്ങനെയെങ്കിൽ ഇതുവരെ സിംഹാസനം അന്ത്യോക്യായിൽ ആയിരുന്നില്ല, എന്നല്ലേ അർത്ഥം? നേരത്തേ സിംഹാസനം അന്ത്യോക്യായിലായിരുന്നെങ്കിൽ എന്നു് അവിടെ സ്ഥാപിച്ചു? എന്നു് അവിടെനിന്നു മാററി? എന്നീ ചോദ്യങ്ങൾക്കു റമ്പാച്ചൻ എന്തു മറുപടി നല്കും?

5. "ഇൻഡ്യയിലല്ലാതെ നമ്മുടെ സഭയോ നമ്മുടെ വിശ്വാസത്തിൽപെട്ട മററു സഭാവിഭാഗങ്ങളോ (യാക്കോബായ എന്ന) ഈ നാമത്തിൽ അറിയപ്പെട്ടുന്നില്ല" (പുറം 26.)

പാശ്ചാത്യപണ്ഡിതന്മാർ എഴുതിയിട്ടുള്ള എല്ലാ സഭാചരിത്രഗ്രന്ഥങ്ങളിലും ലോകത്തിലുള്ള സഭാവിഭാഗങ്ങളെ തരംതിരിക്കയിൽ കത്തോലിക്കാ, നെസ്തോറിയൻ, ഏകസ്വഭാവവാദത്തിൽ നിന്നു ഉത്ഭവിച്ച യാക്കോബായ, ഈഗുപ്തായ, അബിസ്സീനിയൻ, അർമ്മേനിയൻ എന്നീ സഭകൾ (Monophysite Churches), ഗ്രീക്കു്, പ്രോട്ടസ്റ്റൻറു് എന്നിങ്ങനെ അഞ്ചു വലിയ വിഭാഗങ്ങളായിട്ടാണു പറയുന്നതു്. ഗ്രീക്കുസഭയ്ക്കുതന്നെ ഇരുപതു വിഭാഗങ്ങളുണ്ടു്. പ്രോട്ടസ്റ്റൻറു സഭയിൽ 350—ൽ അധികം വിഭാഗങ്ങളുണ്ടു്. "Orthodox Church" (ഓർത്തൊക്സു് സഭ) എന്നു പറഞ്ഞാൽ ഗ്രീക്കുസഭയെയാണു പ്രധാനമായി ഗ്രന്ഥകാരന്മാർ ഉദ്ദേശിക്കുന്നതു്. യാക്കോബായ, ഈഗുപ്തായ, അബിസ്സീനിയൻ, അർമേനിയൻ എന്നീ നാലു സഭകളെ ഏകസ്വഭാവവാദത്തിൽ നിന്നു ഉത്ഭവിച്ച സഭകൾ (Monophysite Churches) എന്നാണു ഗ്രന്ഥകാരന്മാർ വിളിക്കുന്നതു്. ഓർത്തോഡോക്സു് എന്നുള്ളപദം തന്നെ ഗ്രീക്കാ

www.malankaralibrary.com



ണ്. ഇക്കാലത്തു യാക്കോബായക്കാരും മററും തങ്ങളുടെ സഭയെ "ഓർത്തോഡോക്സ്സഭ" എന്നു പറയുമെങ്കിലും പണ്ഡിതന്മാരുടെ ഇടയിൽ ഇക്കാലത്തും "ഓർത്തോഡോക്സ സഭ" എന്നു പറഞ്ഞാൽ ഗ്രീക്കസഭയെയാണു പ്രധാനമായി മനസ്സിലാക്കുന്നതു്. ഓക്സ്ഫോർഡ് നിഘണ്ടുവിൽ (Oxford Dictionary) ഓർത്തോഡോക്സ് (Orthodox) എന്ന പദത്തിനു കൊടുത്തിരിക്കുന്ന അർത്ഥങ്ങളിൽ ഇങ്ങനെ പറയുന്നു:—"The Orthodox Church, the Eastern or Greek recognizing Patriarch of Constantinople as head & the national Churches of Russia, Rumania, etc., in commuion with it." (കോൺസ്റ്റാൻറിനോപ്പിൾ പാത്രിയക്കീസിനെ തലവനായി സ്വീകരിച്ചിട്ടുള്ള പൌരസ്ത്യ അഥവാ ഗ്രീക്കസഭയും, അതിനോടു ഐക്യത്തിലിരിക്കുന്ന റഷ്യ, റുമേനിയാ ആദിയായ സ്ഥലങ്ങളിലെ പ്രാദേശിക സഭകളുമാണു് ഓർത്തോഡോക്സ്സഭ). യാക്കോബായ സഭ കോൺസ്റ്റൻറിനോപ്പിൾ പാത്രിയക്കീസിനെ തലവനായി സ്വീകരിക്കയോ, ഗ്രീക്കസഭയുടെ ഐക്യത്തിൽ ഇരിക്കയോ ചെയ്യാത്ത ഒരു പൌരസ്ത്യ സഭയാകയാൽ "ഓർത്തോഡോക്സ സഭ" എന്ന പേരു് യാക്കോബായ സഭയ്ക്കു് പണ്ഡിതന്മാരുടെ ഇടയിൽ ഇല്ലെന്നു് ഇതിൽ നിന്നു വ്യക്തമല്ലേ? വായനക്കാരിൽ ചിന്താക്കുഴപ്പം സൃഷ്ടിച്ച യാക്കോബായസഭ യാക്കോബ് ബുർദാനാ സംഘടിപ്പിച്ചതല്ലെന്നു വരുത്താനാണു ഇന്ത്യയിൽമാത്രമേ യാക്കോബായ സഭയെ യാക്കോബായ എന്ന പേരുകൂട്ടി വിളിക്കുന്നുള്ളു എന്നു റമ്പാച്ചൻ പറയുന്നതു്.

www.malankaralibrary.com



6. "റോമ്മാസഭയിലെ എല്ലാ വിഭാഗക്കാരുടെയും വിശ്വാസപ്രമാണം ഒന്നല്ല" (പുറം 8–9).

<u>മറുപടി.</u> കത്തോലിക്കസഭയിൽ ലത്തീൻ, സുറിയാനി, ഗ്രീക്ക ആദിയായി പല ഭാഷകളിൽ വി. കുർബാനയും മററു ശുശ്രൂഷകളും നടത്തിവരുന്നു എന്നല്ലാതെ ആ സഭയിൽ വിപരീതങ്ങളായ വിശ്വാസപ്രമാണങ്ങളോ, വിശ്വാസസത്യങ്ങളോ ഉള്ള പല സഭാവിഭാഗങ്ങളില്ല. ലത്തീൻകാർക്കും, സുറിയാനിക്കാർക്കും, ഗ്രീക്കുകാർക്കും മററും ഒരേ വിശ്വാസസത്യങ്ങളാണുള്ളതു്. എല്ലാവരും മാർപ്പാപ്പായെ സഭയുടെ പരമാദ്ധ്യക്ഷനായി സ്വീകരിക്കുന്നു.

7. "ഒരു റോമൻസഭയിലോ ഒരു പാപ്പാസഭയിലോ വിശ്വസിക്കണമെന്നു വിശ്വാസപ്രമാണത്തിൽ പറയുന്നില്ലല്ലോ. പിന്നെ യഥാർത്ഥ സഭ ഏതു്? എന്ന ചോദ്യത്തിന്റെ മറുപടി എന്താണെന്നു വെച്ചാൽ വേദവിപരീതം ഇല്ലാത്ത സഭയെന്നത്രേ" എന്നിങ്ങനെ റമ്പാച്ചൻ എഴുതുന്നു (വിശ്വാസസത്യാഗി, പുറം 2).

<u>മറുപടി.</u> "കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നിങ്ങനെ നിക്യാ വിശ്വാസപ്രമാണത്തിലെ വാചകം കത്തോലിക്കർ, നെസ്തോറിയർ, യാക്കോബായക്കാർ, ഗ്രീക്കുകാർ, പ്രോട്ടസ്റ്റൻറുകാർ ആദിയായ ക്രിസ്ത്യാനികളെല്ലാം ചൊല്ലിവരുന്നു. ഓരോ സഭക്കാരും വിശ്വസിക്കുന്നതു അവരവരുടെ സഭയിൽ യാതൊരു വേദവിപരീതവും ഇല്ലെന്നാണു്. ക്രിസ്തു ദൈവമല്ലെന്നും, നിത്യനരകമില്ലെന്നും ഇക്കാലത്തു പഠിപ്പിക്കുന്ന റസ്സൽ മതക്കാരും തങ്ങളുടെ സഭ

www.malankaralibrary.com



യിൽ വേദവിപരീതമില്ലെന്നു ധൈൎയ്യസമേതം പറയുന്നു. അങ്ങനെയെങ്കിൽ സത്യസഭയെ എങ്ങനെ കണ്ടുപിടിക്കാം? ഈ സഭകളെല്ലാം ശരിയാണെന്നാണോ റമ്പാച്ചന്റെ അഭിപ്രായം? വേദവിപരീതങ്ങൾ എന്തെല്ലാമാണെന്നു് ആരു് തീരുമാനിക്കണം? വേദവിപരീതം ഇല്ലെന്നുള്ളതു മാത്രമാണു സത്യസഭയുടെ ലക്ഷണമെങ്കിൽ കാതോലികത്വം (സാർവ്വത്രികത), ശ്ലൈഹികത്വം, ഏകത്വം, വിശുദ്ധി എന്നീ നാലു ലക്ഷണങ്ങൾ സഭയ്ക്കുള്ളതായി നിഖ്യാ വിശ്വാസപ്രമാണത്തിൽ എല്ലാ ക്രിസ്ത്യാനികളും ഏററു പറയുന്നതു് എന്തിനു്? ഈ നാലു ലക്ഷണങ്ങളും പൂർണ്ണമായി നിറവേറിയിട്ടുള്ള സഭ ഏതാണെന്നു് ഓരോരുത്തനും അന്വേഷിക്കേണ്ടേ? കത്തോലിക്കാസഭയിലേക്കാൾ ഈ ലക്ഷണങ്ങൾ നാലും തികഞ്ഞിട്ടുള്ള ഒരു സഭയെ റമ്പാച്ചൻ ചൂണ്ടിക്കാണിക്കാമോ? സാദ്ധ്യമല്ലെങ്കിൽ “റോമൻസഭയും, പാപ്പാസഭ”യും മാത്രമല്ലേ ഏക സത്യസഭ? (ഏക സത്യസഭ എന്ന ഗ്രന്ഥം വായിക്കുക). നിഖ്യാ വിശ്വാസപ്രമാണത്തിൽ ഏററുപറയുന്ന ഏകസഭ ഏററം പുരാതനമായതും, വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ റോമ്മാമെത്രാൻ പരമാദ്ധ്യക്ഷനായുള്ളതുമായ കത്തോലിക്കാ സഭയാണെന്നല്ലേ ചരിത്രരേഖകളും വിളിച്ചു പറയുന്നതു്?

ഓർത്തഡോക്സ് കക്ഷിയെ അബ്ദുള്ളാ പാത്രിയക്കീസ് മുടക്കിയ അവസരത്തിൽ യാതൊരു വേദവിപരീതവും അവർ പഠിപ്പിച്ചിരുന്നില്ല. പാത്രിയക്കീസിനു മലങ്കരസഭയുടെ സ്വത്തുക്കളിന്മേൽ അവകാശം നല്കുകയില്ലെന്നേ വട്ടശ്ശേരി തിരുമേനിയും അദ്ദേഹത്തിന്റെ കക്ഷിയും അന്നു വാദിച്ചിരുന്നുള്ളു. ഏ

www.malankaralibrary.com



ത്തിന പാത്രിയക്കീസ് ഈ കക്ഷിയെ മുടക്കി സഭ യിൽനിന്നു ബഹിഷ്കരിച്ചു? വേദവിപരീതമില്ല എന്ന കാരണത്താൽ മുടക്കപ്പെട്ട ആ കക്ഷിയിൽപ്പെട്ടവർ സത്യസഭയുടെ അംഗങ്ങളാകുമോ? റമ്പാച്ചൻ എന്തുപറയുന്നു? മുടക്കോടുകൂടി അവർ സഭയ്ക്കു വെളിയിലായി എന്നല്ലേ റമ്പാച്ചന്റെ സഭ പഠിപ്പിക്കുന്നതു? "അവരുടെ പൗരോഹിത്യമോ, രഹസ്യങ്ങളോ, നിലപാടോ വി. സഭ അംഗീകരിക്കുന്നില്ല" എന്നാണല്ലോ റമ്പാച്ചൻ പറയുന്നതു് (വിശ്വാസത്യാഗി, പുറം 3). അങ്ങനെയെങ്കിൽ വേദവിപരീതമില്ലാത്ത സഭ സത്യസഭയാണെന്നുള്ള റമ്പാച്ചന്റെ പ്രസ്താവന വായനക്കാരെ വഞ്ചിക്കുവാൻവേണ്ടിയല്ലേ? ഒരു സഭ സത്യസഭയാകണമെങ്കിൽ വേദവിപരീതമില്ലാതിരിക്കണമെന്നുമാത്രമല്ല മേലധികാരിയുടെ (സഭാദ്ധ്യക്ഷന്റെ) മുടക്കുകൂടി ഇല്ലാത്തതായിരിക്കുണമെന്നു റമ്പാച്ചൻ ഇനിയെങ്കിലും ധരിച്ചാലും.

8. കത്തോലിക്കാസഭയിൽ മർദ്ദനപ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നെന്നും, പിതാക്കന്മാരെ വധിക്കുയും ലക്ഷോപലക്ഷം ജനങ്ങളെ കൊന്നൊടുക്കുകയും ചെയ്തിരുന്നെന്നും റമ്പാച്ചൻ രേഖപ്പെടുത്തുന്നു (വിശ്വാസത്യാഗി, പുറം 4; കാതോ. മുഖവുര, പുറം 2; II, 32)

<u>മറുപടി.</u> ചരിത്രസംഭവങ്ങളെ കൂട്ടിക്കുഴച്ചു പ്രതിപാദിച്ചു വായനക്കാരുടെ കണ്ണിൽ മണ്ണിടാനാണു റമ്പാച്ചൻ ഇവിടെ ശ്രമിക്കുന്നതു്.

പുരാതനകാലത്തു സഭ ദുശ്ശാഠ്യക്കാരായ പാഷണ്ഡികളെ "മഹറോൻ" (ശാപം) ചൊല്ലുകയോ, ആദ്ധ്യാത്മികമായി മററു തരത്തിൽ ശിക്ഷിക്കുകയോ മാ

www.malankaralibrary.com



ത്രമേ ചെയ്തിരുന്നുള്ളു. എന്നാൽ റോമ്മൻ ചക്രവ
ത്തിമാർ ക്രിസ്ത്യാനികളായിത്തീർന്നപ്പോൾ അവർ
സ്വീകരിച്ചിരുന്ന വിശ്വാസത്തിന് എതിരായി നി
ന്ന മേല്പട്ടക്കാരെയും വൈദികരെയും ജനങ്ങളെയും
പാഷണ്ഡികളായി പരിഗണിച്ചു പലതരത്തിൽ പീ
ഡിപ്പിച്ചിരുന്നു. മതവിഷയങ്ങളിലുള്ള തീക്ഷ്ണത
നിമിത്തവും, ക്രിസ്ത്യാനികളുടെ ഇടയിൽ മതഭി
ന്നതകൾ ഉണ്ടായാൽ നാട്ടിൽ മത്സരങ്ങളും കലഹ
ങ്ങളും വർദ്ധിച്ചു സമാധാനമില്ലാതാകുമെന്നുള്ള ധാര
ണയാലുമാണു അവർ ഇങ്ങനെ ചെയ്തിരുന്നതു്. ഇപ്ര
കാരം മതത്യാഗം, പാഷണ്ഡത എന്നിവ രാഷ്ട്രീയ
കുററങ്ങളായി അക്കാലത്തു പരിഗണിക്കപ്പെട്ടുവന്നു.
കോൺസ്റ്റന്റയിൻ ചക്രവർത്തി പാഷണ്ഡികളായ
ആരിയോസ് കക്ഷിക്കാരെ പീഡിപ്പിച്ചെങ്കിൽ, അ
ദ്ദേഹത്തിന്റെ പിൻഗാമികളായ കോൺസ്റ്റാൻസി
യസ്, ജൂലിയൻ, വാലെൻസ് എന്നീ ചക്രവർത്തി
മാർ ആരിയൻ പാഷണ്ഡത സ്വീകരിച്ചിരുന്നതി
നാൽ സത്യവിശ്വാസികളെ പീഡിപ്പിച്ചിരുന്നു.
ക്രിസ്ത്വാബ്ദം 385-ൽ സിരിച്ചിയസ് മാർപ്പാപ്പായു
ടെയും വി. മാർട്ടിൻ, വി. അംബ്രോസിസ് എന്നി
വരുടെയും പ്രതിഷേധങ്ങളെ വകവയ്ക്കാതെ മാക്സി
മോസ് ചക്രവർത്തി പ്രിഷില്യൻ എന്ന പാഷണ്ഡ
തയുടെ നേതാക്കന്മാരെ വധിക്കയുണ്ടായി. തെയൊ
ദോസിയസ് ദ്വിതീയൻ ചക്രവർത്തി നെസ്തോറിയ
രെ നിർദ്ദയം പീഡിപ്പിച്ചിരുന്നു. മാർസിയൻ ചക്ര
വർത്തി കൽക്കദോനിയാ സൂന്നഹദോസിനെ എതി
ർത്ത ഏകസ്വഭാവവാദികളെ പീഡിപ്പിച്ചെങ്കിൽ ജ
സ്റ്റീനിയൻ ചക്രവർത്തിയുടെ ഭാര്യയായ തെഒദോറാ
രാജ്ഞി കൽക്കദോനിയാ വിശ്വാസം സ്വീകരിച്ചി

www.malankaralibrary.com



രുന്നവരെ അതികഠിനമായി പീഡിപ്പിച്ചിരുന്നു. അനന്തര ശതാബ്ദങ്ങളിലും ചില ക്രിസ്തീയരാജാക്കന്മാർ കുററക്കാരായ പാഷണ്ഡികളെ പീഡിപ്പിക്കയും നാടുകടത്തുകയും ചെയ്തിരുന്നു. എന്നാൽ കത്തോലിക്കാസഭയിലെ മെത്രാന്മാരും പട്ടക്കാരും പ്രസംഗങ്ങളും, ഭക്തികൃത്യങ്ങളും മുതലായവയാൽ പാഷണ്ഡികളെ മാനസാന്തരപ്പെടുത്തുന്നതിനും, അങ്ങനെ അവരുടെ ശിക്ഷകളെ ലഘൂകരിക്കുന്നതിനും നീക്കിക്കളയുന്നതിനുമാണു ശ്രമിച്ചുവന്നിരുന്നതു്. സാധാരണമായി അക്രമികളെയും നാട്ടിൽ വിപ്ലവങ്ങളും കലഹങ്ങളുമുണ്ടാക്കുന്ന പാഷണ്ഡികളെയുമാണു രാഷ്ട്രീയാധികാരികൾ കഠിനമായി ശിക്ഷിച്ചുവന്നതു്. 15-ാം ശതാബ്ദത്തിൽ സ്പെയിനിൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കയും, ദേവാലയങ്ങളെ ആക്രമിക്കയും, വിശുദ്ധ വസ്തുക്കളെ നിന്ദിക്കയും ചെയ്തിരുന്ന യഹൂദന്മാരെയും, മൂർ ജാതിക്കാരെയും ഫെർഡിനാൻഡു രാജാവും ഇസബെല്ലാരാജ്ഞിയും സ്ഥാപിച്ച "അന്വേഷണ സംഘം" വിസ്തരിച്ചു ശിക്ഷിക്കയോ നാടുകടത്തുകയോ ചെയ്തിരുന്നു. ഈ ചരിത്രസംഭവങ്ങളെയെല്ലാം കൂട്ടിക്കുഴച്ചാണു കത്തോലിക്കാസഭ മർദ്ദനങ്ങൾ നടത്തിയിട്ടുണ്ടെന്നും, അനേകരെ കൊന്നിട്ടുണ്ടെന്നും റമ്പാച്ചൻ പറയുന്നതു്. ചക്രവർത്തിമാരുടെയും രാജാക്കന്മാരുടെയും ക്രൂരമായ നടപടികളെയും സ്പെയിനിലെ "അന്വേഷണ സംഘ"ത്തിന്റെ നിർദ്ദയമായ വിധികളെയും മാർപ്പാപ്പാമാർ അപലപിക്കയും, തങ്ങളുടെ പക്കൽ അപ്പീൽ ബോധിപ്പിച്ചിരുന്ന കുററക്കാരെത്തന്നെയും മാർപ്പാപ്പാമാർ ശിക്ഷകളിൽനിന്നു വിമുക്തരാക്കയും ചെയ്തിട്ടുണ്ടു്. 390-ൽ തെസ്സലോനിക്കായിൽ കൂട്ടക്കൊല നടത്തി

www.malankaralibrary.com



യ തെയോദോസിയസ് ചക്രവർത്തിയെ ദേവാലയത്തിൽ പ്രവേശിപ്പിക്കാതെ ചാക്കവസ്ത്രം ധരിപ്പിച്ചു കഠിനതപ:ക്രിയകൾ ചെയ്യിച്ച വി. അംബ്രോസിനെപ്പററി ആരാണു കേട്ടിട്ടില്ലാത്തതു്? ഇക്കാര്യങ്ങളെല്ലാം സഭാചരിത്രം പഠിക്കുന്നവർ ശരിയായി ഗ്രഹിച്ചിട്ടുള്ളതിനാൽ വിസ്തരിക്കുന്നില്ല. പുരാതനകാലത്തുണ്ടായിരുന്ന ചണ്ഡയുദ്ധം, അടിമക്കച്ചവടം മുതലായവ നിറുത്തലാക്കുന്നതിനും, യുദ്ധങ്ങളെയും കലഹങ്ങളെയും ഒഴിവാക്കുന്നതിനും മാർപ്പാപ്പാമാർ ചെയ്തിട്ടുള്ള പരിശ്രമങ്ങൾ ലോകചരിത്രം പഠിച്ചിട്ടുള്ള ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇക്കാലത്തും ലോകസമാധാനത്തിനുവേണ്ടി മാർപ്പാപ്പാമാർ ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുല പരിശ്രമങ്ങളും, സാംക്രമികരോഗം, വെള്ളപ്പൊക്കം, ഭൂകമ്പം, യുദ്ധം, ദാരിദ്ര്യം മുതലായവയാൽ ദുരിതം അനുഭവിക്കുന്ന രാജ്യക്കാർക്ക ചെയ്തുകൊണ്ടിരിക്കുന്ന വിവിധ സഹായങ്ങളും ലോകപ്രസിദ്ധമാണു്. വാസ്തവം ഇങ്ങനെയിരിക്കെ ഓരോരോ കാലത്തു രാജ്യനിയമങ്ങളനുസരിച്ചു രാഷ്ട്രീയ നേതാക്കന്മാർ കുററക്കാരുടെമേൽ നടത്തിയിട്ടുള്ള മർദ്ദനങ്ങളെയും ശിക്ഷകളെയും റമ്പാച്ചൻ കത്തോലിക്കാ സഭയുടെമേൽ ആരോപിച്ചു കുററപ്പെടുത്തുന്നതു ചരിത്രസംഭവങ്ങളെ അവയുടെ യഥാർത്ഥസ്ഥിതിയിൽ പഠിക്കാത്തതുകൊണ്ടും, "നീയല്ലെങ്കിൽ നിന്റെ അപ്പൻ ഞാൻ കുടിക്കുന്ന വെള്ളം കലക്കി" എന്നു പണ്ടു ചെന്നാ നിർദ്ദോഷിയായ ആട്ടിൻകുട്ടിയോടു പറഞ്ഞു അതിനെ വിഴുങ്ങിയ മന:സ്ഥിതിയും മുടന്തൻ ന്യായവും സ്വീകരിക്കുന്നതുകൊണ്ടുമത്രേ.

www.malankaralibrary.com



9. "ലത്തീൻകാരുടെ കൃത്രിമങ്ങൾ ലോകത്തിൽ കുപ്രസിദ്ധമാണ്. വേദപുസ്തകം, സാർവ്വത്രികപ്രാദേശിക സൂനഹദോസുകളുടെ നിശ്ചയങ്ങൾ, പിതാക്കന്മാരുടെ പുസ്തകങ്ങൾ എന്നിവയിൽ പാപ്പാമതക്കാർ കൃത്രിമം കാണിക്കുന്നു" (പുറം 35).

വേദവാക്യങ്ങളെ കോട്ടിമാട്ടുക, പിതാക്കന്മാരുടെ കൃതികളെയും സൂനഹദോസ് നിശ്ചയങ്ങളെയും ദുർവ്യാഖ്യാനം ചെയ്യുക, കാനോൻ തിരുത്തുക, വ്യാജപ്രസ്താവനകൾ ചെയ്യുക ആദിയായവ പാപ്പാമതക്കാരാണോ ചെയ്യുന്നതെന്ന് ഇത്രയും പ്രസ്താവിച്ചതിൽനിന്നു വായനക്കാർക്ക് ഗ്രഹിക്കാമല്ലോ. ഈ വിഷയങ്ങളെ സംബന്ധിച്ച കൂടുതൽ അറിയണമെന്നുള്ളവർ "എന്റെ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥത്തിൽ "യാക്കോബായക്കാരുടെ സ്വയംകൃതചരിത്രം" എന്ന തലക്കെട്ടിൽ നാനൂറോളം പുറങ്ങളിൽ എഴുതിയിട്ടുള്ള കാര്യങ്ങൾ വായിക്കുക. (പുറം 84–482)

10. ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു സ്ഥാപിച്ച ഇപ്പോഴത്തെ 12-ാം പീയൂസ് മാർപ്പാപ്പാ എഴുതിയ ചാക്രികലേഖനത്തിൽ പറഞ്ഞിരിക്കുന്നതിനു നേരെ വിപരീതമായി ഏകസ്വഭാവവിശ്വാസിയാണു മാർപ്പാപ്പാ എന്നു സലാമ റമ്പാൻ പറയുന്നു. (വിശ്വാസത്യാഗി, പുറം 3). മാർപ്പാപ്പായുടെ ചാക്രികലേഖനം ഉദ്ധരിച്ചിട്ടുള്ള ഒരു ഇംഗ്ലീഷ് മാസികയുടെ വാല്യം പറയുകയിൽ റമ്പാച്ചൻ 9 എന്നുള്ളതിൻപകരം 15 എന്നു 'വിശ്വാസത്യാഗി'യിൽ എഴുതിയിരുന്നു കോർ എപ്പിസ്കോപ്പാ എഴുതിയ "ശകാരവർഷ"ത്തിൽ, "വാല്യം 15 എന്നു റമ്പാച്ചൻ പറഞ്ഞിരിക്കുന്നതു അച്ചടിപിശകായിരിക്കണം" എന്നു പ്രസ്താവിച്ചിട്ട് 9-ാം വാല്യത്തിൽ നി

www.malankaralibrary.com



ന്നു ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നുള്ള മാർപ്പാപ്പായുടെ പല പ്രസ്താവനകളെയും ഉദ്ധരിച്ചു റമ്പാച്ചൻ മറുപടി കൊടുത്തിരിക്കുന്നു. ഇതിനു മറുപടിയായി റമ്പാച്ചന്റെ പുതിയ പുസ്തകത്തിൽ പറയുന്നതു വാല്യത്തിന്റെ പുറം തെററിയതിൽ ഇത്ര ഒച്ചപ്പാടുണ്ടാകേണ്ട ആവശ്യമില്ലായിരുന്നു എന്നത്രേ (മുഖവുര പുറം 2). റമ്പാച്ചന്റെ ഈ പ്രസ്താവന കേട്ടാൽ കോർഎപ്പിസ്കോപ്പായുടെ പ്രധാന വാദങ്ങൾ മാസികയുടെ വാല്യം തെററിയതിനെ സംബന്ധിച്ചാണെന്നു വായനക്കാർക്കു തോന്നും. ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു പഠിപ്പിക്കുന്ന ഇപ്പോഴത്തെ മാർപ്പാപ്പായെ ഏകസ്വഭാവവിശ്വാസിയായി റമ്പാച്ചൻ പ്രദർശിപ്പിക്കുന്നതിനെ സംബന്ധിച്ചാണു കോർഎപ്പിസ്കോപ്പായുടെ വാദങ്ങൾ. അവയ്ക്കു മറുപടിയൊന്നും പറയാതെ വാല്യം തെററിയെന്നു ഒച്ചപ്പാടുണ്ടാകുന്നു എന്നു പറഞ്ഞു റമ്പാച്ചൻ വായനക്കാരെ വഞ്ചിക്കുന്നു. ചില ഇനം പട്ടി കടിക്കുന്നതിനു വരുമ്പോൾ ഒരു കല്ലു ദൂരെ എറിഞ്ഞേച്ചാൽ പട്ടി അതിന്റെ പുറകേ ഓടി പൊയ്ക്കൊള്ളും. ആ സമയം കൊണ്ടു ആൾക്കു രക്ഷപെടാം. കോർ എപ്പിസ്കോപ്പായുടെ വാദങ്ങൾക്കു ഉത്തരം പറയുവാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ റമ്പാച്ചൻ വായനക്കാരുടെ മുമ്പിലേക്കു വാല്യംതെററിയ കാര്യം എറിഞ്ഞുകൊടുത്തിട്ടു് ഓടിരക്ഷപെട്ടിരിക്കയാണു്!

11. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ വേദപുസ്തകപാരായണത്തെ സംബന്ധിച്ച തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതുന്നു:—"വേദപുസ്തകം വായിക്കുവാൻ കത്തോലിക്കാസഭ അനുവദിക്കയില്ലെന്നു പ്രചുരമായ ഒരു തെററിദ്ധാരണയുണ്ടു്. കത്തോ

www.malankaralibrary.com



ലിക്കാസഭയിൽനിന്നു പ്രസിദ്ധീകരിക്കുന്ന വേദപുസ്തകം ദിവസം 15 മിനിററ വായിക്കുന്ന സത്യവിശ്വാസികൾക്ക് 'ദണ്ഡവിമോചനം' * ഉണ്ടെന്നാണു സഭ പഠിപ്പിക്കുന്നത്" (പുറം 9). കൂടാതെ കോർ എപ്പിസ്കോപ്പാ തന്റെ ഗ്രന്ഥത്തിന്റെ 137-ാം പുറത്തു ആറാം പിയൂസ്, ഏഴാം പിയൂസ്, പതിമ്മൂന്നാം ലെഓൻ എന്നീ മാർപ്പാപ്പാമാർ വേദപുസ്തകം വായിച്ചാലുണ്ടാകുന്ന പ്രയോജനങ്ങളെയും വിശ്വാസികളെ വേദപുസ്തകം വായിക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ട ആവശ്യകതയെയും സംബന്ധിച്ച പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളെയും ഉദ്ധരിക്കുന്നുണ്ട്.

ഇവയെല്ലാം മറപടിയായി സലാമറമ്പാൻ വായനക്കാരെ എത്രയും ദയനീയമായി വഞ്ചിച്ചു പറയുന്നു: "വേദപുസ്തകത്തിലെ സാരാംശങ്ങൾ ശരിയായി മനസ്സിലാക്കി അതിലെ കല്പനകളെ ആചരിക്കാതെ വെറും പാരായണംകൊണ്ടു ഒരുവന് ദണ്ഡവിമോചനം ലഭിക്കുമെന്നു ഒരു സത്യപിതാവും പറഞ്ഞിട്ടില്ല" (II, പുറം 34). വേദപുസ്തകം മനഃപൂർവ്വം തെററായി വ്യാഖ്യാനിച്ചും, ക്രിസ്തീയജീവിതം നയിച്ചും നടക്കുന്നവർ വേദപുസ്തകം തത്ത ഉരുവിടുന്നതുപോലെ വായിച്ചാൽ എന്തെങ്കിലും ദൈവാനുഗ്രഹം കിട്ടുമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. കോർ എപ്പിസ്ക്കോപ്പാ എഴുതിയതിലും മാർ

* ദണ്ഡവിമോചനം എന്നു പറഞ്ഞാൽ പാപങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ശിക്ഷ മുഴുവനായോ കുറവായോ നീങ്ങുക എന്നാണർത്ഥം.

www.malankaralibrary.com



പ്പാപ്പായുടെ പ്രസ്താവനകളിലും ഇങ്ങനെയുള്ള ആശയമൊന്നും പറഞ്ഞിട്ടില്ല. ഇവയെല്ലാം സലാമ റമ്പാന്റെ ദുർവ്യാഖ്യാനമാണ്.

കത്തോലിക്ക മേല്പട്ടക്കാരുടെ അനുവാദത്തോടുകൂടിയും, ഗ്രഹിക്കുവാൻ വിഷമമുള്ളവയും, പാഷണ്ഡികളുടെ അബദ്ധോപദേശങ്ങൾ ലോകത്തിൽ പ്രചരിച്ചിരിക്കനിമിത്തം സാധാരണ വായനക്കാർ തെറ്റിദ്ധരിച്ചേക്കാവുന്നതുമായ വേദവാക്യങ്ങളുടെയെല്ലാം വ്യാഖ്യാനത്തോടുകൂടിയും മാത്രമേ മൂലഭാഷകളിൽ നിന്നു വേദപുസ്തകങ്ങളെ നാട്ടുഭാഷകളിലേക്കു തർജ്ജമ ചെയ്യാവൂ എന്നും, ഈ തർജ്ജമകളെയുല്ലാതെ കത്തോലിക്ക മേല്പട്ടക്കാരുടെ അനുവാദമില്ലാതെയും, വ്യാഖ്യാനങ്ങളൊന്നുമില്ലാതെയും, തങ്ങളുടെ ചില അബദ്ധോപദേശങ്ങളെ സാധൂകരിക്കുന്നതിനുവേണ്ടി വേദവാക്യങ്ങളിൽ ഭേദഗതി വരുത്തിയും മറ്റും പാഷണ്ഡികൾ പരിഭാഷപ്പെടുത്തുന്ന വേദപുസ്തകങ്ങളെ കത്തോലിക്ക വിശ്വാസികൾ വായിക്കുകയോ, കൈവശം വെച്ചു സൂക്ഷിക്കുകയോ ചെയ്യരുതെന്നും കത്തോലിക്ക സഭയിൽ 1545–1563–ൽ നടന്ന ത്രേന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നുണ്ട്. (1) ഈ സൂനഹദോസിന്റെ നിശ്ചയങ്ങളിൽനിന്നു ആശയങ്ങളെ ഭേദപ്പെടുത്തി അവിടെയും ഇവിടെയുമുള്ള ചില മുറിവാചകങ്ങൾ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചുകൊണ്ടു റമ്പാച്ചൻ പ്രസ്താവിക്കുന്നതു ഇങ്ങനെയാണ്:—“മെത്രാന്മാരുടെയും പരിശോധകന്മാരുടെയും കല്പനപ്രകാരം രേഖാമൂലം അ

1) Cf. Denz. Enchir. Symbol. 785–786; 1602–1606; 1630—1633.

www.malankaralibrary.com



അവാദമുള്ളവർക്ക മാത്രമേ (വേദപുസ്തകം) വായി ക്കുവാൻ അധികാരമുള്ളു. അനുവാദം കൂടാതെ പ്രസ്തുത പുസ്തകം വായിക്കുന്നവർക്കും കൈവശംവെച്ചു കൊണ്ടിരിക്കുന്നവർക്കും ആ പുസ്തകം തിരിച്ചു ഏല്പിക്കുന്നതുവരെ പാപമോചനമില്ല" (II, പുറം 34). റമ്പാച്ചന്റെ വിദ്യ തരക്കേടുണ്ടോ? പ്രോട്ടസ്റ്റൻറുകാർ തർജ്ജമചെയ്തു അച്ചടിപ്പിച്ചിട്ടുള്ള വേദപുസ്തകം യാക്കോബായക്കാർ ഇക്കാലത്തു വീടുകളിലും പള്ളികളിലും വായിക്കുമെങ്കിലും ഭക്തനായ പരുമല തിരുമേനിയും മററും പ്രോട്ടസ്റ്റൻറ വേദപുസ്തകങ്ങൾ പള്ളികളിൽ കണ്ടാൽ വലിച്ചെറിഞ്ഞതായി കേട്ടിട്ടുണ്ട്. ഇതുപോലെ പാഷണ്ഡികളും മററും തർജ്ജമ ചെയ്തിട്ടുള്ള വേദപുസ്തകം മേല്പട്ടക്കാരുടെ പ്രത്യേക അനുവാദംകൂടാതെ കത്തോലിക്കർ വായിക്കാനോ സൂക്ഷിക്കുവാനോ പാടില്ലെന്നു ത്രെന്തോസ് സൂനഹദോസു സ്പഷ്ടമായി പഠിപ്പിക്കുമ്പോൾ * നിയമാനുസരണം തർജ്ജമചെയ്ത വേദപുസ്തകം വായിക്കാനും സൂക്ഷിക്കാനും പാടില്ലെന്നു ആ സൂനഹദോസ് പഠിപ്പിക്കുന്നതായി റമ്പാച്ചൻ വായനക്കാരെ ധരിപ്പിച്ചിട്ടു കോർ എപ്പിസ്കോപ്പായെ അധിക്ഷേപിക്കുന്നു. ഇതു പ്രസ്പഷ്ടമായ കൃത്രിമവും വഞ്ചനയുമല്ലേ?

---

* വിമർശനങ്ങൾ എഴുതുന്നതിനും മററും ആവശ്യമുള്ളപ്പോൾ അകത്തോലിക്കരുടെ ഗ്രന്ഥങ്ങളും വേദപുസ്തകവും വായിക്കുവാൻ കത്തോലിക്ക പണ്ഡിതന്മാർക്കു മെത്രാന്മാർ അനുവാദം നല്കാറുണ്ട്.

www.malankaralibrary.com



12. "ഇപ്പോഠംതന്നെ പാപം ചെയ്‌വാൻ പാടില്ല എന്നുള്ള നൽവരം (Impeccability) പാപ്പാക്കു നല്കുവാൻ ഒരാലോചനയുണ്ടെന്നു പറയുന്നു" (II, പുറം 17).

മറുപടി. സാധാരണ വാൎത്തകളൊക്കെ "റോയിട്ടർ" എന്നപേരിൽ അറിയപ്പെടുന്ന വാർത്താവിതരണസംഘമാണു ലോകത്തിനു നല്കിക്കൊണ്ടിരിക്കുന്നതു്. അവർ ഇങ്ങനെയൊരു വാൎത്ത ഇതുവരെ നല്കിയിട്ടില്ല. റമ്പാച്ചനു് ഈ വിവരം കിട്ടിയതു എവിടെനിന്നായിരിക്കാം? കത്തോലിക്കസഭയിലുള്ളവരെല്ലാം മാർപ്പാപ്പാ മനുഷ്യനാണെന്നും, ഏതു മനുഷ്യനെപ്പോലെ പാപം ചെയ്‌വാനോ, പുണ്യം ചെയ്‌വാനോ സാദ്ധ്യതയുള്ള ഒരാളാണു മാർപ്പാപ്പായെന്നുമാണു വിശ്വസിച്ചുവരുന്നതു്. മനുഷ്യനു പാപം ചെയ്‌വാൻ സ്വാതന്ത്ര്യമുള്ളതുകൊണ്ടു എല്ലാമനുഷ്യരും കഠിനപാപങ്ങൾ ചെയ്തു ജീവിക്കണമെന്നില്ല. ആദ്യത്തെ മുപ്പതു മാർപ്പാപ്പാമാർ രക്തസാക്ഷികളായിട്ടു മരിച്ചു, 262 മാർപ്പാപ്പാമാരിൽ 80 പേർ വിശുദ്ധന്മാരായി പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. അടുത്തകാലത്തു 10–ാം പിയൂസ് മാർപ്പാപ്പാ വിശുദ്ധപദത്തിലേക്കു ഉയൎത്തപ്പെട്ടു. പ്രോട്ടസ്റ്റന്റുകാർ കത്തോലിക്കസഭയെ ആക്ഷേപിക്കാനായി മാർപ്പാപ്പാ പാപം ചെയ്‌വാൻ പാടില്ലാത്തവനാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നതായി പറയാറുണ്ടു്. അവരുടെ ഈ പഴഞ്ചൻചെണ്ടയെയാ

www.malankaralibrary.com



ന്ന കാര്യമൊന്നും ചിന്തിച്ചു മനസ്സിലാക്കാതെ സാത്വികനും പണ്ഡിതനുമായ സലാമ റമ്പാൻ എടുത്തു കൊടുക്കുന്നതു്.

13. ശ്ലേമ്മോൻ രാജാവു നരകത്തിൽ പോയി എന്നു സലാമ റമ്പാൻ പിശാചാസത്യാശിയിൽ രേഖപ്പെടുത്തിയിരിക്കുന്നു (പുറം 2). അതിനുള്ള തെളിവു 522-ൽ ജീവിച്ചിരുന്ന മാർ യാക്കോബ് മല്പാന്റെ പുസ്തകത്തിൽ ഇക്കാര്യം കണ്ടു എന്നുള്ളതാണെന്നും, ഈ പുസ്തകം ബെഡ്ജാൻ എന്നൊരു കത്തോലിക്ക പണ്ഡിതൻ പാരീസിൽ അച്ചടിപ്പിച്ചിട്ടുള്ളതാണെന്നുമത്രേ. (കാതോ. റോമ്മാവാദങ്ങളും, II, പുറം 36—37) ഒരു പുസ്തകത്തിൽ നരകത്തിൽ ഒരാൾ പോയി എന്നെഴുതിയാൽ അതു ശരിയായിരിക്കണമെന്നുണ്ടോ? വിമർശകന്മാരുടെ പഠനത്തെ ഉദ്ദേശിച്ചു രെനാൻ, തെർത്തുല്യൻ എന്നീ പാഷണ്ഡികളുടെ പുസ്തകങ്ങൾ പോലും കത്തോലിക്ക പണ്ഡിതന്മാർ അച്ചടിപ്പിച്ചിട്ടുണ്ടു്. ഇങ്ങനെ ബെഡ്ജാൻ എന്ന കത്തോലിക്കപണ്ഡിതൻ യാക്കോബായക്കാരുടെ ഹുദായ കാനോനും, മറ്റുപല പുസ്തകങ്ങളും, നെസ്തോറിയരുടെ പാഷണ്ഡതകൾ നിറഞ്ഞ പല ഗ്രന്ഥങ്ങളും അച്ചടിപ്പിച്ചിട്ടുണ്ടു്. ഇതുപോലെ യാക്കോബ് മല്പാന്റെ പുസ്തകം ബെഡ്ജാൻ അച്ചടിപ്പിച്ചതുകൊണ്ടു ആ പുസ്തകത്തിലെ അഭിപ്രായങ്ങൾ കത്തോലിക്കസഭ സ്വീകരിച്ചിട്ടുണ്ടെന്നും, ആകയാൽ ശ്ലേമ്മോൻ നരകത്തിലാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നുണ്ടെന്നും റമ്പാച്ചൻ വായനക്കാരെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നതു വെറും വഞ്ചനയാണു്.

www.malankaralibrary.com



## 7. റമ്പാച്ചൻ കാണുന്ന പാഷണ്ഡതകൾ.

പുത്രനിൽനിന്നുള്ള പരിശുദ്ധാത്മാവിൻെറ പുറപ്പാട്, ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ, "ബേസ് ചുർക്കാനാ" (ശുദ്ധീകരസ്ഥലം), അമലോത്ഭവം എന്നിങ്ങനെ അനേകം പാഷണ്ഡോപദേശങ്ങൾ കത്തോലിക്കാസഭയിലുണ്ടെന്നു റമ്പാച്ചൻ തൻെറ ഗ്രന്ഥങ്ങളിൽ ആവത്തിച്ചു എഴുതുന്നു. (വിശ്വാസസത്യാഗി, പുറം 2; കാതോലി. പുറം 4, 9, 42).

ദൈവമുണ്ട്, മനുഷ്യനു ആത്മാവുണ്ട്, നിത്യനരകമുണ്ട് ആദിയായ വിശ്വാസസത്യങ്ങൾ അബദ്ധോപദേശങ്ങളാണെന്നു ഒരാൾ പറയുകയും, തൻെറ അഭിപ്രായത്തിനു തെളിവുകൾ ഒന്നും നല്കാതിരിക്കയും ചെയ്താൽ എന്താണു മറുപടി പറയേണ്ടതു്? അതിഗഹനങ്ങളായ ഈ വിഷയങ്ങളെ മൂന്നോ നാലോ വാചകങ്ങൾകൊണ്ടു സ്ഥാപിക്കാവുന്നതല്ല. ദൈവശാസ്ത്രത്തിലെ പ്രധാനപ്പെട്ട അനേകം വിഷയങ്ങളെ ഒരു വാചകത്തിൽ ഉൾപ്പെടുത്തികൊണ്ടുള്ള റമ്പാച്ചൻെറ പ്രസ്താവനകളെയും നിഷേധങ്ങളെയും വിമൎശിച്ചു വായനക്കാരെ സത്യാവസ്ഥ ശരിയായി ഗ്രഹിപ്പിക്കുന്നതിനു ഈ ചെറിയ ഗ്രന്ഥംകൊണ്ടു സാധിക്കുന്നതല്ല. തന്നിമിത്തം ഈ വിഷയങ്ങളെ സംബന്ധിച്ചു ഈ ഗ്രന്ഥകാരനും മററുള്ളവരും സവിസ്തരം പ്രതിപാദിച്ചു എഴുതിയിട്ടുള്ള പുസ്തകങ്ങൾ വായിച്ചു കാൎയ്യം ഗ്രഹിക്കണമെന്നു മാന്യവായനക്കാരെ ഉദ്ബോധിപ്പിച്ചുകൊണ്ടു ചില കാൎയ്യങ്ങൾ സംക്ഷിപ്തമായി മാത്രം രേഖപ്പെടുത്തുന്നു.

www.malankaralibrary.com



## 1. പരിശുദ്ധാത്മാവിന്റെ പുറപ്പാട്.

1054-ൽ ആണ ഗ്രീക്കസഭ മാർപ്പാപ്പായുടെ ഐക്യത്തിൽനിന്ന ഔദ്യോഗികമായി നിശ്ശേഷം വേർപിരിഞ്ഞു ശീശ്മ സഭയായിത്തീൎന്നതു്. ഗ്രീക്ക ശീശ്മയുടെ ആദ്യത്തേ കാരണക്കാരൻ ഒമ്പതാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഫോസിയസ് പാത്രിയൎക്കീസായിരുന്നു. അദ്ദേഹം ലത്തീൻ റീത്തിൽ പല കുററങ്ങൾ ആരോപിച്ചതിൽ ഒന്നു, പരിശുദ്ധാത്മാവു പിതാവിൽനിന്നുമാത്രംപുറപ്പെടുന്നു എന്നുള്ളവിശ്വാസത്തെ മാററിയിട്ടു പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നു ലത്തീൻറീത്തുകാർ വിശ്വസിക്കുന്നുഎന്നുള്ളതായിരുന്നു. ഫോസിയസിനു മുമ്പു ആരുംതന്നെ ഇങ്ങനെ ഒരു കുററം ആരോപിച്ചിരുന്നില്ല. ഗ്രീക്ക ശീശ്മക്കാരുടെ ഈ വാദത്തെയാണ സലാമ റമ്പാനും മററു യാക്കോബായക്കാരും സ്വീകരിച്ചു കത്തോലിക്കസഭയിൽ പാഷണ്ഡോപദേശം ആരോപിക്കുന്നതു്.

പരിശുദ്ധാത്മാവു ദൈവമല്ലെന്നു പഠിപ്പിച്ച മക്കദോനിയോസിനെ 381-ൽ സമ്മേളിച്ച കോൺസ്റ്റൻറിനോപ്പിൾ പൊതു സൂനഹദോസ് ശപിക്കയുണ്ടായി. ഈ സൂനഹദോസിൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു പറഞ്ഞിട്ടുള്ളതു "സകലത്തെയും ജീവിപ്പിക്കുന്ന കൎത്താവും, പിതാവിൽനിന്നു പുറപ്പെട്ടു് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും......ജീവനും വിശുദ്ധിയുമുള്ള ഏക റൂഹാ" എന്നാകുന്നു. ഈ വാചകം നിക്യാ വിശ്വാസപ്രമാണത്തിൽ ചേൎത്തു എല്ലാ ക്രിസ്ത്യാനികളും ചൊല്ലിവരുന്നു. ഇവിടെ പരിശു

www.malankaralibrary.com



ദ്ധാത്മാവു "പിതാവിൽനിന്നു പുറപ്പെട്ടു" എന്നു പറയുന്നതുകൊണ്ടു പരിശുദ്ധാത്മാവു പിതാവിൽനിന്നു മാത്രമാണു പുറപ്പെടുന്നതെന്നു ഗ്രീക്കു സഭക്കാരും അവരെ അനുകരിച്ചു യാക്കോബായക്കാരും വാദിച്ചുവരുന്നു. ഈ വാദം ശരിയല്ല. പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ചല്ല, ദൈവത്വത്തെ സംബന്ധിച്ചായിരുന്നു അക്കാലത്തെ തക്കം. തന്നിമിത്തം സൂനഹദോസ് പരിശുദ്ധാത്മാവിന്റെ ദൈവത്വമാണു അന്നു പ്രഖ്യാപനം ചെയ്തിട്ടുള്ളതു്. നിക്യാ വിശ്വാസപ്രമാണത്തിന്റെ ആദ്യഭാഗത്തു പിതാവായ ദൈവത്തിനു "സർവ്വശക്തൻ,...കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവു" എന്നിങ്ങനെ രണ്ടു വിശേഷണങ്ങൾ കൊടുത്തതുപോലെ പരിശുദ്ധാത്മാവിനും വേദപുസ്തകത്തിലെ ഒരു വാക്യമനുസരിച്ചു (യോഹ: 15, 26) പിതാവിൽനിന്നു പുറപ്പെടുന്നവൻ എന്നൊരുവിശേഷണവും സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും എന്നിങ്ങനെ ചില വിശേഷണങ്ങളും പിതാക്കന്മാർ കൊടുത്തു എന്നേയുള്ളു. പിതാവായ ദൈവം സർവ്വശക്തൻ മാത്രമല്ല, സർവ്വജ്ഞാനി, സർവ്വവ്യാപി, പരമദയാലു, അനന്തസ്നേഹി, സകലത്തെയും സൃഷ്ടിക്ക മാത്രമല്ല അവയെസംരക്ഷിക്കയും ചെയ്യുന്നവൻ ഇങ്ങനെ പല വിശേഷണങ്ങൾചേർത്തു പറയപ്പെടാവുന്ന ആളാണല്ലോ. അതുപോലെ പരിശുദ്ധാത്മാവു ജീവിപ്പിക്കുന്നവൻ മാത്രമല്ല ശുദ്ധീകരിക്കുന്നവനും ഏഴു നൽവരങ്ങളുടെ ദാതാവുമാണല്ലോ. ആകയാൽ പരിശുദ്ധാത്മാവു പിതാവിൽ നിന്നു പുറപ്പെടുന്നു എന്നു പറയുന്നതുകൊണ്ടു പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള വിശേഷണങ്ങളെല്ലാം തീൻപോയെ

www.malankaralibrary.com



ന്നും, പുത്രനിൽ നിന്നുകൂടി പരിശുദ്ധാത്മാവു പുറപ്പെടുന്നു എന്നുള്ള വിശേഷണം പരിശുദ്ധാത്മാവിന്നു യോജിക്കയില്ലെന്നും അഭിപ്രായപ്പെടുന്ന ഗ്രീക്കുകാരും യാക്കോബായക്കാരും ബാലിശമായ യുക്തിയും ദുർവ്യാഖ്യാനവുമാണു കൊണ്ടുവരുന്നതു്.

ഗ്രീക്കുസഭക്കാരും യാക്കോബായക്കാരും സ്വീകരിക്കുന്നവരും, യാക്കോബായസഭയും ഗ്രീക്കു ശീശ്മയും ഉണ്ടാകുന്നതിനു മുമ്പുള്ള അതിപുരാതനകാലത്തു ജീവിച്ചിരുന്നവരുമായ പല വിശുദ്ധ പിതാക്കന്മാർ പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നുള്ള വിശ്വാസസത്യത്തെ പ്രസ്പഷ്ടമായ വാക്കുകളിൽ ഏററുപറയുന്നു.

വി. അത്താനാസ്യോസ് (295–373) രേഖപ്പെടുത്തുന്നു: "പുത്രൻ പരിശുദ്ധാത്മാവിന്റെ ഉദ്ഗമസ്ഥാനമാകുന്നു" (1). വി. എപ്പിഫാനിയോസ് (315–403) പറയുന്നു: "പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽ നിന്നുമാകുന്നു" (2). അലക്സാണ്ഡ്റിയായിലെ വി. സ്സിറില്ലോസ് ( + 444) എഴുതുന്നു:—"പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നതിനാൽ അവിടുത്തേക്കു ദൈവസാരാംശമുണ്ടു് എന്നു വ്യക്തമാകുന്നു...... പരിശുദ്ധാത്മാവു നമ്മുടെ ഹൃദയങ്ങളിൽ എഴുന്നെള്ളുമ്പോൾ അവിടുന്നു നമ്മെ ദൈവത്തെപ്പോലെ ആക്കിത്തീർക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു" (4).

---

1) Ad Serap. 2) Ancor. 8.
4) Thesaur. de Trin. 34.

www.malankaralibrary.com



സുറിയാനിസഭയിലെ ഏററം വലിയ മല്പാനായ വി. അപ്രേം (306–373) പറയുന്നു:–"പിതാവു ജനകനും പുത്രൻ ജനിച്ചവനും പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനുമാകുന്നു" (5).

ചില പൌരസ്ത്യ പിതാക്കന്മാർ പരിശുദ്ധാത്മാവു പിതാവിൽനിന്നു പുത്രൻ വഴിയായി (മുഖേന) പുറപ്പെടുന്നു എന്നു പറയുന്നുണ്ട്. ഇതു പദപ്രയോഗത്തിലുള്ള വ്യത്യാസമെന്നല്ലാതെ ആശയത്തിലുള്ള വ്യത്യാസമല്ല.

ഗ്രീക്ക ശീശ്മയ്ക്കു മുമ്പുവരെ (ഒമ്പതാം ശതാബ്ദംവരെ) യാക്കോബായ സഭയുടെ വിശ്വാസം പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നുള്ള കത്തോലിക്കാ വിശ്വാസം തന്നെ ആയിരുന്നു. 10–ാം ശതാബ്ദത്തിൽ (959–961) യാക്കോബായ സഭാഭരണം നടത്തിയിരുന്ന മൂന്നാം ദീവന്നാസ്യോസ് പാത്രിയർക്കീസ് ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും ആ സൂനഹദോസിന്റെതായിട്ടു ഈജിപ്റ്റിലെ ഏകസ്വഭാവവാദി പാത്രിയർക്കീസായിരുന്ന മെന്നാസിനു അറബിഭാഷയിൽ ഇങ്ങനെ എഴുതുകയും ചെയ്തു:–"പിതാവിന്റെ അസ്തിത്വം (existenee) ആരിൽ നിന്നുമല്ല, പിന്നയോ ജനിക്കാതെ തന്നെത്താനായിരിക്കുന്നു. പുത്രനാകട്ടെ നിത്യത്വത്തിൽ പിതാവിൽനിന്നു ജനിച്ചിരിക്കുന്നു. പരിശുദ്ധാത്മാവോ എന്നാൽ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു" (6).

---

5) Hym. de defunct. et de Trin.

6) Assem. Bibl. or. t. II. p. 131; Dissert. de Monophys. p. 15; Jugie, v, p. 610.

www.malankaralibrary.com



യാക്കോബായക്കാർ ഉപയോഗിക്കുന്ന കുർബാന തക്സായിൽ (പുസ്തകത്തിൽ) നിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കാം. മാർ മത്തായി റോയോയുടെ നാമത്തിലുള്ള ക്രമത്തിൽ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയിൽ പറയുന്നു:—"കർത്താവേ! നിത്യമായി നിന്നിൽനിന്നു പുറപ്പെടുകയും സാരാംശത്തിൽ നിനക്കുള്ളവയെ പുത്രനിൽനിന്നു എടുക്കുകയും ചെയ്യുന്ന സത്യത്തിൻെറ ആത്മാവായ ആശ്വാസപ്രദനെ അയക്കണമേ" (7).

മാർ സിക്സ്റ്റസിൻെറ നാമത്തിലുള്ള ക്രമത്തിൽ ഇങ്ങനെ പറയുന്നു:—"കർത്താവേ! തിരുവിഷ്ടം തോന്നി ആദിയും അന്തവുമില്ലാത്തപ്രകാരം നിന്നിൽ നിന്നു പുറപ്പെടുകയും സാരാംശപ്രകാരം പുത്രനിൽ നിന്നു എടുക്കുകയും ചെയ്യുന്ന നിൻെറ വിശുദ്ധ റൂഹായുടെ ആവാസത്താൽ ഈ കുർബാനയെ ശുദ്ധീകരിക്കണമേ" (8)

യാക്കോബായക്കാർ ഉപയോഗിക്കുന്ന "ആണ്ടുതക്സാ"യിലും (ആണ്ടുവട്ടത്തിലെ പ്രധാന പെരുന്നാളുകളുടെ പ്രാർത്ഥനകൾ അടങ്ങിയ പുസ്തകം) കുർബാനതക്സായിൽ കാണുന്നപ്രകാരം തന്നെ പറയുന്നു.

ഉദാഹരണമായി പെന്തിക്കോസ്തി തിരുനാളിലെ മൂന്നാം കമ്മത്തിൽ പറയുന്നു:—"റൂഹാ എന്ന ആശ്വാസപ്രദനായ ഞങ്ങളുടെ ദൈവമായ കർത്താവേ!

---

7) 1931-ൽ പാമ്പാക്കുട അച്ചടിച്ച തക്സാ, പുറം 119; മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ പരിശോധിക്കപ്പെട്ടത്തി 1946-ൽ കോട്ടയത്തു അച്ചടിച്ച തക്സാ, പുറം 96.

8) ടി. തക്സാ പുറം 141; മട്ടയ്ക്കൽ മല്പാൻ, പുറം 128.

www.malankaralibrary.com



......നീ പിതാവിൽനിന്നു പുറപ്പെടുകയും പുത്രനിൽ നിന്നു എടുക്കുകയും ചെയ്യുന്നു" (9).

ഈ പ്രാർത്ഥനകളിലെല്ലാം പരിശുദ്ധാത്മാവു പിതാവിൽനിന്നു പുറപ്പെടുക മാത്രമല്ല പുത്രനിൽനിന്നു എടുക്കുകയും ചെയ്യുന്നു എന്നു പ്രസ്താവിച്ചിട്ടുള്ളതു ചിന്തനീയമത്രേ. കോൺസ്റ്റന്റിനോപ്പിൾ സൂന്നഹദോസിൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു പിതാവിൽനിന്നു പുറപ്പെടുന്നു എന്നുള്ള വിശേഷണമേ നാം കാണുന്നുള്ളു. അതിന്റെ കൂടെ പരിശുദ്ധാത്മാവു പുത്രനിൽ നിന്നു എടുക്കുന്നു എന്നുകൂടി യാക്കോബായ സഭ കൂട്ടിച്ചേർത്തു പറയുന്നു. ഇതു തെറ്റല്ലെങ്കിൽ കത്തോലിക്കർ ഇതുപോലെ വല്ലതും കൂട്ടിച്ചേർത്തു ചൊല്ലുന്നതു തെറ്റാകുന്നതെങ്ങനെ? എന്താണു പരിശുദ്ധാത്മാവു പുത്രനിൽനിന്നു എടുക്കുന്നതു്? "നിത്യമായി സാരാംശപ്രകാരം" പുത്രനിൽനിന്നു എടുക്കുന്നു എന്നു മുകളിൽ ഉദ്ധരിച്ച പ്രാർത്ഥനകളിൽ പറയുന്നുണ്ടല്ലോ. ഉറവയിൽ നിന്നു ഒരു അരുവി പുറപ്പെടുന്നു എന്നു പറയുന്നതും, അരുവി ആ ഉറവയുടെ സാരാംശം (വെള്ളം) എടുക്കുന്നു എന്നു പറയുന്നതും തത്വത്തിൽ ഒന്നുതന്നെയല്ലേ? ഇതുപോലെ പരിശുദ്ധാത്മാവു നിത്യത്വത്തിൽ പിതാവിൽനിന്നു പുറപ്പെടുകയും പുത്രനിൽനിന്നു സാരാംശപ്രകാരം എടുക്കുകയും ചെയ്യുന്നു എന്നു യാക്കോബായ സഭ പഠിപ്പിക്കുന്നതും, പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നു കത്തോലിക്കാ സഭ പഠിപ്പിക്കുന്നതും തത്വത്തിൽ ഒന്നുതന്നെയാ

9) 1937-ൽ തിരുവല്ലായിൽ അടിച്ച ഷുണ്ടെതക്സാ, പുറം 196

www.malankaralibrary.com



ണ്, പദപ്രയോഗത്തിൽ വ്യത്യാസമുണ്ടെന്നേ ഉള്ളു. യാക്കോബായ സഭ നിത്യം ഉപയോഗിക്കുന്ന പുസ്തകങ്ങളിലുള്ള ഈ വിശ്വാസം ശരിയായി മനസ്സിലാക്കാതെ ഗ്രീക്കുസഭക്കാർ ദുർവാശി നിമിത്തം കത്തോലിക്കാ സഭയ്ക്കെതിരായി നിർമ്മിച്ചിട്ടുള്ള കുഴപ്പം പിടിച്ച പടക്കം എടുത്തു സലാമ റമ്പാച്ചൻ കടിച്ചാൽ അപകടം പറ്റുന്നതു കത്തോലിക്കാ സഭയ്ക്കോ റമ്പാച്ചനോ? *

## 2. ഇരുസ്വഭാവ വിശ്വാസം.

പുരാതനകാലങ്ങളിൽ പുറജാതികൾ ഒരു ദൈവമല്ല, പല ദേവന്മാരുണ്ടെന്നു നിസ്സംശയം വിശ്വസിച്ചുവന്നിരുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദന്മാർക്കു ഏക ദൈവത്തിലുള്ള വിശ്വാസമാണു പുരാതനകാലംതുടങ്ങി ഉണ്ടായിരുന്നതു്. ക്രിസ്ത്യാനികളും ഏക ദൈവത്തിൽ വിശ്വസിക്കുന്നു എന്നാൽ ഈ ഏക ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നും, മൂന്നാളുകൾ ഉണ്ടെന്നു പറയുമ്പോൾ മൂന്നു "ദൈവങ്ങൾ" ഉള്ളതായി മനസ്സിലാക്കേണ്ടതില്ലെന്നും ക്രിസ്തുമതം പഠിപ്പിക്കുന്നു. വി. ത്രിത്വത്തിന്റെ ഈ രഹസ്യം പഴയ നിയമത്തിൽ യഹൂദന്മാർക്കു ദൈവം സ്പഷ്ടമായി വെളിപ്പെടുത്തിക്കൊടുക്കാതിരുന്നതു പല ദേവന്മാരുണ്ടെന്നുള്ള പുറജാതി മതങ്ങളുടെ വിശ്വാസത്തിലേക്കു അവർ വഴുതിപ്പോക-

---

* ഈ വിഷയത്തെ സംബന്ധിച്ച വേദപുസ്തകത്തിൽ നിന്നുള്ള സാക്ഷ്യങ്ങൾ, യാക്കോബായക്കാർക്കു നിഷേധിക്കുവാൻ പാടില്ലാത്ത മററു രേഖകൾ മുതലായവ "കത്തോലിക്കാ സഭയുടെ വിശ്വാസം യാക്കോബായക്കാർക്കു സ്വീകാര്യമോ" എന്നു എന്റെ ഗ്രന്ഥം 21–27 പുറങ്ങളിൽ കാണുക.

www.malankaralibrary.com



വാൻ ഇടയുള്ളതുകൊണ്ടാണെന്നു വേദശാസ്ത്ര പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ഏതായാലും ക്രിസ്തു ലോകത്തിൽ വന്നു് താൻ ദൈവപുത്രൻ അഥവാ സാക്ഷാൽ ദൈവമാണെന്നു പഠിപ്പിച്ചു. പുറജാതികളും യഹൂദന്മാരും കൂട്ടംകൂട്ടമായി ക്രിസ്തുമതം സ്വീകരിച്ചു. അനന്തരകാലങ്ങളിൽ പുറജാതിമതം, യഹൂദമതം, ക്രിസ്തുമതം ഇവയുടെ പ്രധാനപ്പെട്ട ചില തത്വങ്ങളെ പഠനം ചെയ്തപ്പോൾ പരസ്പരവിരുദ്ധതകളുണ്ടെന്നു ചിലർക്കു തോന്നിത്തുടങ്ങി. ഈ പരസ്പരവിരുദ്ധതകളെ നീക്കുന്നതിനുള്ള ശ്രമത്തിൽ ചില ക്രിസ്തീയോപദേഷ്ടാക്കൾ അബദ്ധോപദേശങ്ങളിൽ വീണുപോയി.

അപ്പോസ്തോലന്മാരുടെ കാലം കഴിഞ്ഞുണ്ടായ അബദ്ധോപദേശങ്ങളിൽ പ്രധാനപ്പെട്ടവയാണു ആരിയോസ്, മക്കദോനിയസ്, നെസ്തോറിയസ്, എവുത്തിക്കോസ് എന്നിവരുടെ പാഷണ്ഡതകൾ. ഒരു ദൈവമേ ഉള്ളുവെങ്കിൽ ലോകത്തിൽ വന്ന ക്രിസ്തു സാക്ഷാൽ ദൈവമായിരിപ്പാൻ നിവൃത്തിയില്ല, പ്രത്യുത മാലാഖാമാരെയും മററു സകല സൃഷ്ടികളെയുംകാൾ മഹോന്നതനായി ദൈവം സൃഷ്ടിച്ച ആദ്യത്തെ സൃഷ്ടിയാണു ക്രിസ്തു എന്നിങ്ങനെ ആരിയോസ് പഠിപ്പിച്ചു. 325—ൽ നിക്യായിൽ സമ്മേളിച്ച പൊതു സുനഹദോസ് ആരിയോസിന്റെ അബദ്ധോപദേശങ്ങളെ ശപിച്ചു ക്രിസ്തു, പിതാവായ ദൈവത്തോടു എല്ലാ കാര്യത്തിലും സമത്വമുള്ള—പ്രകാശത്തിൽ നിന്നുള്ള പ്രകാശംപോലെ—സത്യദൈവമാണെന്നും സാക്ഷാൽ മനുഷ്യനാണെന്നും പഠിപ്പിച്ചു. ക്രിസ്തു സാക്ഷാൽ ദൈവവും മനുഷ്യനുമാണെന്നുള്ള ഓർത്ത്ഡോ

www.malankaralibrary.com



ഗിക പ്രഖ്യാപനത്തിൻശേഷം മക്കദോനിയസ് എന്നൊരു മെത്രാൻതോന്നി പരിശുദ്ധാത്മാവു ദൈവമല്ലെന്നു്. 381—ൽ കോൺസ്റ്റൻറിനോപ്പിളിൽ സമ്മേളിച്ച സുന്നഹദോസ് മക്കദോനിയസിനെ ശപിച്ചു് പരിശുദ്ധാത്മാവു പിതാവിനോടും പുത്രനോടും സമത്വമുള്ള ദൈവമാണെന്നു് പ്രഖ്യാപിച്ചു. ഇങ്ങനെ ഏക ദൈവത്തിൽ സമത്വമുള്ള മൂന്നാളുകൾ ഉണ്ടെങ്കിലും മൂന്നു "ദൈവങ്ങ"ളില്ലെന്നത്രേ ക്രിസ്ത്യമത സിദ്ധാന്തം. ഏക കൈയിൽ വിഭിന്നമായ അഞ്ചു വിരലുകളുണ്ടെന്നു പറയുമ്പോൾ അഞ്ചു കൈകൾ എന്നർത്ഥമില്ലല്ലോ. ഇതുപോലെ ഏക ദൈവത്തിൽ വിഭിന്നരായ മൂന്നാളുകളുണ്ടെന്നു പറയുമ്പോൾ മൂന്നുദൈവങ്ങളില്ല, ഒരു ദൈവമേ ഉള്ളു എന്നത്രേ ഗ്രഹിക്കേണ്ടതു്. ഈ മൂന്നു വ്യക്തികൾക്കുംകൂടി ഒരു സാരാംശം മാത്രമുള്ളതിനാലാണു ഒരു ദൈവമേ ഉള്ളു എന്നു പറയുന്നതു്. ഒരേ വലിപ്പത്തിലുള്ള മൂന്നു മെഴുകുതിരികൾ കത്തിച്ചു അവയുടെ ജ്വാലയെ വളരെ അടുപ്പിച്ചു പിടിച്ചാൽ മൂന്നു ജ്വാലയും ഒന്നായി തോന്നുമല്ലോ. വാസ്തവത്തിൽ അവ മൂന്നാണു്, എങ്കിലും ഒന്നായിത്തീരുന്നു. അവയുടെ ഓരോന്നിന്റെയും പ്രകാശവും ചൂടും ഒരുപോലെയാണു്. * ഇതുപോലെ ഏക ദൈവത്തിൽ അഭേദ്യമായി യോജിച്ചിരിക്കുന്ന വിഭിന്നരായ മൂന്നാളുകളുണ്ടു്. അവർ മൂന്നുംകൂടി ഏകദൈവമാണു്. മൂന്നുപേർക്കും ഒരേ സാരാംശമത്രേ. അധികാരവും ശക്തിയും മററെല്ലാ ഗുണഗണങ്ങളും മൂന്നുപേർക്കും സമമാണു്.

---

* വി. ത്രിത്വത്തെ സംബന്ധിച്ചു പറയുമ്പോൾ ഇങ്ങനെയുള്ള ഉദാഹരണങ്ങൾ പൂർണ്ണമല്ല. കാര്യം ഗ്രഹിക്കുവാൻ വേണ്ടി പറയുന്നു എന്നേയുള്ളു.

www.malankaralibrary.com



ഇങ്ങനെ ഏക ദൈവത്തെയും ത്രിത്വത്തെയും സംബന്ധിച്ചുള്ള അബദ്ധോപദേശങ്ങളെ ശപിച്ച പൊതു സൂനഹദോസുകൾ വഴി സത്യവിശ്വാസം ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യപ്പെട്ടപ്പോൾ ക്രിസ്തുവിനെ സംബന്ധിച്ച ചില അബദ്ധോപദേശങ്ങൾ ഉണ്ടായിത്തുടങ്ങി. ക്രിസ്തു യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണെങ്കിൽ ക്രിസ്തുവിൽ ദൈവികആൾ, മാനുഷിക ആൾ എന്നിങ്ങനെ രണ്ടാളുകൾ ഉണ്ടായിരിക്കണമെന്നും, ലോകത്തിൽ ഈ രണ്ടാളുകളുംകൂടി ഒററയാളായി ബാഹ്യദൃഷ്ടിക്കു കാണപ്പെട്ടു എന്നു മാത്രമേയുള്ളു എന്നും കോൺസ്റ്റൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന നെസ്തോറിയസ് പഠിപ്പിച്ചു. 431-ൽ സമ്മേളിച്ച എഫേസൂസ് സൂനഹദോസ് നെസ്തോറിയസിനെ ശപിച്ച്, ക്രിസ്തുവിൽ രണ്ടാളുകളില്ല, ഒററയാളേ ഉള്ളു എന്നു ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു. അങ്ങനെ വന്നപ്പോൾ എവുത്തിക്കോസ് എന്നൊരു സന്യാസിക്കു തോന്നി, ക്രിസ്തുവിൽ ഒരാളേ ഉള്ളുവെങ്കിൽ ഒരു സ്വഭാവമേയുള്ളു എന്ന് (ഒരാൾക്കു ഒരു സ്വഭാവം മാത്രമുള്ളതായിട്ടാണല്ലോ സാധാരണ പറയാറുള്ളത്). 451-ൽ കൽക്കദോനിയായിൽ സമ്മേളിച്ച പൊതു സൂനഹദോസ് എവുത്തിക്കോസിനെ ശപിച്ച് ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളുവെങ്കിലും ക്രിസ്തു സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമാകയാൽ അവിടുത്തേക്കു ദൈവികം, മാനുഷികം എന്നിങ്ങനെ വിഭിന്നമായ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു പ്രഖ്യാപനം ചെയ്തു. ഇക്കാലത്തും നെസ്തോറിയർ, യാക്കോബായക്കാർ, കത്തോലിക്കർ എന്നി

www.malankaralibrary.com



വർ ഇക്കാര്യങ്ങളെ സംബന്ധിച്ച അഭിപ്രായവ്യത്യാസത്തിൽ ഇരിക്കുന്നു. ഓരോ സഭക്കാരുടെയും ഉപദേശങ്ങളുടെ സംഗ്രഹം ഇപ്രകാരമാണ്:—

1) നെസ്തോറിയരുടെ ഉപദേശം:— ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു ആളുകൾ (വ്യക്തിത്വങ്ങൾ) ഉണ്ട്. (സ്വഭാവങ്ങളെ സംബന്ധിച്ച നെസ്തോറിയൻ പാഷണ്ഡതയുടെ കാലത്തു അത്രതർക്കമുണ്ടായിരുന്നില്ല). ബാഹ്യദൃഷ്ടിയിൽ മാത്രം ക്രിസ്തു ഒരാളായിരുന്നു.

2) എവുത്തിക്കോസിന്റെ ഉപദേശം:— ക്രിസ്തുവിൽ ഒരു വ്യക്തിത്വമേയുള്ളു. ദൈവപുത്രൻ മനുഷ്യനായപ്പോൾ കടലിൽ ഒരു തുള്ളി തേൻ എന്നതുപോലെ അനന്തമാഹാത്മ്യമുള്ള ദൈവത്വത്തിൽ മനുഷ്യത്വം മുഴുവനായി ലയിച്ചുപോയി. ആകയാൽ ക്രിസ്തുവിൽ ദൈവസ്വഭാവമെന്ന ഏകസ്വഭാവമേയുള്ളു, മനുഷ്യസ്വഭാവമില്ല.

3) യാക്കോബായക്കാരുടെ ഉപദേശം:—എവുത്തിക്കോസ് പറയുന്ന വിധത്തിൽ ക്രിസ്തുവിന്റെ മനുഷ്യത്വം ദൈവത്വത്തിൽ മുഴുവനായി ലയിച്ചു നശിച്ചുപോയിട്ടില്ല. ക്രിസ്തുവിൽ ഏകവ്യക്തിത്വമേ ഉള്ളു. ഈ വ്യക്തിത്വത്തിൽ രണ്ടു സ്വഭാവങ്ങളും അഭേദ്യമായി യോജിച്ചു അത്ഭുതകരമായ വിധത്തിൽ ഒന്നായി. ക്രിസ്തു യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണ്. ക്രിസ്തുവിൽ ദൈവസ്വഭാവം നശിച്ചിട്ടില്ല; മനുഷ്യസ്വഭാവം നശിച്ചിട്ടില്ല; രണ്ടു സ്വഭാവങ്ങളും തമ്മിൽ സമ്മിശ്രപ്പെട്ടു വേ-

www.malankaralibrary.com



റൊന്നായിത്തീന്നിട്ടുമില്ല. രണ്ടു സ്വഭാവങ്ങളുംകൂടി അത്ഭുതകരമായി യോജിച്ചു ഒന്നായി. ആകയാൽ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ എന്നല്ല, അത്ഭുതകരമായ ഏകസ്വഭാവം എന്നാണു പറയേണ്ടതു്.

4) കത്തോലിക്കസഭയുടെ ഉപദേശം:—ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളു. ഈ വ്യക്തിത്വത്തിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ അഭേദ്യമായും അത്ഭുതകരമായും യോജിച്ചിരിക്കുന്നു. വ്യക്തിത്വത്തിൽ ഈ രണ്ടു സ്വഭാവങ്ങൾ യോജിച്ചതുകൊണ്ടു് ഈ സ്വഭാവങ്ങൾ രണ്ടും യോജിച്ചു ഒന്നായില്ല, ഇവ രണ്ടുതന്നെയാണു്. ക്രിസ്തു യഥാത്ഥ ദൈവവും യഥാത്ഥ മനുഷ്യനുമാണു്. ക്രിസ്തുവിൽ ദൈവസ്വഭാവം നശിച്ചിട്ടില്ല, മനുഷ്യസ്വഭാവം നശിച്ചിട്ടില്ല, രണ്ടു സ്വഭാവങ്ങളും കൂടിച്ചേന്നു വേറൊന്നായിത്തീന്നിട്ടുമില്ല. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വിഭിന്നങ്ങളായ രണ്ടു സ്വഭാവങ്ങളാണു്. ആകയാൽ ക്രിസ്തുവിൽ ഒരു സ്വഭാവമല്ല, രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നാണു പറയേണ്ടതു്.

മുകളിൽ ചേത്തിരിക്കുന്ന സംഗ്രഹത്തിൽനിന്നു ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സ്വഭാവങ്ങളെയും സംബന്ധിച്ചു കത്തോലിക്കസഭയും യാക്കോബായസഭയും നല്കുന്ന ഉപദേശങ്ങളുടെ തുല്യതയും വിഭിന്നതയും വ്യക്തമാകുന്നുണ്ടല്ലോ. കത്തോലിക്കരും യാക്കോബായക്കാരും നെസ്തോറിയസിന്റെ അബദ്ധോപദേശത്തെ നിഷേധിച്ചുകൊണ്ടു ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളു എന്നു പഠിപ്പിക്കുന്നു; രണ്ടു സഭക്കാരും എവുത്തിക്കോസിന്റെ പാഷണ്ഡ

www.malankaralibrary.com



തയെ നിഷേധിച്ച ക്രിസ്തുവിൽ മനുഷ്യസ്വഭാവം നശിച്ചുപോയിട്ടില്ലെന്നും, ക്രിസ്തു യഥാൎത്ഥ ദൈവവും യഥാൎത്ഥ മനുഷ്യനുമാണെന്നും പഠിപ്പിക്കുന്നു; രണ്ടു സഭക്കാരും ക്രിസ്തുവിന്റെ ദൈവസ്വഭാവമോ മനുഷ്യസ്വഭാവമോ നശിച്ചുപോയിട്ടില്ലെന്നും, രണ്ടു സ്വഭാവങ്ങളുംകൂടെ സമ്മിശ്രപ്പെട്ടു പുതിയ ഒരു സ്വഭാവമായിത്തീൎന്നില്ലെന്നും ഉപദേശിക്കുന്നു; രണ്ടു സഭക്കാരും ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങൾ ഏകവ്യക്തിത്വത്തിൽ യോജിച്ചിരിക്കുന്നതു അഭേദ്യമായും അത്ഭുതകരമായുമാണെന്നും വിശ്വസിക്കുന്നു. ഈ കാൎയ്യത്തിൽ ഈ സഭകളുടെ ഉപദേശങ്ങൾ തമ്മിലുള്ള ഏകവ്യത്യാസം ഇതുമാത്രമാണു്: ക്രിസ്തുവിന്റെ ഏകവ്യക്തിത്വത്തിൽ രണ്ടു സ്വഭാവങ്ങൾ യോജിച്ചപ്പോൾ ആ സ്വഭാവങ്ങൾ രണ്ടും അത്ഭുതകരമായി ഒന്നായെന്നു യാക്കോബായക്കാർ പറയുന്നു; ഈ രണ്ടു സ്വഭാവങ്ങൾ ഏകവ്യക്തിത്വത്തിൽ യോജിച്ചെങ്കിലും സ്വഭാവങ്ങൾ തമ്മിൽ യോജിക്കാത്തതുകൊണ്ടും, ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വിഭിന്നമായതുകൊണ്ടും അവ ഒന്നല്ല, രണ്ടു തന്നെയാണെന്നു കത്തോലിക്കർ പറയുന്നു. ഇങ്ങനെ ഒന്നു്, രണ്ടു് എന്നുള്ള പദപ്രയോഗത്തിലാണു് പ്രധാന വ്യത്യാസം. ശരിയായി ചിന്തിച്ചാൽ ഈ രണ്ടു സഭകളുടെയും ഈ വിഷയത്തിലുള്ള വിശ്വാസം സാരാംശത്തിൽ എന്നതിനെക്കാൾ ഈ പദപ്രയോഗത്തിലാണു വ്യത്യസ്തം എന്നു മനസ്സിലാകും. ഇക്കാരണത്താലാണു യാക്കോബായക്കാർ നിഷ്കൃഷ്ടമായ അൎത്ഥത്തിൽ ഏകസ്വഭാവവാദികളല്ലെന്നു പറയുന്നതു്. (മുകളിൽ പുറം 35 കാണുക.)

www.malankaralibrary.com



ക്രിസ്തുവിൽ മനുഷ്യവ്യക്തിത്വമുണ്ടോ?

ചാക്കോ, മത്തായി എന്നീ രണ്ടുപേർക്കും മനുഷ്യസ്വഭാവമുണ്ട് (Nature), വ്യക്തിത്വവുമുണ്ട് (Person). മനുഷ്യസ്വഭാവത്തോടു വ്യക്തിത്വം യോജിച്ചപ്പോൾ ചാക്കോയും മത്തായിയും പ്രത്യേക വ്യക്തികളായിത്തീന്നു. ആകയാൽ അവർ രണ്ടുപേരും ഒന്നല്ല, രണ്ടു വിഭിന്ന വ്യക്തികളാണ്. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻ കന്യകമറിയത്തിൻെറ ഗർഭത്തിൽ പ്രവേശിക്കുന്നതിനു മുമ്പുവരെ ദൈവം മാത്രം ആയിരുന്നു. അവിടുത്തേക്ക അപ്പോൾ ദൈവസ്വഭാവവും ദൈവികവ്യക്തിത്വവുമുണ്ടായിരുന്നു. കന്യകമറിയത്തിൻെറ ഗർഭത്തിൽ മനുഷ്യസ്വഭാവത്തോടും മനുഷ്യവ്യക്തിത്വത്തോടുംകൂടി ഒരു പൂർണ്ണ മനുഷ്യനെ സൃഷ്ടിച്ച ശേഷം ദൈവപുത്രൻെറ വ്യക്തിത്വത്തോട് ആ മനുഷ്യനെ കൂട്ടി യോജിപ്പിക്കയല്ല ദൈവം ചെയ്തതു്. ഒരു നിമിഷംപോലും വി. മറിയത്തിൻെറ ഗർഭത്തിൽ മനുഷ്യൻ മാത്രമായ ഒരാൾ ഉണ്ടായിരുന്നില്ല. കന്യകമറിയത്തിൻെറ ഗർഭത്തിൽ ദൈവികവ്യക്തിത്വമുള്ള പുത്രൻ തമ്പുരാൻ പ്രവേശിച്ച ആ ക്ഷണത്തിൽ തന്നെ അവിടുന്നു യഥാർത്ഥ മനുഷ്യനും കൂടിയായി. ആകയാൽ മനുഷ്യൻെറ വ്യക്തിത്വത്തോടുകൂടി അല്പനിമിഷമെങ്കിലും ഇരുന്നിട്ടുള്ള ഒരു മനുഷ്യത്വത്തെയല്ല ദൈവപുത്രൻ മനുഷ്യനായപ്പോൾ സ്വീകരിച്ചതു്. കന്യകമറിയത്തിൻെറ ഗർഭത്തിൽ മനുഷ്യസ്വഭാവത്തിനു ദൈവപുത്രൻെറ ദൈവികവ്യക്തിത്വം അസ്തിത്വം നല്കി അഭേദ്യമായും ഏത്രയും ആന്തരികമായും

www.malankaralibrary.com



തന്നോടു സംഘടിപ്പിച്ചു എന്നല്ലാതെ മാനുഷിക വ്യക്തിത്വത്തോടുകൂടി കുറെനേരം ഇരുന്നിട്ടുള്ള ഒരു പൂർണ്ണ മനുഷ്യനെയല്ല ക്രിസ്തു മനുഷ്യാവതാരത്തിൽ സ്വീകരിച്ചതു്. ആകയാൽ മനുഷ്യാവതാരത്തിൽ ദൈവികവ്യക്തിത്വവും മാനുഷിക വ്യക്തിത്വവും കൂടി യോജിച്ചു ഒന്നായി എന്നുള്ള യാക്കോബായ പദപ്രയോഗം താത്വികമായി ശരിയല്ല. മനുഷ്യാവതാരസമയം മാനുഷിക വ്യക്തിത്വം ഒരിക്കലും ഉണ്ടായിരുന്നില്ല. സലാമ റമ്പാൻ പറയുന്നതു യാക്കോബായ സഭ പഠിപ്പിക്കുന്നതു ക്രിസ്തുവിൽ രണ്ടു വ്യക്തിത്വങ്ങൾ (ക്നൂമാ) ഒന്നായെന്നും, കത്തോലിക്കാസഭ പഠിപ്പിക്കുന്നതു ക്രിസ്തു വ്യക്തിത്വമില്ലാതെയുള്ള മനുഷ്യസ്വഭാവം മനുഷ്യാവതാരത്തിൽ എടുത്തെന്നുമാണു് (പുറം 28). മുകളിൽ പറഞ്ഞവയുടെ വെളിച്ചത്തിൽ ഇതിൽ ഏതാണു താത്വികമായി ശരിയെന്നു റമ്പാച്ചൻ തന്നെ വിധിച്ചാലും.

## മനുഷ്യാവതാരത്തിൽ രണ്ടു സ്വഭാവങ്ങൾ ഒന്നായോ?

രണ്ടു നദികൾ സമുദ്രത്തിൽ യോജിച്ചു എന്നു പറഞ്ഞാൽ സമുദ്രത്തിലുള്ള ആ യോജിപ്പുമൂലം ആ നദികൾ രണ്ടും തമ്മിൽ യോജിച്ചു ഒന്നായി എന്നർത്ഥമില്ലല്ലോ. ഇതുപോലെ ദൈവസ്വഭാവത്തോടു കൂടിയ പുത്രൻതമ്പുരാന്റെ ദൈവിക വ്യക്തിത്വത്തിൽ മനുഷ്യസ്വഭാവം അഭേദ്യമായും അത്ഭുതകരമായും യോജിച്ചു എന്നു പറയുമ്പോൾ സ്വഭാവങ്ങൾ രണ്ടും— ദൈവസ്വഭാവവും മനുഷ്യസ്വഭാവവും—യോജിച്ചു അത്ഭുതകരമായി ഒന്നായിത്തീർന്നെന്നുള്ള യാക്കോബായവാദവും ശരിയല്ല. രണ്ടു സ്വഭാവങ്ങൾ യോജിച്ചതു വ്യക്തിത്വത്തിൽ മാത്രമാണു്. തന്നിമി

www.malankaralibrary.com



ത്തം ഈ രണ്ടു സ്വഭാവങ്ങളുംകൂടി യോജിച്ചു ഒന്നായി എന്നുള്ള അനുമാനം ശരിയല്ല. സമുദ്രത്തിൽ യോജിച്ച രണ്ടു നദികൾ വിഭിന്നമായിരിക്കുന്നതുപോലെ വ്യക്തിത്വത്തിൽ യോജിച്ച രണ്ടു സ്വഭാവങ്ങൾ ഒന്നല്ല, രണ്ടായി നില്ക്കുന്നു.

## ഇരുസ്വഭാവങ്ങൾ.

ക്രിസ്തു യഥാർത്ഥ ദൈവമാണെങ്കിൽ ദൈവസ്വഭാവം പൂർണ്ണമായി അവിടുത്തേക്കുണ്ടായിരിക്കണം. ക്രിസ്തു യഥാർത്ഥ മനുഷ്യനാണെങ്കിൽ മനുഷ്യസ്വഭാവം പൂർണ്ണമായി അവിടുത്തേക്കുണ്ടായിരിക്കണം. ആകയാൽ ദൈവവും മനുഷ്യനുമായ ക്രിസ്തുവിൽ ദൈവികം മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരിക്കണം.

ശരീരവും ആത്മാവും യോജിച്ച് ഏക വ്യക്തിയായിത്തീർന്നിട്ടുള്ള മനുഷ്യനിൽ ശരീരത്തിന്റെ പ്രവർത്തനങ്ങളും ആത്മാവിന്റെ പ്രവർത്തനങ്ങളും നാം കാണുന്നു. ശരീരത്തിനു വിശപ്പും ദാഹവുമുണ്ട്. ആത്മാവിനു വിശപ്പോ ദാഹമോ ഇല്ല. ആത്മാവു ചിന്തിക്കുന്നു, ഗ്രഹിക്കുന്നു, അനുമാനങ്ങൾ രൂപവൽക്കരിക്കുന്നു. ശരീരത്തിനു ചിന്തിക്കാനും ഗ്രഹിക്കാനും സാദ്ധ്യമല്ല. ഇങ്ങനെ മനുഷ്യനിൽ ശരീരവും ആത്മാവും യോജിച്ച ഒററവ്യക്തിയായെങ്കിലും (മരണത്തോടുകൂടി വേർപിരിയത്തക്കവണ്ണമാണു ഈ യോജിപ്പ്) ശരീരവും ആത്മാവും ഒന്നല്ല, രണ്ടുതന്നെയാണു. ശരീരത്തിന്റെയും ആത്മാവിന്റെയും യോജിപ്പോടുകൂടി ഒററ വ്യക്തിയായിത്തീർന്ന മനുഷ്യനിൽ ശരീരത്തിന്റെയും ആത്മാവിന്റെയും പ്ര

www.malankaralibrary.com



വത്തനങ്ങൾ വിഭിന്നമായിരിക്കുന്നതുപോലെ (ചി ന്തിക്കുന്നതും വിശക്കുന്നതും മററം വിഭിന്നപ്രവത്ത നങ്ങളാണല്ലോ) ഏക വ്യക്തിത്വത്തിൽ ദൈവത്വ വും മനുഷ്യത്വവും അഭേദ്യമായി ക്രിസ്തുവിൽ യോജി ച്ചെങ്കിലും അവിടുത്തെ ദൈവിക പ്രവത്തനങ്ങളും മാനുഷിക പ്രവത്തനങ്ങളും വിഭിന്നമായി സ്ഥിതി ചെയ്യുന്നു. അത്ഭുതങ്ങൾ പ്രവത്തിക്കുക, മരിച്ചിട്ട മൂ ന്നാം ദിവസം ഉയിക്കുക ആദിയായവ ദൈവിക പ്ര വത്തനങ്ങളാണു്. സ്വശക്തിയാൽ മനുഷ്യത്വത്തി ന ഇങ്ങനെയുള്ള പ്രവൃത്തികൾ ചെയ്വാൻ സാധിക്ക യില്ല. വിശപ്പുണ്ടായിരിക്കുക, ദാഹിക്കുക, പീഡ കൾ സഹിക്കുക, മരിക്കുക മുതലായവ മാനുഷിക പ്രവത്തനങ്ങളാണു്. ദൈവത്തിന സ്വതേ വിശക്കു വാനോ, ദാഹിക്കുവാനോ, മരിക്കുവാനോ സാധിക്കു യില്ല. ഇങ്ങനെ നേരേ വിപരീതങ്ങളായ രണ്ടുതരം പ്രവത്തനങ്ങൾ ക്രിസ്തുവിൽ ഉള്ളതുകൊണ്ടു ഈ പ്ര വത്തനങ്ങൾക്കു നിദാനമായ രണ്ടു വിഭിന്ന സ്വഭാവ ങ്ങൾ അതായതു ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ക്രിസ്തുവിൽ ഉണ്ടാ യിരിക്കണം.

രണ്ടു വിഭിന്നസാധനങ്ങൾ ഒന്നാകണമെങ്കിൽ രണ്ടു മാർഗ്ഗങ്ങളേ ഉള്ളു. (1) രണ്ടു സാധനങ്ങളിൽ ഏതെങ്കിലും ഒന്നു പൂണ്ണമായി നശിക്കണം (2) ര ണ്ടുംകൂടി ചേൎന്നു ഒന്നാകണം. ഉദാഹരണമായി പാൽ, വെള്ളം എന്നീ രണ്ടു സാധനങ്ങൾ ഒന്നായി ത്തീരണമെങ്കിൽ (1) ഒന്നുകിൽ പാൽ മുഴുവൻ ന ശിച്ചു വെള്ളംമാത്രം ഉണ്ടായിരിക്കണം, അല്ലെങ്കിൽ വെള്ളം മുഴുവൻ നശിച്ചു പാൽ മാത്രം ഉണ്ടായിരി ക്കണം (2) പാലും വെള്ളവുംകൂടി ചേൎന്നു നല്ലപാലും

www.malankaralibrary.com



നല്ല വെള്ളവുമല്ലാത്ത ഒരു സമ്മിശ്രദ്രാവകമാകണം. ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായിട്ടുണ്ടെന്നു യാക്കോബായക്കാർ സമ്മതിക്കുന്നു. എന്നാൽ മനുഷ്യാവതാരത്തിൽ ദൈവപുത്രന്റെ ദൈവത്വം നശിച്ചിട്ടു മനുഷ്യത്വം മാത്രമായെന്നോ, മനുഷ്യത്വം നശിച്ചിട്ടു ദൈവത്വം മാത്രമായെന്നോ യാക്കോബായക്കാർ വിശ്വസിക്കുന്നില്ല. ഇതുപോലെ ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും സമ്മിശ്രപ്പെട്ടു വേറൊരു പുതിയ സ്വഭാവമായെന്നും യാക്കോബായക്കാർ വിശ്വസിക്കുന്നില്ല. പിന്നെ എങ്ങനെയാണു ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഒന്നായി ഒരു സ്വഭാവമുണ്ടായി എന്നുള്ള യാക്കോബായവാദം ശരിയാകുന്നതു്? അത്ഭുതകരമായി ഒന്നായി എന്നു ചില യാക്കോബായക്കാർ പറഞ്ഞേക്കാം. എത്ര അത്ഭുതം നടന്നാലും നശിക്കാതെയും സമ്മിശ്രപ്പെടാതെയും രണ്ടായിട്ടു എപ്പോഴും ഇരിക്കുന്ന സാധനങ്ങൾ എങ്ങനെ ഒന്നാകും? അത്ഭുതം നടന്നാൽ 8+4=12 ആകാതെ 13 ആകുമോ? * എത്ര അത്ഭുതം നടന്നാലും നേരേ വിപരീതലക്ഷണങ്ങളോടുകൂടിയ വൃത്തവും ചതുരവും, വെളിച്ചവും ഇരുട്ടും, ചൂടും തണുപ്പും ഒന്നാകുമോ? ഇതുപോലെ മരണമില്ലാത്തസ്ഥിതി, മരണമുള്ളസ്ഥിതി, പീഡകൾ സഹിക്കാൻ പാടില്ലാത്ത സ്ഥിതി, പാടുള്ളസ്ഥിതി, അപരിമേയാവ

* ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നുള്ള കത്തോലിക്കാസഭയുടെ ഉപദേശമാണു ശരിയെന്നും, യാക്കോബായക്കാർ കൽക്കദോനിയാ സൂനഹദോസിന്റെ ഈ തീരുമാനത്തെ നിഷേധിക്കുന്നതു ശരിയല്ലെന്നുമുള്ളതിനു ധാരാളം തെളിവുകൾ "മലങ്കര യാക്കോബായക്കാർ ഏക സ്വഭാവവാദികളോ?" എന്ന ഗ്രന്ഥത്തിൽ കാണുക.

www.malankaralibrary.com



സ്ഥ, പരിമേയാവസ്ഥ എന്നിങ്ങനെ നേരേ വിപരീത ലക്ഷണങ്ങളോടുകൂടിയ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ക്രിസ്തുവിൽ അത്ഭുതകരമായി ഒന്നായെന്നു പറയുന്നതു താത്വികമായി ശരിയല്ല. ക്രിസ്തുവിൻെറ ഏക വ്യക്തിത്വത്തിൽ ഇവ അത്ഭുതകരമായും അഭേദ്യമായും യോജിച്ചിരിക്കുന്നു എന്നല്ലാതെ ഈ രണ്ടു സ്വഭാവങ്ങൾ തമ്മിൽ യോജിച്ച് ഒന്നാകുക സാദ്ധ്യമല്ല.

### കൽക്കദോനിയാ സൂനഹദോസ്

ക്രിസ്തുവിൽ ദൈവസ്വഭാവമെന്ന ഏക സ്വഭാവമേ ഉള്ളു എന്നു പഠിപ്പിച്ച എവുത്തിക്കേസിനെയും അദ്ദേഹത്തെ അനുകൂലിച്ചിരുന്ന അലക്സാന്ത്രിയായിലെ ദീയസ്കോറോസ് പാത്രിയർക്കീസിനെയും അനുയായികളെയും 451-ൽ സമ്മേളിച്ച കൽക്കദോനിയാ സൂനഹദോസ് ശപിച്ചു സഭയിൽ നിന്നു ബഹിഷ്കരിച്ചു. ക്രിസ്തു യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണെന്നും തന്നിമിത്തം ക്രിസ്തുവിൽ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങളുണ്ടെന്നും, ഈ രണ്ടു സ്വഭാവങ്ങളും ഏക വ്യക്തിത്വത്തിൽ സമ്മിശ്രപ്പെടാതെ സ്വകീയ ഗുണഗണങ്ങൾ പാലിച്ചുകൊണ്ടു അഭേദ്യമായി യോജിച്ചിരിക്കയാണെന്നും കൽക്കദോനിയാ സൂനഹദോസ് പ്രഖ്യാപനം ചെയ്തു. എന്നാൽ സലാമറമ്പാനാകട്ടെ കൽക്കദോനിയാ സൂനഹദോസിലെ പിതാക്കന്മാർ പുരാതന പിതാക്കന്മാരുടെ വിശ്വാസത്തെ മുഴുവനായി മാററിക്കളഞ്ഞിട്ടു പുതിയ വിശ്വാസം സൃഷ്ടിച്ചിരിക്കുന്നെന്നും, ക്രിസ്തുവിൽ ഏക സ്വഭാവമേ ഉള്ളു എന്നാണ് അത്താനാ

www.malankaralibrary.com



സ്യ്രോസ്, ക്രൂറില്ലോസ് എന്നീ പുരാതന പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളതെന്നും, തന്നിമിത്തം ഏകസ്വഭാവമാണ് ശരിയായിട്ടുള്ള വിശ്വാസമെന്നും ഇപ്പോഴത്തെ മാർപ്പാപ്പാ "നിത്യരാജൻ" എന്ന വിശ്വലേഖനത്തിൽ പറഞ്ഞിട്ടുണ്ടെന്ന പ്രസ്താവിച്ചുകൊണ്ടു മാർപ്പാപ്പായുടെ വിശ്വലേഖനത്തിൽ നിന്ന ചില വാക്കുകളും മുറിവാചകങ്ങളും ഉദ്ധരിച്ചു ദുർവ്യാഖ്യാനം ചെയ്തു തന്റെ ഗ്രന്ഥത്തിൽ പതിനഞ്ച് പുറങ്ങൾ എഴുതിക്കൂട്ടിയിരിക്കുന്നു. റമ്പാച്ചന്റെ ഈ പ്രസ്താവനയുടെ "പൊള്ളത്തരം" വായനക്കാർ ശരിക്കു ഗ്രഹിക്കുന്നതിനുവേണ്ടി മാർപ്പാപ്പായുടെ വിശ്വലേഖനത്തിലെ ചില ഭാഗങ്ങളും അവയുടെ മലയാള പരിഭാഷയും താഴെ ചേർക്കുന്നു:—

"This sublime doctrine, which is drawn from the gospels and differs in no way from that of the Council of Ephesus refutes Eulyches as well as Nestorius. The dogmatic definition of the Council of Chalcedon concords with it absolutely and perfectly, for this definition likewise defines two distinct natures and one person in Christ............

It is indeed sad that the ancient adversaries of the Council of Chalcedon (also called Monophysites) should have rejected this doctrine, so lucid, so coherent and so complete, on the strength of certain badly understood expressions of ancient writers. While they rejected the absurd teaching of Eutyches about the mixture of natures in Christ, they obstinately clung to the well-known expression: 'One Incarnate nature of the Word G d.' This expression had been used by

www.malankaralibrary.com



Cyril of Alexandria (who took it from St. Athanasius) with a perfectly correct meaning, since he used the term 'nature' to signify 'person'. The Fathers of Chalcedon, therefore, totally removed what was ambiguous or liable to cause error in these expressions."— (The Eastern Churches Quarterly, 1952. Vol. IX., p. 237-238).

### പരിഭാഷ.

"സുവിശേഷങ്ങളിൽ നിന്നു പ്രവൽകൃതമായുളും, എഫേസൂസ് സൂനഹദോസിന്റെ ഉപദേശത്തിൽനിന്നു ഒരു പ്രകാരത്തിലും വിഭിന്നമല്ലാത്തതുമായ ഈ മഹനീയോപദേശം എവുത്തിക്കോസിന്റെയും നെസ്തോറിയസിന്റെയും ഉപദേശങ്ങളെ ഖണ്ഡിക്കുന്നു. കൽക്കദോനിയാ സൂനഹദോസിന്റെ വിശ്വാസപരമായ തീരുമാനം എഫേസൂസ് സൂനഹദോസിനോടു സമഗ്രമായും പൂർണ്ണമായും യോജിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ സൂനഹദോസിന്റേതുപോലെ ഈ തീരുമാനവും ക്രിസ്തുവിൽ രണ്ടു വിഭിന്ന സ്വഭാവങ്ങളും ഒരു വ്യക്തിത്വവുമുണ്ടെന്നത്രേ............പുരാതന ഗ്രന്ഥകാരന്മാരുടെ ചില പദപ്രയോഗങ്ങളിൽ നിന്നുണ്ടായ തെററിദ്ധാരണയെ അവലംബിച്ചു കൽക്കദോനിയാ സൂനഹദോസിന്റെ ചില പൂർവ്വവൈരികൾ (ഇവർ ഏകസ്വഭാവവാദികൾ എന്നുകൂടി വിളിക്കപ്പെടുന്നു.) ഇത്ര പ്രസ്പഷ്ടവും അനുയോജ്യവും പരിപൂർണ്ണവുമായ ഉപദേശത്തെ നിരസിച്ചുകളഞ്ഞതു് എത്രയും പരിതാപകരമത്രേ. ക്രിസ്തുവിൽ സ്വഭാവങ്ങളുടെ സമ്മിശ്രമുണ്ടായി എന്നുള്ള എവുത്തിക്കോസിന്റെ യുക്തിവിരുദ്ധമായ ഉപദേശത്തെ അവർ നിരസിച്ചിരുന്നെങ്കിലും 'ദൈ

www.malankaralibrary.com



വചനത്തിന് അവതീർണ്ണമായ ഒറെറ സ്വഭാവം' എന്ന വിശ്രുതമായ പദപ്രയോഗത്തെ ഉദ്ഗ്രാഹ്യപൂർവ്വം അവർ മുറുകെപിടിച്ചു. വി. അത്താനാസ്യോസി സിന്റെ കൃതിയിൽ നിന്നെടുത്ത ഈ പദം ശരിയായ അർത്ഥത്തിലാണ് അലക്സാണ്ഡ്റിയായിലെ വി. കൂറില്ലോസ് ഉപയോഗിച്ചിട്ടുള്ളത്, അതായതു വ്യക്തി എന്ന അർത്ഥത്തിലാണ് സ്വഭാവം എന്ന പദം പ്രയോഗിച്ചിട്ടുള്ളത്. എന്നാൽ കൽക്കദോനിയായിലെ പിതാക്കന്മാർ ഈ പദപ്രയോഗങ്ങളിൽനിന്നു സംശയാധീനമായതും തെററുണ്ടാക്കാൻ കാരണമാകുന്നതുമായതിനെ മുഴുവനായി നീക്കിക്കളഞ്ഞു."

12-ാം പീയൂസ് മാർപ്പാപ്പാ ഇവിടെ പറയുന്നതു ക്രിസ്തുവിൽ ഒരു വ്യക്തിത്വവും രണ്ടുസ്വഭാവങ്ങളുമുണ്ടെന്നുള്ള വിശ്വാസം സുവിശേഷങ്ങളിൽ നിന്നു രൂപവൽകൃതമായ ഒന്നാണെന്നും, എഫേസൂസ് സൂനഹദോസ് ഇതുതന്നെയാണു പഠിപ്പിക്കുന്നതെന്നും, കൽക്കദോനിയാ സൂനഹദോസിന്റെ തീരുമാനം ഇതിനോടു എത്രയും അനുയോജ്യമാണെന്നുമാണല്ലോ. വി. അത്താനാസ്യോസും വി. കൂറില്ലോസും ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു എന്നു പറയുന്നതു് അന്നത്തെ സാങ്കേതിക പദപ്രയോഗങ്ങളുടെ അവ്യക്തത നിമിത്തമാണെന്നും, സ്വഭാവം എന്നപദം വ്യക്തി എന്ന അർത്ഥത്തിൽ ഈ പിതാക്കന്മാർ ഉപയോഗിച്ചിരിക്കയാൽ ക്രിസ്തുവിൽ ഒരു സ്വഭാവം എന്നു അവർ പറയുന്നതു ക്രിസ്തുവിൽ ഏകവ്യക്തിത്വം എന്നാണു മനസ്സിലാക്കേണ്ടതെന്നും മാർപ്പാപ്പാ തുടന്നു പറയുന്നുണ്ടല്ലോ. കൽക്കദോനിയാ സൂനഹദോസിനെ എതിർക്കുന്ന ഏകസ്വഭാവവാദികൾ എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ നിരസി

കുന്നെങ്കിലും വി. അത്താനാസ്യോസ്, വി. ക്രൂറില്ലോസ് ആദിയായ പുരാതന പിതാന്മാരുടെ ചില പദപ്രയോഗങ്ങളെ തെററിദ്ധരിച്ചുകൊണ്ടു സ്വവിശേഷങ്ങളിലുള്ളതും എഫേസൂസ്, കൽക്കദോനിയാ എന്നീ സൂനഹദോസുകൾ തീരുമാനിച്ചിട്ടുള്ളതും എത്രയും പ്രസ്പഷ്ടവും, അനന്യോജ്യവും, പരിപൂർണ്ണവുമായ വിശ്വാസം— ക്രിസ്തുവിൽ ഏകവ്യക്തിത്വവും രണ്ടു സ്വഭാവങ്ങളുമുണ്ടെന്നുള്ള വിശ്വാസം— നിരസിച്ചു കളയുന്നതു എത്രയും പരിതാപകരമാണെന്നും മാർപ്പാപ്പാ പറയുന്നു. ശരിയായ അർത്ഥത്തിൽ വി. അത്താനാസ്യോസും വി. ക്രൂറില്ലോസും ഉപയോഗിച്ചിട്ടുള്ള പദങ്ങളെ ഏകസ്വഭാവവാദികളിൽ ചിലർ തെററിദ്ധരിച്ചിട്ടുള്ളതുകൊണ്ടു കൽക്കദോനിയായിലെ പിതാക്കന്മാർ ഈ പദപ്രയോഗങ്ങളെ സംബന്ധിച്ചു മേലിൽ ആർക്കും തെററിദ്ധാരണയുണ്ടാകരുതെന്നു വിചാരിച്ചു സംശയങ്ങൾക്കും തെററുകൾക്കും വഴിയുണ്ടാകാത്ത വിധത്തിൽ അവയെ ക്രമപ്പെടുത്തിയെന്നും മാർപ്പാപ്പാ പറയുന്നു. ഇങ്ങനെല്ലാം വ്യക്തമായി പറയുന്ന 12-ാം പീയൂസ് മാർപ്പാപ്പായെയാണ് റമ്പാച്ചൻ പിടികൂടി മുകളിൽ പ്രസ്താവിച്ചവിധം ഇപ്പോഴത്തെ ഈ മാർപ്പാപ്പാ ഏകസ്വഭാവവാദിയാണെന്നു ധൈര്യപൂർവ്വം പറഞ്ഞുകൊണ്ടു ഏകസ്വഭാവവിശ്വാസമാണു എഫേസൂസ് സൂനഹദോസും വി. അത്താനാസോസും, വി. ക്രൂറില്ലോസും പഠിപ്പിച്ചിരുന്നതെന്നും, കൽക്കദോനിയായിലെ പിതാക്കന്മാർ സത്യമായ ഈ പുരാതന വിശ്വാസത്തെ മുഴുവനായി നീക്കിക്കളഞ്ഞു ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നുള്ള തെററായ പുതിയ ഒരു വിശ്വാസം സൃഷ്ടിച്ചിരിക്കുന്നെന്നും ഇപ്പോഴത്തെ മാർപ്പാപ്പാ പ-

www.malankaralibrary.com



റയുന്നതായി വായനക്കാരെ ധരിപ്പിക്കുന്നതു്! ചില പദപ്രയോഗങ്ങളിൽ നിന്നു് (Expressions) തെററുണ്ടാകാൻ കാരണമാകുന്നതു് പിതാക്കന്മാർ നീക്കിയെന്നു മാർപ്പാപ്പാ പറയുമ്പോൾ പുരാതന വിശ്വാസത്തെ മുഴുവനായി മാററിയെന്നു മാർപ്പാപ്പാ പറയുന്നതായി റമ്പാച്ചൻ വ്യാഖ്യാനിക്കുന്നു! ഇത്തരത്തിൽ മുമ്പോട്ടു പോയാൽ ആനയെ ആടാക്കാനും റമ്പാച്ചനു സാധിക്കയില്ലേ? പണ്ഡിതനായ റമ്പാച്ചനു ഇംഗ്ലീഷ് ഭാഷ ശരിയായി അറിവില്ലാത്തതുകൊണ്ടോ ഇങ്ങനെ "എഴുതാപ്പുറം" വായിക്കുന്നതെന്നു വായനക്കാർ ശങ്കിക്കേണ്ടതില്ല. 12-ാം പീയൂസ് മാർപ്പാപ്പാ ഏകസ്വഭാവവാദിയാണെന്നു "വിശ്വാസത്യാഗിയിൽ" ധൈര്യപൂർവ്വം എഴുതിയതിനു വിശദമായ മറുപടി "ശകാരവർഷം" എന്ന ലഘുലേഖമൂലം ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ കൊടുത്തിട്ടുണ്ടു്. "നിത്യരാജൻ" എന്ന വിശ്വലേഖനത്തിൽ നിന്നു കോർഎപ്പിസ്കോപ്പാ ഉദ്ധരണികൾ നല്കി ഇപ്പോഴത്തെ മാർപ്പാപ്പാ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നാണു പഠിപ്പിക്കുന്നതെന്നും വിശദമാക്കി. ഇവയെല്ലാം വായിച്ചശേഷമാണു് റമ്പാച്ചൻ "കാതോലിക്കാസഭയും റോമാവാദങ്ങളും" എന്ന തൻെറ പുതിയ ഗ്രന്ഥത്തിൽ മുകളിൽ പ്രസ്താവിച്ചപ്രകാരം പതിനഞ്ചുപുറങ്ങൾ എഴുതി 12-ാം പീയൂസ് മാർപ്പാപ്പായെ വീണ്ടും ഏകസ്വഭാവവാദിയാക്കിയിരിക്കുന്നതു്! "പിന്നെയും ശങ്കരൻ തെങ്ങേൽ" എന്ന പഴമൊഴിയോർത്തു സമാശ്വസിക്കയല്ലാതെ എന്തുചെയ്യും? (മുകളിൽ പുറം 30-31 കാണുക)

www.malankaralibrary.com



## ചില ഗ്രീക്കുപദപ്രയോഗങ്ങൾ.

സാഹിത്യത്തിൽ എന്നതുപോലെ ദൈവശാസ്ത്രത്തിലും പല പദങ്ങൾക്കും പൊതുവായ ചില അത്ഥങ്ങൾ മാറി കാലാന്തരത്തിൽ ഖണ്ഡിതമായ അത്ഥങ്ങൾ വന്നിട്ടുണ്ടു്. ഉദാഹരണമായി "ആരാധന" എന്നു മലയാളത്തിൽ ഉപയോഗിക്കുന്ന പദം ക്രിസ്തീയ സാഹിത്യത്തിൽ ബഹുമാനിക്കുക, വണങ്ങുക എന്ന അത്ഥത്തിലും പണ്ടു ഉപയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ ആരാധന എന്നപദം ക്രിസ്തീയസാഹിത്യത്തിൽ ദൈവത്തെ സംബന്ധിച്ചു മാത്രമേ ഉപയോഗിക്കുന്നുള്ളു. "മറിയമേ! നിന്നെ ഞങ്ങൾ ആരാധിക്കുന്നു", "മഹാത്മാഗാന്ധി ആരാധ്യപുരുഷനാണു്" എന്നീ വാചകങ്ങളിലെ ആരാധന എന്ന പദം പണ്ടു ഉപയോഗിച്ചിരുന്നപ്പോൾ ബഹുമാനിക്കുക എന്നത്ഥമാണുണ്ടായിരുന്നതു്. ദൈവത്തെ മാത്രമേ ആരാധിക്കുവാൻ പാടുള്ളു, ദൈവം മാത്രമാണു ആരാധ്യൻ എന്നു ഇപ്പോഴത്തേകാലത്തു നാം പറയുന്നു. ഇങ്ങനെ ആരാധനയ്ക്കു ബഹുമാനം എന്ന അത്ഥം മാറി ദൈവത്തിനുമാത്രം നല്കുന്ന ബഹുമാനം എന്ന ഖണ്ഡിതമായ അത്ഥമുണ്ടായി. എങ്കിലും പഴയ മലയാള പ്രാത്ഥന പുസ്തകങ്ങളിലും മററും ബഹുമാനം എന്നഅത്ഥത്തിൽ ആരാധന എന്നുപയോഗിച്ചിരിക്കുന്ന പദങ്ങളെ മാററാതെ ഇപ്പോഴും നാം ചൊല്ലിയേക്കാം. അങ്ങനെ ചൊല്ലുമ്പോൾ സന്ദർഭമനുസരിച്ചുള്ള അത്ഥത്തിലാണു ഇപ്പോൾ നാം ഗ്രഹിക്കേണ്ടതു്. ഇതുപോലെ പുരാതന കാലത്തു സ്വഭാവം (Nature), വ്യക്തി അഥവാ ആൾ (Person) എന്നു ഇപ്പോൾ നാം ഉപയോഗിക്കുന്ന പദങ്ങൾക്കു പകരം ഗ്രീക്കു ഭാഷയിൽ "ഫിസിസ്"

www.malankaralibrary.com



"പ്രോസൊപ്പോൺ" എന്നീ പദങ്ങൾ യഥാക്രമം ഉപയോഗിച്ചുവന്നിരുന്നു. എന്നാൽ "ഫിസിസ്" എന്ന ഗ്രീക്കുപദം ആദ്യകാലത്തു സ്വഭാവം എന്ന അൎത്ഥത്തിൽ മാത്രമല്ല, വ്യക്തി (ആൾ) എന്ന അൎത്ഥത്തിലും വി. അത്താനാസ്യോസ്, വി. കുറില്ലോസ് ആദിയായ പിതാക്കന്മാർ ഉപയോഗിച്ചിട്ടുണ്ട്. സന്ദൎഭം നോക്കി അതിന്റെ ശരിയായ അൎത്ഥം പിൽക്കാലത്തു മററുള്ളവർ മനസ്സിലാക്കിയിരുന്നു. സന്ദൎഭം നോക്കി ആരാധന എന്ന പദത്തിന്റെ പഴയ അൎത്ഥം ബഹുമാനമെന്നു ഇപ്പോൾ നാം മനസ്സിലാക്കുന്നതുപോലെയായിരുന്നു ഇതും. ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു എന്നുള്ള അബദ്ധോപദേശം എവുത്തിക്കോസ് പഠിപ്പിച്ചതോടുകൂടി അദ്ദേഹത്തെ അനുകൂലിച്ചിരുന്ന ഏകസ്വഭാവവാദികൾ തങ്ങളുടെ അബദ്ധോപദേശത്തെ സാധൂകരിക്കുവാനായി വി. അത്താനാസ്യോസിന്റേയും വി. കുറില്ലോസിന്റേയും മററും കൃതികളിലുള്ള ഫിസിസ് എന്ന പദപ്രയോഗത്തെ സന്ദൎഭം നോക്കാതെ സ്വഭാവം എന്നയൎത്ഥത്തിൽ വ്യാഖ്യാനിക്കുവാൻ തുടങ്ങി. ഫിസിസ് എന്ന ഏകപദം സ്വഭാവം എന്ന അൎത്ഥത്തിലും വ്യക്തി എന്ന അൎത്ഥത്തിലും ഈ പിതാക്കന്മാർ ഉപയോഗിച്ചിട്ടുള്ളതുകൊണ്ടു സന്ദൎഭം നോക്കിയെങ്കിലേ ഈ പദങ്ങൾക്കു അവർ ഉദ്ദേശിച്ചിട്ടുള്ള അൎത്ഥം ശരിയായി ഗ്രഹിക്കുവാൻ സാധിക്കുമായിരുന്നുള്ളു. ഇക്കാരണത്താൽ കൽക്കദോനിയായിൽ സമ്മേളിച്ച പിതാക്കന്മാർ ഏകസ്വഭാവവാദികളുടെ ദുർവ്യാഖ്യാനങ്ങളെ നീക്കിക്കളയുന്നതിനും, ഭാവിയിൽ സാധാരണക്കാരും തെററിദ്ധാരണയില്ലാതെ കാൎയ്യങ്ങൾ ഗ്രഹിക്കുന്നതിനുംവേണ്ടി ഫിസീസ് എന്ന പദത്തിനു

www.malankaralibrary.com



സ്വഭാവം എന്നുള്ള അൎത്ഥവും "പ്രോസൊപ്പോൻ" എന്ന പദത്തിനു വ്യക്തി (ആൾ) എന്ന അൎത്ഥവും നിൎണ്ണയിച്ചു പദപ്രയോഗങ്ങളുടെ അൎത്ഥം, സുവ്യക്തവും ഖണ്ഡിതവുമാക്കി. ഈ പദപ്രയോഗങ്ങളനുസരിച്ചു ഏകദൈവത്തിൽ മൂന്നാളുകളും ഒരു സ്വഭാവവും, ക്രിസ്തുവിൽ ഒരാളും രണ്ടു സ്വഭാവങ്ങളും എന്നു പിതാക്കന്മാർ സ്പഷ്ടമായി പറഞ്ഞു. ആരാധന എന്ന പദത്തിനു പണ്ടുണ്ടായിരുന്ന ബഹുമാനം എന്ന അൎത്ഥം നീക്കിയിട്ടു ദൈവത്തെ സംബന്ധിച്ചു മാത്രമേ ആരാധന എന്ന പദം ഉപയോഗിക്കാവൂ എന്നു ക്രിസ്തീയ ദൈവശാസ്ത്രത്തിൽ ക്ലിപ്തപ്പെടുത്തിയതുപോലെ ഫിസിസ് എന്ന പദത്തിനു വ്യക്തി എന്നുകൂടിയുണ്ടായിരുന്ന അൎത്ഥം നീക്കിയിട്ടു സ്വഭാവം എന്ന ഖണ്ഡിതമായ അൎത്ഥം കൊടുക്കുക മാത്രമാണു കല്ക്കദോനിയായിലെ പിതാക്കന്മാർ ചെയ്തതു്. ഇതാണു 12-ാം പിയൂസ് മാൎപ്പാപ്പാ മുകളിൽ ഉദ്ധരിച്ച വിശ്വലേഖനത്തിൽ പറയുന്നതും. ഇതിനെയത്രേ സലാമ റമ്പാൻ കൽക്കദോനിയായിലെ പിതാക്കന്മാർ സത്യമായ പുരാതനവിശ്വാസത്തെ മുഴുവനായി മാററി പുതിയ വിശ്വാസം സൃഷ്ടിച്ചു എന്നു മാർപ്പാപ്പാ പറയുന്നതായി വ്യാഖ്യാനിക്കുന്നതു്. ചക്കെന്നു പറയുമ്പോൾ കൊക്കെന്നു ഗ്രഹിക്കുന്ന റമ്പാച്ചന്റെ ബുദ്ധിക്രമത്തെപ്പററി എന്തു പറയേണ്ടു?

## ചില സുറിയാനി പദപ്രയോഗങ്ങൾ.

സുറിയാനി ഭാഷയിൽ സ്വഭാവം എന്നതിനു "ക്യോനോ" എന്നും, വ്യക്തി എന്നതിനു "ക്നൂമോ" എന്നുമാണു പദം. സാരാംശം എന്ന അൎത്ഥത്തിൽ "ഉസിയാ" എന്ന ഗ്രീക്കു പദം പിൽക്കാലത്തു

www.malankaralibrary.com



സുറിയാനിയിൽ ഉപയോഗിക്കുവാൻ തുടങ്ങി. പൈൻസ്മിത്ത് ഡി. ഡി. എന്ന പ്രോട്ടസ്റ്റൻറ പണ്ഡിതൻ രചിച്ച സുറിയാനി ഇംഗ്ലീഷ് നിഘണ്ടുവിൽ ഈ പദങ്ങൾക്ക കൊടുത്തിരിക്കുന്ന അർത്ഥം ഇപ്രകാരമാണ്:—

"ക്യോനോ * =1) nature; Eccle. The Council of Chalcedon taught ഹദ് ക്നൂമോ വത്റേൻ ക്യോനേ = One person and two Natures in our Lord—...3) essence, substance. ഇസ്യോ and ക്യോനോ were used by early writers before the adoption of the Greek ഉസിയാ; ക്യോനോ ദ് മെശ്ഹോ = the nature or substance of oil; ശവ്യസ് ക്യോനോ=Consubstantial; ബർ ക്യോനോ=of the same nature or essence (1)

ക്നൂമോ=1) hypostasis, substance, actual existence...2) a person, individual. ക്നൂമോ ദശ്മായോ വക്നൂമോ ദാറാ=the substance or the true existence of heaven and earth. (2)

ഇസ്യോ 1) a being...2) entity, substance (3)

---

* ഈ ഉദ്ധരണിയിൽ മലയാള ലിപികളിൽ കാണുന്ന പദങ്ങൾ നിഘണ്ടുവിൽ സുറിയാനി ലിപികളിലാണ് എഴുതിയിരിക്കുന്നത്—ഗ്രന്ഥകർത്താ.

1) R. Payne Smith D. D., A Compendious Syriac Dictionary, p. 213.

2) Ibid. p. 509. 3) Ibid p. 15.

www.malankaralibrary.com



ഉസിയാ=essence, substance. ബർ ഉസിയാ and ശ്‌വെ ബുസിയാ=Consubstantial, of one or the same substance (4)

## പരിഭാഷ

ക്യോനോ=1) സ്വഭാവം; സഭാപരമായി പറയുമ്പോൾ കൽക്കദോനിയാ സൂനഹദോസ് നമ്മുടെ കർത്താവിൽ ഒരു വ്യക്തി (ക്നൂമോ) എന്നും, രണ്ടു സ്വഭാവങ്ങൾ (ക്യോനോ) എന്നും പഠിപ്പിച്ചു...3) സാരാംശം, പദാർത്ഥം. ഉസിയാ (സാരാംശം) എന്ന ഗ്രീക്കുപദം പ്രയോഗത്തിൽ വരുന്നതിനു മുമ്പു ഇസ്യോ എന്നും, ക്യോനോ എന്നും പുരാതന ഗ്രന്ഥകാരന്മാർ ഉപയോഗിച്ചിരുന്നു. ക്യോനോ ദ്മെശ്ഹോ= എണ്ണയുടെ സാരാംശം അഥവാ എണ്ണ എന്ന പദാർത്ഥം; ശവ്യസ് ക്യോനോ= സാരാംശത്തിൽ സമത്വമുള്ള; ബർ ക്യോനോ=ഒരേ സ്വഭാവം അഥവാ സാരാംശമുള്ള.

ക്നൂമോ=1) വ്യക്തി, പദാർത്ഥം, യഥാർത്ഥമായ അസ്തിത്വം 2) ആൾ, പ്രത്യേക വ്യക്തി. ക്നൂമോ ദശ്മായോ വക്നൂമോ ദഅ്ഓ=ആകാശവും ഭൂമിയുമെന്ന സാധനം അഥവാ അവയുടെ യഥാർത്ഥമായ അസ്തിത്വം.

ഇസ്യോ 1) അസ്തിത്വമുള്ളതു്...2) അസ്തിത്വം, പദാർത്ഥം.

ഉസിയാ=സാരാംശം, പദാർത്ഥം. ബർ ഉസിയാ, ശവേ ബുസിയാ=സാരാംശത്തിൽ സമത്വമുള്ള, ഒരേ പദാർത്ഥമുള്ള.

4) Ibid p. 7.

www.malankaralibrary.com



ഒരു പ്രോട്ടസ്റ്റൻറ പണ്ഡിതൻെറ ഈ സാക്ഷ്യത്തിൽ നിന്നു സുറിയാനിയിലെ ഈ പല പദങ്ങൾക്കും ചിലപ്പോൾ ഒരേ അത്ഥമുള്ളതായി തെളിയുന്നു.

ഉദാഹരണമായി "ക്യോനോ" എന്ന സുറിയാനി പദത്തെ സ്വഭാവമെന്നും (Nature), സാരാംശം (essence) എന്നുമുള്ള രണ്ടത്ഥത്തിൽ പുരാതന ഗ്രന്ഥകാരന്മാർ ഉപയോഗിച്ചു വന്നിരുന്നെന്നു മനസ്സിലാക്കാം...ഇതേ അത്ഥത്തിൽ ഇസ്യാ, ഉസിയാ എന്നീ പദങ്ങളും സുറിയാനിയിൽ ഉപയോഗിക്കുന്നു. തന്നിമിത്തം സന്ദർഭമനുസരിച്ചാണു ഈ പദങ്ങളുടെ ശരിയായ അത്ഥം പുരാതന ഗ്രന്ഥങ്ങളിൽ നിന്നും നാം ഗ്രഹിക്കേണ്ടതു്. ഇക്കാരണത്താൽ കൽക്കദോനിയാ സുന്നഹദോസിൻെറ തീരുമാനത്തെ ആസ്പദമാക്കി ആശയക്കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാനായി, കത്തോലിക്കർ വി. ത്രിത്വത്തെ സംബന്ധിച്ചും ക്രിസ്തുവിൻെറ സ്വഭാവങ്ങളെ സംബന്ധിച്ചും പറയുമ്പോൾ ഖണ്ഡിതാത്ഥമുള്ള സാങ്കേതിക പദങ്ങൾ ഉപയോഗിക്കുന്നു. ഏക ദൈവത്തിൽ ഒരു സ്വഭാവവും (Nature) മൂന്നു ആളുകളും (persons) എന്നും, ക്രിസ്തുവിൽ ഒരാളും രണ്ടു സ്വഭാവങ്ങളും എന്നും കത്തോലിക്കർ പറയുന്നു. വി. ത്രിത്വത്തെ സംബന്ധിച്ചു പറയുമ്പോൾ സ്വഭാവത്തിനു സാരാംശം എന്നർത്ഥംവരാം; എന്തുകൊണ്ടെന്നാൽ ത്രിത്വത്തിലെ മൂന്നാളുകൾക്കുംകൂടി ഒരു സാരാംശമാണുള്ളതു്. എന്നാൽ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു പറയുമ്പോൾ രണ്ടു സാരാംശങ്ങൾ ഉണ്ടെന്നല്ല അത്ഥം, പ്രത്യുത മനുഷ്യസ്വഭാവം, ദൈവസ്വഭാവം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നാണത്ഥം. ഇങ്ങനെ കൽക്കദോനിയാ സുന്നഹദോസ് ഖണ്ഡിതമായ

www.malankaralibrary.com



സാങ്കേതിക പദങ്ങൾ സ്വീകരിച്ചു ആശയങ്ങൾ വ്യക്തമാക്കിയതിനെയാണു പഴയ വിശ്വാസം മാററി പുതിയ വിശ്വാസം സൃഷ്ടിച്ചതായി പറഞ്ഞു റമ്പാച്ചൻ ബഹളമുണ്ടാക്കുന്നതു്. എന്തു ചെയ്യാം! നല്ല പാലുള്ള പശുവിൻെറ അകിട്ടിൽ ചെന്നാലും കൊതുക ചോരകുടിച്ചു പശുവിനെ ഉപദ്രവിക്കയല്ലാതെ പാൽ കുടിക്കയില്ല. കത്തോലിക്കാ സഭയിൽ ഒരു നന്മയും കാണാൻ റമ്പാച്ചനു കണ്ണില്ല.

## പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ.

വി. അത്താനാസ്യോസിൻെറ ജീവിതകാലം 295-373, വി. അപ്രേമിൻേറതു 306-373, വി. അമ്പ്രോസിൻേറതു 333-397, സ്വർണ്ണനാവുകാരൻ ഈവാനിയോസിൻേറതു (വി. ജോൺ ക്രിസോസ്തോം) 344-407, വി. ആഗസ്തിനോസിൻേറതു 350-430, വി. ക്കുറില്ലോസിൻെറ മരണത്തിൻേറതു 444 ആണു്. നെസ്തോറിയുസിൻെറ പാഷണ്ഡതയെ ശപിച്ചതു 431-ൽ സമ്മേളിച്ച എഫേസൂസ് സൂനഹദോസത്രേ. അന്നു ഈ പിതാക്കന്മാരിൽ ക്കുറില്ലോസു മാത്രമേ ഉണ്ടായിരുന്നുള്ളു. എവുതിക്കോസിൻെറ ഏക സ്വഭാവ വിശ്വാസം ശപിക്കപ്പെട്ടതു 451-ൽ സമ്മേളിച്ച കൽക്കദോനിയാ സൂനഹദോസിലാണു്. അന്നു ഈ പിതാക്കന്മാരിൽ വി. ക്കുറില്ലോസുപോലും ഉണ്ടായിരുന്നില്ല. വി. അത്താനാസ്യോസ്, വി. അപ്രേം. വി. ഈവാനിയോസ്. വി. ആഗസ്തിനോസ്, എന്നീ വിശുദ്ധന്മാർ 325-ൽ നിക്യാ സൂനഹദോസിൽ ശപിക്കപ്പെട്ട ആരിയോസിൻെറ പാഷണ്ഡതയ്ക്കെതിരായി ക്രിസ്തു സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനു

www.malankaralibrary.com


മാണെന്നത്രേ ശക്തിയുക്തം പഠിപ്പിച്ചിരുന്നതു്. വി. ക്റില്ലോസ് നെസ്തോറിയസിനെതിരായി ക്രിസ്തുവിൽ ഒരു വ്യക്തിത്വമേ ഉള്ളൂ എന്നു പഠിപ്പിച്ചു. വി. ക്റില്ലോസിൻെറ തന്നെയും മരണം കഴിഞ്ഞു 448-ൽ ആണു എവുത്തിക്കോസിൻെറ ഏകസ്വഭാവവാദമുണ്ടായതു്. മുകളിൽ പ്രസ്താവിച്ച വിധം വി. അത്താനാസ്യോസിൻെറ അഥവാ വി. ക്റില്ലോസിൻെറ ചില പദപ്രയോഗങ്ങളെ തെററിദ്ധരിച്ചതു നിമിത്തമാണു ഏകസ്വഭാവവാദം എന്ന ഈ പാഷണ്ഡതയുണ്ടായതും. പിന്നെ എങ്ങനെയാണു സലാമാറമ്പാൻ പറയുന്നതുപോലെ (പുറം 28—42) വി. അത്താനാസ്യോസ് ആദിയായ ഈ പിതാക്കന്മാരെല്ലാം ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളൂ എന്ന എവുത്തിക്കോസിൻെറ പാഷണ്ഡതയോ അതിനു അനുയോജ്യമായ ഏകസ്വഭാവവാദികളുടെ പാഷണ്ഡതയോ പഠിപ്പിക്കുന്നതു്? എവുത്തിക്കോസിനു മുമ്പു ജീവിച്ചിരുന്ന ഈ പിതാക്കന്മാർ ക്രിസ്തുവിൻെറ യഥാർത്ഥ ദൈവത്വവും യഥാർത്ഥ മനുഷ്യത്വവും സ്പഷ്ടമായി ഏററുപറഞ്ഞിരുന്നു. ഏകവ്യക്തിയാണു ക്രിസ്തുവിലുള്ളതെന്നു വി. ക്റില്ലോസും എഫേസൂസ് സൂനഹദോസും അനിഷേധ്യമായി സ്ഥാപിച്ചു. ഈ പിതാക്കന്മാരുടെ കൃതികളെ പരിശോധിച്ചാൽ എവുത്തിക്കോസിൻെറ പാഷണ്ഡതയ്ക്കെതിരായി കൽക്കദോനിയാ സൂനഹദോസ് 451-ൽ വിശദീകരിച്ച ആ പുരാതന വിശ്വാസം—ക്രിസ്തുവിൻെറ ഏക വ്യക്തിത്വത്തിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടുസ്വഭാവങ്ങൾ ഉണ്ടെന്നുള്ള വിശ്വാസം—പരോക്ഷമായും പ്രത്യക്ഷമായും ഏററുപറയുന്നതായി കാണാം.

www.malankaralibrary.com


സുറിയാനി പിതാക്കന്മാരിൽ അഗ്രഗണ്യനും "പരിശുദ്ധാത്മാവിന്റെ വീണ" എന്നപേരിൽ അറിയപ്പെടുന്നവനും സരസകവിയുമായ വി. അപ്രേം പറയുന്നു: "അവിടുത്തേക്കു താണതായ ഒരു സ്വഭാവം മാത്രമോ, ഉന്നതമായ ഒരു സ്വഭാവം മാത്രമോ അല്ല, പ്രത്യുത രണ്ടു സ്വഭാവങ്ങളുണ്ട്. ഒന്നു മറ്റൊന്നിൽ സമ്മിശ്രപ്പെട്ടിട്ടില്ല. ഒന്നു ഉന്നതവും മറ്റേതു വിനീതവും. ആ രണ്ടു സ്വഭാവങ്ങളും അവയുടെ ഗുണഗണങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു." (5)

സ്വർണ്ണനാവുകാരൻ വി. ഈവാനിയോസ് രേഖപ്പെടുത്തുന്നു: "ക്രിസ്തു ദൈവവും മനുഷ്യനുമാണ്...രണ്ടു സ്വഭാവങ്ങൾ സമ്മിശ്രപ്പെട്ടിട്ടില്ല...... ദൈവികസ്വഭാവം മാനുഷികസ്വഭാവത്തിൽ നിവേശിച്ചു രണ്ടുംകൂടി ഒരു പുത്രനെയും ഒരു വ്യക്തിയേയും ഉളവാക്കുന്നു" (6)

വി. കൂറില്ലോസ് നെസ്തോറിയസിനെതിരായി ക്രിസ്തുവിന്റെ ഏക വ്യക്തിത്വത്തെ ശക്തിയുക്തം സ്ഥാപിക്കുന്നുണ്ടെങ്കിലും ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഏകമായി എന്നു പറയുന്നില്ല. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ കേട്ടാലും: "ക്രിസ്തു മനുഷ്യത്വത്തിലും ദൈവമായിരുന്നുകൊണ്ടു മാനുഷിക സ്വഭാവത്തെ സ്വകീയനിയമങ്ങളെ ഉപയോഗിക്കുവാൻ അനുവദിച്ചു. അതോടുകൂടി ദൈവത്വത്തിന്റെ നിർമ്മലതയെയും പരിപാലിച്ചു" (7) "തിരുഅവതാരം ചെയ്യുകയും മനുഷ്യനായിത്തീരുക-

5) Sermo de Domino nostro 33, Lamy 1, 224.
6) Ep. ad Caes.; MG 52,758.
7) Homil. Paschal. 17, 2; MG 77,776.

ഷ്യം ചെയ്ത ദൈവത്തിന്റെ പുത്രൻ ഒന്നാകുന്നു എന്നു നാം പറയുന്നുണ്ടെങ്കിലും തൻമൂലം അവിടുന്നു സമ്മിശ്രപ്പെട്ടിട്ടില്ല......വചനത്തിന്റെ സ്വഭാവം ജഡത്തിന്റെ സ്വഭാവത്തിലേക്കോ, ജഡത്തിന്റെ സ്വഭാവം വചനത്തിന്റെ സ്വഭാവത്തിലേക്കോ രൂപാന്തരപ്പെട്ടില്ല" (8). എവുത്തിക്കോസിന്റെ ഏകസ്വഭാവവാദം വി. കൂറില്ലോസിന്റെ കാലത്തു ഇല്ലാതിരുന്നതുകൊണ്ടാണു വിശുദ്ധൻ ഇവിടെ രണ്ടെന്നോ, ഒന്നെന്നോ ഉള്ള സ്പഷ്ടമായ പദങ്ങൾ പ്രയോഗിക്കാതിരുന്നതെന്നു നാം അനുസ്മരിക്കേണ്ടതാണു്. ക്രിസ്തു ഒരു വ്യക്തിയാണെങ്കിലും തന്നിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും രൂപാന്തരപ്പെടാതെ രണ്ടു വിഭിന്ന സ്വഭാവങ്ങളായി നില്ക്കുന്നു എന്നുള്ള ആശയം—ഇരുസ്വഭാവവിശ്വാസം—എത്ര വ്യക്തമായി ഈ വാക്യങ്ങളിൽ കൂറില്ലോസ് പ്രകടിപ്പിക്കുന്നു. എന്നിട്ടും ഈ വി. കൂറില്ലോസിന്റെ ചില പദപ്രയോഗങ്ങളെ ദുർവ്യാഖ്യാനം ചെയ്തും തെററിദ്ധരിച്ചും ഏകസ്വഭാവവാദികൾ—അക്കൂട്ടത്തിൽ സലാമ റമ്പാനും—ഈ വിശുദ്ധനെ ഏകസ്വഭാവവാദിയാക്കുന്നു!

മുകളിൽ ഉദ്ധരിച്ച വാക്യങ്ങളിൽ വി. പിതാക്കന്മാർ ഉറപ്പിച്ചു പറയുന്നതു് ക്രിസ്തുവിൽ (1) ഏകവ്യക്തിത്വമേ ഉള്ളൂ (2) ദൈവികം മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങളുണ്ടു് (3) അവ സമ്മിശ്രപ്പെട്ടിട്ടില്ല, വേറൊന്നായിത്തീർന്നിട്ടുമില്ല എന്നാണല്ലോ. ഈ പിതാക്കന്മാരെയെല്ലാം യാക്കോബായക്കാർ വി. കുർബാനയിൽ അനുസ്മരിച്ചു അവരുടെ

8) Ep. ad Succens. 46, 2; MG 77,241.

www.malankaralibrary.com



മാദ്ധ്യസ്ഥം യാചിച്ചുവരുന്നു. ഇവരുടെ ഉപദേശം തന്നെയാണ് 451-ൽ കൽക്കദോനിയാ സൂനഹദോസും സ്പഷ്ടമായും ഔദ്യോഗികമായും പ്രഖ്യാപനം ചെയ്തതു്. യാഥാൎത്ഥ്യം ഇങ്ങനെ ഇരിക്കെ കൽക്കദോനിയാ പിതാക്കന്മാർ പുരാതന പിതാക്കന്മാരുടെ വിശ്വാസത്തെ മാററി പുതിയതു സ്വീകരിച്ചു എന്നു റമ്പാച്ചൻ പറയുന്നതിനു് എന്തു വിലയാണുള്ളതു്? രണ്ടിൽ ഒന്നുപോലും നശിക്കാതെയും സമ്മിശ്രപ്പെടാതെയും ഇരിക്കുന്ന രണ്ടു സ്വഭാവങ്ങൾ രണ്ടല്ല, ഒന്നാണെന്നു് ഈ ഇരുപതാംനൂററാണ്ടിൽ പോലും തെളിയിക്കുവാൻ സലാമ റമ്പാനു സാധിക്കയില്ലെങ്കിൽ പുരാതനകാലത്തു ഏകസ്വഭാവ വിശ്വാസം ശരിയാണെന്നും, അതുകൊണ്ടു ഇപ്പോഴും ശരിയായിരിക്കുമെന്നുമുള്ള റമ്പാച്ചൻെറ വാദം 8+4 പണ്ടു 13 ആയിരുന്നെന്നും, ഇപ്പോഴും അങ്ങനെയാണെന്നും പറയുന്നതുപോലെ അല്ലേ? (മുകളിൽ പുറം 145–148 കാണുക)

### 3. "ബേസ്പൂർക്കാനാ" *

സഭയുടെ വിശ്വാസത്തിൽ മരിച്ചിട്ടുള്ളവൎക്കുവേണ്ടി യാക്കോബായക്കാർ പ്രാർത്ഥിക്കുന്നു, വി. കുർബാന ചൊല്ലിക്കുന്നു, ധൂപംവയ്ക്കുന്നു (ഒപ്പീസു നടത്തുന്നു), നാല്പതു്, ശ്രാദ്ധം മുതലായ അടിയന്തിരങ്ങൾ നടത്തുന്നു. ഇവ മാത്രമേ കത്തോലിക്കരും മരിച്ചവൎക്കുവേണ്ടി ചെയ്യുന്നുള്ളു. യാക്കോബായക്കാർ ചെയ്യാത്തതൊന്നും കത്തോലിക്കർ മരിച്ചവൎക്കുവേണ്ടി ചെയ്യുന്നില്ല. എന്നിട്ടും സലാമ റമ്പാനും യാക്കോ

---

* ഈ വിഷയത്തെപ്പററി "എൻെറ തെരഞ്ഞെടുത്ത പ്രസംഗ"ത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു, പുറം 239–248

www.malankaralibrary.com



ബായക്കാരും കത്തോലിക്കരെ "ബേസ്പൂർക്കാനാ വിശ്വാസക്കാർ" എന്നു പറഞ്ഞു ആക്ഷേപിക്കുന്നു. അല്പം ചിന്തിച്ചാൽ യാക്കോബായക്കാർക്കും ഈ "ബേസ്പൂർക്കാനാ വിശ്വാസം" ഉണ്ടെന്നു മനസ്സിലാക്കാം.

മരിച്ചവരെ മൂന്നു ഗണത്തിൽ ഉൾപ്പെടുത്താം.

1) മഹാ വിശുദ്ധന്മാരായി മരിച്ചിട്ടുള്ളവർ. ഉദാഹരണം: കന്യകമറിയം, രക്തസാക്ഷികൾ, മറിയ മഗ്ദലേന, കർത്താവിന്റെ വലത്തുഭാഗത്തു തൂങ്ങി മരിച്ച കള്ളൻ. ഇവരുടെ ആത്മാക്കൾ മരിച്ച ഉടനേ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ അർഹതയുള്ള സ്ഥിതിയിലായിരുന്നതിനാൽ കത്തോലിക്കരോ, യാക്കോബായക്കാരോ ഈ വിശുദ്ധന്മാരുടെ പാപമോചനത്തിനോ, ആത്മശാന്തിക്കോ ആയി പ്രാർത്ഥിക്കയോ, വി. കർബാന ചൊല്ലിക്കയോ ചെയ്യുന്നില്ല. പ്രത്യുത അവരുടെ തിരുനാൾ ദിവസങ്ങളിൽ അവരുടെ ബഹുമാനാർത്ഥം ദൈവത്തിനു വി കർബാന അർപ്പിച്ച് അവരുടെ മാദ്ധ്യസ്ഥം യാചിക്കയാണു ചെയ്യുന്നത്. 2) കഠിന പാപങ്ങളെപ്പററി അനുതപിക്കാതെയും തന്നിമിത്തം ദൈവവരപ്രസാദമില്ലാതെയും മരിച്ചവർ. ഉദാഹരണം: യൂദാസ്, കർത്താവിന്റെ ഇടത്തു ഭാഗത്തു തൂങ്ങിമരിച്ച കള്ളൻ; കൊലപാതകം, വ്യഭിചാരം, ക്ഷുദ്രകർമ്മങ്ങൾ മുതലായവ ഏതെങ്കിലും ചെയ്തിട്ടു അനുതപിക്കാതെ മരിക്കുന്നവർ. ഇങ്ങനെ മരിക്കുന്നവർ നരകശിക്ഷയ്ക്കു അർഹരാകയാൽ അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടും വി. കർബാന ചൊല്ലിച്ചിട്ടും ഫലമില്ല. എത്ര പ്രാർത്ഥിച്ചാലും വി. കർബാന ചൊല്ലിച്ചാലും ഇങ്ങനെയുള്ളവർക്കു ഒരിക്കലും നിത്യരക്ഷ ലഭിക്കയില്ലെന്നു കത്തോലിക്ക-

www.malankaralibrary.com



രും യാക്കോബായക്കാരും വിശ്വസിക്കുന്നു. 3) ലോകത്തിലുള്ള ബഹുഭൂരിപക്ഷം ആളുകളും മരിക്കുന്നതു മേൽ പ്രസ്താവിച്ചപ്രകാരം വലിയ പുണ്യവാന്മാരായിട്ടോ കഠിന പാപികളായിട്ടോ അല്ല. നീതിമാന്മാരായി ജീവിച്ചെങ്കിലും ചെറിയ കുററങ്ങൾ ധാരാളം ചെയ്തു മരിക്കുന്നവരാണു അധികവും. നീതിമാൻ ദിവസം ഏഴുപ്രാവശ്യം പിഴയ്ക്കുമെന്നു വേദപുസ്തകത്തിൽ പറയുന്നുണ്ടല്ലോ. (1) കഠിന പാപങ്ങളെയല്ല, ചെറിയ പാപങ്ങളെയാണ് ഇവിടെ ഉദ്ദേശിക്കുന്നതു്. അനുതപിക്കുന്ന ഒരു മനുഷ്യൻ ചെയ്തിട്ടുള്ള കഠിന പാപങ്ങൾക്കും, ചെറിയ പാപങ്ങൾക്കും ഈ ലോകത്തിൽവെച്ചുതന്നെ ന്യായമായ ഉചിതമാനവും പരിഹാരം വരുത്തിയിട്ടാണു മരിക്കുന്നതെന്നു പറഞ്ഞുകൂടാ. ഉദാഹരണമായി കൊലപാതകം ചെയ്ത ഒരാൾ നന്നായിട്ടു അനുതപിച്ചു കുമ്പസാരിച്ചു; എന്നാൽ അവൻ വധിച്ച ആളിന്റെ കുടുംബാംഗങ്ങളെ സാരമായി സഹായിക്കണമെന്നു കുമ്പസാരത്തിൽ പട്ടക്കാരൻ പറഞ്ഞിരുന്നു. അവൻ അതു സമ്മതിച്ചു പല സഹായങ്ങളും അവർക്കു ചെയ്തു, എന്നാൽ ചെയ്യേണ്ടതെല്ലാം ചെയ്തില്ല. അവൻ മരിച്ചാൽ അവന്റെ ആത്മാവു എവിടെ പോകും? ഒരുത്തൻ വേറൊരുത്തന്റെ ആയിരം രൂപായ്ക്കു വിലവരുന്ന സാധനങ്ങൾ നഷ്ടപ്പെടുത്തി. പട്ടക്കാരൻ കുമ്പസാരത്തിൽ പറഞ്ഞതനുസരിച്ചു നഷ്ടമെല്ലാം പരിഹരിക്കാമെന്നു അവൻ സമ്മതിച്ചു. എന്നാൽ വാസ്തവത്തിൽ 975 രൂപായേ അവൻ കൊടുത്തുള്ളു. അല്പം ഞെരുങ്ങിയിരുന്നെങ്കിൽ 1000 രൂപായും കൊടുക്കുവാൻ അവനു സാധിക്കുമാ

1) സാദൃശ. 24, 16.

www.malankaralibrary.com



യിരുന്നു. 25 രൂപാ കൊടുക്കരുതെന്നു അവൻ വിചാരിച്ചുമില്ല. അവൻ പെട്ടെന്നു മരിച്ചാൽ എവിടെ പോകും? ഇതുപോലെ മരിക്കുന്നതിനുമുമ്പ് ഒരാം പല പ്രാവശ്യമായി അല്പം കോപിച്ചു, ചെറിയ കള്ളങ്ങൾ പറഞ്ഞു, ചില അഹങ്കാര ചിന്തകൾ അയാൾക്കുണ്ടായി; നല്ല ജീവിതം നയിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം. എന്നാൽ ഈ ചെറിയ കുററങ്ങൾക്കെല്ലാം പൂർണ്ണമായ പരിഹാരം ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചുമില്ല. അദ്ദേഹം പെട്ടെന്നു മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമോ, നരകത്തിൽ പോകുമോ? "മനുഷ്യർ പറയുന്ന സകല വ്യർത്ഥവചനങ്ങൾക്കും വിധിദിവസത്തിൽ അവൻ കണക്കു ബോധിപ്പിക്കേണ്ടിവരും" (2), "ഒടുവിലത്തെ കാശുകൂടെയും കൊടുത്തു വീട്ടുവോളം നീ അവിടെ നിന്നു പുറത്തു വരികയില്ല എന്നു സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു" (3) എന്നിങ്ങനെ കർത്താവു അരുളിച്ചെയ്തിരിക്കുന്നതിനാലും, "അശുദ്ധമായതും മ്ലേച്ഛതയും വ്യാജവും പ്രവർത്തിക്കുന്നവനുമായ ഒരുവനും അതിൽ (സ്വർഗ്ഗത്തിൽ) പ്രവേശിക്കയില്ല" (4) എന്നു വെളിപാടു ഗ്രന്ഥത്തിൽ പറയുന്നതിനാലും ഏതു ചെറിയ പാപത്തിനും പൂർണ്ണമായ പരിഹാരം ചെയ്തിട്ടുള്ളവക്കല്ലാതെ ആർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ മുകളിൽ പറഞ്ഞവിധം ചെറിയ കുററങ്ങൾ ചെയ്തിട്ടു പൂർണ്ണപരിഹാരം ചെയ്യാത്തവരെ ദൈവം നരകത്തിലേക്കു ശിക്ഷിക്കുന്നെങ്കിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു മഹാപുണ്യവാന്മാരായി ഈ ലോകത്തിൽ ജീവിച്ചിട്ടുള്ളവരും, ഒരു പാപവുംചെയ്യാതെ ചെറു

2) മത്താ. 12, 36. 3) മത്താ. 5, 26. 4) വെളി 21, 27.

www.malankaralibrary.com



പ്പത്തിൽതന്നെ മരിച്ചിട്ടുള്ള കൊച്ചു കുട്ടികളും മാത്രമായിരിക്കും. സാധാരണ നീതിമാന്മാരായി ഈലോകത്തിൽ ജീവിക്കുന്നവക്കുംകൂടെയും നിത്യരക്ഷ ലഭിക്കാൻ സാധ്യമല്ലെന്നുള്ള വിശ്വാസം എത്രയോ കഠിനവും പരിഭ്രമജനകവുമാണു്! ചെറിയ കുററം ചെയ്യുന്നവരെയും വലിയ കുററങ്ങൾ ചെയ്യുന്നവരെയും തൂക്കിക്കൊല്ലാൻ വിധിക്കുന്ന നാട്ടിൽ നീതിയാണോ നടക്കുന്നതു്? ചെറിയ കുററങ്ങൾക്കും വലിയ കുററങ്ങൾക്കും നരകശിക്ഷ നല്കിയാൽ ദൈവം നീതിമാനായിരിക്കുമോ? എന്നാൽ ഏററം ചെറിയ പാപങ്ങൾക്കും പൂർണ്ണമായ പരിഹാരമുണ്ടാകാതെ അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതു ദൈവത്തിന്റെ പരിശുദ്ധിയ്ക്കും, മുകളിൽ ഉദ്ധരിച്ച വേദവാക്യങ്ങൾക്കും അനുയോജ്യമോ?

കത്തോലിക്കരും യാക്കോബായക്കാരും മരിച്ചവക്കുവേണ്ടി അപേക്ഷിക്കുമ്പോൾ മഹാ പുണ്യവാന്മാരോ കഠിന പാപികളോ ആയിട്ടു മരിച്ചവക്കല്ല, മൂന്നാമതു പറഞ്ഞ ഗണത്തിൽ പെട്ടവക്കുവേണ്ടിയാണു പ്രാർത്ഥിക്കുന്നതു്, അതായതു ദൈവത്തിന്റെ പ്രസാദവരത്തിൽ നീതിമാന്മാരായി മരിച്ചെങ്കിലും ഈ ലോകത്തിൽവച്ചുതന്നെ തങ്ങളുടെ പാപങ്ങൾക്കെല്ലാം പരിപൂർണ്ണമായ പരിഹാരം ചെയ്യാൻ സാധിക്കാതെ മരിച്ചവക്കുവേണ്ടിയാണു് പ്രാർത്ഥിക്കുന്നതു്. അവസാന വിധിദിവസം വരെയേ ഈ വ്യവസ്ഥിതി ഉണ്ടായിരിക്കയുള്ളു. യാക്കോബായക്കാർ മരിച്ചവക്കുവേണ്ടി പ്രാർത്ഥിക്കുന്നതുകൊണ്ടു തന്നെ സ്വർഗ്ഗവും നരകവുമല്ലാത്ത ഒരു സ്ഥിതിയിലാണു മരിച്ച ചിലരുടെ ആത്മാക്കൾ ഇരിക്കുന്നതെന്നുള്ള വിശ്വാസം സ്പഷ്ടമായി ഏററ പ

www.malankaralibrary.com



റയുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിൽ പോകത്തക്ക സ്ഥിതി ആത്മാവിനുണ്ടെങ്കിൽ അതിനുവേണ്ടി പ്രാർത്ഥിക്കേണ്ട ആവശ്യമില്ല; നരകത്തിൽ പോകത്തക്ക സ്ഥിതിയാണു ആത്മാവിനുള്ളതെങ്കിൽ പ്രാർത്ഥിച്ചിട്ടു പ്രയോജനവുമില്ല. ആകയാൽ യാക്കോബായക്കാർ മരിച്ച ഒരാളുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ആ ആത്മാവു സ്വർഗ്ഗത്തിലും നരകത്തിലുമല്ലാത്ത ഒരു സ്ഥിതിയിലാണെന്നത്രേ വിശ്വസിക്കുന്നതു്. ഇക്കാരണത്താൽ യാക്കോബായക്കാർ സ്വർഗ്ഗത്തിലും നരകത്തിലും മാത്രമല്ല മരിച്ച ചിലരുടെ ആത്മാക്കൾക്കു ഇടയ്ക്കൊരു സ്ഥിതിയുണ്ടെന്നും വിശ്വസിക്കുന്നുണ്ടു്. ഈ സ്ഥിതിയെയാണു കത്തോലിക്കർ "ബേസ്പൂർക്കാനാ" അഥവാ ശുദ്ധീകരസ്ഥലം (Purgatory) എന്നു് പറയുന്നതു്. "ബേസ്പൂർക്കാനാ" എന്നതു് ഒരു സുറിയാനി പദമാണു്. രക്ഷയുടെ ഭവനം അഥവാ സ്ഥലം എന്നാണു് ഇതിന്റെ അർത്ഥം. ഈ പദം യാക്കോബായക്കാർക്കു് ഇല്ലെങ്കിലും ഇതിൽ അടങ്ങിയിരിക്കുന്ന ആശയം മുഴുവനായി യാക്കോബായക്കാർക്കുണ്ടു്. ആകയാൽ യാക്കോബായക്കാരും "ബേസ്പൂർക്കാനാ" വിശ്വാസക്കാരാണു്.

യാക്കോബായ സഭയിൽ നടപ്പിലിരിക്കുന്ന പല പ്രാർത്ഥനകളും പരിശോധിച്ചാൽ മരിച്ച ചിലരുടെ ആത്മാക്കൾ സ്വർഗ്ഗത്തിലും നരകത്തിലുമല്ലാത്ത സ്ഥിതിയിൽ ഇരിക്കുന്നുണ്ടെന്നുള്ള വിശ്വാസം സ്പഷ്ടമായി ഏററുപറയുന്നതായി ബോദ്ധ്യമാകും. വി. കർബ്ബാനയിൽ മരിച്ചവർക്കുവേണ്ടി പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥനയ്ക്കു മറുപടിയായി ജനം ചൊല്ലുന്നു:— "ദൈവമേ! സത്യവിശ്വാസത്തോടുകൂടി ഞ

www.malankaralibrary.com



ങ്ങളിൽനിന്നു വാങ്ങിപ്പോയിട്ടുള്ള സകല മരിച്ചവരെയും ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമേ. മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവുകൂടാതെയും ഞങ്ങളും അവരും തിരുമുമ്പാകെ ചെയ്തുപോയിട്ടുള്ള പിഴകളെ ക്ഷമിക്കണമെ." (കുർബാനക്രമം കാണുക.) ആശ്വാസമില്ലാത്തവരെയാണു് ആശ്വസിപ്പിക്കേണ്ടതു്, മാലിന്യമുള്ളവരെയാണു പുണ്യപ്പെടുത്തേണ്ടതു്, പിഴകൾ ഉള്ളവരുടെയാണു പിഴകൾ ക്ഷമിക്കേണ്ടതു്. സ്വർഗ്ഗത്തിലുള്ളവർക്കു ആശ്വാസമില്ലാത്ത സ്ഥിതിയല്ല, അവർക്കു മാലിന്യമില്ല, പിഴകളുമില്ല. നരകത്തിലുള്ളവർക്കുവേണ്ടി എത്ര പ്രാർത്ഥിച്ചാലും ദൈവം അവരെ ആശ്വസിപ്പിക്കയോ, അവരുടെ പിഴകളെ എന്നെങ്കിലും ക്ഷമിക്കയോ ചെയ്കയില്ല. ആകയാൽ യാക്കോബായക്കാർ ഇവിടെ പ്രാർത്ഥിക്കുന്നതു സ്വർഗ്ഗത്തിലോ നരകത്തിലോ സ്ഥിതിചെയ്യുന്ന മരിച്ചവർക്കുവേണ്ടിയല്ല, പ്രത്യുത സ്വർഗ്ഗത്തിലും നരകത്തിലും പ്രവേശിക്കാതെ ഇടസ്ഥിതിയിൽ— അതായതു, ആശ്വാസമില്ലാതെ മാലിന്യത്തോടും ചെറിയ പിഴകളോടുംകൂടി— ഇരിക്കുന്ന ആത്മാക്കൾക്കുവേണ്ടിയാണു്. ഇതു തന്നെയാണു കത്തോലിക്കരുടെ ശുദ്ധീകരസ്ഥലമെന്ന വാക്കിൽ അടങ്ങിയിരിക്കുന്ന ആശയവും.

യാക്കോബായ സഭയിൽ സാധാരണ ജനങ്ങളുടെ ശവസംസ്കാരത്തിനു് ചൊല്ലിവരുന്ന പ്രാർത്ഥനകളിൽ പറയുന്നു:—"കരുണയുള്ള ദൈവമേ! നിന്റെ കർത്തൃ കല്പനയാൽ ഇവിടെ നിന്നു വാങ്ങിപ്പോയിരിക്കുന്ന ഈ ആത്മാവിനുവേണ്ടി നിന്നിൽ ഞങ്ങൾ സങ്കേതപ്പെട്ടുകൊണ്ടു് അപേക്ഷിക്കുന്നു. കർത്താവേ! അശുദ്ധന്മാരും കൃ

www.malankaralibrary.com



ഘോരമായ പിശാചുക്കളുടെ അപഹാരത്തിൽ നിന്നും വായുമണ്ഡലവാസികളായ അദൃശ്യശത്രുക്കളുടെ സംഘത്തിൽനിന്നും അതിനെ രക്ഷിച്ചു വീണ്ടുകൊള്ളണമെ... കർത്താവേ! നിൻെറ തിരുനാമത്തെ ഭയപ്പെടുന്നവരുടെ വാഴ്ത്തപ്പെട്ട വാസസ്ഥലങ്ങളിലേക്കു ഇവൻ ചെന്നുചേരുന്നതുവരെയും ഈ നിൻെറ ദാസനു നീ കോട്ടയും അനുയാത്രക്കാരനും, കാവൽക്കാരനും, സഹായിയും ആയിരിക്കണമേ..... ഈ ആത്മാവിനോടുകൂടി യാത്രചെയ്തു അവിടെയുള്ള ഭയങ്കരകടവുകളിൽ അതിനു നേരിടുന്നതായ പ്രതികൂല എതിർപ്പുകളിൽ നിന്നു അതിനെ വീണ്ടുകൊള്ളുന്നവരായ സമാധാനദൂതന്മാർമൂലം ഇതിനെ നീ കൈക്കൊള്ളണമെ"(5). മരിച്ചു ആളുടെ ശവശരീരം കുഴിയിൽ ഇറക്കിയശേഷം അതിന്മേൽ എണ്ണ ഒഴിച്ചുകൊണ്ടു പട്ടക്കാരൻ ചൊല്ലുന്നു:—"ദൈവമായ കർത്താവേ! ഇവൻെറ സഹായത്തിനായി നിൻെറ പക്കൽനിന്നു മാലാഖമാരായ സേനകളെ അയച്ചുകൊടുക്കണമെ. ഇവൻെറ ശവത്തിന്മേൽ ഒഴിക്കപ്പെടുന്ന എണ്ണമൂലം വായുമണ്ഡലത്തിൽ പതിയിരുന്ന മനുഷ്യരുടെ ആത്മാക്കളെ ആക്രമിക്കുന്ന വിപരീതസൈന്യങ്ങളാലും ശത്രുക്കളുടെ പാളയത്താലും ഇവൻ പിടിക്കപ്പെടാതെ തെററി ഒഴിയുന്നതിനു ഇവനു കൃപ നൽകണമെ. പ്രകാശമുള്ള വാസസ്ഥലങ്ങളിലേക്കും പരിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിനും ഇവനെ കൊണ്ടുചെന്നു അടുപ്പിക്കണമെ" (6). ഈ സാക്ഷ്യങ്ങളിൽ നിന്നു തെളിയുന്നതു ശരീരത്തിൽനിന്നും വേർപെട്ട ആത്മാവു നരകത്തിൽ നിപതിച്ചി

---

5) കൂദാശക്രമങ്ങളും അനീദായും, തിരുവല്ലാ, (1935) പുറം 76, 96, 123. 6) ടി പുറം 109.

www.malankaralibrary.com



ട്ടില്ല, പ്രകാശമുള്ള വാസസ്ഥലമായ സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടുമില്ല; ആത്മാവു് ഒരു യാത്രചെയ്യുകയാണു്, അതിനെ പിടിച്ചുപിടിക്കുവാൻ വായുമണ്ഡലത്തിൽ ദുഷ്ടപിശാചുക്കൾ വലവുംകൊണ്ടു പതിയിരിക്കുന്നു; ഈ ആത്മാവു് സ്വർഗ്ഗത്തിൽ ചെന്നുചേരുന്നതിനു മുമ്പു പല ഭയങ്കര കടവുകൾ കടക്കുവാനുണ്ടു്; ആകയാൽ ദൈവവും മാലാഖമാരും ഈ ആത്മാവിനു കാവൽ നില്ക്കണം; ശവശരീരത്തിൽ ഒഴിക്കുന്ന എണ്ണമൂലം ആത്മാവിനും ഒരു "വിഴവിഴപ്പ്" ഉണ്ടായി പിശാചുക്കളുടെ പിടിയിൽനിന്നും അതു തെററി ഒഴിയണം എന്നാണല്ലോ. മരിച്ചവർ ഒന്നുകിൽ നരകത്തിൽ, അല്ലെങ്കിൽ സ്വർഗ്ഗത്തിലാണു പോകുന്നതെന്നും, സ്വർഗ്ഗത്തിനും നരകത്തിനും ഇടയ്ക്കു ഒരു സ്ഥിതിയിൽ ആരുടെയും ആത്മാക്കൾ ഇരിക്കയില്ലെന്നും വാദിക്കുന്ന യാക്കോബായക്കാർ ഈ ഇടസ്ഥിതിയെപ്പററി—വഴിയാത്ര, പിശാചുക്കളുടെ വലവീശൽ, കടത്തു്, വിഴവിഴപ്പ് എന്നിവയെപ്പററി— എന്തു പറയും? കത്തോലിക്കർ സ്വർഗ്ഗത്തിനും നരകത്തിനും ഇടയ്ക്കു ഒരു സ്ഥിതി—ആത്മാക്കൾക്കു ശുദ്ധീകരണം പ്രാപിച്ചു സ്വർഗ്ഗത്തിൽ പ്രവേശിക്കാവുന്ന ഒരു സ്ഥിതി—ഉണ്ടെന്നല്ലാതെ വഴിയാത്രയുടെയോ കടത്തിന്റെയോ വിഴവിഴപ്പിന്റെയോ കാര്യമൊന്നും പറയുന്നില്ല. ഇങ്ങനെ കത്തോലിക്കരെക്കാൾ സ്പഷ്ടമായ തരത്തിൽ ഇടസ്ഥിതിയെ വർണ്ണിക്കുന്ന യാക്കോബായക്കാരാണു കത്തോലിക്കരുടെ ശുദ്ധീകരസ്ഥലത്തെ കുററം പറയുന്നതു്! മൂക്കില്ലാത്തവൻ മുറിമൂക്കനെ കുററം പറഞ്ഞാൽ എന്തുചെയ്യും? മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു നിരർത്ഥകവും മൂഢവിശ്വാസവുമാണെന്നു പറഞ്ഞു കത്തോലിക്കരെ ആ

www.malankaralibrary.com



ക്ഷേപിക്കുന്ന പ്രോട്ടസ്റ്റൻറുകാരുടെ വാദങ്ങളെ എടു ത്തു കത്തോലിക്കാസഭക്കെതിരായി പ്രയോഗിക്കുന്ന സലാമറമ്പാനും കൂട്ടരും തങ്ങളുടെ സഭയുടെ വിശ്വാസത്തെ ശരിയായി പഠിച്ചിട്ടു കത്തോലിക്കാസഭയുടെ വിശ്വാസത്തെ വിമർശിച്ചിരുന്നെങ്കിൽ "താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴുക" എന്നുള്ള ഈ അപകടത്തിൽ ചാടുകയില്ലായിരുന്നു.

## 4. ദൈവമാതാവിൻെറ അമലോത്ഭവം.

ആദിമമാതാപിതാക്കന്മാരുടെ പാപഫലമായി മനുഷ്യരെല്ലാം ജന്മപാപത്തോടുകൂടിയാണു മാതൃഗർഭത്തിൽ ഉത്ഭവിക്കുന്നതെങ്കിലും ദൈവമാതാവായി തെരഞ്ഞെടുക്കപ്പെട്ട കന്യകമറിയത്തെ തൻെറ പ്രത്യേകകാരുണ്യത്താലും ക്രിസ്തുവിൻെറ യോഗ്യതകളെ ഉദ്ദർശിച്ചും ജന്മപാപത്തിൻെറ സകല മാലിന്യത്തിൽനിന്നും ദൈവം പരിരക്ഷിച്ചു എന്നു കത്തോലിക്കാസഭ വിശ്വസിക്കുന്നു.

ചില അകത്തോലിക്കർ ധരിച്ചിരിക്കുന്നതുപോലെ ജന്മപാപമെന്നു പറയുന്നതു മാതാപിതാക്കന്മാരുടെ വിവാഹജീവിതത്തിൽ നിന്നുള്ള പ്രവൃത്തിമൂലം ഉണ്ടാകുന്ന പാപമല്ല. ആദിമ മാതാപിതാക്കന്മാരുടെ കല്പനലംഘനംമൂലം മനുഷ്യവർഗ്ഗത്തിനു പൊതുവായി സിദ്ധിച്ച പാപം അഥവാ ദൈവശാപമാണു ജന്മപാപം. വിവാഹജീവിതം പാപകരമല്ല. അതിൽ നിന്നു മനുഷ്യാത്മാവിനു പാപം ഉണ്ടാകയുമില്ല. മാതൃഗർഭത്തിൽ ശരീരവും ആത്മാവുംകൂടി സംയോജിക്കുന്ന നിമിഷത്തിൽ ഒരു മനുഷ്യൻ ഉദ്ഭൂതനാകുന്നു. ആ നിമിഷത്തിൽ തന്നെ ആത്മാവിൽ

www.malankaralibrary.com



ന്ന ജന്മപാപം സിദ്ധിക്കുന്നു. ജന്മപാപമെന്നു പറയുന്നതു പ്രധാനമായി ആത്മാവിൽ ദൈവത്തിന്റെ പ്രസാദവരം (Sanctifying grace) ഇല്ലാത്ത സ്ഥിതിയാണ്. ഒരാൾ മാമ്മോദീസാ സ്വീകരിക്കുമ്പോൾ ആത്മാവിൽ നിന്നു ഈ ജന്മപാപം നീങ്ങി ദൈവത്തിന്റെ പ്രസാദവരം ലഭിക്കുന്നു. കന്യകമറിയത്തിന്റെ ശരീരത്തോടുകൂടി ആത്മാവു സംയോജിച്ചപ്പോൾ ആ ആത്മാവിനു പ്രസാദവരമില്ലാത്ത സ്ഥിതി ഒരിക്കലും വരാതെ പ്രസാദവരത്തിൽതന്നെ അതു ഇരുന്നു എന്നും, ആകയാൽ മാതാവിന്റെ ആത്മാവിനെ മാമ്മോദീസാമൂലമോ, മറെറന്തെങ്കിലും മാർഗ്ഗത്താലോ ശുദ്ധീകരിക്കേണ്ടിവന്നില്ല എന്നുമാണു ദൈവമാതാവ് അമലോത്ഭവയാണെന്നു പറഞ്ഞാൽ അത്ഥം. (അമലോത്ഭവം=അമല+ഉത്ഭവം=മാലിന്യമില്ലാത്ത ഉത്ഭവം). രണ്ടു കുട്ടികൾ കളിച്ചുകൊണ്ടിരിക്കെ അവരുടെ അമ്മ ഒരു കുട്ടി ചെളിയിലും ഇറങ്ങിക്കൊള്ളട്ടെ, പിന്നീടു കുളിപ്പിച്ചു അതിനെ വെടിപ്പാക്കാമല്ലോ, എന്നു വിചാരിച്ചു ചെളിയിൽ ഇറങ്ങുവാൻ അതിനെ അനുവദിക്കയും, എന്നാൽ മറേറ കുട്ടിയെ ചെളിയിൽ വീഴാതെ അമ്മ സംരക്ഷിക്കയും ചെയ്തു എന്നു വിചാരിക്കുക. ഇതുപോലെയാണു മററു മനുഷ്യരെ അപേക്ഷിച്ചു ദൈവമാതാവായി തെരഞ്ഞെടുക്കപ്പെട്ട കന്യകമറിയാമിനോടു ദൈവം കാണിച്ച പ്രത്യേകത. മററുമനുഷ്യർ ജന്മപാപത്തിൽ നിപതിക്കട്ടെ, മാമ്മോദീസാമൂലം അവരുടെ ആത്മാക്കളെ ശുദ്ധീകരിക്കാമല്ലോ, എന്നാൽ ദൈവമാതാവായ കന്യകമറിയത്തിന്റെ ആത്മാവു മാമ്മോദീസായുടെ ആവശ്യമില്ലാത്തവിധം ജന്മപാപത്തിൽ നിപതിക്കാതെ പ്രസാദവരത്താൽ സദാ-

www.malankaralibrary.com



വിഭൂഷിതമായിരിക്കട്ടെ എന്നു ദൈവം നിശ്ചയിച്ചു. ഇതാണു മാതാവിനു നല്കിയ അമലോത്ഭവമെന്ന നൽവരം.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു ദൈവമാതാവു അമലോത്ഭവയാണെന്നു കത്തോലിക്കരുടെ പഠിപ്പിക്കുന്നതിന്റെ അർത്ഥം, മാതൃഗർഭത്തിൽ മാതാവിന്റെ ഉത്ഭവം കർത്താവിന്റെ ഉത്ഭവം എന്നതുപോലെ തന്നെ പുരുഷസംസർഗ്ഗം കൂടാതെ പ്രകൃത്യതീതമാണെന്നു ചില അകത്തോലിക്കർ പറയുന്നതു ശരിയല്ലെന്നു വ്യക്തമാണല്ലോ. കന്യകമറിയം ജനിച്ചതു സാധാരണ മനുഷ്യർ ജനിക്കുന്നതുപോലെ മാതാപിതാക്കന്മാരിൽ നിന്നാണ്. സാധാരണ മനുഷ്യരുടെ ആത്മാവു മാതൃഗർഭത്തിൽവെച്ചു ശരീരത്തോടു യോജിക്കുന്ന ക്ഷണത്തിൽ അതിനു ജന്മപാപമുണ്ടായി ദൈവത്തിന്റെ പ്രസാദവരം ഇല്ലാതാകും. മാതാവിന്റെ ആത്മാവു സ്വശരീരത്തോടു യോജിച്ചപ്പോൾ അതിനു ജന്മപാപമുണ്ടാകാതെ പ്രസാദവരസ്ഥിതിയിലിരുന്നു. ഇതു മാത്രമാണു സാധാരണമനുഷ്യരുടെയും മാതാവിന്റെയും ഉത്ഭവത്തിലുള്ള വ്യത്യാസം.

ദൈവമാതാവിൽ പാപമില്ലാതിരുന്നതുകൊണ്ടു കർത്താവിന്റെ യോഗ്യതകളിൽ മാതാവിനു പങ്കില്ലായിരുന്നെന്നു വരുമെന്നു ചില അകത്തോലിക്കരെപ്പോലെ സലാമ റമ്പാനും പറയുന്നു (പുറം 44). ക്രിസ്തു മാത്രമാണു മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷകൻ പഴയ നിയമത്തിലുണ്ടായിരുന്ന അബ്രഹാം, ഇസഹാക്ക് ആദിയായവരെല്ലാം നീതീകരിക്കപ്പെട്ടു സ്വർഗ്ഗഭാഗ്യത്തിനു അവകാശികളായതു വരാനിരുന്ന ക്രിസ്തുവിലുള്ള വിശ്വാസവും അവിടത്തെ യോഗ്യതകളും വഴിയായിട്ടാണ്. ഇതു

www.malankaralibrary.com



പോലെ കന്യകമറിയത്തെ ദൈവമാതാവായി തെര ഞ്ഞെടുത്ത ദൈവം തൻെറ പുത്രൻെറ യോഗ്യ തകളെ മുമ്പുകൂട്ടി കണ്ടുകൊണ്ടാണ മാതാവിനെ ജ ന്മപാപത്തിൽ നിന്നു് ഒഴിവാക്കിയതു്. തന്നിമി ത്തം മററെല്ലാവരെക്കാൾ ദൈവത്തിൻെറ കാരുണ്യ വും കത്താവിൻെറ യോഗ്യതകളുടെ ഫലവും പ്രാപി ച്ചവളാണ കന്യകമറിയാം. ഇക്കാരണത്താലത്രേ "സവ്വശക്തൻ എന്നിൽ വലിയകാര്യങ്ങൾ പ്രവത്തി ച്ചിരിക്കുന്നു" (1) എന്നുപറഞ്ഞു മാതാവു ദൈവത്തെ സ്തുതിച്ചതു്. ഇങ്ങനെ ക്രിസ്തു മറിയത്തിൻെറയും രക്ഷകനാണു്; ക്രിസ്തുവിൻെറ യോഗ്യതകൾ വഴി യായിട്ടാണ അവൾക്കും നൽവരങ്ങളെല്ലാം കിട്ടി യതു്.

പാപത്തിൻെറ ശിക്ഷയായിട്ടു മനുഷ്യക്കു മരണ മുണ്ടായി. കന്യകമറിയാം മരിച്ചതുകൊണ്ടു അവൾ ക്കും ജന്മപാപമുണ്ടായിരുന്നു എന്നിങ്ങനെ റമ്പാച്ചൻ അനുമാനിക്കുന്നു (പുറം 44). ഈ അനുമാനം ശരിയ ല്ല. പൊതുവായി നിശ്ചയിച്ച ശിക്ഷ ചിലരെ സംബ ന്ധിച്ചു മാററുന്നതിനു ദൈവത്തിനു അധികാരവും ശക്തിയുമില്ലേ? പാപഫലമായി മനുഷ്യരെല്ലാം മ രിക്കണമെന്നു ദൈവം നിശ്ചയിച്ചു. എന്നാൽ ഹാ നോക്കു മരിക്കാതെ സ്വഗ്ഗത്തിലേക്കു എടുക്കപ്പെട്ടതാ യി വിശ്വസിക്കപ്പെടുന്നു (ഉല്പത്തി, 5, 24). ഏലി യാ ദീർഘദർശി മരിക്കാതെ അഗ്നിരഥത്തിൽ സ്വഗ്ഗ ത്തിലേക്കു എടുക്കപ്പെട്ടു (2 (4) രാജാ. 2, 11). വി ധിദിവസത്തിൽ ജീവിച്ചിരിക്കുന്നവർ മരിക്കാതെ രൂപാന്തരം പ്രാപിക്കുമെന്നു വി പൗലോസ് പറയു ന്നു (1 തെസ്സ. 4, 15–17; 1 കൊറി. 15, 51). പാ

---

(1) ലൂക്കോ 1, 49.

www.malankaralibrary.com



പത്തിന്റെ ശിക്ഷയായി ദൈവം നല്കിയ മരണത്തെ സംബന്ധിച്ച ഇത്രയധികം അപവാദങ്ങൾ (Exceptions) ഉണ്ടാകാമെങ്കിൽ മററു മനുഷ്യരിൽനിന്നു വ്യത്യസ്തമായി പാപത്താൽ കന്യകമറിയത്തിന്റെ ആത്മാവു മലിനപ്പെടാതിരിക്കട്ടെ എന്നു ദൈവത്തിനു നിശ്ചയിക്കുവാൻ അധികാരവും ശക്തിയുമില്ലേ?

ക്രിസ്തു യഥാർത്ഥ മനുഷ്യനായിരുന്നല്ലോ. ക്രിസ്തു മരിക്കയും ചെയ്തു. ഇക്കാരണത്താൽ ക്രിസ്തുവിനു ജന്മപാപമുണ്ടെന്നു ആരും വിശ്വസിക്കുന്നില്ല. യഥാർത്ഥ മനുഷ്യനാകാനും മരിക്കാനും ജന്മപാപം ഉണ്ടായേ തീരൂ എന്നില്ല. ദൈവത്തിന്റെ മാതാവായി തെരഞ്ഞെടുക്കപ്പെട്ട മറിയവും മനുഷ്യനായതുകൊണ്ടും, മരിച്ചതുകൊണ്ടും ജന്മപാപമുണ്ടായിരിക്കണമെന്നു നിർബന്ധമില്ല. ദൈവം തിരുമനസ്സായാൽ പാപമില്ലാത്ത സ്ഥിതി മറിയത്തിനു ലഭിക്കുക അസാദ്ധ്യമല്ല. "ബ്രഹ്മാവിനാണോ ആയുസ്സിനു പഞ്ഞം" എന്നുണ്ടല്ലോ.

"അമലോത്ഭവവാദികൾ പറയുന്നതു വി. മറിയാമിനു ജന്മപാപമില്ലെന്നല്ല, പിന്നെയോ ഉണ്ടെങ്കിലും മാതാവിന്റെ ഉദരത്തിൽ ഉരുവാകുംമുമ്പേ അവളുടെ ജന്മപാപം മോചിക്കപ്പെട്ടു എന്നാണ്. കഴമ്പില്ലാത്ത ഒരു വിശ്വാസമല്ലേ ഇതു്? ഒരുവൻ ജനിക്കാതെ എങ്ങനെ അവനു പാപം ഉണ്ടാകും? അഥവാ ഒ അവന്റെ പാപം അതുണ്ടാകുന്നതിനു മുമ്പേ എങ്ങനെ മോചിക്കപ്പെടും?" എന്നിങ്ങനെ റമ്പാച്ചൻ എഴുതുന്നു (പുറം 44). ആനമണ്ടത്തരങ്ങൾ റമ്പാച്ചൻ സങ്കല്പിച്ചുകൊണ്ടു കത്തോലിക്കസഭയുടെമേൽ അവ കെട്ടിവച്ചു വിമർശിക്കുന്നു. ഈ വിമർശനങ്ങളാൽ സ്വയം കടി

www.malankaralibrary.com



ചുചാകുന്ന നീരിനെപ്പോലെ റമ്പാച്ചൻ തന്നെത്തന്നെ മണ്ടനാക്കുകയാണെന്നുള്ള കാൎയ്യം ചിന്തിക്കുന്നില്ല. മാതാവു മാതൃഗർഭത്തിൽ ജനിക്കുന്നതിനു മുമ്പു ജനിക്കയോ, എപ്പോഴെങ്കിലും മാതാവിന്റെ ആത്മാവു ശുദ്ധീകരണത്തിനോ പാപമോചനത്തിനോ ആവശ്യമായ വിധം ജന്മപാപത്താൽ മലിനപ്പെടുകയോ ചെയ്തിട്ടില്ലെന്നു കത്തോലിക്കർ വിശ്വസിക്കുമ്പോൾ മാതാവു മാതൃഗർഭത്തിൽ ഉരുവാകുംമുമ്പേ അവളുടെ ജന്മപാപം മോചിക്കപ്പെട്ടുവെന്നു കത്തോലിക്കർ വിശ്വസിക്കുന്നതായി റമ്പാച്ചൻ പറയുന്നതു എന്തൊരു "കഴമ്പില്ലായ്മയും" ബുദ്ധിശൂന്യതയുമാണു്.

കന്യകമറിയത്തിന്റെ ആത്മാവു ഒരിക്കലും പാപത്താൽ മലിനപ്പെടാത്ത സ്ഥിതിയിലാണിരുന്നതെന്നു കത്തോലിക്കസഭ പഠിപ്പിക്കുന്നതിനെതിരായി ഗബ്രിയേൽ ദൈവദൂതൻ മംഗളവാർത്ത അറിയിക്കുന്നതുവരെ—പതിനാറോളം വയസ്സുവരെ—മറിയത്തിന്റെ ആത്മാവു പാപത്താൽ മലിനപ്പെട്ടിരുന്നെന്നും, ഗബ്രിയേൽ മാലാഖയാണു മാതാവിനെ പാപത്തിൽ നിന്നും ശുദ്ധീകരിച്ചതെന്നും ആധുനികകാലത്തു ചില യാക്കോബായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. യാക്കോബായക്കാരുടെ ഈ അഭിപ്രായം യാക്കോബായസഭ സ്വീകരിച്ചിരിക്കുന്ന സഭാനടപടികൾക്കോ, വേദസാക്ഷ്യങ്ങൾക്കോ, യുക്തിക്കോ, പിതാക്കന്മാരുടെ അഭിപ്രായങ്ങൾക്കോ യാക്കോബായക്കാരുടെ ഗ്രന്ഥങ്ങളിൽ കാണുന്ന ആശയങ്ങൾക്കോ ഒട്ടും അനുയോജ്യമല്ലെന്നും, കത്തോലിക്കാ സഭയുടെ അഭിപ്രായമാണു ശരിയെന്നും ഈ വിഷയത്തിലുള്ള

www.malankaralibrary.com



തെളിവുകളെ നിഷ്പക്ഷബുദ്ധ്യാ പഠനം ചെയ്യുന്നവൎക്കു ബോദ്ധ്യമാകാതിരിക്കയില്ല.

1) സഭാനടപടി.

ദൈവമാതാവിന്റെ ജനനം പാപരഹിതമായിരുന്നെന്നുള്ള വിശ്വാസം പുരാതനകാലം തുടങ്ങിയുണ്ടായിരുന്നതുകൊണ്ടു മതപീഡനം കഴിഞ്ഞു തിരുസഭ സ്വാതന്ത്ര്യം പ്രാപിച്ച പല തിരുനാളും ആഘോഷിച്ചു തുടങ്ങിയപ്പോൾ 7-ാം ശതാബ്ദത്തോടുകൂടി പൌരസ്ത്യദേശത്തു ഗ്രീക്കു, സുറിയാനി, അൎമേനിയൻ, ഈഗുപ്തായ എന്നീ സഭക്കാരുടെ ഇടയിലും, 9-ാം ശതാബ്ദത്തോടുകൂടി പാശ്ചാത്യദേശത്തു നേപ്പിൾസ്, ഐർലണ്ടു്, ഇംഗ്ലണ്ട എന്നീ സ്ഥലങ്ങളിലും മാതാവിന്റെ ജനനത്തിരുനാളും കൊണ്ടാടുവാൻ തുടങ്ങി. കത്തോലിക്ക സഭയിലെപ്പോലെ യാക്കോബായ സഭയിലും മാതാവിന്റെ ജനനത്തിരുനാൾ ഇപ്പോഴും ആഘോഷിച്ചുവരുന്നു. മണർകാട്ടു എട്ടുനോമ്പോടുകൂടിയാണു യാക്കോബായക്കാർ ഈ തിരുനാൾ ആഘോഷിക്കുന്നതു്. ചില പ്രധാനപ്പെട്ട തിരുനാളുകൾക്കത്രേ നോമ്പുള്ളതു്. വിശുദ്ധന്മാർ ലോകത്തിൽ ജനിച്ചപ്പോൾ അവരുടെ ആത്മാക്കൾ ജന്മ പാപത്തിലിരുന്നതുകൊണ്ടു് അവരുടെ ജനനത്തെ തിരുനാളായി ആഘോഷിക്കാറില്ല. എല്ലാ വിശുദ്ധന്മാരും പ്രസാദവരത്തിൽ മരിച്ചതുകൊണ്ടു അവർ മരിച്ച ദിവസത്തെയാണു സാധാരണമായി തിരുനാളായി ആഘോഷിക്കുന്നതു്. എന്നാൽ കൎത്താവിന്റെയും, യോഹന്നാൻ മാംദാനായുടെയും, കന്യകമറിയാമ്മിന്റെയും ജനനത്തിരുനാൾ കത്തോലിക്കസഭയിലും, യാക്കോബായസ

www.malankaralibrary.com



ഭയിലും, മററു പല പൌരസ്ത്യ സഭകളിലും ആഘോഷിച്ചുവരുന്നു. കർത്താവിനു ഒരിക്കലും പാപമില്ലായിരുന്നെന്നു് എല്ലാവരും വിശ്വസിക്കുന്നു. യോഹന്നാൻ മാംദാനാ സ്വമാതാവിൻെറ ഗർഭത്തിൽ വെച്ചു പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെട്ടു (2), തന്മൂലം അദ്ദേഹം ലോകത്തിൽ ജനിച്ചപ്പോൾ പാപമില്ലായിരുന്നു. ഇക്കാരണത്താലാണു കർത്താവിൻെറ ജനനത്തിരുനാളിനുപുറമേ യോഹന്നാൻ മാംദാനായുടെ ജനനത്തിരുനാളാഘോഷിക്കുന്നതു്. മറിയത്തിൻെറ ജനനത്തിരുനാളും സഭയിൽ ആഘോഷിക്കുന്നതുകൊണ്ടു- ചുരുങ്ങിയപക്ഷം യോഹന്നാൻ മാംദാനായെപ്പോലെ മാതൃഗർഭത്തിൽ വച്ചെങ്കിലും— ലോകത്തിൽ ജനിച്ചയവസരത്തിലെങ്കിലും— കന്യകമറിയാം പാപമില്ലാത്തവളായിരുന്നെന്നു യാക്കോബായക്കാർ സമ്മതിക്കണം. അല്ലെങ്കിൽ മാതാവിൻെറ ജനനത്തിരുനാൾ സഭയിൽ ആഘോഷിക്കയില്ലായിരുന്നു. മാതാവു യോഹന്നാൻ മാംദാനായെപ്പോലെ ഗർഭത്തിൽ വച്ചോ, ജനിച്ചക്ഷണത്തിലോ ശുദ്ധീകരിക്കപ്പെട്ടതായി യാതൊരു വേദസാക്ഷ്യവും ഇല്ല. തന്നിമിത്തം മാതാവു പാപമില്ലാത്തവളായി ഗർഭത്തിൽ ഉപവൽകൃതയായി എന്നു വിശ്വസിക്കുന്നതല്ലേ ഒന്നുകൂടി യുക്തിപൂർവ്വകം? ഏതായാലും മാതാവിൻെറ ജനനത്തിരുനാൾ യാക്കോബായ സഭയിൽ കൊണ്ടാടുന്ന സ്ഥിതിക്കു മാതാവു പതിനാറോളം വയസ്സുവരെ ജന്മപാപമെന്നകഠിന പാപത്തിലായിരുന്നു ജീവിച്ചിരുന്നതെന്നുള്ള യാക്കോബായ പണ്ഡിതന്മാരുടെ അഭിപ്രായം

2) ലൂക്കാ. 1, 41.

www.malankaralibrary.com



കട്ടത്ത പാഷണ്ഡോപദേശമാണെന്നെങ്കിലും സമ്മതിക്കണം.

2) വേദസാക്ഷ്യങ്ങൾ.

1. ഏദൻതോട്ടത്തിൽവെച്ച ദൈവം സർപ്പത്തെ ശപിച്ചുകൊണ്ടു അരുളിച്ചെയ്തു: "നീയും സ്ത്രീയും തമ്മിലും, നിൻെറ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുതയുണ്ടാക്കും. അവൻ നിൻെറ തലയിൽ ചവിട്ടും." (3) പിശാചും ഹാവായും തമ്മിലും, ഹാവായുടെ സന്തതിയും പൈശാചിക ഭൂതന്മാരും തമ്മിലും ശത്രുതയിലല്ല, പ്രത്യുത വളരെ രമ്യതയിൽ (പാപങ്ങളിൽ) പലപ്പോഴും ഇരുന്നിട്ടുള്ളതായി വേദപുസ്തകത്തിൽ നിന്നുതന്നെ തെളിയുന്നതിനാൽ വേദപുസ്തക വ്യാഖ്യാതാക്കൾ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതു് ഇവിടെ ദൈവം പറയുന്ന സ്ത്രീയും സന്തതിയും വരാനിരുന്ന കന്യകമറിയവും അവളിൽ നിന്നു ജനിക്കാനിരുന്ന ലോകരക്ഷകനായ ക്രിസ്തുവുമാണെന്നത്രേ. ഇവിടെ ഒരു പ്രവചനമാണു ദൈവം അരുളിച്ചെയ്തതു്. ഈ പ്രവചനത്തിൻെറ പ്രസ്പഷ്ടത നിമിത്തം ഒന്നാമത്തേ സുവിശേഷമെന്നും വേദപുസ്തക പണ്ഡിതന്മാർ ഈ വേദഭാഗത്തെ വിളിക്കുന്നു. കന്യകമറിയത്തിൻെറ സന്തതിയായ ക്രിസ്തു പിശാചെന്ന സർപ്പത്തിൻെറ തലയെ തകർത്തു മനുഷ്യവർഗ്ഗത്തിനു രക്ഷയുണ്ടാക്കി. പ്രസ്തുത വാക്യത്തിൽനിന്നു സ്പഷ്ടമാകുന്നതു സ്ത്രീയും പിശാചും തമ്മിലുള്ള ശത്രുത്വം, സ്ത്രീയുടെ സന്തതിയും പിശാചും തമ്മിലുള്ള ശത്രുത്വം പോലെയാണെന്നത്രേ. സ്ത്രീയുടെ സന്തതിക്കു, അതായതു ക്രിസ്തു

3) ഉല്പത്തി 3, 15.

www.malankaralibrary.com



വിന് പിശാചിനോടുള്ള ശത്രുത്വം നിരന്തരവും കഠിനവുമായ ഒന്നാണ്. ഒരിക്കലും പിശാചും ക്രിസ്തുവും തമ്മിൽ രമ്യതയിൽ കഴിയുന്നതല്ല. ഇതുപോലെയുള്ള ശത്രുത്വമാണു കന്യകമറിയാമും പിശാചും തമ്മിലുള്ളതെന്നു ഈ വാക്യത്തിൽ നിന്നു തെളിയുന്നു. കന്യകമറിയാം എന്നെങ്കിലും പാപത്തിൽ ഇരുന്നെങ്കിൽ പിശാചിന്റെ ശത്രുത്വത്തിലല്ല, പിശാചിന്റെ ദാസ്യത്തിൽ ഇരുന്നെന്നുവരും. “പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ ദാസൻ ആകുന്നു” (4) എന്നു കർത്താവു അരുളിച്ചെയ്യുന്നു. ആകയാൽ ക്രിസ്തുവിനു പിശാചിനോടുള്ള ശത്രുത്വം പോലെ ദൈവമാതാവിനും പിശാചിനോടു നിരന്തരമായ ശത്രുത്വമുണ്ടായിരിക്കണം. കന്യകമറിയത്തിൽ എപ്പോഴെങ്കിലും പാപമുണ്ടായിരുന്നെങ്കിൽ പിശാചിനോടു നിരന്തരമായ ശത്രുത്വമല്ല രമ്യതയുണ്ടായി എന്നു പറയേണ്ടിവരും. ആകയാൽ കന്യകമറിയത്തിന്റെ ആത്മാവിൽ ഒരിക്കലും പാപം പ്രവേശിച്ചിട്ടില്ല.

2. ഗബ്രിയേൽ ദൈവദൂതൻ കന്യകമറിയത്തെ ദർശിച്ച മാത്രയിൽ അഭിസംബോധനം ചെയ്യുന്നതു “നന്മ നിറഞ്ഞവളേ! നിനക്കു സ്വസ്തി” (5) എന്നാണ്. ദൈവപുത്രൻ ഗർഭത്തിൽ പ്രവേശിച്ചു മറിയത്തെ ദൈവമാതാവാക്കിത്തീർക്കുന്നതിനു മുമ്പു തന്നെ മറിയാം നന്മകളും കൊണ്ടു നിറഞ്ഞവളാണെങ്കിൽ എന്നാണു ഈ നിറവുണ്ടായതു? ജനിച്ചപ്പോഴോ, ജനിച്ചു കുറെ കഴിഞ്ഞോ? കുറെ കഴിഞ്ഞാണെങ്കിൽ എത്ര നാൾ കഴിഞ്ഞു? “നന്മ നിറഞ്ഞവ

4) യോഹ. 8, 34. 5) ലൂക്കോ. 1, 28.

www.malankaralibrary.com



ളേ" എന്നതിൻ മൂല ഭാഷയായ ഗ്രീക്കിലുള്ള പദപ്രയോഗം "കെക്കരിത്തോമെനേ" എന്നാണ്. ആ സാമാന്യ പരിപൂണ്ണതയെയാണ് ഈ പദം ദ്യോതിപ്പിക്കുന്നത്. മറിയം ജന്മപാപത്താൽ കുറെക്കാലം മലിനപ്പെട്ടിരുന്നിട്ട വിശുദ്ധീകരിക്കപ്പെട്ടവളാണെങ്കിൽ ഈ വിശേഷണം മറിയത്തിന അത്ര യോജിക്കയില്ല. ഗബ്രിയേൽദൂതൻ വന്നപ്പോഠം തന്നെ മറിയം നന്മകഠംകൊണ്ടു നിറഞ്ഞവളായിരുന്നെങ്കിൽ ഈ ദൈവദൂതനാണ് മറിയത്തെ വിശുദ്ധീകരിച്ചതെന്ന ചില യാക്കോബായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു് എത്ര അബദ്ധവും വേദപുസ്തകവാക്യങ്ങഠംക്കു വിപരീതവുമാണ്!

3. ജറമിയാ ദീർഘദർശിയെ മാതൃഗർഭത്തിൽ വെച്ചുതന്നെ ദൈവം ശുദ്ധീകരിച്ചു (6). ഏശായായുടെ ചുണ്ടുകഠം തീക്കനെലുകളാൽ ശുദ്ധീകൃതമായി(7). യോഹന്നാൻ മാംദാനാ മാതൃഗർഭത്തിൽ വെച്ചു പരിശുദ്ധാത്മാവിനാൽ നിറഞ്ഞു(8). അപ്പോസ്തോലന്മാർ സുവിശേഷം പ്രസംഗിക്കുന്നതിന മുമ്പു പരിശുദ്ധാവിനാൽ അഭിഷിക്തരായി(9) ഇങ്ങനെ കത്താവിനെ സംബന്ധിച്ചുള്ള കാര്യങ്ങളെ മുമ്പുക്കൂട്ടി അറിയിച്ച ദീർഘദർശിമാരും, കത്താവിൻെറ വഴിയെ ഒരുക്കുവാൻ മുന്നോടിയായിവന്ന യോഹന്നാനും, കത്താവിൻെറ സുവിശേഷം പ്രസംഗിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട അപ്പൊസ്തോലന്മാരും പ്രത്യേകവിധം വിശുദ്ധീകരിക്കപ്പെട്ടെങ്കിൽ കത്താവു തൻെറ തിരുശരീരരക്തങ്ങഠം സ്വീകരിക്കുന്നതിനും പത്തുമാസ

6) ജറമി. 1, 5. 7) ഏശാ. 6, 5–7. 8) ലൂക്കോ. 1, 41. 9) നട. 2.

www.malankaralibrary.com



കാലം വസിക്കുന്നതിനും തെരഞ്ഞെടുത്ത തന്റെ അമ്മ ജന്മപാപമെന്ന കഠിനപാപത്താൽ മലിനയായി, ദൈവത്തിന്റെ കോപത്തിനു പാത്രീഭൂതയായി, പിശാചിന്റെ ദാസിയായി അല്പനേരമെങ്കിലും ഇരിക്കുന്നതിനു അവിടുന്നു അനുവദിക്കുമോ?, തിരുമനസ്സാകുമോ?

3) യുക്തിയെ ആസ്പദമാക്കിയുള്ള തെളിവു്.

1. 13-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഡൺസ് സ്കോട്ട (+1308) എന്ന സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞൻ പറയുന്നു: "Potuit, decuit, ergo fecit (Deus)". "കന്യകമറിയത്തെ പാപരഹിതയായി സൃഷ്ടിക്കുന്നതിനു ദൈവത്തിനു സാധിക്കുമായിരുന്നു, അതു ദൈവത്തിന്റെ പരിശുദ്ധിക്കു ഏറ്റവും അനുയോജ്യവുമായിരുന്നു, ആകയാൽ ദൈവം അപ്രകാരം ചെയ്തു". ഒരമ്മയെ തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ദൈവം നമുക്കു തന്നാൽ ഏററം നല്ലവളും പരിശുദ്ധയും സകല സൽഗുണങ്ങളുമുള്ള ഒരമ്മയെ അല്ലേ നാം തെരഞ്ഞെടുക്കുക? എന്നാൽ നമുക്കു അമ്മയെ തെരഞ്ഞെടുക്കാൻ സാധിക്കയില്ല. ദൈവത്തിനു അതു സാധിക്കും. ആകയാൽ അവിടുന്നു പാപത്താൽ മലിനപ്പെട്ടവളെയല്ല, മാലിന്യരഹിതയെത്തന്നെ തെരഞ്ഞെടുത്തു എന്നു വിശ്വസിക്കുന്നതാണു കൂടുതൽ യുക്തിപൂർവ്വകം, ന്യായാനുസരണം.

2. മനുഷ്യവർഗ്ഗത്തിന്റെ അധഃപതനത്തിന്റെ സമയത്തു ആദാം, ഹവ്വാ, പിശാച്, എന്നീ മൂന്നുപേരെ ഏദൻതോട്ടത്തിൽ നാം കാണുന്നു. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെ അവസരത്തിൽ (മനു-

www.malankaralibrary.com



ഷ്യാവതാരത്തിൽ)മറിയം, ഗബ്രിയേൽദൂതൻ, ക്രിസ്തു എന്നിങ്ങനെ മൂന്നുപേരെ നാം കാണുന്നു. വേദവാക്യപ്രകാരം ക്രിസ്തു രണ്ടാമത്തേ ആദാമാണ് (10). സഭാപിതാക്കന്മാരുടെ സാക്ഷ്യപ്രകാരം കന്യകമറിയം രണ്ടാമത്തേ ഹാവായാണ്. ആദ്യത്തേ ആദത്തെക്കാൾ രണ്ടാമത്തേ ആദം ശ്രേഷ്ഠനത്രെ. ആദ്യത്തേ ദൂതനേക്കാൾ (അധഃപതിച്ച ദൈവദൂതനായ പിശാചു) രണ്ടാമത്തേ ദൂതനായ ഗബ്രിയേൽ ശ്രേഷ്ഠനാകുന്നു. ഇതേ ന്യായത്താൽ ആദ്യത്തേ ഹാവായെക്കാൾ, രണ്ടാമത്തേ ഹാവായായ മറിയം ശ്രേഷ്ഠയായിരിക്കണം. എന്നാൽ ആദ്യത്തേ ഹാവാ പ്രസാദവരത്തിലാണു സൃഷ്ടിക്കപ്പെട്ടതു്. ദൈവകല്പന ലംഘിച്ചപ്പോഴെ അവളുടെ ആത്മാവു മലിനമായുള്ളു. രണ്ടാമത്തേ ഹാവായായ മറിയം ആദ്യത്തെ ഹാവായെക്കാൾ എല്ലാ പ്രകാരത്തിലും ശ്രേഷ്ഠയായിരിക്കണമെങ്കിൽ പ്രസാദവരത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കണം. കന്യകമറിയത്തിൻെറ ആത്മാവിനു എപ്പോഴെങ്കിലും പാപമാലിന്യം ഉണ്ടായെങ്കിൽ ആദ്യത്തേ ഹാവായെക്കാൾ അവൾ എല്ലാവിധത്തിലും ശ്രേഷ്ഠയായിരിക്കയില്ല.

3. സ്വസഹോദരനെ വധിച്ച കായേൻെറ അമ്മയെക്കാൾ മനുഷ്യവർഗ്ഗത്തിനായി സ്വമനസാ മരണം കൈവരിച്ച കർത്താവിൻെറ അമ്മ ശ്രേഷ്ഠയായിരിക്കേണ്ടേ? മാതാവു സൃഷ്ടിക്കപ്പെട്ടപ്പോൾ ദൈവത്തിൻെറ പ്രസാദവരത്തിലല്ലായിരുന്നെങ്കിൽ ഭ്രാതൃഘാതകനായ കായേൻെറ അമ്മയായിരിക്കും ചില കാര്യങ്ങളിൽ കർത്താവിൻെറ അമ്മയെക്കാൾ ശ്രേഷ്ഠം.

10) റോമ്മാ. 5.

www.malankaralibrary.com



4. "നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു" എന്നത്രേ ഗബ്രിയേൽദൂതൻ മാതാവിനോടു പറഞ്ഞതു്. മാതാവു എല്ലാ സ്ത്രീകളിലുംവെച്ചു അനുഗ്രഹീതയാണെങ്കിൽ ഹാവായെക്കാൾ അനുഗ്രഹീതയായിരിക്കണം. ഹാവാ പ്രസാദവരത്തിൽ സൃഷ്ടിക്കപ്പെട്ടു. സൃഷ്ടിക്കപ്പെട്ടപ്പോൾ മറിയത്തിന്റെ ആത്മാവിനു പ്രസാദവരമില്ലാതെ പാപമാണുണ്ടായിരുന്നതെങ്കിൽ ഹാവായാണു മറിയത്തെക്കാൾ ഉത്ഭവസമയത്തെങ്കിലും അനുഗ്രഹീതയായിരുന്നവൾ.

5. "സ്ത്രീകളുടെ നിന്ദയെ നീക്കിയവളേ! നിനക്കു ഭാഗ്യം" എന്നു യാക്കോബായസഭ പറയുന്നു (11). ദൈവത്തിന്റെ കല്പന ലംഘിച്ചതുമൂലം മനുഷ്യവർഗ്ഗത്തിന്റെ അധഃപതനത്തിനു ഹാവാ എന്ന ആദ്യസ്ത്രീ കാരണമുണ്ടാക്കി സ്ത്രീലോകത്തിനു പൊതുവെ അപമാനം വരുത്തി. ദൈവമാതാവു മംഗളവാർത്താസമയത്തു "ഇതാ! ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞു ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു കാരണക്കാരിയായി. പാപത്തിനു പരിഹാരം വരുത്തിയ സ്ത്രീ പാപത്തിനു കാരണമാക്കിയവളെപ്പോലെ എപ്പോഴെങ്കിലും പാപത്തിലായിരുന്നെങ്കിൽ കന്യകമറിയം സ്ത്രീകളുടെ അപമാനത്തെ നീക്കിയെന്നോ, അവൾ സ്ത്രീകളുടെയെല്ലാം അഭിമാനസ്തംഭമെന്നോ പറയാവുന്നതല്ല.

---

11) പെങ്കീസായുടെ പ്രുമിയോൻ (മാർ തീമത്തിയോസ് തിരുമേനിയുടെ പരിഭാഷ), കോട്ടയം, 1948, പുറം 196.

www.malankaralibrary.com



4) സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ.

1. ജസ്റ്റിൻ (1) ഇരനേയസ്, (2) ജെറുസലേമിലെ കുറില്ലോസ്, (3) എപ്പിഫാനിയോസ് (4) എന്നീ വിശുദ്ധ പിതാക്കന്മാരും തെർത്തുല്യൻ (5) എന്ന വിശ്രുത ഗ്രന്ഥകാരനും ദൈവകല്പന ലംഘിക്കുന്നതിനു മുമ്പുള്ള മാലിന്യരഹിതയും നിഷ്കളങ്കയും നിർദ്ദോഷിയുമായ ഹാവായോടാണു മറിയത്തെ ഉപമിക്കുന്നത്. ദൈവകല്പന ലംഘിക്കുന്നതിനു മുമ്പു ഹാവായിൽ പാപമൊന്നുമില്ലായിരുന്നു. അതുപോലെയായിരുന്നു കന്യകമറിയത്തെ ദൈവം സൃഷ്ടിച്ചതു എന്നത്രേ ഈ താരതമ്യത്തിന്റെ അർത്ഥം. "മാലിന്യരഹിത", "പരിപൂർണ്ണ", "നിർമ്മല", "പിശാചിനാൽ വഞ്ചിക്കപ്പെടാത്തവൾ", "പിശാചിന്റെ വിഷമുള്ള നിശ്വാസം ഏല്ക്കാത്തവൾ" ആദിയായ പദങ്ങളാണു മറിയത്തെ സംബന്ധിച്ച ഈ പിതാക്കന്മാർ അവരുടെ കൃതികളിൽ ഉപയോഗിക്കുന്നതു. മറിയം ഒരിക്കലും പാപത്താൽ മലിനപ്പെട്ടിരുന്നില്ലെന്നുള്ള വിശ്വാസമാണല്ലോ ഈ പദപ്രയോഗങ്ങൾ വ്യക്തമാക്കുന്നത്.

2. യാക്കോബായക്കാർ വി. കുർബാനയിൽ ഇപ്പോഴും അനുസ്മരിച്ചു മാദ്ധ്യസ്ഥം യാചിക്കുന്ന വി. അപ്രേം കന്യകമറിയത്തോടു ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ഓ! കന്യകയായ നാഥേ, മാലിന്യരഹിതയായ ദൈവജനനീ, എത്രയും മഹനീയയായ എന്റെ

1) Justin., Dialog. cum Tryphone, 100
2) Iranaeus, Contra Haeres. III, XXII, 4
3) Cyril. Cateches. XII, 29
4) Epiph. Haeres. LXXVIII, 18
5) Tertull. De carne Christ. XVII

www.malankaralibrary.com



നാഥേ, ഏത്രയും വലിയ എന്റെ ഉപകാരിണിയേ, സ്വർഗ്ഗത്തെക്കാൾ മഹോന്നതയേ, ആകാശഗോളങ്ങളുടെ പ്രഭയെക്കാൾ, സൂര്യരശ്മികളെക്കാൾ, ഇടിമിന്നലിനെക്കാൾ വളരെ നിർമ്മലയായവളേ...മാലിന്യരഹിതയും, നിഷ്കളങ്കയും, ദൂഷിക്കാത്തവളും, ഏത്രയും വിരക്തയും പാപത്തിന്റെ എല്ലാ മാലിന്യത്തിൽ നിന്നും കറയിൽനിന്നും അകന്നിരിക്കുന്ന കന്യകയുമായവളേ, ദൈവത്തിന്റെ മണവാട്ടി...മലിനപ്പെടാതെ പൂർണ്ണയും, പരിപൂർണ്ണമായി നിർമ്മലയും, വിരക്തയുമായ കന്യകയേ, ദൈവമാതാവേ...”(6) വിശുദ്ധൻ എഴുതിയ ഒരു ഗീതത്തിൽ പറയുന്നു: “വാസ്തവത്തിൽ (കർത്താവേ!) നീയും നിന്റെ അമ്മയും മാത്രമേ എല്ലാപ്രകാരത്തിലും മുഴുവനായി സൌന്ദര്യമുള്ളവരായിട്ടുള്ളു. എന്തുകൊണ്ടെന്നാൽ കർത്താവേ! നിന്നിൽ കളങ്കമില്ല, നിന്റെ അമ്മയിലും യാതൊരു മാലിന്യവുമില്ല” (7). ദൈവമായ കർത്താവിനെപ്പോലെ സൃഷ്ടിയായ മറിയത്തിനു പരിശുദ്ധിയുണ്ടെന്നല്ല ഇതിന്റെ അർത്ഥം. യാതൊരു മാലിന്യവുമില്ലെന്നുള്ളതു രണ്ടു പേരെ സംബന്ധിച്ചും പറയാമെന്നേ ഈ വാക്കുകൾക്കു അർത്ഥമുള്ളു. കർത്താവു ദൈവമെന്ന നിലയിൽ സർവ്വ പരിശുദ്ധനാണ്. മാതാവു സൃഷ്ടിയെന്ന നിലയിൽ മാത്രമാണു പരിശുദ്ധ.

3. ആദാം ചെയ്ത പാപത്തിന്റെ ഫലമായി മനുഷ്യവർഗ്ഗത്തിനു വിശേഷാൽ നാശമൊന്നും ഉണ്ടായിട്ടില്ലെന്നു പഠിപ്പിച്ചിരുന്ന പെലാജിയോസി

6) Assem. G. 3, 545.
7) Bickell, Carm. Nisib. 122.

www.malankaralibrary.com



ൻെറ പാഷണ്ഡതയ്ക്കെതിരായി ആദാമിൻെറ പാപത്താൽ മനുഷ്യകുലത്തിനു പൊതുവെ ഭയങ്കര നാശം നേരിട്ടുന്നു. വി. അഗസ്തീനോസ് ശക്തിയുക്തം പഠിപ്പിച്ചു. എന്നിട്ടും വി. അഗസ്തീനോസ് പാപത്തിൽ നിന്നു കന്യകമറിയത്തെ ഒഴിവാക്കി സംസാരിക്കുന്നു. വിശുദ്ധൻെറ ഭംഗിയേറിയ വാക്കുകൾ കേട്ടാലും: "പാപത്തെ സംബന്ധിച്ചു പറയുമ്പോൾ കർത്താവിനോടുള്ള ബഹുമാനത്തെപ്രതി കന്യക മറിയത്തെ സംബന്ധിച്ചു എന്തെങ്കിലും പ്രശ്നം ഉന്നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാവശത്തുനിന്നും പാപത്തെ ജയിച്ചു പാപമൊന്നും ഇല്ലാത്തവനെ ഗർഭംധരിച്ചു പ്രസവിക്കുന്നതിനു അർഹയായിത്തീരുന്നതിനുവേണ്ടി അവൾക്കു വളരെ അധികം അനുഗ്രഹം അവിടുന്നു കൊടുത്തിട്ടുള്ളതായി നാം അറിയുന്നു. ഈ വിശുദ്ധ കന്യകമറിയം ഒഴിച്ചു ഈ ലോകത്തിൽ ജീവിച്ചിട്ടുള്ള സകല വിശുദ്ധന്മാരെയും വിശുദ്ധകളെയും നമുക്കു ഒരുമിച്ചുകൂട്ടാൻ സാധിക്കയും, അവർ പാപമില്ലാത്തവരായിരുന്നോ എന്നു ചോദിക്കയും ചെയ്താൽ അവർ എന്തു ഉത്തരം പറയുമെന്നാണു നാം വിചാരിക്കുന്നതു? അദ്ദേഹം (പെലാജിയോസ്) പറയുന്ന ഉത്തരമോ, അതോ അപ്പോസ്തോലനായ യോഹന്നാൻ പറയുന്ന ഉത്തരമോ? ഇങ്ങനെ ചോദിച്ചാൽ, ഈ ശരീരത്തിൽ വിശുദ്ധിയുടെ മഹനീയത എത്രതന്നെ ഉണ്ടായിരുന്നാലും അവരെല്ലാം (വിശുദ്ധന്മാരെല്ലാം) 'നമുക്കു പാപമില്ല എന്നു നാം പറയുന്നു എങ്കിലോ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു; നമ്മിൽ സത്യമില്ല' (1 യോഹ. 1, 8) എന്നു ഐകകണ്ഠ്യേന വിളിച്ചു പറയുകയില്ലേ എന്നു ഞാൻ നിങ്ങളോട് ചോ

www.malankaralibrary.com



ഭിക്കുന്നു" (8). എല്ലാ മനുഷ്യർക്കും പാപമുണ്ടെന്നുള്ള വി. യോഹന്നാൻെറ വാക്യമുദ്ധരിച്ചുകൊണ്ടു വാദപ്രതിവാദലഹരിയിൽ മുങ്ങി പെലാജിയോസിനെതിരായി എഴുതുന്ന മഹാ ചിന്തകനായ വി. അഗസ്തീനോസ് കർത്താവിൻെറ അമ്മയ്ക്കു പാപമില്ലെന്നുള്ള പുരാതനസഭയിലെ വിശ്വാസം ഭംഗിയായി എടുത്തു പറയുവാൻ വിസ്മരിക്കുന്നില്ല.

5) യാക്കോബായ സഭയിലെ സാക്ഷ്യങ്ങൾ.

"അമലോത്ഭവം" എന്ന പദപ്രയോഗം യാക്കോബായ ഗ്രന്ഥങ്ങളിൽ കാണുകയില്ലെങ്കിലും ആ പദത്തിൽ അടങ്ങിയിരിക്കുന്ന ആശയം—ദൈവമാതാവു പാപത്താൽ ഒരിക്കലും മലിനപ്പെട്ടിരുന്നില്ല എന്ന ആശയം—ഉൾക്കൊള്ളുന്ന അസംഖ്യം പ്രാർത്ഥനകളും പദപ്രയോഗങ്ങളും യാക്കോബായസഭയിൽ കാണാവുന്നതാണ്. ഈ പ്രാർത്ഥനകളിലെ ആശയങ്ങളിൽ ചിലതിനെ തരംതിരിച്ചു താഴെ ഉദ്ധരിക്കുന്നു.

1. കന്യകമറിയത്തെ ദൈവം നേരത്തെ തെരഞ്ഞെടുത്തു.

ശനിയാഴ്ച രാത്രിപ്രാർത്ഥനയിൽ യാക്കോബായ വൈദികർ ചൊല്ലുന്നു:—"പരിശുദ്ധ കന്യകയേ! ആദിമുതലെ നിന്നെ തെരഞ്ഞെടുത്ത പിതാവിനു സ്തുതിയും, നിന്നിൽ നിന്നു ജഡമെടുക്കുവാൻ തിരുമനസ്സായ പുത്രനു ആരാധനയും, നിന്നെ ആലയമാക്കി നിന്നിൽ ഇറങ്ങിവസിച്ച പരിശുദ്ധാത്മാവിനു ജയ-

8) St. August. De natura et gratia, 36, 42.

www.malankaralibrary.com



ഘോഷവും ഉണ്ടായിരിക്കട്ടെ" (1). "ദൈവത്തിനു മാതാവായിത്തീരുവാൻ മുൻകൂട്ടി നിർദ്ദേശിച്ചു തെരഞ്ഞെടുക്കപ്പെട്ടവൾ" (2) "കർത്താവേ!...നിൻെറ കൃപയുടെ വ്യാപാരത്താൽ അവളെ നീ തെരഞ്ഞെടുത്തു". (3) പിതാവായ ദൈവം ആദിമുതലേ തൻെറ പുത്രൻെറ അമ്മയായിത്തീരണമെന്നുദ്ദേശിച്ചു തെരഞ്ഞെടുത്ത കന്യകമറിയം പാപത്താൽ അശുദ്ധയായിരിക്കയില്ലല്ലോ. അല്ലെങ്കിൽ എന്തിനാണു മുമ്പുകൂട്ടിയുള്ള ഈ പ്രത്യേക തെരഞ്ഞെടുപ്പ്? പാപത്താൽ അശുദ്ധയായ ഏതു സ്ത്രീയെയും തൻെറ അമ്മയായി എപ്പോഴും വേണമെങ്കിലും തെരഞ്ഞെടുക്കാമായിരുന്നല്ലോ. അങ്ങനെയെങ്കിൽ മുമ്പുകൂട്ടിയുള്ള പ്രത്യേക തെരഞ്ഞെടുപ്പു ആവശ്യമില്ല.

## 2. ദൈവം മറിയത്തെ ശുദ്ധീകരിച്ചു.

ദൈവം കന്യകമറിയത്തെ ശുദ്ധീകരിച്ചെന്നു ചില യാക്കോബായ പ്രാർത്ഥനകളിൽ പറയുന്നുണ്ടെങ്കിലും നേരത്തേ ഉണ്ടായിരുന്ന എന്തെങ്കിലും പാപമാലിന്യത്തെ നീക്കിയെന്നല്ല, കൂടുതൽ അനുഗ്രഹങ്ങൾകൊടുത്തു ആദ്യത്തേതിലും അവളെ വിശുദ്ധീക-

1) ശനിയാഴ്ച രാത്രി 1-ാം കൗമാ. 2) പെങ്കീസാ നമസ്കാരങ്ങൾക്കുള്ള പ്ര. മീയോൻ, (സുറിയാനിഭാഷാപണ്ഡിതനും, ഏതാനും വർഷങ്ങൾക്കുമുമ്പു പാത്രിയർക്കീസ് കക്ഷിയിൽനിന്നു ഓർത്തോഡോക്സ് കക്ഷിയിൽചേർന്ന വന്ദ്യദേഹവുമായ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ കാതോലിക്കാബാവായുടെ ശ്രേഷ്ഠാനുമതിയോടുകൂടി 1948-ൽ കോട്ടയത്തു പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥം.) ഏലിശുബായുടെ അടുക്കലേക്കു മറിയാമിൻെറ യാത്ര, രാത്രി, 2-ാം കൗമാ, പ്ര. മീയോൻ, പുറം 84. 3) ദൈവമാതാവിൻെറ പുകഴ്ച സന്ധ്യ, പ്ര. മീയോൻ പുറം 192.

www.malankaralibrary.com



രിച്ചു എന്നുള്ള അൎത്ഥത്തിലാണു വിശുദ്ധീകരിച്ചു എന്നുള്ള ഈ പദം പ്രയോഗിച്ചിരിക്കുന്നതെന്നു മറ്റു ചില പ്രാൎത്ഥനകളിൽ നിന്നു മനസ്സിലാക്കാം. "പരിശുദ്ധ കന്യകമാതാവിന്റെ കന്യാവ്രതഗൎഭത്തിലേക്കു നീ ഇറങ്ങി. പരിശുദ്ധ റൂഹായുടെ ആവസിപ്പുമൂലം അവളെ ശുദ്ധീകരിച്ചു പ്രധാനദൂതനായ ഗബ്രിയേൽ മൂലം സൎവ്വസൃഷ്ടികളുമുള്ള രക്ഷയുടെ വചനിപ്പിനെ നീ അറിയിച്ചു" (4). "തന്നെ വഹിച്ചവളെ ശുദ്ധീകരിച്ച പരിശുദ്ധനു...സ്തുതി...നിന്റെ ശക്തിയാൽ അവളെ ശുദ്ധീകരിച്ചു. പരിശുദ്ധ ദാനത്താൽ ബഹുമാനിച്ചു. നിന്റെ പ്രവേശനത്താൽ അവളെ ഉൽകൃഷ്ടയാക്കി"(5). "നല്ലവനും അത്യുന്നതനുമായവൻ നിന്റെ പെരുനാളുകളെ പുകഴ്ത്തി. രക്ഷകൻ നിന്റെ പുകഴ്ചകളെ വൎദ്ധിപ്പിച്ചു. വലിയവൻ നിന്റെ ഓൎമ്മയെ മഹത്വപ്പെടുത്തി. അത്യുന്നതൻ നിന്നിൽ ഉൾഭൂതനായി" (6). "തനിക്കു തിരുവിഷ്ടമുണ്ടായപ്പോൾ മാലിന്യമില്ലാത്തവളും വിവാഹസ്പൎശനത്തിനു പെടാത്തവളുമായ നിന്റെ മാതാവിനോടു മഹത്വവും സുഗ്രാഹ്യമല്ലാത്തതുമായ നിന്റെ ഗൎഭോല്പാദനത്തെ അറിയിപ്പാൻ...ഗബ്രിയേലിനെ നീ കല്പിച്ചയച്ചു"(7). "മാതാവു വെടിപ്പിലും വിശുദ്ധിയിലും പണ്ടേതന്നെ അലംകൃതമായിരുന്നു. എന്നാൽ വിശുദ്ധാത്മാവിന്റെ ആവസിപ്പുമൂലം പൂൎണ്ണത പ്രാപിച്ചു. അവളുടെ നിൎമ്മലഗൎഭത്തിൽ നിന്റെ

4) വചനിപ്പുതിരുനാളിന്റെ പ്രു. മിയോൻ, മൂന്നാംമണി പുറം 74. 5) ദൈവമാതാവിന്റെ പുകഴ്ചയുടെ തിരുനാൾ, സന്ധ്യയുടെ പ്രു. മിയോൻ, പുറം 191, 192. 6) പുകഴ്ച, പ്രു. മിയോൻ, മൂന്നാംമണി, പുറം. 207. 7) വചനിപ്പു പ്രു. മിയോൻ, മൂന്നാംമണി, പുറം 60.

www.malankaralibrary.com



ദൈവതാതത്തെ അംഗീകരിപ്പാൻ യോഗ്യതയുള്ളവളായി"(8). ഈ സാക്ഷ്യങ്ങളിൽ നിന്നു പണ്ടേതന്നെ—ഗബ്രിയേൽദൂതൻ മംഗളവാർത്ത അറിയിക്കുന്നതിനു മുമ്പുതന്നെ—മറിയാം മാലിന്യമില്ലാത്തവളായിരുന്നെന്നും, പരിശുദ്ധാത്മാവിൻെറ ആവാസവും ദൈവപുത്രൻെറ വാസവും മൂലം മറിയത്തിൽ വിശുദ്ധിയും ദൈവാനുഗ്രഹങ്ങളും വർദ്ധിച്ച് അവർ പൂർണ്ണതയിൽ എത്തുകയാണു ചെയ്തിട്ടുള്ളതെന്നും മനസ്സിലാക്കാം. ഗബ്രിയേൽ ദൈവദൂതൻ മംഗളവാർത്ത അറിയിക്കുന്നതുവരെ കന്യകമറിയാം പാപത്തിലായിരുന്നു എന്നുള്ള യാക്കോബായ വിശ്വാസം ഈ സാക്ഷ്യങ്ങൾക്ക എത്ര വിപരീതമാണെന്നു കണ്ടാലും! മാതാവു മാലിന്യമില്ലാത്തവളായിരുന്നെന്നു 7—ാം സാക്ഷ്യത്തിൽ പറയുന്നതും ദൈവദൂതൻ മംഗളവാർത്ത അറിയിക്കുന്നതിനു മുമ്പുള്ള സ്ഥിതിയെ സൂചിപ്പിച്ചാണല്ലോ.

### 3. മറിയം പിശാചിനെ തോല്പിച്ചു, ജന്മപാപം പരിഹരിച്ചു.

"ആകൽക്കറുസായെയും (പിശാചിനെയും) അവൻെറ സൈന്യങ്ങളെയും അപജയപ്പെടുത്തിയ മടങ്ങാത്ത ആയുധമേ! സമാധാനം" (9). "ആകൽക്കറുസായുടെയും അവൻെറ സൈന്യങ്ങളുടെയും പാളയത്തെ വീഴ്ത്തിയ, എല്ലാസൃഷ്ടിയുടെയും തോററുപോകാത്ത ആയുധമേ! നിനക്കു സമാധാനം" (10) "എല്ലാവിധ ഭാഗ്യങ്ങൾക്കും അർഹയായ മാതാവേ!

8) പൃകസ്സ, പ്ര. മിയോൻ, പ്രഭാതം, പുറം 202—203.
9) വചനിസ്സ, പ്ര. മിയോൻ, മൂന്നാംമണി, പുറം 74.
10) വചനിസ്സ, പ്ര. മിയോൻ, സന്ധ്യ, പുറം 61.

www.malankaralibrary.com


നിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ...... ഞങ്ങളോടു പോരാട്ടം ചെയ്യുന്ന ആന്തരീയ ശത്രുവിനെ അടിപ്പെടുത്തി ഞങ്ങളെ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാക്കിത്തീർക്കണമേ...... ശത്രുവിന്റെ ആയുധപ്രയോഗം ഞങ്ങളുടെമേൽ ഉണ്ടാകരുതേ...... ഞങ്ങളെ അസഹ്യപ്പെടുത്തുന്ന മ്ലേച്ഛന്മാർ ചിതറിപ്പോകണമേ" (11). "പൈശാചികപാപം അതിൽ വാഴാത്ത പ്രബലപട്ടണമേ"(12). "കന്യകമാതാവു ആദ്യത്തെ ആദാമിന്റെ കടംവീട്ടി" (13). മറിയം പിശാചിനെയും അവന്റെ ദൂതന്മാരെയും തോല്പിച്ചു. മടങ്ങാത്തതും, തോറ്റുപോകാത്തതുമായ ആയുധവും, പിശാചിന്റെ ആയുധപ്രയോഗത്തിൽ നിന്നു മനുഷ്യരെ രക്ഷിക്കുന്നവളും, പൈശാചിക പാപം വാഴാത്ത പ്രബല പട്ടണവും ആണെങ്കിൽ എപ്പോഴെങ്കിലും മറിയം പാപത്തിൽ ഇരുന്നവളാണെന്നു വിശ്വസിച്ചുകൂടാ. അങ്ങനെയെങ്കിൽ ആ ആയുധം മടങ്ങിയതായും, പിശാചു അവന്റെ ആയുധത്താൽ അവളെ തോല്പിച്ചതായും, പിശാച അവളിൽ വാണതായും, ആദാമിന്റെ കടം വീടാതിരുന്നതായും പറയേണ്ടിവരും. "ഞങ്ങളുടെ കുടുംബത്തലവന്റെ പാപം താൻവഴിയായി പരിഹരിക്കപ്പെട്ട പുണ്യവതിയേ! നിനക്കു ഭാഗ്യം.....പാപവിഷ്ഠയിൽനിന്നും മനുഷ്യകുലത്തെ ഉയർത്തിയതുകൊണ്ടു

---

11) പുകുഷ്ഠ, പ്രു.മിയോൻ, പ്രഭാതം പുറം 204.
12) ഏലീശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്ര, മൂന്നാംമണി, പുറം 92
13) പുകുഷ്ഠ, രാത്രി 2-ാം കൌമാ, പുറം 199.

www.malankaralibrary.com



നീ വാഴ്ത്തപ്പെട്ടവളാകുന്നു" (14). "മറിയം കുടുംബത്തലവനായ ആദാമിന്റെ പാപം പരിഹരിച്ചവളും, ജന്മപാപത്തിന്റെ വിഴ്ചയിൽനിന്നു മനുഷ്യകുലത്തെ മുഴുവനായി ഉയൎത്തിയവളുമാണെങ്കിൽ അവൾക്കു ജന്മപാപം ഉണ്ടായിരിക്കയില്ലല്ലോ. "കൂനിയിരുന്ന ആദാം അവൾമൂലം നിവൎത്തപ്പെട്ട ഊന്നുവടിയേ! സമാധാനം. തന്റെ രുചിയാൽ മനുഷ്യകുലത്തെ മുഴുവനും രുചിപ്പിച്ച കാരമുള്ള ഉപ്പേ! സമാധാനം" (15). ജന്മപാപത്താൽ കൂനിയിരുന്ന ആദാം മറിയമെന്ന ഊന്നുവടിയാൽ നിവൎത്തപ്പെട്ടെങ്കിൽ മറിയത്തിനു ജന്മപാപത്താൽ കൂനുണ്ടായിട്ടില്ലെന്നല്ലേ അൎത്ഥം? പാപംമൂലം മനുഷ്യകുലത്തിനു മുഴുവൻ ഉപ്പിന്റെ കാരം നഷ്ടപ്പെട്ടെന്നും, മറിയത്തിനു അതു ഒരിക്കലും നഷ്ടപ്പെടാതെ മനുഷ്യകുലത്തെ മുഴുവൻ തന്റെ കാരത്താൽ രുചിപ്പിച്ചെന്നും പറയുന്നതിനാൽ മറിയത്തിൽ പാപം ഒരിക്കലും ഉണ്ടായിട്ടില്ലെന്നല്ലേ അൎത്ഥം? "ഉപ്പു ഉറകെട്ടുപോയാൽ അതിനു എന്തുകൊണ്ടു ഉറക്കൂട്ടും? പുറത്തു കളഞ്ഞിട്ടു അതു മനുഷ്യരാൽ ചവിട്ടപ്പെടുവാനല്ലാതെ ഒന്നിനും അതു ഉപകരിക്കയില്ല" (മത്താ. 5, 13) എന്നു കൎത്താവു അരുളിച്ചെയ്യുന്നുണ്ടല്ലോ. ആകയാൽ മനുഷ്യകുലത്തിനു മുഴുവൻ രുചിവരുത്തിയ മാതാവിന്റെ ഉപ്പുരസം (കാരം) അഥവാ ദൈവപ്രസാദവരം ഒരിക്കലും നഷ്ടപ്പെട്ടിരിക്കയില്ല.

---

14) ശുചനിപ്പ്, പ്രഭാതം. പുറം 71; മറിയാമിന്റെ യായാത്ര; രാത്രി 1-ാം കൌമ്മാ, പുറം 82.

15) മറിയാമിന്റെ യാത്ര, മൂന്നാം മണി, പുറം 92.

www.malankaralibrary.com



4. മറിയം സകല സൃഷ്ടിയിലും സൌരഭ്യം വീശി.

"തന്റെ പരിമളവാസന നാനാഭാഗത്തേക്കും വീശി മഹത്തരമായ തന്റെ അഴകാൽ എല്ലാഗോത്രങ്ങളേയും ജയിച്ച മനോഹരവും സുഗന്ധവാസനയുള്ളതുമായ ശുശാനപുഷ്പമേ! കൃപ നിറഞ്ഞ മാതാവേ!... ദുർഗ്ഗന്ധപൂരിതമായ ഭൂലോകത്തിൽ നശിക്കാത്ത സൌരഭ്യം തളിക്കുകയും ജനങ്ങളിൽ എത്തിപ്പോകാത്ത ജീവന്റെ പരിമളം ഒഴുക്കുകയും ചെയ്ത കുളിർമേഘമായ മാതാവേ!" (16)

5. മറിയംമൂലം ലോകത്തിന്റെ ശാപം നീങ്ങി സകല നന്മകളും ലഭിച്ചു.

"ഭൂമിയിൽനിന്ന് ആർമൂലം ശാപംനീങ്ങിയോ, ആ വാഴ്ത്തപ്പെട്ടവളേ! നിനക്കു സമാധാനം" (17) "ദൈവമാതാവേ! നീ ഭാഗ്യവതി. നീ മൂലം അന്ധകാരം ലോകത്തിൽനിന്നു നീങ്ങി, മരണത്തിന്മേലുള്ള ജയം, നാശമില്ലായ്മ, പാപമോചനം, പൂർവ്വവീഴ്ചയുടെ പരിഹാരം, ഏദനിലേക്കുള്ള പുനഃപ്രവേശനം, വീണ്ടുംജനനം, പുത്രസ്വീകാരം, പൈശാചികാധിപത്യത്തിന്മേലുള്ള വിജയം, മായിക്കപ്പെടുവാൻ പാടില്ലാത്ത മുദ്ര, മായാത്ത അടയാളം, വിശുദ്ധ കുർബ്ബാനാനുഷ്ഠാനം— എന്നുവേണ്ടാ—എല്ലാഗുണങ്ങളും നീമൂലം ഞങ്ങൾക്കു സിദ്ധിച്ചു." (18) മറിയംമൂലം ലോകത്തിന്റെ ശാപംനീങ്ങി സകലനന്മകളും ലഭിച്ചെങ്കിൽ അവരും പാപമാ

16) വചനിപ്പ്, ഏത്രോ (ധൂപപ്രാർത്ഥന,) പുറം 68, 76
17) വചനിപ്പ്, പ്രൂമിയോൻ, സന്ധ്യ, പുറം 61.
18) പുകഴ്ച, പ്രൂമിയോൻ, പ്രഭാതം, പുറം 203-204.

www.malankaralibrary.com



ക്കുന്ന മഹാശാപത്തിനും ഏററം വലിയ തിന്മയ്ക്കും ഒരിക്കലും വിധേയായിരുന്നുകൂടല്ലോ.

## 6. മറിയത്തിന്റെ യോഗ്യതകൾ വർണ്ണനാതീതമാണ്.

ദൈവമാതാവിന്റെ തിരുനാളിൽ വി. കുർബാനസമയത്തു ചൊല്ലുന്ന "പ്ര. മിയോൻ" എന്ന ദീർഘ പ്രാർത്ഥനയിൽ പറയുന്നു: "...ഞങ്ങളുടെ രക്ഷിതാവായ മിശിഹായുടെ മാതാവായ സകല സൌന്ദര്യങ്ങളും നിറഞ്ഞിരിക്കുന്ന കന്യകയായുള്ളോവേ! നിന്റെ സ്തുതികളെ വർണ്ണിപ്പാൻ കഴിയുന്ന നാവുകൾ ഏവയാകുന്നു? ഇതു ഹേതുവായിട്ട്, ജീവന്റെ ഉറവയും, രക്ഷയുടെ ഒഴുക്കും, വാഴ്ത്തപ്പെട്ട വയലും, സ്വർഗ്ഗത്തിലേക്കു കരേറുന്ന ഗോവണിയുമായി, ഞങ്ങൾ നിന്നെ അറിയുന്നു. ഇതിനാൽ ഞങ്ങൾ അതിശയിച്ചു പറയുന്നതെന്തെന്നാൽ, മാലാഖമാരുടെ നാഥൻ നിന്നിൽ വസിച്ചതായ ജഡികരഥമേ! നിനക്കു ഭാഗ്യം. ആന്തരീയ മുറ പടർപ്പും, മഹോന്നതൻ നിന്നിൽനിന്നു കാണപ്പെട്ട പെട്ടിയുമായുള്ളോവേ! നിനക്കു ഭാഗ്യം. കൃപനിറഞ്ഞിരിക്കുന്നവളേ...നിന്നിൽനിന്നു ഉദിച്ച പുത്രനോടു ഞങ്ങളോടുകൂടെ നീ അപേക്ഷിക്കണമേ" (19).

"സകല സൌന്ദര്യങ്ങളുടെയും പൂർണ്ണതയാൽ, തന്റെ കൃപമൂലം ദൈവത്തിനു മാതാവായി തീർന്നവൾ" (20). മറിയം സകല സൌന്ദര്യങ്ങളും നിറഞ്ഞവളും, സകല സൌന്ദര്യങ്ങളുടെയും പൂർണ്ണതയു-

---

19) കുർബാനതക്സാ (മട്ടയ്ക്കൽ മല്പാന്റെ പരിഭാഷ) പുറം 229.
20) ടി തക്സാ പുറം 230.

www.malankaralibrary.com



ള്ളവളമാണെങ്കിൽ ജന്മപാപമെന്ന കഠിന പാപം അവളിൽ ഉണ്ടായിരിക്കുമോ? പാപത്തെപ്പോലെ ദൈവം വെറുക്കുന്നതായിട്ടു ഒന്നുമില്ല. ശരീരം മുഴുവൻ കുഷ്ഠരോഗം ബാധിച്ച ജോബും ദൈവത്തിൻെറ സ്നേഹഭാജനമായിരുന്നു. എന്നാൽ കഠിനപാപത്തിൽ ഇരിക്കുന്ന ഒരാഠം ദൈവത്തിൻെറ ബദ്ധ ശത്രുവാണു്. മാതാവിനു ഈ നിർഭാഗ്യസ്ഥിതി എന്നെങ്കിലും ഉണ്ടായെങ്കിൽ അവളുടെ യോഗ്യതകളെ വർണ്ണിക്കുവാൻ യാതൊരു നാവിനും സാധിക്കയില്ലെന്നു പറയുന്നതും കള്ളമല്ലേ? മാതാവു പാപത്തിലിരുന്നെങ്കിൽ അവളുടെ യോഗ്യതകഠം വളരെ കുറവുള്ളവയും അവയെ വർണ്ണിക്കുവാൻ മനുഷ്യനാവിനു കഴിയുന്നതുമാണു്. പാപത്തിലിരുന്ന ഒരാഠക്കു സകല സൌന്ദര്യങ്ങളുടെയും പൂർണ്ണതയുള്ളവഠ, ജീവൻെറ ഉറവ, രക്ഷയുടെ ഒഴുക്കു, വാഴ്ത്തപ്പെട്ട വയൽ, സ്വർഗ്ഗത്തിലേക്കു കരേറുന്ന ഗോവണി, മോശ കണ്ട മുഠപ്പടർപ്പുപോലെയുള്ള (പുറപ്പാ. 3, 2) ആദ്ധ്യാത്മിക മുഠപ്പടർപ്പു ആദിയായ വിശേഷണങ്ങഠം ഒട്ടും യോജിക്കയില്ല. മാതാവു സദാ പാപരഹിതയായിരുന്നു എന്നുള്ള വിശ്വാസത്തെയാണു ഈ വിശേഷണങ്ങഠം തെളിയിക്കുന്നതു്.

"സുകൃത പൂർണ്ണയായ മാതാവിൻെറ ദൈവികഗുണഗണങ്ങളെ വേണ്ടവണ്ണം ഗ്രഹിപ്പാൻ കഴിയുന്ന ബുദ്ധിയും, വർണ്ണിപ്പാൻ കഴിയുന്ന നാവും ഏതാകുന്നു..." (21). "ദാവീദിൻെറ സന്തതിയായ ഇവഠം ആകാശത്തോളം ഉയർന്നവളും പ്രഭാഷകർക്കു വർണ്ണിപ്പാൻ പ്രാപ്തിപോരാത്തവളും ആകുന്നു. ജ്ഞാനി

21) പുകഴ്ച, രാത്രി 2-ാംകൌമ്മാ, പുറം 198.

www.malankaralibrary.com



കൾ ഇവളെ ഗ്രഹിച്ചില്ല. വിദ്വാന്മാക്കും അറിവാൻ സാധിച്ചില്ല" (22). "അവളെക്കുറിച്ചുള്ള ഏതു സ്തുതിയും പുകഴ്ച്ചയും തന്നിക്കു മതിയാകുന്നതല്ല. അവയെല്ലാം തന്നെയും മാതാവിന്റെ ഗുണഗണങ്ങൾക്കു താഴെയാകുന്നു". (23) മാതാവു പാപത്താൽ എന്നെങ്കിലും മലിനപ്പെട്ടിരുന്നെങ്കിൽ അവളുടെ ഗുണഗണങ്ങളെ വർണ്ണിക്കാൻ കഴിയാത്ത നാവില്ലെന്നു പറയുന്നതും, ജ്ഞാനികൾ അവളെ ഗ്രഹിച്ചില്ലെന്നു പറയുന്നതും വ്യാജമായിരിക്കും.

## 7. മറിയം മാലാഖമാരെക്കാൾ ഉയന്നവൾ.

"ക്രൂബേന്മാരുടെ രഥത്തെക്കാൾ ഉയന്നിരിക്കുന്നവളേ!...ലോകമാസകലത്തിന്റെ ഉന്നതിയും സന്തോഷവുമേ! നിനക്കു ഭാഗ്യം" (24). "ക്രൂബേകൾക്കു സാമ്യമായവളേ! നിനക്കു സമാധാനം"(25). "ക്രൂബേന്മാർ, സ്രാപ്പേന്മാർ ഇവരെക്കാൾ ഉയന്നിരിക്കകൊണ്ടു നീ അനുഗ്രഹിക്കപ്പെട്ടവൾ" (26). "ഉൽകൃഷ്ടയായ മാതാവേ! നിന്റെ വിശുദ്ധിക്കു ചേരുന്ന സ്തോത്രകിരീടം മുടയുവാൻ ആക്കു കഴിയും? എന്തെന്നാൽ നീ ക്രൂബേന്മാരിലും ഉയന്നവളും സ്രാപ്പേന്മാരിലും മഹത്വവതിയും...ആകുന്നു" (27). സ്വർഗ്ഗത്തിലുള്ള മാലാഖമാക്കു ഒരിക്കലും പാപം ഉണ്ടായിട്ടില്ല. മറിയം സകല മാലാഖമാരെക്കാൾ ഉയന്നവളാണെങ്കിൽ—മാലാ

22) പുകഴ്ച, രാത്രി 1-ാം കൊമ്മാ, പുറം 195.
23) പുകഴ്ച, രാത്രി 2-ാം കൊമ്മാ പുറം 199
24) വചനിപ്പു്, പ്രഭാതം, പുറം 71-72
25) വചനിപ്പു്, സന്ധ്യ, പുറം 61
26) മറിയാമിന്റെ യാത്ര, രാത്രി 1-ാംകൌമ്മാ, പുറം 82.
27) പുകഴ്ച, മൂന്നാംമണി, പുറം 206.

www.malankaralibrary.com


ഖമാരുടെ രാജ്ഞിയാണു മാതാവെന്നും യാക്കോബാ യസഭ വിശ്വസിക്കുന്നു—മറിയം പാപത്താൽ ഒരിക്കലും മലിനപ്പെട്ടിരിക്കയില്ല. പ്രജകളായ മാലാഖമാർ സദാ നിർമ്മലരെങ്കിൽ അവരുടെ രാജ്ഞിയായ മറിയം ഏപ്പോഴെങ്കിലും മലിനപ്പെട്ടുമോ?

## 8. മാതാവിൻെറ വിവിധനാമങ്ങളും മാഹാത്മ്യങ്ങളും.

"കർത്താവേ! നീ മനുഷ്യനായിത്തീരുകയും അവളെ (മറിയത്തെ) രണ്ടാമത്തെ ആകാശമായി കാണിക്കയും ചെയ്തു" (28). "ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ട രണ്ടാം സ്വർഗ്ഗമേ!" (29). "മാതാവു.. സ്വർഗ്ഗീയ ആദാമിൻെറ ചൈതന്യമുള്ള പറദീസായും...ദൈവം വസിച്ച മണവറയുമാകുന്നു" (30). "സ്വർഗ്ഗവാസിയെ വഹിച്ചാഘോഷിച്ച രണ്ടാം സ്വർഗ്ഗമേ!" (31). സ്വർഗ്ഗത്തിൽ യാതൊരു മാലിന്യവുമില്ല. മറിയം രണ്ടാമത്തെ സ്വർഗ്ഗവും പറദീസായുമാണെങ്കിൽ അവളിൽ ഒരിക്കലും യാതൊരുമാലിന്യവുമുണ്ടായിട്ടില്ല.

"തൻെറ വീഞ്ഞിനാൽ ശപിക്കപ്പെട്ട സർപ്പവിഷത്തെ ഹനിച്ച മുന്തിരിപ്പഴക്കുലയെ അതിൽ കാണിച്ച മഹത്തരമായ മുന്തിരിത്തണ്ടേ! സമാധാനം" (32). പിശാചായ സർപ്പത്തിൻെറ പാപമെന്ന വിഷത്തെ നശിപ്പിച്ച ക്രിസ്തുവാകുന്ന മുന്തിരിക്കുലയെ സൃഷ്ടിപ്പിച്ച മുന്തിരിത്തണ്ടാണു മാതാവെങ്കിൽ അവ

---

28) വചനിപ്പ്, പ്രഭാതം, പുറം 69. 29) മറിയാമിൻെറ യാത്ര, രാത്രി 2-ാം കൗമ്മാ, പുറം 85. 30) പുകഴ്ച, രാത്രി 2-ാം കൗമ്മാ പുറം 198. 31) വചനിപ്പ്, പ്രഭാതം, പുറം 72. 32) മറിയാമിൻെറ യാത്ര, മൂന്നാംമണി, പുറം 92.

www.malankaralibrary.com


ളിൽ പാപവിഷം അല്പംപോലും ഉണ്ടായിക്കൂടാ. വിഷമുള്ള തണ്ടു വിഷമില്ലാത്ത കലയെ സൂചിപ്പിക്കുന്നില്ല.

“സകല നന്മകളുടെയും ആദ്യഫലമേ! നിനക്കു സമാധാനം” (33). സകല നന്മകളുമാകുന്ന വൃക്ഷത്തിൽ കായിച്ച ആദ്യത്തേ ഫലമാണു മറിയമെങ്കിൽ മറിയവും യാതൊരു തിന്മയും ഇല്ലാത്തവളായിരിക്കണം. നല്ലവൃക്ഷം നല്ലഫലങ്ങൾ പുറപ്പെടുവിക്കുന്നു, ചീത്തവൃക്ഷം ചീത്തഫലങ്ങൾ പുറപ്പെടുവിക്കുന്നു എന്നു കർത്താവും അരുളിച്ചെയ്യുന്നു (34).

“അവൾ (മറിയം) ആദ്യപാപത്തിനു പരിഹാരമാർഗ്ഗവും” (35), “മനുഷ്യപ്രകൃതി മുഴുവന്റെയും ഉറവയെ രുചിപ്പെടുത്തിയ ഉപ്പു ഇട്ടിരുന്ന പുതിയ കുടവും... ആകുന്നു” (36). മറിയം ആദ്യപാപത്തിന്റെ (ജന്മപാപത്തിന്റെ) പരിഹാരമാർഗ്ഗമാണെങ്കിൽ അവൾക്കുതന്നെ ജന്മപാപം ഉണ്ടായിക്കൂടല്ലോ. മറിയം മനുഷ്യപ്രകൃതി മുഴുവന്റെയും ഉറവക്കു രുചി വരുത്തിയ ഉപ്പുകുടമാണെങ്കിൽ മറിയത്തിനു എപ്പോഴെങ്കിലും ഉപ്പിന്റെ രുചിയില്ലാത്ത സ്ഥിതി (പാപമുള്ള സ്ഥിതി) വരുന്നതല്ലല്ലോ. ഉപ്പിനു ഉറകെട്ടുപോയാൽ മനുഷ്യരാൽ ചവിട്ടപ്പെടുന്നതിനേ ഉപകരിക്കൂ (മത്താ. 5, 13).

“അവൾ (മറിയം) സ്തുതിക്കപ്പെട്ട മഹാ പുരോഹിതന്റെ മഹാശുദ്ധസ്ഥലവും......മാലാഖമാർ കാ

33) വചനിപ്പ്, സന്ധ്യ, പുറം 61.
34) മത്താ. 7, 17.
35) പുകഴ്ച, സന്ധ്യ, പുറം 192.
36) പുകഴ്ച, രാത്രി 2-ാം കൗമ്മാ, പുറം 198.

www.malankaralibrary.com



ന്മാൻകൊതിക്കുന്ന മഹാശുദ്ധസ്ഥലവുമാകുന്നു"(37). മഹാശുദ്ധസ്ഥലം എന്നു പറയുന്നതു ദേവാലയത്തിന്റെ അന്തർഭാഗത്തെ ഏറ്റവും പരിശുദ്ധമായ സ്ഥലമാണു്. അതു് ഒരിക്കലും മലിനപ്പെടാത്ത ഒന്നാകയാൽ മറിയവും ഒരിക്കലും പാപത്താൽ മലിനപ്പെട്ടിട്ടില്ല.

"സർവ്വ നന്മകളുടെയും ഇരിപ്പിടമേ! നിനക്കു സമാധാനം...ജീവജലത്തിന്റെ അരുവിയും സകല നന്മകളുടെയും ഉറവയുമേ...ദൈവിക യോഗ്യതകൾ നിറഞ്ഞ സുന്ദരിയേ...കേടില്ലാത്ത മരംകൊണ്ടു ചെയ്യപ്പെട്ട നിയമത്തിൻ പെട്ടകമേ...സകല നന്മകളുടെയും കാരണമേ...സ്വർഗ്ഗീയഫലം തന്നിൽ കായിച്ച ശ്രേഷ്ഠമായ ഉദ്യാനമേ...നന്മകളുടെ സമൂഹവും നിക്ഷേപങ്ങളുടെ സമൃദ്ധമായ അറയുമേ...ഞങ്ങളുടെ കുടുംബത്തലവന്റെ പാപം താൻവഴിയായി പരിഹരിക്കപ്പെട്ട പുണ്യവതിയേ...ഐശ്വര്യത്തിന്റെ നിക്ഷേപമേ...സകല സൃഷ്ടികളുടെയും കുറവിനെ പരിഹരിച്ച സമ്പൂർണ്ണഭണ്ഡാരമേ...ലോകത്തെ രക്ഷിച്ച സജീവ പ്രളയം സർവ്വസൃഷ്ടികളുമായി ഒഴുക്കിയ സമാധാനനദിയേ..."(38) "പാപവീഴ്ചയിൽനിന്നു മനുഷ്യകുലത്തെ ഉയർത്തിയവളേ... മോശയുടെ സജീവ മുൾച്ചെടിയേ... ഏശായായുടെ ലഘുവായ മേഘമേ... വെളിപാടുകൾ നിറഞ്ഞ യറമിയായുടെ ഗ്രന്ഥച്ചുരുളേ... സഖറിയാപ്രവാചകന്റെ ദീപപീഠമേ... ഗിദയോന്റെ രോമക്കെട്ടേ... അഹറോന്റെ വടിയേ ...ശ്ലേ

---

37) പുകഴ്ച, സന്ധ്യ, പുറം 192; മൂന്നാം മണി, പുറം 206.
38) വചനിപ്പു്, പുറം 61, 64, 71, 72, 74, 75.

www.malankaralibrary.com



മ്മോനീയ തൂവാലയേ... പൊൻചെപ്പേ..." (39) "അനുഗ്രഹങ്ങളുടെ നദിയും... നീതിയുടെ സൂര്യൻ വസിച്ച മാംസികസ്വർഗ്ഗവുമേ... ലോകത്തിൽ ജീവന്റെ മഴയെ പൊഴിച്ച ശോഭിതമേഘമേ... ദൈവിക സമ്പത്തിന്റെ ഭണ്ഡാഗാരവും അശ്വരനിക്ഷേപവുമേ... സുകൃതതരമായ സർവ്വസൌന്ദര്യവും നിറഞ്ഞ കറയില്ലാത്ത രത്നമേ... മനുഷ്യരുടെ കണ്ണുകൾ അഭിമുഖീകരിക്കാത്ത കാന്തിയുണ്ടായിരുന്ന മോശയുടെ മുഖശ്ശീലയായവളേ... തിപ്പാറയേ... ഹസ്കിയേൽ പ്രവാചകൻ കണ്ട രഥമേ... രക്ഷയ്ക്കായി പറുദീസായുടെ മദ്ധ്യത്തിൽ നടപ്പെട്ടിരുന്ന ജീവന്റെ വൃക്ഷമേ... യാക്കോബു കണ്ട ഗോവണിയേ... നീലരത്നങ്ങൾ, സ്ഫടികം മുതലായ കല്ലുകൾകൊണ്ടു പണിചെയ്യപ്പെട്ട ആലയമേ..."(40) പറുദീസായിൽ ഉണ്ടായിരുന്ന ജീവന്റെ വൃക്ഷത്തിനു ഒരു മാലിന്യവുമുണ്ടായിരുന്നില്ല. ഇതുപോലെ മാതാവിനും മാലിന്യമില്ലായിരുന്നു എന്നു ഈ ഉപമ വ്യക്തമാക്കുന്നു. "മാതാവേ! നീ സ്വർഗ്ഗീയസൂര്യന്റെ രഥമാകുന്നു. നീ ഉദ്യമിന്നൽപിണരാൽ വിലസുന്ന കൂടാരമാകുന്നു... നീ ജീവജലം ഒഴുക്കിയ തിപ്പാറയും... വിശിഷ്ടങ്ങളായ ഔഷധങ്ങൾ നിറഞ്ഞ ഗോളവും, രാജാധിരാജന്റെ സജീവകൊട്ടാരവും, ശാശ്വതഭാഗ്യങ്ങളെ വഹിക്കുന്ന കപ്പലും...ആകുന്നു" (41) "ജീവജലം ഒഴുക്കി ലോകത്തിന്റെ ദാഹം തീർത്ത മരുഭൂമിയിലെ കി

---

39) മറിയാമിന്റെയാത്ര, രാത്രി I-ാം കൌമ്മാ പുറം 82; പ്രഭാതം പുറം 89.

40) യാത്ര മൂന്നാംമണി, പുറം 92-93.

41) പൂകഷ്ഷ, മൂന്നാംമണി പുറം 206-207

www.malankaralibrary.com



ണർ"(42). "മാതാവ് നീതിയുടെ സൂര്യൻ അതിൽ സ്ഥിതിചെയ്ത പുതിയ ആകാശവും മനുഷ്യരുടെ സകല രോഗവും സുഖപ്പെടുത്തുന്ന ഔഷധം അതിൽ നിന്നു മുളച്ച സീയോൻദേശവും...മരണകരമായ ഫലത്തിനു പകരം ജീവഫലം കൊടുത്ത ജീവന്റെ വൃക്ഷം അതിൽ നടപ്പെട്ട പുതിയ തോട്ടവും"...(43) "വിശിഷ്ടങ്ങളായ ഔഷധങ്ങൾ നിറഞ്ഞഗോളം" (44). പാപത്താൽ എപ്പോഴെങ്കിലും മലിനപ്പെട്ടവർക്ക് ഈ മനോഹര വിശേഷങ്ങളൊന്നും അനുയോജിക്കയില്ല. എന്തുകൊണ്ടെന്നാൽ ഈ ഉപമകളിൽ പറയുന്ന സാധനങ്ങളെല്ലാം ഒട്ടും മലിനപ്പെടാത്തവയാണു്.

ബുധനാഴ്ച സന്ധ്യാപ്രാർത്ഥനയിൽ യാക്കോബായ വൈദികർ ചൊല്ലുന്നു: "ദീർഘദർശികളുടെ തലവനായ മോശ അനുഗ്രഹീതയായ മാതാവിനെ ന്യായപ്രമാണത്തിലും ദീർഘദർശനത്തിലും ചിത്രീകരിച്ചു. ന്യായപ്രമാണത്തിന്റെ പെട്ടകത്തിലും, മന്നായിട്ട ചെപ്പിലും, അതിവിശുദ്ധ സ്ഥലത്തുള്ള അഹരോന്റെ തളിർത്ത വടിയിലും, ഗെദെയോന്റെ പക്കലുള്ള രോമക്കെട്ടിലെ മഞ്ഞിലും, ഏലിശായുടെ പുതിയ കുടത്തിലും, സ്തുത്യർഹനായ ഏശായായുടെ ലഘുമേഘങ്ങളിലും (അവളെ ചിത്രീകരിച്ചു)...മാലിന്യമില്ലാത്ത മുത്തേ! നിന്നിൽനിന്നു ഉദിച്ച ഫലത്തോടു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു".

---

42) പൃക്കുഷ്ഠ, രാത്രി 2-ാംകൌമ്മാ പുറം 198
43) പൃക്കുഷ്ഠ, രാത്രി 2-ാംകൌമ്മാ പുറം 199
44) പൃക്കുഷ്ഠ, മൂന്നാം മണി പുറം 207

www.malankaralibrary.com



## യാക്കോബായ പണ്ഡിതൻെറ സാക്ഷ്യം

യാക്കോബായ സഭയിലെ മഹാപണ്ഡിതന്മാരിൽ ഒരാളായ സ്രൂഗിലെ യാക്കോബ് പറയുന്നു: "ദൈവം അവളെ (മറിയത്തെ) തെരഞ്ഞെടുത്തു എന്ന അക്കാര്യത്താൽതന്നെ മറിയത്തെക്കാൾ പരിശുദ്ധിയുള്ള ഒരാൾ ഒരിക്കലും ഉണ്ടായിട്ടില്ലെന്നു തെളിയുന്നു. അവളുടെ ആത്മാവിനെ എന്തെങ്കിലും മാലിന്യം അലങ്കോലപ്പെടുത്തിയിരുന്നെങ്കിൽ, അവളെക്കാൾ നിർമ്മലയും പരിശുദ്ധയുമായിട്ടു ഒരു കന്യക ഉണ്ടായിരുന്നെങ്കിൽ ദൈവം മറിയത്തെ തള്ളിക്കളഞ്ഞിട്ടു അവളെ തെരഞ്ഞെടുക്കുമായിരുന്നു" (45) മാതാവിൻെറ ആത്മാവിൽ ഒരിക്കലും മാലിന്യമുണ്ടായിട്ടില്ലെന്ന് എത്ര സ്പഷ്ടമായി ഈ പണ്ഡിതൻ പറയുന്നു എന്നു കണ്ടാലും.

ഇങ്ങനെ പുരാതന സഭയിലെ പിതാക്കന്മാരും, യാക്കോബായ സഭയിലെ ഔദ്യോഗിക ഗ്രന്ഥങ്ങളും പണ്ഡിതന്മാരും ഏറ്റുപറയുന്ന വിശ്വാസത്തെ—ദൈവമാതാവ് പാപരഹിത അഥവാ അമലോത്ഭവയാണെന്നുള്ള വിശ്വാസത്തെ—1854-ൽ കത്തോലിക്കാസഭ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തപ്പോൾ പുതിയ ഒരു വിശ്വാസത്തെ കത്തോലിക്കാസഭ സൃഷ്ടിക്കയാണു ചെയ്തതെന്നും, അതു പാഷണ്ഡോപദേശമാണെന്നും സലാമ റമ്പാനും കൂട്ടരും പറയുന്നതു എത്രയോ അബദ്ധമാണ്! ഈ ഔദ്യോഗിക പ്രഖ്യാപനം കഴിഞ്ഞു നാലുകൊല്ലമായപ്പോൾ, അതായതു 1858-ൽ ഫ്രാൻസിലുള്ള

45) Ed. Bickell, "Ausyawahlte Gedicte", pp. 228 sqq.

www.malankaralibrary.com



ലൂർദ്ദിൽ ബെർണ്ണദീത്താ എന്ന കന്യകയ്ക്കു ദൈവമാതാവു പലപ്രാവശ്യം പ്രത്യക്ഷയായി പല സന്ദേശങ്ങളും നല്കിയ കൂട്ടത്തിൽ "ഞാൻ അമലോത്ഭവ"മാണെന്നു പ്രസ്താവിച്ചുകൊണ്ടു മാർപ്പാപ്പാ ചെയ്ത പ്രഖ്യാപനത്തെ സ്ഥിരീകരിച്ചു. അന്നുതുടങ്ങി ഇന്നുവരെ മാതാവിന്റെ മാദ്ധ്യസ്ഥതാൽ ലൂർദ്ദിൽ നടന്നുകൊണ്ടിരിക്കുന്ന അത്ഭുതരോഗശമനങ്ങൾ അവിശ്വാസികൾക്കുകൂടെയും നിഷേധിക്കുവാൻ സാധിക്കാത്തവിധം അമലോത്ഭവ സത്യത്തെ ലോകസമക്ഷം സ്ഥിരീകരിക്കുന്നു. * മാതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതു നിരർത്ഥകമാണെന്നു പഠിപ്പിക്കുന്ന പ്രോട്ടസ്റ്റന്റു സഭക്കാർ മാതാവിനെ വല്ലാതെ ദൂഷിച്ചുകൊണ്ടു കത്തോലിക്കാസഭയെ അധിക്ഷേപിക്കുന്നതിൽ ഔത്സുക്യം കാണിക്കുന്നു. മാതാവിനെ വളരെ സ്തുതിച്ചു ബഹുമാനിക്കുന്ന യാക്കോബായക്കാർ കത്തോലിക്കാസഭയോടുള്ള വിദ്വേഷം നിമിത്തം പ്രോട്ടസ്റ്റന്റുകാരുടെ വാദങ്ങൾ സ്വീകരിച്ചു മാതാവു പാപമുള്ളവളാണെന്നു പറഞ്ഞു വാദകോലാഹലങ്ങൾ മുഴക്കുന്നതു എത്രയോ പരിതാപകരം! യാക്കോബായ സഹോദരങ്ങൾക്കു അവരുടെ സഭയിലെ വിശ്വാസം അറിഞ്ഞുകൂടാ. കർത്താവിന്റെ അമ്മ ഇപ്പോൾ വളരെ നല്ലവളാണെങ്കിലും ഒരുകാലത്തു വളരെ ചീത്തയായിരുന്നെന്നു പറഞ്ഞു നടക്കുന്നതോ അവിടത്തെ മക്കൾക്കു അഭിമാനകരം? ദൈവമാതാവു സർവ്വദാ നല്ലവളാണെന്നു പറയുന്ന കത്തോലിക്കർ പാഷണ്ഡികളാണെന്നു പ്രസ്താവിച്ചു അധിക്ഷേപിക്കുന്ന സലാമറമ്പാനും യാക്കോബായക്കാരുമോ കർത്താവിന്റെയും മാതാവിന്റെയും തിരുവിഷ്ടം നിറവേ.

* ഏക സത്യസഭ 8-ാം അദ്ധ്യായം കാണുക.

www.malankaralibrary.com



റുന്നവർ? "കണ്ടാലും! ഇതുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വിളിക്കും" (46) എന്നു ദൈവമാതാവു പരിശുദ്ധാത്മാവിനാൽ നിറഞ്ഞു അരുളിച്ചെയ്ത പ്രവചനം കത്തോലിക്കരിലോ യാക്കോബായക്കാരിലോ പൂർണ്ണമായി നിറവേറിയിരിക്കുന്നതു്?

പരിശുദ്ധാത്മാവു പിതാവിൽനിന്നു മാത്രമല്ല പുത്രനിൽനിന്നുകൂടിയുമാണു പുറപ്പെടുന്നതു്, ക്രിസ്തുവിൽ ദൈവികം മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങളുണ്ടു്, മരിച്ച ചിലരുടെ ആത്മാക്കൾ ഉടനേ സ്വർഗ്ഗത്തിലോ നരകത്തിലോ പ്രവേശിക്കാതെ ശുദ്ധീകരണം പ്രാപിക്കുന്ന സ്ഥിതിയിലാണു്, ദൈവമാതാവിന്റെ ആത്മാവു ജന്മപാപത്താൽ ഒരിക്കലും മലിനപ്പെട്ടില്ല എന്നിവയാണു സലാമറമ്പാൻ കത്തോലിക്കസഭയിൽ കാണുന്ന ചില പാഷണ്ഡോപദേശങ്ങൾ എന്നു പറഞ്ഞതല്ലോ. ഇവയൊന്നും പാഷണ്ഡോപദേശമായി യാക്കോബായക്കാർക്കു പരിഗണിക്കുവാൻ നിവൃത്തിയില്ലെന്നു ഇതുവരെ പ്രതിപാദിച്ചതിൽ നിന്നു വായനക്കാർക്കു ബോദ്ധ്യമായിരിക്കുമല്ലോ. സലാമറമ്പാന്റെ മേല്പട്ടക്കാരനായ മാർ ജൂലിയോസ് തിരുമേനി കത്തോലിക്കസഭയും യാക്കോബായസഭയും തമ്മിൽ 143 കൂട്ടം കാര്യങ്ങളിലും, ഇപ്പോഴത്തെ യാക്കോബായ പാത്രിയർക്കീസ് (മുമ്പു ആഹാദ്റമ്പാൻ) 130 കൂട്ടം കാര്യങ്ങളിലും വ്യത്യാസമുണ്ടെന്നും, ഓർത്തോഡോക്സ് കക്ഷിയുടെ പരമാദ്ധ്യക്ഷനായ കാതോലിക്കാബാവാ കത്തോലിക്കസഭയിൽ പല പാഷണ്ഡതകളുണ്ടെന്നും പ്രസ്താവി

46) ലൂക്കാ. 1, 48.

www.malankaralibrary.com



ച്ചിട്ടുണ്ട്(47). എന്നാൽ മലങ്കര യാക്കോബായസഭ യിൽ ഇതുവരെ ഉണ്ടായിട്ടുള്ളവരിൽവെച്ച (മാർ ഇവാനിയോസ് തിരുമേനിയെ കത്തോലിക്കാസഭയിലെ ഒരു മേല്പട്ടക്കാരനായി പരിഗണിച്ചാണു ഇവിടെ പറയുന്നതു) ബുദ്ധിശക്തിയിലും, വേദശാസ്ത്രം സഭാനിയമങ്ങൾ എന്നീ വിഷയങ്ങളിലുള്ള ജ്ഞാനത്തിലും വട്ടശ്ശേരി മാർ ദിവന്നാസ്യോസ് തിരുമേനിയെപ്പോലെ മികച്ച വേറൊരു മേല്പട്ടക്കാരൻ ഉണ്ടായിട്ടുള്ളതായി ആരും പറയുമെന്നു തോന്നുന്നില്ല. വട്ടിപ്പണക്കേസിൽ മൊഴികൊടുക്കുകയിൽ ഈ തിരുമേനി പ്രസ്താവിച്ചതു കത്തോലിക്കാസഭയും യാക്കോബായസഭയും തമ്മിൽ പരിശുദ്ധാത്മാവിന്റെ പുറപ്പാട്, ക്രിസ്തുവിൽ എത്ര സ്വഭാവം എന്നീ രണ്ടു വിഷയങ്ങളിൽ മാത്രമേ വ്യത്യാസമുള്ളവെന്നും, ഈ വ്യത്യാസം അപ്രധാനമാണെന്നും അത്രേ (48). ഈ രണ്ടു വിഷയങ്ങളെ സംബന്ധിച്ചും മുകളിൽ ഉദ്ധരിച്ചിരിക്കുന്ന തെളിവുകൾ അനുസ്മരിച്ചാൽ തിരുമേനിയുടെ ഈ പ്രസ്താവന എത്ര ശരിയാണെന്നു ഗ്രഹിക്കാം. "A little knowledge is a dangerous thing", "Empty vessels make the greatest sound". (അല്പജ്ഞാനം അപകടം; നിറകുടം തുളുമ്പുകയില്ല; അകം പൊള്ളയായ ചെണ്ട എത്രയും വലിയ ശബ്ദമുണ്ടാക്കുന്നു) എന്നീ ആപ്തവാക്യങ്ങൾ ഇത്തരുണത്തിൽ ചിന്തനീയമെന്നേ പറയേണ്ടതുള്ളൂ.

---

47) എന്റെ തെക്കേലിപ്രസംഗം, പുറം 117, 221.
48) എന്റെ തെക്കേലിപ്രസംഗം, പുറം 237–239–ൽ ഈ തിരുമേനിയുടെ സാക്ഷ്യം മുഴുവനായി ഉദ്ധരിച്ചിരിക്കുന്നു.

www.malankaralibrary.com



## 4. പത്തു കല്പനകൾ.

കത്തോലിക്കാസഭ വിശുദ്ധന്മാരുടെയും മററും പ്രതിമകൾ ഉണ്ടാക്കി വിഗ്രഹാരാധന ചെയ്യുന്നതിനെ ന്യായീകരിക്കാൻ വേണ്ടി വേദപുസ്തകത്തിൽ നിന്നു "യാതൊന്നിൻെറയും പ്രതിമയുണ്ടാക്കരുതു്" (പുറപ്പാടു് 20, 4) എന്നുള്ള രണ്ടാംകല്പന മുഴുവനായി നീക്കിക്കളഞ്ഞെന്നും, കത്തോലിക്കരുടെ പത്തു കല്പനകളിൽ ഈ കല്പന പ്രസ്താവിക്കാതെ കല്പനകളുടെ സംഖ്യ പത്താക്കുന്നതിനുവേണ്ടി "അയൽക്കാരനുള്ള യാതൊന്നിനെയും നീ ആഗ്രഹിക്കരുതു" (പുറപ്പാടു് 20,17) എന്ന പത്താം കല്പനയെ വെട്ടിക്കണ്ടിച്ചു "അന്യൻെറ ഭാര്യയെ ആഗ്രഹിക്കരുതു്, അന്യൻെറ വസ്തുക്കളെ ആഗ്രഹിക്കരുതു്" എന്നിങ്ങനെ രണ്ടു കല്പനകളാക്കിയെന്നും പ്രോട്ടസ്റ്റൻറുകാരും അവരെ അനുകരിച്ചു യാക്കോബായക്കാരും വാദിച്ചു വരുന്നു. ഈ വാദംതന്നെ സലാമറമ്പാനും സ്വീകരിച്ചു് വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പായോടു ഇങ്ങനെ ചോദിക്കുന്നു:—"ദൈവം ഇസ്രായേല്യക്കു പത്തു കല്പനകൾ അല്ല, പിന്നെയോ ചില കല്പനകൾ കൊടുത്തു എന്നു അങ്ങു വാദിക്കുന്നു. രണ്ടാമത്തേ കല്പന ബിംബാരാധനയെ നീതീകരിക്കാൻവേണ്ടി ഇല്ലാതാക്കുകയും, പത്താമത്തേ കല്പന മുറിച്ചു രണ്ടാക്കുകയും ചെയ്ത റോമ്മാസഭയെ നീതീകരിക്കാനല്ലയോ അച്ചൻ ഉദ്ദേശിക്കുന്നതു്? അങ്ങയുടെ പാണ്ഡിത്യം എവിടെ? വേദപുസ്തകത്തിലുള്ള അറിവു എവിടെ പോയി എന്നതിനെക്കുറിച്ചു ഞാൻ പരിതപിക്കുന്നു" (വിശ്വാസത്യാഗി പുറം 4). "പ

www.malankaralibrary.com



ത്തുകല്പനകൾ റോമ്മാസഭ തിരുത്തൽ ചെയ്തിട്ടില്ലേ? (കാതോ. റോമ്മാവാദങ്ങളും, മുഖവുര പുറം 2)

പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും വിശുദ്ധ ഗ്രന്ഥങ്ങൾ ഇന്നു നാം കാണുന്നവിധം അദ്ധ്യായങ്ങളും വാക്യങ്ങളുമായി വേർതിരിക്കാതെയാണു പുരാതനകാലത്തു എഴുതപ്പെട്ടതും, അവയുടെ കൈയെഴുത്തുപ്രതികളും വിവിധഭാഷകളിലുള്ള പരിഭാഷകളും നിർമ്മിക്കപ്പെട്ടതും. 1228-ൽ നിര്യാതനായ കാൻറർബെറി ആർച്ചുബിഷപ്പായിരുന്ന കർദ്ദിനാൾ സ്റ്റീഫൻ ലാങ്ങ്ടൺ ആണു വേദപുസ്തകത്തെ ആദ്യമായി അദ്ധ്യായങ്ങളായി വിഭജിച്ചതു്. 1548-ൽ റോബർട്ട സ്റ്റീഫൻ എന്നയാൾ ഈ അദ്ധ്യായങ്ങളെയെല്ലാം വാക്യങ്ങളായി വിഭജിച്ചു. ദൈവം നല്കിയ പത്തു കല്പനകൾ പുറപ്പാടുപുസ്തകത്തിലും ആവർത്തന പുസ്തകത്തിലും ഇന്നത്തേപ്പോലെ അന്നും ഉണ്ടായിരുന്നു. എന്നാൽ അദ്ധ്യായങ്ങളും വാക്യങ്ങളും 13-ാം ശതാബ്ദത്തിനു മുമ്പ് ഇല്ലാതിരുന്നതിനാൽ ഇന്ന അദ്ധ്യായങ്ങളിൽ, ഇന്ന വാക്യങ്ങളിൽ ഈ കല്പനകൾ അടങ്ങിയിരിക്കുന്നു എന്നു അന്നു പറയുവാൻ സാധിക്കയില്ലായിരുന്നു. ദൈവം മോശയ്ക്കു രണ്ടു കല്പലകകളിലായി കല്പനകൾ എഴുതികൊടുത്തെന്നും, അവ പത്തു കല്പനകളാണെന്നും വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതിനാൽ (പുറപ്പാടു് 34, 28; ആവർത്തനം 4, 13; 10, 4) പുറപ്പാടു പുസ്തകത്തിലും ആവർത്തനപുസ്തകത്തിലും ഇന്നു നാം കാണുന്ന ഭാഗത്തുതന്നെ പത്തു കല്പനകൾ അടങ്ങിയിട്ടുണ്ടെന്നു യഹൂദന്മാർക്കും പുരാതന ക്രിസ്ത്യാനികൾക്കും നല്ലതുപോലെ അറിയാമായിരുന്നു. ഈ രണ്ടു പുസ്തകങ്ങളിലും പല വാചകങ്ങളിലായി ഈ

www.malankaralibrary.com



കല്പനകൾ അടങ്ങിയിരിക്കുന്നു എന്നു അവർ മനസ്സിലാക്കിയിരുന്നു എന്നല്ലാതെ വേദപുസ്തകത്തിലെ ഇന്ന വാചകം മുതൽ ഇന്ന വാചകംവരെ ഒന്നാം കല്പന, രണ്ടാംകല്പന എന്നിങ്ങനെ നമ്പരോടുകൂടി അവർ മനസ്സിലാക്കിയിരുന്നില്ല. ഉദാഹരണമായി കൊല്ലരുത്, വ്യഭിചാരം ചെയ്യരുത് എന്നിവ പത്തു കല്പനകളിൽ ഉൾപ്പെട്ടിരിക്കുന്നു എന്നല്ലാതെ ഇന്നു അകത്തോലിക്കർ മനസ്സിലാക്കുന്നതുപോലെ ഇവ ആറാം കല്പനയാണു്, ഏഴാം കല്പനയാണു എന്നിങ്ങനെ നമ്പരോടുകൂടി പുരാതന കാലത്തെ ആളുകൾ മനസ്സിലാക്കുകയോ പറയുകയോ ചെയ്തിരുന്നില്ല. ഇങ്ങനെ പത്തു കല്പനകളെ ദൈവം നമ്പരിട്ടല്ല കൊടുത്തതെന്നുള്ള കോർ എപ്പിസ്കോപ്പായുടെ പ്രസ്താവനയെ (പുറം 117) സലാമ റമ്പാച്ചൻ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു പത്തു കല്പനകളെയല്ല, പിന്നയോ ചില കല്പനകൾ കൊടുത്തു എന്നു കോർ എപ്പിസ്കോപ്പാ പറയുന്നതായി വായനക്കാരെ ധരിപ്പിക്കുന്നു. അതു കൃത്രിമമല്ലേ?

ഒന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന യഹൂദനായ ഫീലോ പത്തു ദൈവകല്പനകൾ അടങ്ങിയ വേദവാക്യങ്ങളെ തരംതിരിച്ചു ഒന്നാം കല്പന, രണ്ടാം കല്പന എന്നിങ്ങനെ പത്തു കല്പനകളെ വേർതിരിച്ചു എഴുതി. ഫീലോ എഴുതിയ ഈ ക്രമത്തെതന്നെ യഹൂദ ചരിത്രകാരനായ ഫ്ളാവിയസ് ജൊസേഫൂസ്, പുരാതന ഗ്രന്ഥകാരന്മാരിൽ ഒരാളായ ഒരിജൻ എന്നിവർ അനുകരിച്ചു. ഫീലോയുടെ ഈ ക്രമത്തെയാണു യാക്കോബായക്കാരും ഇംഗ്ലണ്ടിലും ഹെൽവേസ്യാ

www.malankaralibrary.com



യിലുമുള്ള പ്രോട്ടസ്റ്റൻറുകാരും മററും സ്വീകരിച്ചിരിക്കുന്നതു്. എന്നാൽ 5-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. ആഗസ്തീനോസ്, ഫീലോ വേദവാക്യങ്ങളെ തരംതിരിച്ച കല്പനകളുടെ നമ്പർ ക്രമപ്പെടുത്തിയതു് അത്ര ശാസ്ത്രീയവും യുക്തിപൂർവ്വകവുമായ വിധത്തിലല്ലെന്നു മനസ്സിലാക്കി മറെറാരു വിധത്തിൽ വേദവാക്യങ്ങളെ ക്രമപ്പെടുത്തി പത്തു കല്പനകൾക്കു നമ്പർ കൊടുത്തു. വി. ആഗസ്തീനോസിൻെറ ഈ ക്രമം ത്രേന്തോസ് സൂനഹദോസ് (1545-1563) സ്വീകരിച്ചതോടുകൂടി കത്തോലിക്കാ സഭയിൽ ഇതു നടപ്പായി. ബ്യൂസറിൻെറ കക്ഷിയിൽപ്പെട്ടവരൊഴിച്ചു് ജർമ്മനിയിലുള്ള ലൂഥറൻ സഭക്കാർ വി. ആഗസ്തീനോസിൻെറ ക്രമമാണു സ്വീകരിച്ചിട്ടുള്ളതു്. (1) ഇങ്ങനെ യാക്കോബായക്കാരും ചില പ്രോട്ടസ്റ്റൻറു സഭാവിഭാഗങ്ങളും പത്തു കല്പനകളെ സംബന്ധിച്ചു സ്വീകരിച്ചിട്ടുള്ള വേദവാക്യ ക്രമീകരണവും നമ്പരും ഫീലോയുടെതും, ത്രേന്തോസ് സൂനഹദോസിനോടുകൂടി കത്തോലിക്കാസഭയും ചില പ്രോട്ടസ്ററൻറു സഭാവിഭാഗങ്ങളും സ്വീകരിച്ചിരിക്കുന്ന വേദവാക്യക്രമീകരണവും നമ്പരും വി. ആഗസ്തീനോസിൻേറതുമാണു്. രണ്ടുകക്ഷിക്കാർക്കും കല്പനകൾ പത്തുതന്നെയാണു്. അവയെ ക്രമീകരിച്ചതിലും അവയ്ക്കു നമ്പർകൊടുത്തതിലും മാത്രമേ ഇരുകക്ഷികളും തമ്മിൽ വ്യത്യാസമുള്ളു. വായനക്കാർ കാര്യം ശരിയായി ഗ്രഹിക്കുന്നതിനുവേണ്ടി പത്തുകല്പനകൾക്കു ആധാരമായ വേദവാക്യങ്ങളെ ഉദ്ധരിച്ചിട്ടു രണ്ടു കക്ഷിക്കാരുടെയും ക്രമീകരണവും നമ്പർ ഇട്ടിരിക്കുന്ന രീതിയും വി.

1) Cf. Cathol. Encyclop., Commandments.

www.malankaralibrary.com



അഗസ്തീനോസിൻെറ യുക്തിയുക്തതയും വിശദമാകാം.

## പത്തു കല്പനകൾ അടങ്ങിയ വേദവാക്യങ്ങൾ. *

### പുറപ്പാട്, അദ്ധ്യായം 20.

"1. അനന്തരം ദൈവം ഈ വചനങ്ങളെല്ലാം അരുളിച്ചെയ്തു.

2. മെസ്രേൻനാട്ടിൽ നിന്നു—അടിമസ്ഥലത്തുനിന്നു—നിന്നെ കൊണ്ടുവന്ന നിൻെറ ദൈവമായ കർത്താവു ഞാനാകുന്നു.

3. എനിക്കു പുറമേ മററു ദേവന്മാർ നിനക്കുണ്ടാകരുത്.

4. മീതെ ആകാശത്തിലുള്ളതും, താഴെ ഭൂമിയിലുള്ളതും, ഭൂമിക്കുതാഴെ വെള്ളത്തിലുള്ളതുമായ യാതൊരു (വസ്തുവിൻെറ) പ്രതിമയും യാതൊരു രൂപവും നീ ഉണ്ടാക്കരുത്.

5. അവയെ നീ ആരാധിക്കരുത്; അവയെ നീ വണങ്ങുകയും അരുത്. എന്തെന്നാൽ എന്നെ ദ്വേഷിക്കുന്നവരോടു പിതാക്കന്മാരുടെ കുററങ്ങൾക്കു മൂന്നും നാലും തലമുറകളോളം മക്കളിൽ പ്രതികാരം ചെയ്യുന്ന തീക്ഷ്ണതയുള്ള ദൈവം—നിൻെറ ദൈവമായ കർത്താവു—ഞാനാകുന്നു.

6. എന്നാൽ എന്നെ സ്നേഹിക്കുന്നവർക്കും എൻെറ കല്പനകൾ അനുസരിക്കുന്നവർക്കും അനേകായിരം തലമുറകളോളം ഞാൻ നന്മ ചെയ്യും.

---

* 1934-ൽ മാന്നാനത്തു അച്ചടിച്ച കത്തോലിക്കാ വേദപുസ്തകത്തിൽ നിന്നാണ് ഉദ്ധരിക്കുന്നത്. പ്രോട്ടസ്റ്റൻറു വേദപുസ്തകത്തിലുള്ള വാക്യങ്ങളും ഇവയും തമ്മിൽ ആശയത്തിലും വാക്യങ്ങളുടെ നമ്പരിലും വ്യത്യാസമൊന്നുമില്ല.

www.malankaralibrary.com



7. നിന്റെ ദൈവമായ കർത്താവിന്റെ നാമം കൊണ്ടു വ്യാജമായി സത്യം ചെയ്യരുത്. എന്തെന്നാൽ തന്റെ നാമംകൊണ്ടു വ്യാജമായി സത്യം ചെയ്യുന്നവനെ കർത്താവു നീതീകരിക്കുകയില്ല.

8. ശാബതുനാളിനെ ശുദ്ധീകരിക്കുവാൻ ഓൎക്കുക.

9. ആറുദിവസം അദ്ധ്വാനിക്കുക; നിന്റെ വേലകളുമെല്ലാം ചെയ്തുകൊള്ളുക.

10. എന്നാൽ ഏഴാംദിവസം നിന്റെ ദൈവമായ കർത്താവിന്റെ ശാബതമാകുന്നു. അന്നു നീയും നിന്റെ മകനും, നിന്റെ മകളും, നിന്റെ ദാസനും, നിന്റെ ദാസിയും, നിന്റെ മൃഗവും, നിന്റെ പടിവാതിലുള്ള പരദേശിയും യാതൊരു വേലയും ചെയ്യരുത്.

11. എന്തെന്നാൽ കർത്താവു ആറു ദിവസങ്ങൾ കൊണ്ടു ആകാശവും, ഭൂമിയും, സമുദ്രങ്ങളും അവയിലുള്ളതൊക്കെയും ഉണ്ടാക്കുകയും ഏഴാംദിവസം വിശ്രമിക്കുകയും ചെയ്തു. ഇതിനാൽ ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിക്കയും അതിനെ ശുദ്ധീകരിക്കുകയും ചെയ്തു.

12. നിന്റെ ദൈവമായ കർത്താവു നിനക്കു തരുന്ന ദേശത്തു നിന്റെ ദിവസങ്ങൾ അധികമാകുവാൻ വേണ്ടി നിന്റെ അപ്പനെയും നിന്റെ അമ്മയെയും നീ ബഹുമാനിക്കുക.

13. നീ കൊല്ലരുത്.

14. നീ വ്യഭിചാരം ചെയ്യരുത്.

15. നീ മോഷ്ടിക്കരുത്.

16. നിന്റെ അയൽക്കാരനു വിരോധമായി നീ കള്ളസ്സാക്ഷി പറയരുത്.

www.malankaralibrary.com



17. നിന്റെ അയല്ക്കാരന്റെ വീടിനെ നീ ആഗ്രഹിക്കരുതു്. നിന്റെ അയല്ക്കാരന്റെ ഭാര്യയെയും, അവന്റെ ദാസനെയും, അവന്റെ ദാസിയെയും, അവന്റെ കാളയെയും, അവന്റെ കഴുതയെയും, നിന്റെ അയല്ക്കാരനുള്ള യാതൊന്നും തന്നെ നീ ആഗ്രഹിക്കരുതു്."

പത്തുകല്പനകൾ അടങ്ങിയിരിക്കുന്ന വേദവാക്യങ്ങളാണു മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്. ഫീലോയുടെയും വി. ആഗസ്തീനോസിന്റെയും കാലത്തു പുറപ്പാടുപുസ്തകത്തിനു 20–ാം അദ്ധ്യായമെന്നോ 1,2,3 ആദിയായി മുകളിൽ കാണിച്ചിരിക്കുന്ന വിധം വാക്യങ്ങൾക്കു നമ്പരോ ഇല്ലായിരുന്നു. ഒന്നു മുതൽ 17 വരെയുള്ള വാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളെ സംഗ്രഹിച്ചു രണ്ടുപേരും പത്തു കല്പനകളെ തരംതിരിച്ചു നമ്പരിട്ടു് എഴുതി. ഇപ്പോഴും വേദപുസ്തകം തുറന്നു പുറപ്പാടുപുസ്തകം നോക്കിയാൽ യാക്കോബായക്കാരോ, കത്തോലിക്കരോ തരംതിരിച്ചു നമ്പരിട്ടു എഴുതിയിരിക്കുന്ന വിധം 1, 2, 3 എന്നിങ്ങനെ തരംതിരിച്ചു പത്തു കല്പനകളെ എഴുതിയിരിക്കുന്നതായി നാം കാണുന്നില്ല. 20–ാം അദ്ധ്യായത്തിലെ 1–ാം വാക്യം ഒന്നാം കല്പന, 2–ാം വാക്യം രണ്ടാം കല്പന, 3–ാം വാക്യം മൂന്നാം കല്പന എന്നിങ്ങനെ പത്തു വാക്യങ്ങളിലായിട്ടല്ല പത്തുകല്പനകൾ വേദപുസ്തകത്തിൽ കിടക്കുന്നതു്. ഇപ്പോഴുള്ള 17 വാക്യങ്ങളിലാണു ഈ പത്തുകല്പനകൾ അടങ്ങിയിരിക്കുന്നതു്. ചില വാക്യങ്ങളിൽ ഒന്നല്ല, പല വാചകങ്ങളുമുണ്ടു്. ആകയാൽ 17 വാക്യങ്ങളിൽ കാണുന്ന അനേക വാചകങ്ങളെ പത്തായിട്ടു തരംതിരിക്കുമ്പോൾ അവയുടെ ആശയങ്ങൾ നോ

www.malankaralibrary.com



ക്കി ചില വാചകങ്ങൾ ഒരുമിച്ചു ചേർത്തില്ലെങ്കിൽ കല്പനകൾ പത്തിൽ കൂടുതലാകും. ചില വാക്യങ്ങളിലും വാചകങ്ങളിലും അടങ്ങിയിരിക്കുന്ന വിഭിന്നമായ ആശയങ്ങളെ വേർതിരിച്ചു പലതാക്കുന്നില്ലെങ്കിൽ കല്പനകളുടെ എണ്ണം പത്തിൽ കുറയും. ആകയാൽ ഇവയെ പത്തായി ക്രമപ്പെടുത്തുന്നവർ ആരായാലും നല്ലതുപോലെ ചിന്തിച്ചു ബുദ്ധിപൂർവ്വം ചെയ്യേണ്ടതാണു്. ഫീലോയും വി. ആഗസ്തീനോസും പത്തുകല്പനകളെ സംഗ്രഹിച്ചു അവയ്ക്കു നമ്പർ കൊടുത്തു ക്രമപ്പെടുത്തി. യാക്കോബായക്കാർ ഉപയോഗിക്കുന്നതു ഫീലോയുടെ ക്രമീകരണവും, കത്തോലിക്കർ ഉപയോഗിക്കുന്നതു വി. ആഗസ്തീനോസിന്റെ ക്രമീകരണവുമാകയാൽ “കൂദാശക്രമങ്ങളും അനീദായും” എന്ന യാക്കോബായഗ്രന്ഥത്തിൽ നിന്നും, കത്തോലിക്കാസഭയിലെ “വേദോപദേശസംഗ്രഹ”ത്തിൽ നിന്നും ഈ ക്രമീകരണവും നമ്പരും ഉദ്ധരിക്കുന്നു.

| ഫീലോയുടെ ക്രമീകരണവും നമ്പരും. | വി. ആഗസ്തീനോസിന്റെ ക്രമീകരണവും നമ്പരും. |
|---|---|
| “1. നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. | “1. നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു; ഞാനല്ലാതെ അന്യദൈവം നിനക്കുണ്ടാകരുതു്. |
| 2. നിനക്കു അന്യദൈവങ്ങൾ ഉണ്ടായിരിക്കരുതു്. | |
| 3. നിന്റെ ദൈവമായ കർത്താവിന്റെ നാമത്തിൽ വ്യാജമായി ആണയിടരുതു്. | 2. ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കരുതു്. |

4. ശാബത്തു ദിവസത്തെ ശുദ്ധീകരിപ്പാൻ ഓർക്കുക.

5. നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്ക.

6. കൊലചെയ്യരുത്.

7. വ്യഭിചാരം ചെയ്യരുത്.

8. മോഷ്ടിക്കരുത്.

9. കള്ളസാക്ഷ്യം പറയരുത്.

10. നിന്റെ സഖിയുടെ വകയായ യാതൊന്നിനെയും ആഗ്രഹിക്കരുത്."

(ക്രൂദാശക്രമങ്ങളും ആനീദായും, തിരുവല്ലാ, 1935, പുറം 177–178)

3. ശാബതിനെ ശുദ്ധമായി ആചരിക്കുക.

4. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

5. കൊല്ലരുത്.

6. വ്യഭിചാരം ചെയ്യരുത്.

7. മോഷ്ടിക്കരുത്.

8. കള്ളസ്സാക്ഷി പറയരുത്.

9. അന്യന്റെ ഭാര്യയെ അഗ്രഹിക്കരുത്.

10. അന്യന്റെ വസ്തുക്കളെ ആഗ്രഹിക്കരുത്."

(വേദോപദേശസംഗ്രഹം, തിരുവല്ലാ, 1956, പുറം. 11)

ഫീലോയുടെയും വി. ആഗസ്തീനോസിന്റെയും ക്രമീകരണത്തിലുള്ള വ്യത്യാസങ്ങൾ ഇവയാണ്: 1) "നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു" എന്ന് ഒന്നാം കല്പനയായും, നിനക്കു അന്യദൈവങ്ങൾ ഉണ്ടായിരിക്കരുത്" എന്ന് രണ്ടാംകല്പനയായും ഫീലോ കൊടുത്തിരിക്കുന്ന രണ്ടുകല്പനകളെ വി. ആഗസ്തീനോസ് ഒററകല്പനയായി പരിഗണിച്ച് അതിനെ ഒന്നാം കല്പനയായി ക്രമപ്പെടുത്തിയിരിക്കുന്നു. 2) "നിന്റെ സഖിയുടെ വക

www.malankaralibrary.com



യായ യാതൊന്നിനെയും ആഗ്രഹിക്കരുതു്" എന്ന ഫീലോ - കൊടുത്തിരിക്കുന്ന 10-ാം കല്പനയെ വി. ആഗസ്തീനോസ് "അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുതു്." "അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുതു്" എന്നിങ്ങനെ രണ്ടു കല്പനകളായി തരംതിരിച്ചു. 3) വി. ആഗസ്തീനോസ് ഫീലോയുടെ ആദ്യത്തേ രണ്ടു കല്പനകൾ ഒന്നാക്കിയും, പത്താമത്തേ കല്പന രണ്ടാക്കിയും ക്രമപ്പെടുത്തിയതോടുകൂടി കല്പനകളുടെ നമ്പരുകൾക്കു വ്യത്യാസം വന്നു് ഫീലോയുടെ ക്രമീകരണത്തിലെ 3-ാം കല്പന വി. ആഗസ്തീനോസിന്റെ ക്രമീകരണത്തിൽ 2 ആയി, 4 മൂന്നായി, 5 നാലായി ......ഇങ്ങനെ കല്പനയുടെ നമ്പരുകളിൽ വ്യത്യാസം വന്നു എന്നല്ലാതെ അകത്തോലിക്കർ വാദിക്കുന്നതുപോലെ കത്തോലിക്കാസഭയോ ആഗസ്തീനോസോ യാതൊരു കല്പനയെയും മാററിക്കളഞ്ഞിട്ടില്ല.

വി: ആഗസ്തീനോസു് ഫീലോയുടെ ക്രമീകരണത്തിലെ ഒന്നാമത്തേയും രണ്ടാമത്തേയും കല്പനകളെ ഒന്നാക്കാനുള്ള കാരണം ഈ രണ്ടു കല്പനകളിലുംകൂടി അടങ്ങിയിരിക്കുന്ന ആശയം രണ്ടല്ല ഒന്നുമാത്രം ആയതുകൊണ്ടാണു്. "നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു" എന്നു ദൈവം യഹൂദജനത്തോടു അരുളിച്ചെയ്യുമ്പോൾ കല്പനകൾ നല്കുന്ന ആളു് ഇന്നാരാണെന്നു പ്രത്യേകം അറിയിക്കുന്ന ഒരു പ്രസ്താവനയായി അതിനെ കരുതാവുന്നതാണു്. കല്പനയെന്നു പറയുന്നതിൽ എന്തെങ്കിലും ചെയ്യണമെന്നോ, ചെയ്യാതിരിക്കണമെന്നോ ഉള്ള ആശയം അടങ്ങിയിരിക്കണം. "നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു" എന്നു പറഞ്ഞാൽ എന്തെങ്കിലും ചെയ്യണമെന്നോ

www.malankaralibrary.com



ചെയ്യാതിരിക്കണമെന്നോ ഉള്ള അർത്ഥം അതിൽ തന്നെ അത്ര സ്പഷ്ടമായി ഉദിക്കുന്നില്ല. ആകയാൽ കല്പനകൊടുക്കുന്ന ആൾ ആരാണെന്നു പറഞ്ഞതിനെ ഒന്നാം കല്പനയായി ഫീലോ പരിഗണിച്ചതു അതവ്യക്തമോ, യുക്തിയുക്തമോ അല്ല. "നിനക്കു അന്യ ദൈവങ്ങൾ ഉണ്ടായിരിക്കരുതു്" എന്നു ദൈവം തുടൻ പറഞ്ഞപ്പോഴാണ് "എന്നെ മാത്രമേ നിന്റെ ദൈവമായി പരിഗണിക്കാവൂ" എന്നുള്ള ആശയത്തിലാണ് "നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു" എന്നുള്ള വാക്യം ദൈവം അരുളിച്ചെയ്തതെന്നു വ്യക്തമാകുന്നതു്. ആകയാൽ ഈ രണ്ടു പ്രസ്താവനകളിൽ അടങ്ങിയിരിക്കുന്ന ആശയം "തന്നെ മാത്രമേ യഹൂദജനം ദൈവമായി പരിഗണിക്കാൻ പാടുള്ളു" എന്നു മാത്രമാണു്. ഇക്കാരണത്താലാണു് ആഗസ്തീനേസ് ഇവ രണ്ടു കല്പനകളല്ല, ഒന്നാണെന്നു പരിഗണിച്ചു രണ്ടിനെയും ഒന്നാക്കിയതു്. ഒരു ക്രിസ്ത്യാനിയ്ക്കു ഒററ ഭാര്യയല്ലാതെ പല ഭാര്യമാർ ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു "നിന്റെ ഭർത്താവു ഞാനാകുന്നു" എന്നു ഒരു ക്രിസ്ത്യാനി തന്റെ ഭാര്യയോടു പറയുമ്പോൾ "ചാക്കോ മത്തായി ആദിയായ അന്യപുരുഷന്മാർ നിന്റെ ഭത്താവല്ല" എന്നു എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. ഇങ്ങനെ ഒരാൾ എടുത്തു പറഞ്ഞാൽ ആദ്യം പറഞ്ഞ ആശയത്തിന്റെ ഒരു വിശദീകരണമല്ലാതെ വേറൊരു പുതിയ ആശയമല്ല അതിൽ അടങ്ങിയിരിക്കുന്നതു്. ഇതുപോലെ ഏകദൈവത്തിൽ വിശ്വസിച്ചിരുന്ന യഹൂദജനത്തോടു "നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. നിനക്കു അന്യ ദൈവങ്ങൾ ഉണ്ടായിരിക്കരുതു്" എന്നിങ്ങനെ ദൈവം പ

www.malankaralibrary.com


റഞ്ഞപ്പോൾ "എന്നെ മാത്രമേ നിന്റെ ദൈവമായി പരിഗണിക്കാവൂ" എന്നുള്ള ഏക ആശയമാണു് ഈ രണ്ടു പ്രസ്താവനകളിലുംകൂടി അടങ്ങിയിരിക്കുന്നതു്. ഒന്നു മറെറാന്നിന്റെ വിശദീകരണമെന്നല്ലാതെ വിഭിന്നങ്ങളായ രണ്ടു കല്പനകളല്ല ഇവയിൽ അടങ്ങിയിരിക്കുന്നതു്. ഇങ്ങനെയുള്ള വിശദീകരണം ശാബതിനെപ്പററി പറയുമ്പോൾ ദൈവം നല്കുന്നുണ്ടു്. "ശാബത നാളിനെ ശുദ്ധീകരിക്കുവാൻ ഓർക്കുക" (8-ാംവാക്യം) എന്നു ദൈവം കല്പിച്ചിട്ടു 9, 10, 11 എന്നീ വാക്യങ്ങളിലായി "ആറു ദിവസം അദ്ധ്വാനിക്കുക......ശാബത്തു ദിവസം, നീയും നിന്റെ മകനും, മകളും, മൃഗവും......യാതൊരു വേലയും ചെയ്യരുതു്" എന്നിങ്ങനെ ദൈവം പല വാചകങ്ങളിലായി പല കാര്യങ്ങൾ അരുളിച്ചെയ്യുന്നു. ഈ പല വാചകങ്ങളെ ഒററ കൽപനയായിട്ടല്ലാതെ പല കൽപനകളായി ഫീലോ പരിഗണിക്കുന്നില്ല. ഇങ്ങനെ പല വാക്യങ്ങളിലും വാചകങ്ങളിലുമുള്ള സംഗതികൾ ഒററ കൽപനയാകാമെങ്കിൽ പുറപ്പാടു 20-ാം അദ്ധ്യായത്തിൽ 2 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന ആശയം "ഒരാൾ മാത്രമാണു ഇസ്രായേലിന്റെ ദൈവം" എന്ന ഏക ആശയത്തിലാകരുതോ? "വിഗ്രഹങ്ങളെ ഉണ്ടാക്കി ആരാധിക്കരുതു്" എന്നുള്ള പ്രസ്താവനയെ "നിനക്കു അന്യ ദൈവങ്ങൾ ഉണ്ടായിരിക്കരുതു്" എന്നുള്ള കല്പനയിൽ ഉൾപ്പെടുത്തിയാണു ഫീലോ 2-ാംകല്പന ക്രമപ്പെടുത്തുന്നതു്. എന്തുകൊണ്ടു അതു വേറൊരു കല്പനയാക്കിയില്ല? ആദ്യത്തേ പ്രസ്താവനയുടെ വിശദീകരണമാകയാൽ അല്ലേ? ഇതുപോലെ വി. ആഗസ്തീനോസും ഒരേ ആശയമുള്ള പല വാക്യങ്ങ

www.malankaralibrary.com



ളെ ഒന്നായി പരിഗണിച്ചു ഒരു കല്പനയെ-ഒന്നാം കല്പനയെ-ക്രമപ്പെടുത്തി. ഫീലോയാകട്ടെ ഒരേ ആശയമുള്ള ഈ വാക്യങ്ങളെ വേർതിരിച്ചു രണ്ടു കല്പനകളാക്കി. ഇതാണു ഫീലോയും വി. ആഗസ്തീനോസും തമ്മിൽ ഇവിടെയുള്ള വ്യത്യാസം. വി. ആഗസ്തീനോസിൻെറ ഈ ക്രമീകരണമല്ലേ ഒന്നുകൂടി യുക്തിപൂർവ്വകം?

"നിൻെറ സഖിയുടെ വകയായ യാതൊന്നിനെയും നീ ആഗ്രഹിക്കരുതു്" എന്നിങ്ങനെ ഫീലോയുടെ ക്രമീകരണത്തിലുള്ള പത്താം കല്പനയ്ക്കു ആസ്പദമായിരിക്കുന്ന വേദവാക്യങ്ങൾ ഇവയാണു്: "നിൻെറ അയൽക്കാരൻെറ വീടിനെ നീ ആഗ്രഹിക്കരുതു്. നിൻെറ അയക്കാരൻെറ ഭാര്യയെയും, അവൻെറ ദാസനെയും, അവൻെറ ദാസിയെയും അവൻെറ കാളയെയും, അവൻെറ കഴുതയെയും, നിൻെറ അയൽക്കാരനുള്ള യാതൊന്നും തന്നെ നീ ആഗ്രഹിക്കരുതു്" (പുറപ്പാടു്, 20, 17). അയൽക്കാരൻെറ വീടു്, കാള, കഴുത എന്നിവയെ ഒരാൾ ആഗ്രഹിക്കുന്നതും, ഭാര്യയെ ആഗ്രഹിക്കുന്നതും ഒരേ തരത്തിൽപെട്ട പാപമല്ലെന്നു സുബുദ്ധിയുള്ള ആരും സമ്മതിക്കും. വീടിനെയും കഴുതയെയും കാളയെയും ആഗ്രഹിക്കരുതെന്നു പറയുമ്പോൾ ആഗ്രഹത്താലെയുള്ള മോഷണത്തെയാണു് നിരോധിക്കുന്നതു്. അയൽക്കാരൻെറ ഭാര്യയെ ആഗ്രഹിക്കരുതെന്നു പറയുമ്പോൾ ആഗ്രഹത്താലെയുള്ള വ്യഭിചാരത്തെയാണു നിരോധിക്കുന്നതു്. "ഒരു സ്ത്രീയെ മോഹിക്കുവാൻ അവളെ നോക്കുന്ന ഏവനും ഉടനെ തന്നെ തൻെറ ഹൃദയംകൊണ്ടു അവളോടു വ്യഭിചാരം ചെയ്തുകഴിഞ്ഞു" (മത്താ. 5, 28) എന്നു കർത്താവു അരുളിച്ചെയ്തു

www.malankaralibrary.com


നു. മോഷണവും വ്യഭിചാരവും രണ്ടുതരം പാപങ്ങളാണെങ്കിൽ മോഷ്ടിക്കാനുള്ള ആഗ്രഹവും, വ്യഭിചരിക്കാനുള്ള ആഗ്രഹവും രണ്ടുതരം പാപങ്ങളായിരിക്കണം. മോഷ്ടിക്കരുതെന്നു ഒരു കല്പന കൊടുത്ത ദൈവം (പുറപ്പാട് 20, 15) മോഷണത്തിനുള്ള ആഗ്രഹത്തെ നിരോധിച്ച വേറൊരു പ്രത്യേക കൽപ്പനകൊടുത്തെങ്കിൽ (പുറപ്പാട 20,17). വ്യഭിചരിക്കരുതെന്ന കല്പന കൊടുത്ത ദൈവത്തിനു (പുറപ്പാട 20, 14) വ്യഭിചാരത്തിനുള്ള ആഗ്രഹത്തെ നിരോധിച്ച വേറൊരു കല്പന കൊടുക്കരുതോ? (പുറപ്പാട് 20, 17). ഇങ്ങനെ പാപകരമായ രണ്ടു പ്രവൃത്തികളെ രണ്ടു കൽപ്പനകൾകൊണ്ടു നിരോധിച്ച ദൈവം പാപകരമായ അവയുടെ ആഗ്രഹങ്ങളെയും വേറെ രണ്ടു കൽപ്പനകൾകൊണ്ടു നിരോധിച്ചു. ആകയാൽ ഫീലോ "നിന്റെ സഖിയുടെ വക യാതൊന്നിനെയും ആഗ്രഹിക്കരുതെന്നു" പറഞ്ഞു ക്രമീകരിച്ചിരിക്കുന്ന 10-ാം കൽപ്പനയിൽ വേദപുസ്തക വാക്യപ്രകാരം (പുറപ്പാട്, 20, 17) ആഗ്രഹത്താലുള്ള മോഷണം, ആഗ്രഹത്താലുള്ള വ്യഭിചാരം എന്നിങ്ങനെ രണ്ടു വിഭിന്ന പാപങ്ങൾ അടങ്ങിയിരിക്കുന്നു. ഇങ്ങനെ രണ്ടു വിഭിന്ന പാപങ്ങൾ അടങ്ങിയിരിക്കുന്ന കൽപ്പനകളെ ഒന്നായി ഫീലോ പരിഗണിച്ചതു ശരിയല്ല. ഒററ വേദവാക്യത്തിലാണ അവ അടങ്ങിയിരിക്കുന്നതെങ്കിലും അവ രണ്ടും രണ്ടുതരം പാപങ്ങളാണ്. ഇക്കാരണത്താലാണ വി. ആഗസ്തീനോസ് ഫീലോയുടെ ക്രമീകരണത്തിലെ 10-ാം കല്പനയെ—"നിന്റെ സഖിയുടെ വകയായ യാതൊന്നിനെയും ആഗ്രഹിക്കരുതു" എന്നുള്ള വാചകത്തെ—"അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുതു", "അന്യ

www.malankaralibrary.com


ന്റെ വസ്തുക്കളെ ആഗ്രഹിക്കരുതു്" എന്നിങ്ങനെ വേദവാക്യമനുസരിച്ചു് (പുറപ്പാടു് 20, 17) രണ്ടായി തരംതിരിച്ചതു്. വ്യഭിചാരവും മോഷണവും രണ്ടു തരം പാപമായിരിക്കുന്ന കാലത്തോളം വി. ആഗസ്തീനോസിന്റെ ഈ തരംതിരിവാണു ഫീലോയുടെതിനെക്കാൾ യുക്തിപൂർവ്വകമെന്നു ആരാണു സമ്മതിക്കാത്തതു്? ചുരുക്കത്തിൽ വി. ആഗസ്തീനോസ് ഫീലോയുടെ ക്രമീകരണത്തിലെ ആദ്യത്തെ രണ്ടു കൽപ്പനകളെ ഒന്നാക്കിയതു് അവയിൽ ഒരാശയമുള്ളതുകൊണ്ടു്; ഫീലോയുടെ ക്രമീകരണത്തിലെ പത്താം കൽപ്പനയെ വി. ആഗസ്തീനോസു് രണ്ടാക്കിയതു് അതിൽ രണ്ടു വിഭിന്ന ആശയങ്ങളുള്ളതുകൊണ്ടു്.

വി. ആഗസ്തീനോസിന്റെ ഈ ക്രമീകരണത്തെ മനസ്സിലാക്കാതെയാണു സലാമ റമ്പാച്ചൻ പ്രോട്ടസ്റ്റന്റുകാരുടെ വാദമെടുത്തു കത്തോലിക്കാസഭ ദൈവത്തിന്റെ ഒന്നാം കല്പനയെ തിരുത്തി അഥവാ നീക്കിക്കളഞ്ഞെന്നും, പത്താം കല്പനയെ രണ്ടായി വെട്ടിക്കണ്ടിച്ചു കല്പനകളുടെ എണ്ണം പത്താക്കിയെന്നും മററും പറയുന്നതു്. ദൈവകല്പനകളെ യഹൂദനായ ഫീലോയ്ക്കു തരംതിരിച്ചു ക്രമപ്പെടുത്താമെങ്കിൽ ഒന്നുകൂടി ബുദ്ധിപൂർവ്വകമായി മഹാപണ്ഡിതനും സഭാപിതാവുമായ വി. ആഗസ്തീനോസിനു തരംതിരിച്ചു ക്രമപ്പെടുത്തരുതോ? ഫീലോയുടെ ക്രമീകരണം യാക്കോബായക്കാർക്കും മററും സ്വീകരിക്കാമെങ്കിൽ വി. ആഗസ്തീനോസിന്റെ ഒന്നുകൂടി യുക്തിപൂർവകമായ ക്രമീകരണം കത്തോലിക്കാസഭയ്ക്കു സ്വീകരിക്കരുതോ? കല്പനകൾക്കു നമ്പരുകൊടുക്കുന്നതിൽ വ്യത്യാസമുണ്ടെന്നല്ലാതെ ആശയങ്ങളിൽ ഈ ക്രമീകരണംകൊണ്ടു് വ്യത്യാ

www.malankaralibrary.com


സമുണ്ടായിട്ടുമില്ല. പിന്നെ എന്തിനാണു കത്തോലിക്കാസഭയെ അകത്തോലിക്കർ ആക്ഷേപിക്കുന്നതു്?

"യാതൊന്നിന്റെയും പ്രതിമയുണ്ടാക്കരുതു്" ഇത്യാദി വാക്യങ്ങൾ കത്തോലിക്കാസഭ വേദപുസ്തകത്തിൽനിന്നു നീക്കിക്കളഞ്ഞു എന്നുള്ള പ്രസ്താവന വെറും വ്യാജമാണു്. ഏതു ഭാഷയിലുള്ള കത്തോലിക്കരുടെ വേദപുസ്തകം പരിശോധിച്ചാലും ഈ വേദവാക്യങ്ങൾ അതുപടി മുഴുവനായി കാണാം. (മലയാളതർജ്ജിമയിൽനിന്നു മുകളിൽ 213-ാം പുറത്തു ഉദ്ധരിച്ചിട്ടുള്ള വേദവാക്യങ്ങളിൽ ഈ വാക്യങ്ങൾ കാണുക). ചെറിയ കുട്ടികൾക്കു പഠിക്കാനായി ഉണ്ടാക്കിയിട്ടുള്ള വേദോപദേശസംഗ്രഹത്തിൽ മററു സഭക്കാരെല്ലാം രണ്ടാംകല്പനയെയും (കത്തോലിക്കരുടെ ഒന്നാംകല്പന), ശാബതിനെ ശുദ്ധമായി ആചരിക്കുക എന്ന കല്പനയെയും സംബന്ധിച്ചുള്ള പല വേദവാക്യങ്ങൾ ഉപേക്ഷിച്ചു അവയുടെ ആശയംമാത്രം സംഗ്രഹിച്ചു പറയുന്നതുപോലെ കത്തോലിക്കരും പ്രതിമയെ ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള വേദവാക്യങ്ങൾ ഉദ്ധരിക്കാതെ അവയുടെ ആശയം സംഗ്രഹിച്ചു നല്കുന്നു. ഇതരസഭക്കാർക്കു വേദവക്യങ്ങൾ മുഴുവൻ ഉദ്ധരിക്കാതെ അവയുടെ സംഗ്രഹം നല്കാമെങ്കിൽ കത്തോലിക്കർക്കു അതു പാടില്ലെന്നുള്ള ന്യായം എന്തൊരു ന്യായമാണു്? മുകളിൽ (പുറം 216) യാക്കോബായക്കാരുടെ "ക്രമാശക്രമങ്ങളും ആനീദായും" എന്ന ഗ്രന്ഥത്തിൽ പത്തുകല്പനകളെ നല്കുകയിൽ "പ്രതിമകൾ ഉണ്ടാക്കരുതു്" എന്നുംമററുമുള്ള വാക്യങ്ങൾ ഉദ്ധരിക്കാതെ അവയുടെ സംഗ്രഹം കൊടുത്തിരിക്കുന്നതു കാണുക. വിദേശത്തെ യാക്കോബായ ഗ്രന്ഥങ്ങൾ

www.malankaralibrary.com



നോക്കി കോട്ടയത്തു സുറിയാനിയിൽ 1922-ൽ അച്ചടിപ്പിച്ച "ക്രൂദാശക്രമങ്ങളും ആനീദാ"യിലും പത്തു കല്പനകളുടെ സംഗ്രഹം നല്കയിൽ പ്രതിമകളെ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ള വേദവാക്യങ്ങൾ മുഴുവനായി വിട്ടിട്ട മലയാളപരിഭാഷയിലെ പോലെ രണ്ടാം പ്രമാണം നല്കിയിരിക്കുന്നു. (പുറം 253) ഇങ്ങനെ വേദവാക്യങ്ങളെ വിട്ടിട്ട യാക്കോബായക്കാരും മററും ചെയ്യുന്നതുപോലെയുള്ള സംഗ്രഹം കത്തോലിക്കരും ചെയ്യരുതോ? പ്രായംചെന്ന കുട്ടികളെ പഠിപ്പിക്കാനുള്ള കത്തോലിക്കരുടെ "വലിയ വേദോപദേശ"ത്തിൽ പ്രതിമകളെ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ള വേദവാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഉദാഹരണമായി വലിയ വേദോപദേശത്തിലെ 358 359 എന്നീ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഇങ്ങനെയാണ്: "358. ചോദ്യം: വിഗ്രഹാരാധന എന്നാൽ എന്താകുന്നു? ഉത്തരം: വിഗ്രഹാരാധന എന്നാൽ ദൈവത്തിനു മാത്രം ചെയ്യേണ്ടതായ പരമ ആരാധനയെ വല്ല സൃഷ്ടിയ്ക്കും, ഉദാഹരണമായി വല്ല രൂപത്തിനോ, പ്രതിമയ്ക്കോ, മനുഷ്യനോ നല്കപ്പെടുന്നതാണ്. 359. ചോദ്യം: ഈ വിലക്ക വിശുദ്ധ വേദപുസ്തകത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു എങ്ങനെ? ഉത്തരം: ഈ വിലക്ക വേദപുസ്തകത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു താഴെ വരും പ്രകാരമാണ്: "നിനക്കായി ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുതു്; മീതെ സ്വർഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയെ ഉണ്ടാക്കയും അരുതു്; നീ അവയെ ആരാധിക്കയോ അവയെ സേവിക്കയോ ചെയ്യരുതു്" (വലിയ വേദോപദേശം, എറണാകുളം 1937, പുറം 82) ഇതിൽനി

www.malankaralibrary.com



നും പ്രതിമകളെ ഉണ്ടാക്കാനായി കത്തോലിക്കർ വേദവാക്യങ്ങളെ എടുത്തുകളയുന്നു എന്നുള്ള ആരോപണം എത്ര അസത്യസന്ധമാണെന്നു മനസ്സിലാക്കാമല്ലോ. വിശുദ്ധന്മാരുടെ ഓർമ്മയ്ക്കായി കത്തോലിക്കർ അവരുടെ പ്രതിമകളെ ഉണ്ടാക്കുന്നു എന്നല്ലാതെ യാതൊരു കത്തോലിക്കനും പ്രതിമയെ ആരാധിക്കുന്നില്ല. പുറജാതിക്കാർ വിഗ്രഹങ്ങളെ ഉണ്ടാക്കി ദൈവമായി പരിഗണിച്ചു ആരാധിക്കുന്നതുപോലെയും, യഹൂദജനം സ്വർണ്ണം കൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി ദൈവമെന്നു കരുതി ആരാധിച്ചതുപോലെയും (പുറ. 32) പ്രതിമകൾ ഉണ്ടാക്കി അവയെ ദൈവമായി പരിഗണിച്ചു ആരാധിക്കരുതെന്നല്ലാതെ പ്രതിമകളെ ഉണ്ടാക്കുന്നതിനെ ദൈവം നിരോധിച്ചിട്ടില്ലെന്നു വേദപുസ്തകത്തിലെ നിരവധി വാക്യങ്ങൾ പ്രസ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നു. ദൈവത്തിന്റെ കല്പനപ്രകാരം മാലാഖാമാരുടെ പ്രതിമകൾ (പുറപ്പാ. 25, 18) പിച്ചളസർപ്പം (സംഖ്യ 21, 8) എന്നിവയെ മോശതന്നെ ഉണ്ടാക്കി. ശ്ലേമ്മോൻ പല ക്രോബേന്മാരെ ഉണ്ടാക്കി ദേവാലയഭിത്തികളിൽ സ്ഥാപിച്ചതായും (1=3 രാജ. 6,29) "കടൽ", വഹിക്കുന്നതിനു പന്ത്രണ്ടു പിച്ചള കാളകളെയും (1=3 രാജ. 7,25), പീഠം താങ്ങുന്നതിനു രണ്ടു സിംഹങ്ങളെയും (1=3 രാജ. 10 19–20) പണിയിച്ചതായും വേദപുസ്തകത്തിൽ പറയുന്നു. ആകയാൽ പ്രതിമയുണ്ടാക്കുന്നതിനെയല്ല പ്രതിമയുണ്ടാക്കി അവയെ ദൈവമെന്നു കരുതി വിഗ്രഹാരാധന ചെയ്യുന്നതിനെ മാത്രമേ ദൈവം നിരോധിക്കുന്നുള്ളു. കത്തോലിക്കർ പ്രതിമയുണ്ടാക്കി വിഗ്രഹാരാധന ചെയ്യുന്നില്ല. വാസ്തവം ഇങ്ങനെയിരിക്കെ കത്തോലിക്കർ "വിഗ്രഹാരാധന" നടത്തുന്നു

www.malankaralibrary.com



എന്നുള്ള സലാമ റമ്പാന്റെയും കൂട്ടരുടെയും പ്രസ്താവന എത്ര വ്യാജപൂരിതവും തെററിദ്ധാരണകൾ ഉളവാക്കുന്നതുമാണ്!

യാക്കോബായ സഭയിലെ പ്രധാന മല്പ്പാന്മാരിൽ ഒരാളായ കോനാട്ട മാത്തൻ കോറെപ്പിസ്കോപ്പാ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനക്രമത്തിൽ പത്തുകല്പനകളെ ഇങ്ങനെയാണു നല്കിയിരിക്കുന്നതു്:—

പത്തുകല്പനകൾ

"1. ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു്.

2. മേൽ ആകാശത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയൊ സാദൃശ്യമൊ നീ ഉണ്ടാക്കുകയാകട്ടെ അവയെ വന്ദിക്കുകയാകട്ടെ, സേവിക്കുകയാകട്ടെ ചെയ്യരുതു്.

3. നിന്റെ ദൈവമായ കർത്താവിന്റെ നാമംകൊണ്ടു വ്യാജമായി ആണയിടരുതു്" (2)......

മുകളിൽ "കൂദാശക്രമങ്ങളും അനാഫൊറായും" എന്ന യാക്കോബായ ഗ്രന്ഥങ്ങളിൽ (മലയാളത്തിലും സുറിയാനിയിലും) ഒന്നും രണ്ടും കല്പനകളായിട്ടു കൊടുത്തിരിക്കുന്ന രണ്ടു കല്പനകളെയും കോനാട്ടമല്പാൻ കത്തോലിക്കർ ചെയ്യുന്നതുപോലെ തന്നെ ഇവിടെ ഒന്നാക്കിയിരിക്കുന്നതു കണ്ടാലും! "കൂദാശക്രമങ്ങളും അനാഫൊറായും" എന്ന ഗ്രന്ഥത്തിൽ

---

2) മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം, പാമ്പാക്കുട 1939, പുറം, 300.

www.malankaralibrary.com



മുഴവനായി വിട്ടുകളഞ്ഞിരിക്കുന്ന പ്രതിമകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ചുള്ള ഭാഗം രണ്ടാം കല്പനയായി കോനാട്ടു മല്പാനച്ചൻ നല്കിയിരിക്കുന്നു! കോനാട്ടുമല്പാൻെറ അഭിപ്രായപ്രകാരം പ്രതിമയുണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ള വേദവാക്യങ്ങൾ 2-ാം കല്പനയാണെങ്കിൽ ക്രൂദാശക്രമങ്ങളും അനുനീദായും എന്ന യാക്കോബായ ഗ്രന്ഥത്തിൽ അവ കാണാത്തതുകൊണ്ടു് രണ്ടാം കല്പന അവിടെ മാററിക്കളഞ്ഞിരിക്കയാണോ? പത്തുകല്പനകളെ സംഗ്രഹിച്ചെഴുതുകയിൽ കത്തോലിക്കസഭ കോനാട്ടുമല്പാൻ ചെയ്തതുപോലെ ഒന്നും രണ്ടും കല്പനകളായി യാക്കോബായക്കാർ പറയുന്ന രണ്ടു കല്പനകളെ ഒന്നാക്കുകയും, "ക്രൂദാശക്രമങ്ങളും അനുനീദായും" എന്ന ഗ്രന്ഥത്തിൽ യാക്കോബായക്കാർ ചെയ്തതുപോലെ പ്രതിമകളെസംബന്ധിച്ചുള്ള വാക്യം ഉദ്ധരിക്കാതെ വിട്ടുകളയുകയും ചെയ്തിരിക്കുന്നു എന്നുമാത്രമേയുള്ളു. യാക്കോബായസഭയിലെ സാധാരണ മല്പാന്മാക്കും മററും ആശയങ്ങളുടെ രീതിയനുസരിച്ചു രണ്ടുവാക്യങ്ങൾ ഒന്നാക്കിയും, ചില വേദവാക്യങ്ങൾ ഉപേക്ഷിച്ചുംമററും പത്തു കല്പനകളെ പത്തായി തരംതിരിക്കാമെങ്കിൽ കത്തോലിക്കസഭ അങ്ങനെ ചെയ്യുന്നതിനെ ആകാശവും ഭൂമിയും ഇളകത്തക്കവണ്ണം യാക്കോബായ സഹോദരങ്ങൾ ഒച്ചപ്പാടുണ്ടാക്കുന്നതിൻെറ അർത്ഥമെന്തു്?

www.malankaralibrary.com


# 9. റമ്പാച്ചൻെറ പ്രവചനങ്ങൾ.

യാക്കോബായ സഭയെ ഉപേക്ഷിച്ചു കത്തോലിക്കാ സഭയിൽ പ്രവേശിച്ച വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പായ്ക്കു ദൈവത്തിൻെറ ശാപങ്ങളെല്ലാം ലഭിക്കുമെന്നു സലാമാ റമ്പാൻ പ്രസ്താവിച്ചശേഷം അദ്ദേഹത്തിൻെറ അന്ത്യത്തെക്കുറിച്ചു രസകരമായ ചില പ്രവചനങ്ങൾ നടത്തുന്നുണ്ട്. ഒന്നുകിൽ അദ്ദേഹം ഒരു പ്രത്യേക സഭ സ്ഥാപിക്കും അല്ലെങ്കിൽ സ്ഥാപിക്കാതെ അനുതപിച്ചു തിരിയെ ചെല്ലുമെന്നും, അദ്ദേഹം ഖേദംകൊണ്ടു ആത്മഹത്യ ചെയ്യുകയോ ഗോവൻവിഷം (?) കൊണ്ടു കൊല്ലപ്പെടുകയോ അല്ലെങ്കിൽ സ്വാഭാവികമായി മരിക്കയോ ചെയ്യുമെന്നുമാണു റമ്പാച്ചൻെറ പ്രവചനങ്ങൾ (വിശ്വാസത്യാഗി പുറം 4.) ഒരു ഗർഭിണി സ്ത്രീയുടെ ഉദരത്തിൽ കിടക്കുന്ന കുട്ടി ഒന്നുകിൽ ആണായിരിക്കും, അല്ലെങ്കിൽ പെണ്ണായിരിക്കും എന്നൊരാൾ പറയുന്നതു ഒരു പ്രവചനമല്ലല്ലോ. എന്തുകൊണ്ടെന്നാൽ ഏതു മനുഷ്യനും ഒന്നുകിൽ ആണായിരിക്കും അല്ലെങ്കിൽ പെണ്ണായിരിക്കും. പ്രവചനവരമില്ലാതെ ഇക്കാര്യം ആർക്കും പറയാം. ഇതുപോലെ ലോകത്തിലുള്ള ഒരു മനുഷ്യൻ ഒന്നുകിൽ ഒരു സഭ സ്ഥാപിക്കും അല്ലെങ്കിൽ സ്ഥാപിക്കയില്ല എന്നു പറയുന്നതും ഒരു പ്രവചനമല്ല. ലോകത്തിലുള്ള ഏതു മനുഷ്യനും മൂന്നു തരത്തിലുള്ള മരണത്തിൽ ഏതെങ്കിലും ഒന്നേ ഉണ്ടാകയുള്ളു. പല തരത്തിലുള്ള മരണം ഒരാൾക്കുണ്ടാകയില്ല. 1) ആത്മഹത്യ ചെയ്യുക. 2) ഏതെങ്കിലും തരത്തിൽ കൊല്ലപ്പെടുക. 3) സ്വാഭാവികമായി മരിക്കുക. കോർഎപ്പിസ്കോപ്പായ്ക്കു ഇതു

www.malankaralibrary.com



മൂന്നു തരത്തിലുള്ള ഏതെങ്കിലും മരണമുണ്ടാകുമെന്നാണ് റമ്പാച്ചൻ ഖണ്ഡിതമായി പ്രവചിക്കുന്നത്! ഇതും ഒരു പ്രവചനമാണോ? റമ്പാച്ചൻ എന്നെയും കോർഎപ്പിസ്കോപ്പായെയും "കള്ളപ്രവാചകൻ" എന്നു പല പ്രാവശ്യം വിളിക്കുന്നുണ്ടു്. (വിശ്വാസത്യാഗി പുറം 1, 3). ഞങ്ങളാരും ഇതുപോലെയുള്ള ഒരു പ്രവചനവും നടത്തിയിട്ടില്ല. റമ്പാച്ചൻ പറയുന്നതുപോലെയുള്ള വിചിത്രതരമായ പ്രവചനങ്ങൾ നടത്തുന്നവരാണോ, ഒരു പ്രവചനവും നടത്താത്ത ഞങ്ങളാണോ വാസ്തവത്തിൽ കള്ളപ്രവാചകൻ എന്നു വായനക്കാർ തന്നെ വിധിക്കട്ടെ. റമ്പാച്ചൻ പറയുന്നതിൽ ഏതെങ്കിലും ഒന്നു സംഭവിക്കാതിരിക്കയില്ലെന്നു തീർച്ചയാണ്. അതുകൊണ്ടു അദ്ദേഹം സത്യപ്രവാചകനാണെന്നു പറഞ്ഞു ഇനി സ്വയം നീതീകരിക്കാൻ ഇടയായേക്കാം. ഗർഭിണിസ്ത്രീയുടെ കുട്ടി ജനിച്ചു കഴിയുമ്പോൾ ആ കുട്ടി ആണല്ലെങ്കിൽ പെണ്ണാണെന്നു പറഞ്ഞ കണിയാന്റെ പ്രവചനവും ശരിയായിരിക്കുമല്ലോ. അവന്റെ വിജയഘോഷം പോലെയല്ലായിരിക്കുമോ റമ്പാച്ചന്റെ വിജയഘോഷവും? കോർഎപ്പിസ്കോപ്പാ കത്തോലിക്ക സഭയിൽ തന്നെ ഒരിക്കലും മരിക്കയില്ലെന്നുള്ള തീർച്ചയായ അറിവു റമ്പാച്ചനു കിട്ടിയതു ഏതു കവടി നിരത്തിവെച്ചു ഗണിച്ചപ്പോഴാണെന്നു അറിഞ്ഞാൽ കൊള്ളാമായിരുന്നു.

www.malankaralibrary.com



# 10. അവതാരികാകർത്താവിന്റെ സത്യസന്ധത.

സലാമ റമ്പാന്റെ "കാതോലിക്കാസഭയും റോമാവാദങ്ങളും" എന്ന പുസ്തകത്തിനു് അവതാരിക എഴുതിയിട്ടുള്ള വന്ദ്യദിവ്യശ്രീ കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പാ അവർകൾ റമ്പാച്ചന്റെ പാണ്ഡിത്യത്തെയും വ്യക്തിമാഹാത്മ്യങ്ങളെയും, അദ്ദേഹം എഴുതിയിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ വൈശിഷ്ട്യത്തെയും വാനോളം വാഴ്ത്തി അവതാരികയിൽ പ്രസ്താവിക്കുന്ന പ്രശംസോക്തികൾ ഈ ഗ്രന്ഥത്തിന്റെ 2-ാം പുറത്തു ഉദ്ധരിച്ചിട്ടുണ്ടല്ലോ. കോർ എപ്പിസ്കോപ്പായുടെ അവതാരികയ്ക്കു രണ്ടു പേജു ദൈർഘ്യമേയുള്ളു. കാന്താരിമുളകു് എന്തിനാണു അധികം? അവതാരികയിൽ ഗുളികരൂപത്തിൽ അദ്ദേഹം കൊള്ളിച്ചിരിക്കുന്ന ആശയങ്ങൾ സലാമ റമ്പാച്ചന്റേതുപോലെ വേദവാക്യങ്ങളിലുള്ള ആശയങ്ങളെ കോട്ടിമാട്ടിയും, കത്തോലിക്കാസഭയെ അധിക്ഷേപിച്ചും, ചരിത്രവസ്തുതകളെ തകിടംമറിച്ചും, വ്യാജപ്രസ്താവനകൾ നിറച്ചും വായനക്കാരെ തെറ്റിദ്ധരിപ്പിച്ചുമാണു്. "മലങ്കര സുറിയാനി സഭാചരിത്രം" എന്ന നല്ലപേരിൽ 1950-ൽ ഇദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ബൃഹത്തായ ഗ്രന്ഥത്തിൽ കാണിച്ചിട്ടുള്ള കൃത്രിമങ്ങൾ, വ്യാജപ്രസ്താവനകൾ, അധിക്ഷേപശരങ്ങൾ, ദുർവ്യാഖ്യാനങ്ങൾ മുതലായവ "എന്റെ തെങ്ങേലിപ്രസംഗം" എന്ന എന്റെ വിമർശനഗ്രന്ഥത്തിൽ 63 പുറങ്ങളിലായി (പുറം 152–214) ഞാൻ നല്കിയിട്ടുണ്ടു്. ആ പുസ്തകത്തിൽ നിന്നും ഗ്രന്ഥരചനയിൽ ഇദ്ദേഹത്തിനു

www.malankaralibrary.com


ള്ള പാണ്ഡിത്യവും സത്യസന്ധതയും സഖാമറമ്പാ ച്ചന്റെതുപോലെയാണെന്നു വ്യക്തമാകുന്നതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല. അവതാരികയിൽ ഇദ്ദേഹം പ്രസ്താവിച്ചിട്ടുള്ള ചില കാര്യങ്ങൾ കേട്ടാലും.

1. "ലോകത്തിന്റെ മാനദണ്ഡമല്ല വിശുദ്ധ സഭയുടെ അളവുകോൽ. ലോകവ്യാപകത്വമോ, സംഖ്യാബാഹുല്യമോ മാനദണ്ഡമായി വച്ചാൽ നിരീശ്വരഭൗതിക സിദ്ധാന്തവാദികളാണു മുൻപന്തിയിൽ നില്ക്കുന്നതു്. കറകലരാത്ത അപ്പോസ്തോലികവിശ്വാസമാണു സഭയുടെ വിജയവൈജയന്തിയെന്നു പറയേണ്ടതില്ലല്ലോ" (അവതാരിക പുറം 5)

<u>മറുപടി.</u> സഭ സത്യസഭയായിരിക്കുന്നതിനു കത്തോലിക്കസഭയെപ്പോലെ ലോകമാകെ വ്യാപിക്കേണ്ട ആവശ്യമൊന്നുമില്ല, ചെറിയ ആട്ടിൻകൂട്ടമായിരുന്നാൽ മതിയെന്നുള്ള സഖാമറമ്പാന്റെ ആശയമാണു കോർ എപ്പിസ്കോപ്പായും ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നതു്. ഇതിന്റെ ഖണ്ഡനം മുകളിൽ 8—14 വരെയുള്ള പുറങ്ങളിൽ കാണുക.

നിക്യാ കോൺസ്റ്റന്റിനോപ്പിളിൽ സമ്മേളിച്ച പരിശുദ്ധപിതാക്കന്മാർ അബദ്ധോപദേശങ്ങൾ പഠിപ്പിക്കുന്ന പല ക്രൈസ്തവസഭകളിൽ നിന്നു ഏക സത്യസഭയെ എല്ലാകാലത്തും നിഷ്പ്രയാസം കണ്ടുപിടിക്കുന്നതിനാണു സത്യസഭയ്ക്കു സാർവ്വത്രികത്വ, ശ്ലൈഹികത്വം, ഏകത്വം, വിശുദ്ധി എന്നീ നാലുലക്ഷണങ്ങൾ എപ്പോഴും ഉണ്ടായിരിക്കുമെന്നു പ്രസ്താവിച്ചതു്. നിരീശ്വരന്മാരും ഭൗതിക സിദ്ധാന്തവാദികളും മറ്റും ഉൾപ്പെടുന്ന സമൂഹങ്ങൾ സത്യ സഭയിൽ പെട്ടതല്ലെന്നു് എല്ലാ

www.malankaralibrary.com


പാമരനും നിഷ്പ്രയാസം കണ്ടുപിടിക്കാം. അതിനു സഭയുടെ ലക്ഷണങ്ങൾ അവയിൽ നിറവേറിയിട്ടുണ്ടോ എന്നു പരിശോധിച്ചു നോക്കേണ്ട ആവശ്യമൊന്നുമില്ല. പല ക്രൈസ്തവസഭകളിൽ ഏതാണു സത്യസഭയെന്നറിയുന്നതിനാണു വിഷമം. അതുകൊണ്ടാണു പിതാക്കന്മാർ ഏക സത്യസഭയ്ക്കു പ്രധാനപ്പെട്ട നാലു ലക്ഷണങ്ങൾ എപ്പോഴും ഉണ്ടായിരിക്കുമെന്നു പറയുന്നതും. കോർ എപ്പിസ്കോപ്പായും അദ്ദേഹത്തിന്റെ സഭയിൽപ്പെട്ടവരും ദിവസേന പ്രാർത്ഥിക്കുമ്പോൾ സഭയുടെ ഈ നാലുലക്ഷണങ്ങളെ എടുത്തുപറയുന്ന നിഖ്യാവിശ്വാസപ്രമാണം ചൊല്ലുന്നുമുണ്ട്. എന്നിട്ടാണു പണ്ഡിതനായ ഇദ്ദേഹം "കറകലരാത്ത അപ്പോസ്തോലിക വിശ്വാസം" (ശ്ലൈഹികത്വം എന്ന ലക്ഷണത്തിന്റെ ഒരംശംമാത്രം) ആണു് "സഭയുടെ അളവുകോലും വിജയവൈജയന്തി"യും എന്നു പറയുന്നതു്. മററു മൂന്നുലക്ഷണങ്ങളും സഭയ്ക്കു വേണ്ടേ? ഈ മൂന്നു ലക്ഷണങ്ങൾക്കൂടി ഏക സത്യസഭയ്ക്കു നൽകിയ പിതാക്കന്മാരെല്ലാം മണ്ടന്മാരോ? കോർ എപ്പിസ്കോപ്പായോ അവരെക്കാൾ സമർത്ഥൻ? സാർവ്വത്രികത, ഏകത്വം, വിശുദ്ധി എന്നീ മൂന്നു ലക്ഷണങ്ങൾ യാക്കോബായസഭയിൽ നിറവേറിയിട്ടുണ്ടെന്നു തെളിയിക്കുവാൻ വിഷമമായതുകൊണ്ടു കറയില്ലാത്ത അപ്പോസ്തോലിക വിശ്വാസത്തിൻമാത്രം കോർഎപ്പിസ്കോപ്പാ ആശ്രയിച്ചിരിക്കുകയാണു്. എല്ലാ സഭക്കാരും തങ്ങളുടെ സഭയുടെ വിശ്വാസം കറകലരാത്തതാണെന്നു പറയുന്നതുകൊണ്ടു ഈ ലക്ഷണം മാത്രംവെച്ചു സത്യസഭയെ കോർ എപ്പിസ്കോപ്പാ എങ്ങനെ കണ്ടുപിടിക്കും? സലമോമ്പാന്റെ ആശയമാണു് ഇതും. ഇതി

www.malankaralibrary.com



നെ ഖണ്ഡിച്ചു മുകളിൽ 79–81 വരെയുള്ള പുറങ്ങളിൽ എഴുതിയിരിക്കുന്നതു കാണുക.

2. "ശ്ലീഹന്മാരുടെ വിശ്വാസത്തോടു റോമ്മാസഭയെപ്പോലെ എന്തെങ്കിലും അതു (യാക്കോബായസഭ) കൂട്ടിച്ചേർക്കുകയോ നവീകരണസഭകളുടെ രീതിയിൽ എന്തെങ്കിലും കുറയ്ക്കുകയോ ചെയ്തിട്ടില്ല." (പുറം 5).

<u>മറുപടി.</u> പുത്രനിൽനിന്നുള്ള പരിശുദ്ധാത്മാവിന്റെ പുറപ്പാട്, ഇരുസ്വഭാവവിശ്വാസം, ശുദ്ധീകരണസ്ഥലം, അമലോത്ഭവം മുതലായ വിശ്വാസങ്ങൾ പാഷണ്ഡോപദേശങ്ങളാണെന്നും, കത്തോലിക്കാസഭ പുതുതായി ഇവ കണ്ടുപിടിച്ചതാണെന്നുമുള്ള സ്ലാമറമ്പാന്റെ വാദങ്ങൾ തന്നെയാണ് ഇവ. ഇവയ്ക്കുള്ള മറുപടി മുകളിൽ 129–208 വരെയുള്ള പുറങ്ങളിൽ കാണുക.

3. യാക്കോബായസഭയോടു വിശ്വാസൈക്യമുള്ള സഭകളാണു കോപ്റ്റിക്ക (ഇഗുപ്ത്യായ), അബിസ്സീനിയൻ, അർമ്മേനിയൻ എന്നീ സഭകളെന്നു കോർ എപ്പിസ്ക്കോപ്പാ രേഖപ്പെടുത്തുന്നു (പുറം 5) സ്ലാമറമ്പാന്റെയും അഭിപ്രായം ഇതുതന്നെയാണ് (പുറം 26)

<u>മറുപടി.</u> യാക്കോബായ, ഇഗുപ്ത്യായ, അബിസ്സീനിയൻ, അർമ്മേനിയൻ എന്നീ നാലു സഭകളും എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തിൽനിന്നുത്ഭവിച്ച സഭകളാകയാൽ ഇവ "Monophysite Churches" (ഏകസ്വഭാവവാദസഭകൾ) എന്ന പൊതുവായ പേരിൽ വിളിക്കപ്പെടുന്നു (മുകളിൽ പുറം 114–115 കാണുക). വിഭിന്ന ഭരണാദ്ധ്യക്ഷന്മാ

www.malankaralibrary.com



ുള്ള സഭകളാണ് ഇവ. തന്നിമിത്തം ഇവ ഒരു സഭയല്ല. പാത്രിയക്കീസു കക്ഷിയും ഓത്തോഡോക്സ കക്ഷിയും ഒരു സഭയാണെന്നു ഇക്കാലത്തു പറഞ്ഞാൽ എത്ര അബദ്ധമാണോ അതുപോലെയത്രേ ഈ സഭകളെല്ലാം ഒന്നാണെന്നു പറയുന്നതും. ഈ സഭകൾ തമ്മിൽ പ്രധാനപ്പെട്ട വിശ്വാസവിഷയങ്ങളിൽ തന്നെയും ഭിന്നതയുണ്ടു്. ഈഗുപ്തായക്കാരും അബസ്സീനിയാക്കാരും എവുത്തിക്കോസിന്റെ പാഷണ്ഡോപദേശം (കട്ടത്ത ഏകസ്വഭാവവാദം) ഇപ്പോഴും സ്വീകരിക്കുന്നു. യാക്കോബായക്കാർ ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളുവെന്നു പറയുന്നെങ്കിലും എവുത്തിക്കോസിന്റെ ഉപദേശത്തെ പാഷണ്ഡോപദേശമായി ശപിക്കുന്നു (മുകളിൽ പുറം 140-141). അർമ്മേനിയൻ സഭക്കാർ കത്തോലിക്കരെപ്പോലെ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു ഇക്കാലത്തു വ്യക്തമായി പറയാറുണ്ടു്. ഈഗുപ്തായക്കാരും യാക്കോബായക്കാരും മഹാ വേദപണ്ഡിതന്മാരായി പരിഗണിച്ചു ബഹുമാനിച്ചുവരുന്ന മാബോഗിലെ ഫീലക്സിനോസ്, യാക്കോബ് ബുർദാനാ, അലക്സാണ്ഡ്റിയാ പാത്രിയക്കീസായിരുന്ന തെഓദോസ്യോസ് എന്നിവരെപ്പററി അർമ്മേനിയർ ഒന്നും പറയാറില്ല. അബിസ്സീനയൻ സഭയിൽ ബഹുഭാര്യാത്വം സർവസാധാരണമാണ്. ഇത്രയ്ക്കു സാന്മാർഗ്ഗികമായി അധ:പതിച്ചു ഒരു ക്രൈസ്തവ സഭ ലോകത്തിലില്ലെന്നു പറയാം. പീലാത്തോസിനെയും അദ്ദേഹത്തെപ്പോലെയുള്ള മററു പലരെയും അവർ പുണ്യവാന്മാരായി കരുതുന്നു. മാമ്മോദീസായ്ക്കു പുറമേ മഹമ്മദീയരെപ്പോലെ പരിച്ഛേദനവും അ

www.malankaralibrary.com



വർ സ്വീകരിക്കുന്നു. * ഈ സഭകളെല്ലാം വിശ്വാസൈക്യമുള്ളതാണെന്നു കോർ. എപ്പിസ്കോപ്പായും സലാമറമ്പാനും പറയുന്നതു വായനക്കാരെ തെററിദ്ധരിപ്പിച്ച്, "ചെറിയ ആട്ടിൻകൂട്ടമായ" യാക്കോബായസഭ വളരെ വലുതാണെന്നു കാണിക്കുവാനല്ലാതെ എന്തിനായിരിക്കാം?

4. "മലങ്കരസഭ ക്നായിത്തോമ്മായുടെ കാലംമുതൽതന്നെ പരിശുദ്ധ അന്ത്യോഖ്യൻ സിംഹാസനത്തിൻ കീഴിലാണെന്നും, ആദിമുതൽതന്നെ സത്യവിശ്വാസത്തിൽ പുലർന്നുപോന്നിരുന്നുവെന്നുമുള്ള ചരിത്രവസ്തുതയെപ്പോലും കോട്ടിമറിക്കുകയും, ശ്ലൈഹികവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുന്നവരെ പതറിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ ഒരു പ്രധാനപങ്കു വഹിച്ചുവരുന്നതു ഇന്നത്തെ റീത്തുകാരാണ് (യാക്കോബായസഭയിൽ നിന്നും മററും പുനരൈക്യപ്പെട്ട കത്തോലിക്കർ). അവരുടെ പേരു പുലർത്താനും വിദേശധനം സമാർജ്ജിക്കുവാനും അതിന്റെ ആവശ്യം ഉണ്ടായിരിക്കാം. എങ്കിലും സത്യത്തിന്റെ നേരെ വാരം വീശുന്ന പതിവു എത്രയും അപഹാസ്യവും പാപകരവുമാണെന്നു തീർത്തുപറയാം." (പുറം 5—6).

മറുപടി. ക്നാനായിത്തോമ്മാ കേരളത്തിൽ വന്നതു 325—ൽ സമ്മേളിച്ച നിക്യാ സൂനഹദോസിനുശേഷം 20 കൊല്ലംകൂടി കഴിഞ്ഞു്, അതായതു 345—ൽ ആണു്. യാക്കോബായസഭ ഭൂമുഖത്തു ഉത്ഭവിക്കുന്ന

* "എത്യോപ്യൻ സഭയും യാക്കോബായസഭയും" എന്ന എന്റെ ഗ്രന്ഥത്തിൽ ഈ വിഷയം സവിസ്തരം പ്രതിപാദിച്ചിരിക്കുന്നതു കാണുക.

www.malankaralibrary.com



ത്തു 451–ൽ നടന്ന കൽക്കദോനായാ സൂനഹദോസി ന്റശേഷം 6–ാംശതാബ്ദത്തിലാണ്. 345–ൽ കേരളത്തിൽ വന്ന ക്നാനായിതോമ്മായുടെ കാലത്തു ആറാംനൂററാണ്ടിൽ മാത്രം ഡിദേശത്തുണ്ടായ യാക്കോബായ സഭയുണ്ടായിരുന്നു എന്നു പറയുന്നതു മകൻ അപ്പനുമുമ്പുണ്ടായിരുന്നെന്നു പറയുന്നതുപോലെയുള്ള "ചരിത്രവസ്തുത"യല്ലേ? 1665–ൽ മാർ ഗ്രിഗോറിയോസിന്റെ വരവോടുകൂടി മാത്രമാണ് കേരളത്തിൽ യാക്കോബായ സഭയുണ്ടാകുന്നതു്. വി. പത്രോസ് സ്ഥാപിച്ച അന്ത്യോക്യാ സിംഹാസനത്തിനോടു യാക്കോബായസഭയ്ക്കു യാതൊരു ബന്ധവുമില്ല. പുരാതനകാലത്തു അന്ത്യോക്യായിലെ യഥാത്ഥ പാത്രിയക്കീസുമാർ റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിലിരുന്നതിനാൽ അക്കാലങ്ങളിൽ മലങ്കര സഭയെ ഭരിക്കാൻ അന്ത്യോക്യായിൽ നിന്നോ ബാബേലിൽനിന്നോ വന്ന മെത്രാന്മാർ യാക്കോബായ മെത്രാന്മാരല്ല, കത്തോലിക്ക മെത്രാന്മാരായിരുന്നു. റോമ്മാ പാത്രിയക്കീസ് എല്ലാ പാത്രിയക്കീസുമാരുടെമേലും തലവനാണെന്നു യാക്കോബായക്കാരുടെ ഹൂദായകാനോനും അറബികാനോനാകളും പറയുമ്പോൾ പുരാതനകാലത്തു മലങ്കരസഭയിൽ അധികാരമുണ്ടായിരുന്ന ബാബേൽ–അന്ത്യോക്യാ പാത്രിയക്കീസുമാർ മാർപ്പാപ്പായുടെ ഐക്യത്തിലല്ലേ ഇരുന്നതു്? (എന്റെ തെക്കേങ്ങലിപ്രസംഗം പുറം, 20–65; മുകളിൽ പുറം 38–54; 100–101 കാണുക). ഇങ്ങനെ ചരിത്രസംഭവങ്ങളെയെല്ലാം കീഴ്മേൽ മറിച്ചെഴുതുന്ന കുര്യൻ കോർ എപ്പിസ്കോപ്പായും സലാമറമ്പാനും മറവമാണോ കത്തോലിക്കരാണോ "സത്യത്തിന്റെ നേരെ വാൾ വീശി" ചരിത്രവസ്തു

www.malankaralibrary.com



തയെ കോട്ടിമറിക്കുന്നതും ആളുകളെ വഴിചുററിക്കുന്നതും തെററിദ്ധരിപ്പിക്കുന്നതുമെന്നു് "എൻെറ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥവും ഈ ഗ്രന്ഥവും സത്യാന്വേഷികൾക്കു അനിഷേധ്യമായി തെളിയിച്ചുകൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അല്ലോൻസുലിഗോരിയുടെ ഗ്രന്ഥത്തിൽ നിന്നെന്നു പ്രസ്താവിച്ചുകൊണ്ടു ആഹാദ്ദ് റമ്പാൻ (ഇപ്പോഴത്തെ യാക്കൂബ് പാത്രിയർക്കീസു്) നൽകിയിട്ടുള്ള ഉദ്ധരണികൾ എല്ലാം വ്യാജമാണെന്നു എൻെറ തെങ്ങേലിപ്രസംഗം എന്ന ഗ്രന്ഥത്തിൽ ഞാൻ തെളിയിച്ചിട്ടുണ്ടല്ലോ. (മുകളിൽ പുറം 19–30) ആഹാദ്ദ് റമ്പാൻെറ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള അതേ വ്യാജങ്ങളെ തന്നെ പകർത്തിയെഴുതിയിട്ടുള്ള ഒന്നാണ് സലാമറമ്പാൻെറ ഗ്രന്ഥം. ഈ ഗ്രന്ഥത്തെ വാനോളം വാഴ്ത്തി അവതാരിക എഴുതിയിട്ടുള്ള കോർഎപ്പിസ്കോപ്പായ്ക്കു, സലാമ റമ്പാൻെറ ഈ ഗ്രന്ഥം ഇറങ്ങുന്നതിനുമുമ്പു തന്നെ "എൻെറ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥം പാരിതോഷികമായി ഞാൻ നൽകിയിട്ടുള്ളതാണു്. ആ ഗ്രന്ഥം വായിച്ചെന്നു കോർ എപ്പിസ്കോപ്പാ എന്നോടു നേരിട്ടു പറയുകയും ചെയ്തു. ഇങ്ങനെ എൻെറ ഗ്രന്ഥം വായിച്ചു സത്യാവസ്ഥ അറിഞ്ഞിട്ടും സലാമ റമ്പാൻെറ ഗ്രന്ഥത്തെ കോർഎപ്പിസ്കോപ്പാ ഇത്രയധികം പുകഴ്ത്തി ഒരവതാരികയെഴുതിക്കൊടുത്തതിൽ കാണിക്കുന്ന സത്യസന്ധതയും, വായനക്കാരെ സത്യംമാത്രം ഗ്രഹിപ്പിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന ശുഷ്കാന്തിയും എത്ര മഹത്തരം, എത്ര അഭിനന്ദനീയം, എത്ര അനുകരണയോഗ്യം!

www.malankaralibrary.com


വന്ദ്യദിവ്യശ്രീ കുര്യൻ കോർഎപ്പിസ്കോപ്പാ സത്യത്തെ എത്രമാത്രം സ്നേഹിക്കുന്ന ആളാണെന്നു അദ്ദേഹത്തിൻെറ "മലങ്കര സുറിയാനി സഭാചരിത്ര"ത്തെ വിമർശിക്കയിൽ "എൻെറ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥത്തിൽ പല തെളിവുകൾ നല്കി ഞാൻ വിശദമാക്കിയിട്ടുണ്ട്. എന്നാൽ കോർ എപ്പിസ്കോപ്പാ തൻെറ ചരിത്രഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ള അഡ്രിയൻ ഫൊർട്ടെസ്ക് എന്ന പണ്ഡിതൻെറ "The Orthodox Eastern church" (പൌരസ്ത്യ ഓർത്തഡോക്സ് സഭ) എന്ന ഗ്രന്ഥം എൻെറ കൈവശം അന്നു ഇല്ലാതിരുന്നതുകൊണ്ടു കോറെപ്പിസ്കോപ്പായുടെ കൃത്രിമത്തെ മുഴുവനായി വായനക്കാരെ ഗ്രഹിപ്പിക്കുവാൻ സാധിക്കുന്നില്ലെന്നു എൻെറ ഗ്രന്ഥത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. (പുറം 164). ഫൊർട്ടെസ്കിൻെറ പ്രസ്തുത ഗ്രന്ഥം ഇപ്പോൾ എൻെറ കൈവശം വന്നുചേർന്നതുകൊണ്ടു കോറെപ്പിസ്കോപ്പാ ഉദ്ധരണിയിൽ കാണിച്ചിട്ടുള്ള കൃത്രിമം വിശദമാക്കാം. അപ്പോൾ ഇദ്ദേഹത്തിൻെറ സത്യസന്ധത വായനക്കാർക്കു ബോദ്ധ്യമാകും.

അഡ്റിയൻ ഫൊർട്ടെസ്ക് പിഎച്ച്. ഡി., ഡി. ഡി. പ്രോട്ടസ്റൻറു സഭയിൽനിന്നു കത്തോലിക്കസഭയെ ആശ്ലേഷിച്ച മഹാപണ്ഡിതനായ ഒരു വൈദികനാണു്. സഭാപരമായി അനേകം ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്. അതിൽ ഒന്നാണു "പൌരസ്ത്യ ഓർത്തോഡോക്സ സഭ" എന്നഗ്രന്ഥം. 450—ൽ അധികം പുറങ്ങളുള്ള വിപുലമായ ഒരു ഗ്രന്ഥമാണു ഇതു്. അപ്പൊസ്തോലികകാലം തുടങ്ങി റോമ്മാസിംഹാസനത്തിൻെറ ഐക്യത്തിൽ

www.malankaralibrary.com



നിന്നിരുന്ന ഗ്രീക്കുസഭ 9-ാം ശതാബ്ദത്തിൽ ഫോസിയോസ് പാത്രിയക്കീസിന്റെ കാലത്തു റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിൽനിന്നു ഭിന്നിക്കുന്നതിനു ഇടയായെന്നും, 1054-ൽ ചെരുലാരിയൂസ് പാത്രിയക്കീസിന്റെ കാലത്തു ഈ ഭിന്നിപ്പു പൂർത്തിയായി മാർപ്പാപ്പായുടെ അധികാരത്തിൽ നിന്നു നിശ്ശേഷം പിന്മാറി ഒരു സ്വതന്ത്രസഭയായെന്നും, പിന്നീടു ഗ്രീക്കുസഭ അലക്സാണ്ഡ്റിയാ, അന്ത്യോക്യാ, ജെരുസലേം, സൈപ്രസ്, റഷ്യാ, ജോർജ്ജ്യാ ആദിയായി 16 വിഭാഗങ്ങളായിത്തീർന്നെന്നും (ഫൊട്ടെസ്ക്കിന്റെ കാലത്തു 16, ഇപ്പോൾ 20 ഉണ്ടു) ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ച് ഓരോ സഭകളുടെയും ചരിത്രം ആധുനികസ്ഥിതി, വിശ്വാസവിഷയങ്ങൾ, ആചാരമര്യാദകൾ എന്നിവയെല്ലാം അദ്ദേഹം വിവരിക്കുന്നു. മാർപ്പാപ്പായ്ക്കു പൌരസ്ത്യദേശത്തു അധികാരമില്ലെന്നു അഡ്രിയൻ ഫൊർട്ടെസ്ക്യൂ പറയുന്നതായി വായനക്കാരെ ധരിപ്പിക്കുന്നതിനുവേണ്ടി കുര്യൻ കോർ എപ്പിസ്കോപ്പാ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്ന വാചകങ്ങൾ ഫൊർട്ടെസ്കിന്റെ ഗ്രന്ഥത്തിലെ 2-ാം അദ്ധ്യായത്തിൽ നിന്നാണ്. 47 പുറങ്ങളുള്ള ഈ അദ്ധ്യായം തുടങ്ങുന്നതുതന്നെ ഇങ്ങനെയാണ്:—

CHAPTER II.

ROME AND THE EASTERN CHURCHES.

The relation of the Eastern Bishops to the West means practically their relation to the Pope at Rome. With other Western bishops they had little to do…………

www.malankaralibrary.com



All the more important was their relation to the Pope himself. It was not always a friendly one. During the second half of these eight centuries especially, there was plenty of friction.........Nevertheless, during this period the Eastern Churches acknowledged the Primacy of the Pope, and when at last the schism came, it was they who made the change by rejecting it, not the Latins who went on maintaining it." (Adrian Fortescue, The Orthodox Eastern Church, 1908, P. 51)

പരിഭാഷ.

റോമ്മായും പൌരസ്ത്യസഭകളും.

"പൌരസ്ത്യമെത്രാന്മാക്കു പാശ്ചാത്യ ദേശത്തോടുള്ള ബന്ധമെന്നു പറയുന്നതിന്റെ അത്ഥം പ്രായോഗികമായി റോമ്മായിലെ മാർപ്പാപ്പായോടു അവക്കുള്ള ബന്ധമാണ്. പാശ്ചാത്യദേശത്തെ മററു മെത്രാന്മാരോടു അവക്കു യാതൊരു കായ്യവും ഉണ്ടായിരുന്നില്ല.........

മാർപ്പാപ്പായോടു തന്നെയുള്ള അവരുടെ ബന്ധമാണ് എല്ലാററിലും കൂടുതലായി പ്രാധാന്യം അർഹിക്കുന്നതു്. അതു എപ്പോഴും സൌഹാർദ്ദപരമായ ഒന്നല്ലായിരുന്നു. ഈ എട്ടു ശതാബ്ദങ്ങളുടെ ദ്വിതീയാദ്ധകാലത്തു പ്രത്യേകിച്ചു ധാരാളം ഉരസലുകൾ ഉണ്ടായിരുന്നു......എന്നിരുന്നാലും ഈ കാലഘട്ടത്തിൽ പൌരസ്ത്യസഭകൾ മാർപ്പാപ്പായുടെ പരമാധികാരത്തെ സ്വീകരിച്ചിരുന്നു, ഒടുവിൽ ശീ

www.malankaralibrary.com



ശ്മ വന്നപ്പോൾ പരമാധികാരത്തെ തള്ളിക്കളഞ്ഞുകൊണ്ട് പൌരസ്ത്യരാണ മാററം വരുത്തിയതു്, ലത്തീൻകാർ മാററം വരുത്താതെ പരമാധികാരത്തെ പാലിച്ചുകൊണ്ടുപോന്നു." (അഡ്രിയൻ ഫൊർട്ടെസ്ക്, ഓർത്തഡോക്സ് പൌരസ്ത്യസഭ, 1908, പുറം 51)

തുടർന്നു ഫൊർട്ടെസ്ക് പൌരസ്ത്യ സഭയിലെ വി. ഇഗ്നാത്തിയോസ്, വി. ബസ്സേലിയോസ്സ്, വി. അഫ്രേം, വി. ക്രിസോസ്തോം, വി. ഗ്രിഗരി നസ്യാൻസൻ, വി. എപ്പിഫാനിയോസ്, അലക്സാണ്ഡ്റിയായിലെ വി. കൂറിലോസ് അടിയായവരുടെ അനേകസാക്ഷ്യങ്ങൾ ഉദ്ധരിച്ചശേഷം * പറയുന്നു:

"We have, then, as the belief of these Fathers that (1) Peter was the Prince of the Apostles and the Rock, (2) the Roman Pontiffs succeed him in this office, (3) therefore the Roman Bishop has jurisdiction over the whole Church of Christ, (4) and the faith of his Church is the standard of Orthodoxy for all Christians. And these four points make up exactly what catholics believe about the Pope". (P. 61).

പരിഭാഷ. "ഈ പിതാക്കന്മാരുടെ വിശ്വാസമായി നമുക്ക ലഭിച്ചിട്ടുള്ള കാര്യങ്ങൾ ഇവയാണ്. 1) പത്രോസ് ശ്ലീഹന്മാരുടെ പ്രഭുവും പാറയുമാകുന്നു. 2) ഈ ഉദ്യോഗത്തിൽ റോമ്മാ മാർപ്പാപ്പാമാർ പത്രോസിൻെറ അനുഗാമികളായിത്തീരുന്നു.

* വിസ്താരഭയത്താലാണ് ഈ സാക്ഷ്യങ്ങൾ ഇവിടെ ചേക്കാത്തതു്.

www.malankaralibrary.com



3) ആകയാൽ റോമ്മാമെത്രാനു ക്രിസ്തുവിൻെറ സഭമുഴുവനിലും അധികാരമുണ്ടു്.

4) റോമ്മാമെത്രാൻെറ സഭയുടെ വിശ്വാസമാകുന്നു എല്ലാക്രിസ്ത്യാനികളുടെയും സത്യവിശ്വാസത്തിൻെറ മാനദണ്ഡം. ഈ നാലുകാര്യങ്ങളും മാർപ്പാപ്പായെ സംബന്ധിച്ചു കത്തോലിക്കർക്കുള്ള വിശ്വാസം എന്തെന്നു ശരിയായി പ്രകടിപ്പിക്കുന്നു." (പുറം 61)

അനന്തരം ഫൊർട്ടെസ്ക് പൌരസ്ത്യദേശങ്ങളിൽനിന്നു മാർപ്പാപ്പായ്ക്കു പുരാതനകാലങ്ങളിൽ ലഭിച്ചിട്ടുള്ള അപ്പീലുകൾ, നിക്യാ, കോൺസ്റ്റാൻറിനോപ്പിൾ, എഫേസൂസ്, കൽക്കദോനിയാ ആദിയായ പൊതുസുന്നഹദോസുകളിലെ നടപടികൾ എന്നിവയെ സവിസ്തരം പ്രതിപാദിച്ചു റോമ്മാമെത്രാനു പുരാതനകാലത്തു പൌരസ്ത്യദേശത്തുണ്ടായിരുന്ന പരമാധികാരത്തെ അനിഷേധ്യമായി സ്ഥാപിക്കുന്നു (പുറം 67—86)

പിന്നീടു ആ ഗ്രന്ഥകാരൻ "Ill-feeling towards Rome in the East" (റോമ്മായെ സംബന്ധിച്ചു പൌരസ്ത്യദേശത്തുള്ള അസുഖമനോഭാവം) എന്ന ശീർഷകത്തിൽ പത്തു പുറങ്ങൾ എഴുതുന്നു. ഇതിൽ നിന്നാണു കുര്യൻ കോർഎപ്പിസ്കോപ്പാ തൻെറ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ഉദ്ധരണി എടുത്തിട്ടുള്ളതു്. ഫൊർട്ടെസ്കിൻെറ ആശയങ്ങളും കോർഎപ്പിസ്കോപ്പായുടെ കൃത്രിമവും വായനക്കാർ ശരിയായി ഗ്രഹിക്കുന്നതിനു വേണ്ടി കോർഎപ്പിസ്കോപ്പാ ഉദ്ധരിച്ചിട്ടുള്ള വാചകങ്ങളെയും ഉദ്ധരിക്കാതെ വിട്ടുകളഞ്ഞ പല പ്രധാനപ്പെട്ട വാചകങ്ങ

www.malankaralibrary.com



ളയും ഫൊർട്ടെസ്ക്കിൻെറ ഗ്രന്ഥത്തിൽ നിന്നു താഴെ ചേർക്കുന്നു:—

"Ill-feeling towards Rome in the East.

But there is also another side to the question. It is certain that the whole body of Eastern orthodox Christans would not have so easily fallen away from the communion with the West and with the Pontiff whom they had so often acknowledged as their chief, if everything had been going quite smoothly till the 9th century ....It is true that long before Photius was born an ill-feeling against Latins and against the Latin Patriarch had been growing up at Constantinople. This ill-feeling shows itself most plainly during the last three centuries before the schism, during the Byzantine period, since Justinian. But even earlier there was often friction. *In the first place we do not often find among these Eastern bishops the same enthusiasm for Rome as among Latins: (1) *they acknowledged its primacy, but more coldly. Words like St. Jerome's impassioned appeal to Pope Damasus (Ep. 15. ad Damasum) are the expression of the feelings of a Latin surrounded by*

---

*ഇതുവരെയുള്ള വാചകങ്ങളെല്ലാം വിട്ടിട്ടു നക്ഷത്രചിഹ്നം കഴിഞ്ഞുവരുന്ന ഈ വാചകം തുടങ്ങിയാണു് കോർ എപ്പിസ്കോപ്പാ തൻെറ ചരിത്രഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നതു് (പുറം 88).

(1) ഇറ്റാലിക്സിൽ ചേർത്തിട്ടുള്ള ഈ രണ്ടു വാചകങ്ങളും കോർ എപ്പിസ്കോപ്പാ തൻെറ ഗ്രന്ഥത്തിൽ ഉദ്ധരിക്കാതെ വിട്ടിരിക്കുന്നു. ഇറ്റാലിക്സ് ഈ ഗ്രന്ഥകാരൻ ഇട്ടതാണു്.

www.malankaralibrary.com



*Greeks and Syrians*. To Christians of the Eastern Churches the Pope was always more of a stranger. He was not their Patriarch. Whereas he governed, guided, advised his own Latin bishops continually, sent his Pallium to arch-bishops, was appealed to in every sort of difficulty.* Eastern Christians in similar cases looked to their own patriarchs. (2) *True, they could appeal from them to the first see; the Synod of Sardica had said so (P. 69), and we have seen a number of cases; but such appeals were rather the exception, brought about by some flagrant injustice.* The normal life of those Churches went on without much reference to Rome". (P. 87).

### പരിഭാഷ.

### റോമ്മായെ സംബന്ധിച്ച പൌരസ്ത്യ ദേശത്തുള്ള അസുഖമനോഭാവം.

എന്നാൽ ഈ പ്രശ്നത്തിന വേറൊരു വശം കൂടിയുണ്ട്. 9-ാം ശതാബ്ദംവരെ എല്ലാ സംഗതികളും വളരെ പ്രശാന്തമായി പോയിരുന്നെങ്കിൽ പാശ്ചാത്യദേശത്തോടും തങ്ങളുടെ നേതാവായി എത്രയും അധികം പ്രാവശ്യം സ്വീകരിച്ചിട്ടുള്ള മാർപ്പാപ്പായോടുമുള്ള ഐക്യത്തിൽ നിന്ന പൌരസ്ത്യ ഓർത്താഡോക്സ് ക്രിസ്ത്യാനികളുടെ സമൂഹം മുഴുവൻ എളുപ്പത്തിൽ പിന്മാറിപ്പോകയില്ലായിരുന്നെന്ന തീർച്ചയാണ്...ഫോസിയസ് ജനിക്കുന്നതിന വളരെ

* An example of this is the correspondence between St. Gregory the Great and St. Augustine of Canterbury.

2) ഇററാലിക്സിൽ ചേർത്തിട്ടുള്ള ഈ വാചകങ്ങളും കോർഎപ്പിസ്കോപ്പാ ഉദ്ധരിക്കാതെ വിട്ടിരിക്കുന്നു.

www.malankaralibrary.com



കാലം മുമ്പുതന്നെ ലത്തീൻകാരോടും ലത്തീൻ പാത്രിയക്കീസിനോടും ഒരു അസുഖമനോഭാവം കോൺസ്റ്റാൻറിനോപ്പിളിൽ വളർന്നുവന്നിരുന്നെന്നുള്ളതു വാസ്തവംതന്നെ. ഈ അസുഖമനോഭാവം ശീശ്മയ്ക്കു മുമ്പുള്ള മൂന്നുറ്റാണ്ടിൽ (ആറാം നൂറ്റാണ്ടിൽ) അതായതു ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലത്തോടുകൂടിയുള്ള ബിസൻറയിൻ കാലഘട്ടത്തിൽ ഏറ്റവും വ്യക്തമായി സ്വയമേ ദൃശ്യമായി. എന്നാൽ ഇതിനുമുമ്പും പലപ്പോഴും ഉരസൽ ഉണ്ടായിട്ടുണ്ട്. * ഒന്നാമതായി ലത്തീൻ റീത്തുകാരുടെ ഇടയിൽ ഉള്ളതുപോലെയുള്ള അതേതീക്ഷ്ണത ഈ പൗരസ്ത്യമെത്രാന്മാർക്ക റോമ്മായോടു പലപ്പോഴും ഉള്ളതായി നാം കാണുന്നില്ല. (2) [അവർ റോമ്മായുടെ പരമാധികാരം സ്വീകരിച്ചിരുന്നു; എന്നാൽ വലിച്ച നിരുത്സാഹത്തോടെയാണ്. വി. ജറോം ദാമസ്സുസ് മാർപ്പാപ്പായ്ക്കു അയച്ച ആവേശഭരിതമായ അപ്പീലിലേതുപോലെയുള്ള വാക്കുകൾ ഗ്രീക്കുകാരാലും സുറിയാനിക്കാരാലും വലയം ചെയ്യപ്പെട്ട ഒരു ലത്തീൻകാരൻെറ അനുഭവപ്രകടനങ്ങൾതന്നെയാണ്. ദാമസ്സുസ് മാർപ്പാപ്പായ്ക്കുള്ള ലേഖനം, 15] പൗരസ്ത്യസഭകളിലെ ക്രിസ്ത്യാനികൾക്കു മാർപ്പാപ്പാ പലപ്പോഴും ഒരു അപരിചിതൻെറ പ്രതീതി കൂടുത

* ഇതുവരെയുള്ള വാചകങ്ങളെല്ലാം വിട്ടിട്ട് നക്ഷത്രചിഹ്നം കഴിഞ്ഞുവരുന്ന ഈ വാചകം തുടങ്ങിയാണു കോർ എപ്പിസ്കോപ്പാ തൻെറ ചരിത്രഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നതു്.

2) ചതുരവലയത്തിൽ ഇട്ടിരിക്കുന്ന മൂന്നുവാചകങ്ങൾ കോർ എപ്പിസ്കോപ്പാ ഉദ്ധരിക്കാതെ വിട്ടിരിക്കുന്നു. ചതുരവലയം ഈ ഗ്രന്ഥകാരൻ ഇട്ടതാണ്.

www.malankaralibrary.com



ലായി ഉളവാക്കിയിരുന്നു. അദ്ദേഹം അവരുടെ പാത്രിയക്കീസല്ല. എന്നാൽ തന്റെ ലത്തീൻറീത്തുകാരായ മെത്രാന്മാരെ നിരന്തരമായി അദ്ദേഹം (മാർപ്പാപ്പാ) ഭരിക്കയും, നിയന്ത്രിക്കയും, ഉപദേശിക്കയും, മെത്രാപ്പോലീത്താമാൎക്ക 'പാല്ലിയം'(സ്ഥാനവസ്ത്രം) നല്കുകയും ചെയ്തിരുന്നു. എല്ലാ വിഷമതയിലും അവർ മാർപ്പാപ്പായുടെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചിരുന്നു. * പൌരസ്ത്യ ക്രിസ്ത്യാനികൾ ഇങ്ങനെയുള്ള കാൎയ്യങ്ങളിൽ അവരുടെ സ്വന്തം പാത്രിയക്കീസിന്റെ പക്കലേക്കാണു ദൃഷ്ടികൾ തിരിച്ചിരുന്നത്. (3) [എന്നാൽ അവൎക്ക (പൌരസ്ത്യക്രിസ്ത്യാനികൾക്ക) അവരുടെ അടുക്കൽനിന്നു (പൌരസ്ത്യ പാത്രിയക്കീസന്മാരുടെ അടുക്കൽ നിന്നു) ഒന്നാമത്തെ സിംഹാസനത്തിലേക്ക (റോമ്മാ സിംഹാസനത്തിലേക്ക) അപ്പീൽ ബോധിപ്പിക്കാമായിരുന്നു എന്നുള്ളതു വാസ്തവം തന്നെ. സാർദിക്കാ സൂനഹദോസ് അങ്ങനെ പ്രസ്താവിക്കുന്നുണ്ട്. അങ്ങനെ പല സംഭവങ്ങൾ നാം കാണുകയും ചെയ്യു. + എന്നാൽ ഇങ്ങനെയുള്ള അപ്പീലുകൾ അധികവും കടുത്ത അനീതി നിമിത്തം അപവാദമായി വന്നിട്ടു

* മഹാനായ വി. ഗ്രീഗോറിയോസ് മാർപ്പാപ്പായും കാന്റർബറി മെത്രാപ്പോലീത്തായായ വി. ആഗസ്തീനോസും തമ്മിലുള്ള എഴുത്തുകുത്തുകൾ ഈ അപ്പീലിന്റെ ഒരു ഉദാഹരണമത്രേ.

3.) ചതുരവലയത്തിലുള്ള വാചകങ്ങളൊന്നും കോർഎപ്പിസ്കോപ്പാ തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടില്ല.

+ പുസ്തകത്തിന്റെ മുകളിലത്തെ അദ്ധ്യായങ്ങളിൽ ഇങ്ങനെ റോമ്മായിലേക്ക പൌരസ്ത്യ ദേശത്തുനിന്നു പല അപ്പീലുകൾ അയച്ച കാൎയ്യങ്ങൾ ഫൊർട്ടെസ്ക്യ് വിവരിക്കുന്നുണ്ട്.

www.malankaralibrary.com



ള്ളതാണ്.] ഈ സഭകളുടെ (പൌരസ്ത്യ സഭകളുടെ) സാധാരണ ജീവിതം റോമ്മായിലെ സഭയെ അധികം ആശ്രയിക്കാതെ കഴിഞ്ഞുപോയിരുന്നു."

(ഓർത്തഡോക്സ് പൌരസ്ത്യസഭ, പുറം 87)

ഫൊർട്ടെസ്ക്കിന്റെ ഈ ഗ്രന്ഥത്തിൽ ആകെ പതിനാലു അദ്ധ്യായങ്ങളാണുള്ളതു്. സുദീർഘമായി അദ്ദേഹം പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളുടെയെല്ലാം സംഗ്രഹം, 'Summary' എന്ന തലവാചകം കൊടുത്തു പതിമൂന്നു അദ്ധ്യായങ്ങളുടെയും ഒടുവിൽ അദ്ദേഹം നല്കുന്നുണ്ട്. "റോമ്മായെ സംബന്ധിച്ചു പൌരസ്ത്യദേശത്തുള്ള അസ്വഭമനോഭാവം" എന്ന രണ്ടാം അദ്ധ്യായത്തിൽ സുദീർഘമായി പ്രതിപാദിച്ചിട്ടുള്ള ഈ സംഗതികളുടെയെല്ലാം സംഗ്രഹം അദ്ദേഹം ആ അദ്ധ്യായത്തിന്റെ ഒടുവിൽ നല്കുന്നതിൽ ഇപ്രകാരം പറയുന്നു:—

## Summary.

"In this chapter we have considered the relations between Rome and the Eastern Churches. We have seen, first of all, that those Churches acknowledged the Primacy during the first eight centuries. The great Greek Fathers believed that St. Peter was the foundation of the Church, the chief of the Apostles, that he always lives and reigns in his successors the Bishops of Rome, that therefore the Roman See is the foundation of all sees, that her bishops are the chiefs of all bishops. This same conviction lasted through the Byzantine period (since Justinian, 527) till the schism. The Eastern Churhes acknowledged the Pope as the highest judge and

www.malankaralibrary.com



his see as the last court of appeal in their affairs too; their bishops constantly used this right of appealing to Rome. The Pope's Primacy is confirmed by all the councils that Catholics and Orthodox agree in considering Oecumenical, except by the two that were irregular in everything but the papal confirmation. On the other hand we have seen that there were causes of friction and ill-feeling between East and West long before the final schism broke out". (P. 67).

പരിഭാഷ സംഗ്രഹം

"ഈ അദ്ധ്യായത്തിൽ റോമായും പൌരസ്ത്യസഭകളും തമ്മിലുള്ള ബന്ധത്തെയാണു നാം പരിശോധിച്ചതു്. എല്ലാററിലും ആദ്യമായി നാം കണ്ടതു് ഈ സഭകളെല്ലാം ആദ്യത്തെ എട്ടു ശതാബ്ദങ്ങളിൽ (റോമായുടെ) പരമാധികാരത്തെ സ്വീകരിച്ചിരുന്നു എന്നുള്ളതാണു്. ഗ്രീക്കുകാരായ മഹാപിതാക്കന്മാർ വി. പത്രോസ് സഭയുടെ അടിസ്ഥാനമാണെന്നും, അപ്പോസ്തോലന്മാരുടെ തലവനാണെന്നും, അദ്ദേഹം (വി. പത്രോസ്) തൻെറ പിൻഗാമികളായ റോമാ മെത്രാന്മാരിൽ എപ്പോഴും ജീവിക്കുകയും ഭരിക്കുകയും ചെയ്യുന്നുവെന്നും, ആകയാൽ റോമാസിംഹാസനം എല്ലാ സിംഹാസനങ്ങളുടെയും അടിസ്ഥാനമാണെന്നും, അവരുടെ (റോമായുടെ) മെത്രാന്മാർ എല്ലാ മെത്രാന്മാരുടെയും തലവന്മാരാണെന്നും വിശ്വസിച്ചിരുന്നു. ഇതേ മനോഭാവം ബിസന്റയിൽ കാലഘട്ടത്തിലൂടെയും (ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലമായ 527 തുടങ്ങിയുള്ള കാലത്തിൽ) ശീശ്മവരെ നീണ്ടുനിന്നു. പൌരസ്ത്യസഭകൾ മാർപ്പാപ്പായെ ഏററവും വലിയ വിധികർത്താ

www.malankaralibrary.com



വായും, അദ്ദേഹത്തിന്റെ സിംഹാസനത്തെ തങ്ങളുടെ കാര്യങ്ങളിലും അവസാനത്തെ അപ്പീൽ കോടതിയായും സ്വീകരിച്ചിരുന്നു. അവയുടെ (പൌരസ്ത്യസഭകളുടെ) മെത്രാന്മാർ റോമ്മായിലേക്ക അപ്പീൽ ചെയ്യുന്നതിനുള്ള തങ്ങളുടെ ഈ അവകാശത്തെ നിരന്തരമായി ഉപയോഗിച്ചിരുന്നു. കത്തോലിക്കരും ഓർത്തൊഡോക്സുകാരും പൊതുസൂനഹദോസുകളായി കരുതി സ്വീകരിച്ചിരിക്കുന്ന എല്ലാ സൂനഹദോസുകളും—മാർപ്പാപ്പായുടെ അംഗീകരണമൊഴിച്ചു മററുള്ളവയിലെല്ലാം നിയമവിരുദ്ധമായിട്ടുള്ള രണ്ടു സൂനഹദോസുകൾ ഒഴിച്ചുള്ള സൂനഹദോസുകൾ—മാർപ്പാപ്പായുടെ പരമാധികാരത്തെ ഉറപ്പിക്കുന്നു. എന്നാൽ അതേസമയംതന്നെ ശീശ്മ അവസാനമായി പൊട്ടിപ്പുറപ്പെടുന്നതിനു വളരെ മുമ്പുതന്നെ പാശ്ചാത്യദേശവും പൌരസ്ത്യദേശവും തമ്മിൽ ഉരസലും അസുഖമനോഭാവവും ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ ഉണ്ടായിരുന്നെന്നു നാം കണ്ടു." (പു റം. 97)

അഡ്രിയൻ ഫൊർട്ടെസ്കിന്റെ ഗ്രന്ഥത്തിൽനിന്നു കുര്യൻ കോർ എപ്പിസ്ക്കോപ്പാ തന്റെ ചരിത്രഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്ന ഏതാനും വാചകങ്ങൾക്കു മുമ്പുള്ള അനേക പുറങ്ങളിലും, പിമ്പുള്ള ഈ സംഗ്രഹത്തിലും റോമ്മാ മാർപ്പാപ്പായ്ക്കു പൌരസ്ത്യ സഭകളിൽ പുരാതനകാലംതുടങ്ങി പരമാധികാരമുണ്ടായിരുന്നെന്നും, പൌരസ്ത്യ സഭകളിൽ ഒന്നായ ഗ്രീക്കസഭ 9—ാം ശതാബ്ദംവരെ ഈ പരമാധികാരത്തെ സ്വീകരിച്ചിരുന്നെന്നും, അതു കഴിഞ്ഞതാണു ഗ്രീക്കസഭ ശീശ്മയുണ്ടാക്കി റോമ്മാമെത്രാന്റെ ഐക്യത്തിൽനിന്നു വേർപെട്ടതെന്നും ഫൊർ

www.malankaralibrary.com



ട്ടെസ്കു് തന്റെ ഗ്രന്ഥത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുള്ളതായി ആദ്യംമുതൽ ഇതുവരെ ഉദ്ധരിച്ച സാക്ഷ്യങ്ങളിൽ നിന്നു വായനക്കാൎക്കു മനസ്സിലായിട്ടുണ്ടല്ലോ. ഈ സാക്ഷ്യങ്ങളിലെ ആശയങ്ങളെല്ലാം വായനക്കാരിൽ നിന്നു മറച്ചുവെച്ചിട്ടാണു 6-ാം ശതാബ്ദം തുടങ്ങി റോമ്മായോടു ഗ്രീക്കുസഭയ്ക്കുണ്ടായിട്ടുള്ള അസുഖമനോഭാവത്തെ സംബന്ധിച്ചു ഫൊൎട്ടെസ്ക്യു പറയുന്നകാൎയ്യംമാത്രം കോർ എപ്പിസ്കോപ്പാ ഉദ്ധരിച്ചു വായനക്കാരെ വഞ്ചിക്കുന്നതു്.

മക്കൾക്കു അപ്പനോടു ഉരസലും അസുഖമനോഭാവവുമുണ്ടായി എന്നൊരാൾ പറഞ്ഞാൽ മക്കളുടെമേൽ അപ്പനുള്ള അധികാരമെല്ലാം നഷ്ടപ്പെട്ടുപോയി എന്നൎത്ഥമുണ്ടോ? ഇതുപോലെ ഒമ്പതാം ശതാബ്ദത്തിലോ അതിനു മുമ്പോ പൌരസ്ത്യ മെത്രാന്മാൎക്കു മാർപ്പാപ്പായോടു ഉരസലും അസുഖമനോഭാവവുമുണ്ടായി എന്നു ഫെൎട്ടെസ്ക് പറയുമ്പോൾ മാർപ്പാപ്പായ്ക്കു പുരാതനകാലംതുടങ്ങിയുണ്ടായിരുന്നതും ഒൻപതാം ശതാബ്ദംവരെ പൌരസ്ത്യസഭകൾ സ്വീകരിച്ചിരുന്നതുമായ അധികാരത്തിനു എന്തെങ്കിലും കുറവുണ്ടായി എന്നാണോ അൎത്ഥം? മുകളിൽ ഉദ്ധരിച്ചിട്ടുള്ള 2-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു തന്നെ ഉരസൽ ഉണ്ടായിട്ടും പൌരസ്ത്യ മെത്രാന്മാർ ഒൻപതു ശതാബ്ദങ്ങളോളം മാർപ്പാപ്പാമാരുടെ പരമാധികാരം സ്വീകരിച്ചിരുന്നെന്നും, ഉരസൽ ഉണ്ടാക്കി പുരാതനമായ ഈ വിശ്വാസത്തെ തള്ളിക്കളഞ്ഞതു പൌരസ്ത്യരാണെന്നും, ലത്തീൻക്രിസ്ത്യാനികളാവട്ടെ ആ പുരാതന വിശ്വാസത്തെ പാലിച്ചുപോന്നുവെന്നും ഫൊൎട്ടസ്ക് എത്രയും സ്പഷ്ടമായി പറഞ്ഞിട്ടുമുണ്ടല്ലോ. (മുകളിൽ പുറം 241-242)

www.malankaralibrary.com



കോർ എപ്പിസ്കോപ്പാ ഉദ്ധരിക്കുന്ന സാക്ഷ്യത്തിനു നേരെ മുകളിൽ പ്രതിപാദ്യവിഷയത്തിന്റെ ആദ്യഭാഗത്തുതന്നെ ഫൊർട്ടെസ്ക് പറയുന്നതു പൌരസ്ത്യ ദേശത്തിനു പാശ്ചാത്യദേശത്തോടു ഉരസൽ ഉണ്ടാകാതെ സംഗതികളെല്ലാം വളരെ പ്രശാന്തമായി പോയിരുന്നെങ്കിൽ പൌരസ്ത്യ ക്രൈസ്തവ സമൂഹം 9-ാം ശതാബ്ദത്തിൽ മാർപ്പാപ്പായുടെ ഐക്യത്തിൽ നിന്നു പിന്മാറുകയില്ലായിരുന്നു എന്നാണല്ലോ. ഗ്രീക്കു സഭക്കാർക്കു റോമ്മായോടു പിൽക്കാലത്തു ഉരസലും അസുഖമനോഭാവവും ഉണ്ടാകാനുള്ള പ്രധാന കാരണം കൊൺസ്റ്റൻറിനോപ്പിളിൽ ചില കാലങ്ങളിൽ വാണിരുന്ന പാത്രിയർക്കീസുമാരുടെ ദുരാഗ്രഹവും, ലത്തീൻ റീത്തിലെ ചില ആചാരാനുഷ്ഠാനങ്ങളോടുള്ള അവജ്ഞയുമാണെന്നു ഫൊർട്ടസ്ക് പറയുന്നു (പുറം 28, 95).

"It was, moreover, this ambition of the bishops of the Imperial City (Constantinople) that far more than anything else caused and fostered friction with Rome (p 28) "രാജകീയ നഗരത്തിലെ (കോൺസ്റ്റാൻറിനോപ്പിളിലെ) മെത്രാന്മാരുടെ ഈ ദുരഹങ്കാരമാണു മറെറല്ലാററിനെക്കാൾ ഉപരിയായി റോമ്മായോടു ഉരസലിനും അതിന്റെ വൎദ്ധനവിനും കാരണമാക്കിയതു്. (പുറം 28). "But undoubtedly the chief cause of all ill-feeling was the ambition of Constantinople"(p. 89) (എന്നാൽ എല്ലാ അസുഖമനോഭാവത്തിന്റെയും പ്രധാനകാരണം കോൺസ്റ്റൻറിനോപ്പിളിന്റെ ദുരാഗ്രഹമാണെന്നുള്ളതു നിസ്സംശയമത്രേ. (പുറം. 89) ഇതിൽ നിന്നും ഒമ്പതാം ശതാ

www.malankaralibrary.com


ണ്ടുംവരെ പൌരസ്ത്യ സഭ റോമ്മായുടെ ഐക്യ ത്തിലായിരുന്ന സ്ഥിതി ചെയ്തിരുന്നതെന്നു തെളിയു ന്നു. കോർ എപ്പിസ്ക്കോപ്പാ ഉദ്ധരിക്കുന്ന സാക്ഷ്യ ത്തിൽതന്നെയും പൌരസ്ത്യമെത്രാന്മാർ ഉരസൽ ഉ ണ്ടായശേഷവും നിരുത്സാഹത്തോടെയാണെങ്കിലും മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചിരുന്നെ ന്നും, കടുത്ത അനീതികൾ നേരിട്ടപ്പോൾ പൌരസ്ത്യ ക്രിസ്ത്യാനികൾ റോമ്മാസിംഹാസനത്തിൽ അപ്പീൽ ബോധിപ്പിച്ചിരുന്നെന്നും എത്രയും സ്പഷ്ടമായി പറയുന്നുണ്ട്. പ്രധാനപ്പെട്ട ഈ വാചകങ്ങളെല്ലാം കോർ എപ്പിസ്ക്കോപ്പാ ഇടയ്ക്കു നിന്നു വിട്ടിട്ടാണു ഉരസലിനെ പ്രധാനമായി ഉദ്ദേശിച്ചെഴുതിയിട്ടുള്ള വാചകങ്ങൾമാത്രം ഉദ്ധരിക്കുന്നതു്. എന്തിനു്? പൌ രസ്ത്യസഭകളിൽ പുരാതനകാലത്തു മാർപ്പാപ്പായ്ക്കു അധികാരമൊന്നുമില്ലെന്നു അഡ്രിയൻ ഫൊർട്ടെസ്ക്കു തൻെറ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടെന്നു വായനക്കാ രെ ധരിപ്പിക്കുവാൻ. ഇതു സ്പഷ്ടമായ വഞ്ചനയും കൃത്രിമവുമല്ലേ?

"ലത്തീൻ ക്രിസ്ത്യാനികളുടെയും മേല്പട്ടക്കാ രുടെയുംമേൽ മാർപ്പാപ്പാ കൂടക്കൂടെ അധികാരം പ്ര യോഗിക്കുന്നതുപോലെ പൌരസ്ത്യ മേല്പട്ടക്കാരു ടെമേൽ മാർപ്പാപ്പാ അധികാരം പ്രയോഗിച്ചിരുന്നി ല്ല. മാർപ്പാപ്പായെ ആശ്രയിക്കാതെ സ്വന്തം പാത്രി യർക്കീസുമാർ വഴി പൌരസ്ത്യ ക്രിസ്ത്യാനികൾ കാര്യങ്ങൾ നേടിവന്നിരുന്നു. പൌരസ്ത്യസഭകളുടെ സാധാരണ ജീവിതം റോമ്മായിലെ സഭയെ അധി കം ആശ്രയിക്കാതെ കഴിഞ്ഞുപോയിരുന്നു" എന്നി ങ്ങനെ ഫൊർട്ടെസ്ക്കു് പറയുന്നതിൽനിന്നു കോർ എപ്പിസ്ക്കോപ്പാ അനുമാനിക്കുന്നതുപോലെ മാർ

www.malankaralibrary.com



പ്പാപ്പായുടെ അധികാരത്തെ പൌരസ്ത്യർ സ്വീക-
രിച്ചിരുന്നില്ല എന്നർത്ഥമില്ല. ലത്തീൻകാരുടെമേൽ
പലപ്പോഴും അധികാരം പ്രയോഗിക്കുന്നതു മാർപ്പാ-
പ്പാ അവരുടെ സ്വന്തം പാത്രിയർക്കീസായതുകൊണ്ടാ-
ണ്. പൌരസ്ത്യർക്കു മാർപ്പാപ്പായ്ക്കു വിധേയനായ
അവരുടെ സ്വന്തം പാത്രിയർക്കീസുള്ളതുകൊണ്ടാണ്
മാർപ്പാപ്പാ പൌരസ്ത്യ സഭയുടെ എല്ലാക്കാര്യ-
ത്തിലും പ്രവേശിക്കാഞ്ഞതു്, എന്നാൽ അത്യാവശ്യ-
മുള്ളപ്പോഴെല്ലാം പൌരസ്ത്യ മെത്രാന്മാർ റോമ്മാ
സിംഹാസനത്തിൽ അപ്പീൽ ബോധിപ്പിച്ചിരുന്നെ-
ന്നു ഫൊർട്ടെസ്ക് പ്രത്യേകം പറയുന്നതിനാൽ അ-
വരുടെ മേൽ മാർപ്പാപ്പായ്ക്കു പരമാധികാരമുണ്ടായി-
രുന്നുഎന്നുള്ള കാര്യം സുവ്യക്തമത്രേ. "പൌരസ്ത്യ
ഓർത്തഡോക്സ് സഭ" എന്ന ഗ്രന്ഥത്തിലുള്ളതിനെ-
ക്കാൾ പുരാതനകാലത്തെ പിതാക്കന്മാരുടെയും പൊ-
തുസൂനഹദോസുകളുടെയും നിരവധി സാക്ഷ്യങ്ങൾ
ഉദ്ധരിച്ചും, ചരിത്രസംഭവങ്ങൾ പ്രതിപാദിച്ചും മാ-
ർപ്പാപ്പായ്ക്കു ഗ്രീക്കു, സുറിയാനി ആദിയായ പൌര-
സ്ത്യസഭകളിലെല്ലാം പുരാതനകാലത്തു അധികാര-
മുണ്ടായിരുന്നെന്നു സ്ഥാപിച്ചു "Early Papacy" (പു-
രാതനകാലത്തെ പാപ്പാധിപത്യം) എന്നൊരു ഗ്ര-
ന്ഥംകൂടി ഫൊർട്ടെസ്ക്ക് രചിച്ചിട്ടുണ്ടു്. ഇങ്ങനെ-
യുള്ള ഒരു മഹാ കത്തോലിക്ക പണ്ഡിതനെയാണ്
പൌരസ്ത്യദിക്കിൽ മാർപ്പാപ്പായ്ക്കു പരമാധികാര-
മില്ലായിരുന്നെന്നു പഠിപ്പിച്ച ഒരാളായി വന്ദ്യദിവ്യ-
ശ്രീ കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോ-
പ്പാ തന്റെ ചരിത്രഗ്രന്ഥംവഴി വായനക്കാരുടെ മു-
മ്പിൽ പ്രദർശിപ്പിക്കുന്നതു്! (പുറം 88). കണ്ണിരി-
ക്കെ കൃഷ്ണമണി അടിച്ചുകൊണ്ടുപോകുന്ന വിദ്യയു-

www.malankaralibrary.com



ല്ലേ ഇതു്? അഡ്രിയൻ ഫൊർട്ടെസ്സ്യു ഇന്നു ജീവിച്ചിരുന്നെങ്കിൽ ഈ കൃത്രിമത്തിനും വഞ്ചനയ്ക്കും കോർഎപ്പിസ്കോപ്പായെ പ്രതിയാക്കി അപകീർത്തിക്കേസ്സു കൊടുത്തു ശിക്ഷ അനുഭവിപ്പിക്കുവാൻ സാധിക്കുമായിരുന്നില്ലേ? "ചരിത്രവസ്തുതകളെ കോട്ടിമറിക്കയും സത്യാന്വേഷികളായ വായനക്കാരെ പതറിക്കയും, സത്യത്തിന്റെ നേരെ വാരു വീശുകയും ചെയ്യുന്ന അപഹാസ്യവും പാപകരവുമായ ഈ നയം" "റീത്തുകാക്കോ" അതോ കോർഎപ്പിസ്കോപ്പായ്ക്കും കൂട്ടർക്കുമോ ഉള്ളതെന്നു വായനക്കാർതന്നെ വിധിച്ചാലും.

കൃത്രിമങ്ങളും വ്യാജങ്ങളും അധിക്ഷേപങ്ങളും കൊണ്ടു നിറഞ്ഞ സലാമറമ്പാന്റെ ഗ്രന്ഥത്തിനു തദനുസരണമായ ഒരവതാരിക ലഭിച്ചതു സമുചിതമത്രേ. "ചക്കിക്കു യോജിച്ച ശങ്കരൻ". 'Birds of the same feather flock together; Diamond cuts diamond' (ഒരേ ഇനം തൂവലുള്ള പക്ഷികൾ ഒരുമിച്ചുകൂടുന്നു; കള്ളനേ കള്ളന്റെ കാൽ അറിയാവൂ) എന്നീ ആപ്തവാക്യങ്ങൾ സ്മരണീയമാണു്. കാളകൂടം (കടുത്തവിഷം) നിറഞ്ഞ ഒരു കുപ്പിയുടെ പുറത്തു "നറുംതേൻ" എന്നെഴുതിയ ഒരു "ലേബൽ" (പരസ്യം) ഒട്ടിക്കുന്നതു എത്ര വഞ്ചനാപരമാണോ അതുപോലെ വായനക്കാരെ വഞ്ചിക്കുന്ന ഒന്നത്രേ സലാമറമ്പാന്റെ ക്ഷുദ്രഗ്രന്ഥത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടുള്ള കണിയാമ്പറമ്പിൽ കോർഎപ്പിസ്കോപ്പായുടെ ഈ അവതാരികയും.

ആകെ 92 പുറങ്ങളാണു സലാമറമ്പാന്റെ ഗ്രന്ഥത്തിനുള്ളതു്. ഈ ഗ്രന്ഥം മുഴുവൻ പരിശോധിച്ചാൽ ഇതിലെ പ്രസ്താവനയും, അവതാ

www.malankaralibrary.com



രികയും പുറത്താളും പുസ്തകം മുഴുവനും വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നു ബോദ്ധ്യമാകും. കൃത്രിമമോ, വ്യാജപ്രസ്താവനയോ, അധിക്ഷേപമോ, ദുർവ്യാഖ്യാനമോ എന്നിങ്ങനെ ഏതു തെങ്കിലും ഒന്നില്ലാത്തതായി ഈ ഗ്രന്ഥത്തിൽ വി. സഭ എന്നാൽ എന്തു് എന്നതിനെ സംബന്ധിച്ച ആദ്യപുറത്തു എഴുതിയിരിക്കുന്ന 19 വരികൾ മാത്രമേയുള്ളു. ഈ ഗ്രന്ഥത്തിന്റെ പുറങ്കുടലാസിന്റെ ആദ്യവശത്തു "ചെറിയ അജക്കൂട്ടമേ" ഇത്യാദി വേദവാക്യം ഉദ്ധരിച്ചു വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നു. പുറങ്കടലാസിന്റെ മൂന്നാംപുറത്തു 'ഒരു സംഭവകഥ' എന്നു തലക്കെട്ടിൽ ഇങ്ങനെ എഴുതുന്നു: "ഒരിക്കൽ വത്തിക്കാനിലേക്കു വളരെയധികം ലീറാ (ഒരു ഇററാലിയൻ നാണയം) വരുമാനം വന്നു. മാർപ്പാപ്പായുടെ സെക്രട്ടറിയും മററുംകൂടി അതെല്ലാം എണ്ണിക്കൂട്ടുകയായിരുന്നു. അതു കാണാൻ മാർപ്പാപ്പാ അവരുടെ മുറിയിലേക്കു ചെന്നു. ഇത്രയേറെ നാണയങ്ങൾ കുന്നുകൂടികിടക്കുന്നതു കണ്ടു സന്തോഷിച്ചു മാർപ്പാപ്പാ പറഞ്ഞു:—'വെള്ളിയും പൊന്നും എനിക്കില്ല' എന്നു ശുദ്ധമാന പത്രോസ് പറഞ്ഞ കാലമല്ലല്ലോ തിരുസഭയ്ക്കു ഇപ്പോൾ. ഉടനെ സെക്രട്ടറി പറഞ്ഞു:—'അതേ പിതാവേ! എന്നാൽ നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേററു നടക്കു എന്നു പറഞ്ഞ കാലവുമല്ലല്ലോ ഇപ്പോൾ'. ഇതു വായിച്ചാൽ വായനക്കാർക്കു മാർപ്പാപ്പാ വലിയ പണക്കൊതിയനാണെന്നും, മാർപ്പാപ്പാ പണത്തിന്റെ മുകളിൽ കിടന്നു ഉരുളുകയാണെന്നും, സെക്രട്ടറി മാർപ്പാപ്പായോടു കോമ്പ്വാക്കു പറഞ്ഞു ഒരു ഗുസ്തി നടത്തിയെന്നുമല്ലേ തോന്നുക? എന്നാൽ വാസ്തവം എ

www.malankaralibrary.com



ന്താണ്? കത്തോലിക്ക സഭയിലെ മഹാ വേദശാസ്ത്രജ്ഞരും ചിന്തകനും പുണ്യവാനുമായ തോമ്മസ് അക്വീനാസ് മാർപ്പാപ്പായെ ഒരിക്കൽ സന്ദർശിക്കാൻ ചെന്നപ്പോൾ മാർപ്പാപ്പായുടെ മേശപ്പുറത്തു ഏതാനും സ്വർണ്ണനാണയങ്ങളും വെള്ളിനാണയങ്ങളും കിടന്നിരുന്നു. അവ ചൂണ്ടിക്കാണിച്ചുകൊണ്ടു മാർപ്പാപ്പാ ഫലിതരൂപത്തിൽ "വി. പത്രോസിനെപ്പോലെ പൊന്നും വെള്ളിയും എനിക്കില്ല എന്നു പറയുവാൻ സാധിക്കയില്ല" (നട. 3,6) എന്നു വി. അക്വീനാസിനോടു പറഞ്ഞു. അദ്ദേഹമാകട്ടെ അതു കേട്ടിട്ടു അതേ ഫലിതരൂപത്തിൽ "തിരുമനസ്സിലേക്കു അതിനു താഴെയുള്ള വാക്യം അതായതു്, 'നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നീ എഴുന്നേററു നടക്കുക' എന്നുള്ള വാക്യം പറയുവാനും സാധിക്കയില്ലല്ലോ" എന്നു വിനീതനായി മറുപടി പറഞ്ഞു. വി. തോമ്മസ് അക്വീനാസിന്റെ വിനയത്തിന്റെയും ഹൃദയപരമാർത്ഥതയുടെയും പാരമ്യം ലോകപ്രസിദ്ധമാണു്. വത്തിക്കാനിൽ കുന്നുകുന്നായി പണം വരുന്നെങ്കിൽ മാർപ്പാപ്പായുടെ സ്വന്തം ആവശ്യത്തിലേക്കല്ല, ലോകത്തിന്റെ പൊതുവായ നന്മയ്ക്കുവേണ്ടി അതു വിതരണം ചെയ്യുകയാണു് എന്നുള്ള വിവരവും അറിയാത്തവരായി ലോകത്തിൽ ആരുമില്ല. ഇങ്ങനെ റമ്പാച്ചന്റെ ഈ പുസ്തകം മുഴുവൻ—നഖശിഖാന്തം—സത്യാന്വേഷികളായ വായനക്കാരെ വഞ്ചിക്കുന്നതിനുവേണ്ടിമാത്രം നിർമ്മിച്ചിട്ടുള്ള ഒന്നാണെന്നു പറയുന്നതിനു ഒട്ടും ശങ്കിക്കേണ്ട ആവശ്യമില്ലതന്നെ.

വാസ്തവം ഇങ്ങനെയെല്ലാമാണെങ്കിലും സലാമറമ്പാൻ മഹാപണ്ഡിതനാണെന്നും വിജ്ഞാനകേന്ദ്രമാണെന്നും, ഈ തലമുറയിൽ മലങ്കരസഭയുടെ അഭി

www.malankaralibrary.com



മാനസ്തംഭമാണെന്നും, ദൈവാനുഗ്രഹത്താൽ ഇങ്ങനെയുള്ള പുസ്തകങ്ങൾ ഇനി അനേകം മലങ്കരയിൽ ഉണ്ടാകണമെന്നും അവതാരികാ കർത്താവായ കുര്യൻ കോർ എപ്പിസ്കോപ്പാ പറയുന്നു. ഇതുപോലെ കൃത്രിമങ്ങളും വ്യാജങ്ങളും ദുർവ്യാഖ്യാനങ്ങളും മററും കൊണ്ടു നിറഞ്ഞ ഗ്രന്ഥങ്ങളാണു യാക്കോബായ സഭയിലെ ഒന്നാംതരം പണ്ഡിതന്മാരിൽ നിന്നു പുറപ്പെടുന്നതെങ്കിൽ—യാക്കോബായ സഭയെ കൃത്രിമങ്ങളും കള്ളങ്ങളും മററുംകൊണ്ടു മാത്രമേ ആ സഭയിലെ പണ്ഡിതന്മാർക്കു അഭിമാനസ്തംഭങ്ങൾക്കു പോലും താങ്ങിനിറുത്താൻ സാധിക്കയുള്ളുവെങ്കിൽ—ആ സഭയുടെ സ്ഥിതി എത്ര ശോചനീയം, അതിൻെറ അധഃപതനം എത്ര പരിതാപകരം! യാക്കോബായ സഭാംഗങ്ങൾ തങ്ങളുടെ സഭയുടെ സത്യാവസ്ഥ അറിയണമെന്ന് ആഗ്രഹിക്കുമ്പോൾ അതിലെ മേല്പട്ടക്കാരും പട്ടക്കാരും നേതാക്കന്മാരും വ്യാജങ്ങളും കൃത്രിമങ്ങളും നിറഞ്ഞ ഗ്രന്ഥങ്ങൾ അവരുടെ കൈവശം കൊടുക്കുന്നു! തങ്ങളുടെ മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും ഉപദേശങ്ങളെ ഇപ്പോഴും വേദവാക്യങ്ങൾ പോലെ പരിഗണിച്ചു സ്വീകരിക്കുന്ന നിർദ്ദോഷികളുണ്ടോ ആ ഗ്രന്ഥങ്ങളിലെ കുഴപ്പങ്ങൾ മനസ്സിലാകുന്നു! മക്കൾ അപ്പം ചോദിക്കുമ്പോൾ കല്ലിനെയും മീൻ ചോദിക്കുമ്പോൾ പാമ്പിനെയും, മുട്ടചോദിക്കുമ്പോൾ തേളിനെയും കൊടുക്കുന്നതുപോലെ കഷ്ടം കയല്ലേ ഇതു്? (ലൂക്കാ. 11, 11–12). പിച്ചാത്തി നിവർത്തു കൊച്ചുകുട്ടികൾക്കു കൊടുക്കുന്നതുപോലെ ഭയങ്കരമല്ലേ ഇതു്? ഇങ്ങനെയുള്ള പുസ്തകങ്ങളുംകൊണ്ടു കത്തോലിക്കസഭയെ അടിപ്പെടുത്താമെന്നു കരുതി യാക്കോബായക്കാരും മററും കത്തോലിക്ക

www.malankaralibrary.com


രോട്ട തീവ്രമായ വാദപ്രതിവാദത്തിനു വരുമ്പോൾ; ഈ ഗ്രന്ഥത്തിലും എന്റെ മററു പല ഗ്രന്ഥങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ കൃത്രിമങ്ങളെയും വ്യാജപ്രസ്താവനകളെയും മററും അഭ്യസ്തവിദ്യരായ ചില കത്തോലിക്കർ അകത്തോലിക്കാ സഹോദരങ്ങൾക്കു വെളിപ്പെടുത്തിക്കൊടുത്താൽ അവിടെയിരുന്നു് അവർ ചിരിക്കുകയല്ലാതെ എന്തു മറുപടിനൽകും? ഇങ്ങനെ തങ്ങളുടെ കുഞ്ഞുങ്ങളെ ധർമ്മസങ്കടത്തിലാക്കത്തക്ക ഗ്രന്ഥങ്ങളെഴുതുന്നതോ അഭിമാനകരം? യാക്കോബായ സഭയിലെ നേതാക്കന്മാർ ഇതുപോലെയുള്ള ധാരാളം ഗ്രന്ഥങ്ങളെഴുതി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചാൽ സത്യത്തിൽനിന്നും നീതിയിൽനിന്നും അവരെ വഴിതെററിച്ച് അസത്യത്തിന്റെയും കൃത്രിമങ്ങളുടെയും ദുർവ്യാഖ്യാനങ്ങളുടെയും വഴിയിൽക്കൂടി നടക്കുവാനല്ലേ അവർക്ക് ഇടവരുത്തുന്നതു്? ഇങ്ങനെ യാക്കോബായ നേതാക്കന്മാർ തങ്ങളുടെ സഭയിലുള്ള സത്യാന്വേഷികളായ ഹൃദയപരമാർത്ഥികളെയും നിർദ്ദോഷികളെയും മനഃപൂർവ്വം വഞ്ചിച്ചു് അന്ധന്മാരാക്കി ഏക സത്യസഭയായ കത്തോലിക്കാസഭയിൽനിന്നു ബഹുദൂരം അവരെ വഴിച്ചുററിപ്പിച്ചു സഞ്ചരിപ്പിച്ചാൽ "കപടഭക്തരായ നിയമജ്ഞരേ, പ്രീശരേ! നിങ്ങൾക്കു ഹാ! കഷ്ടം! എന്തുകൊണ്ടെന്നാൽ നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. എന്തെന്നാൽ നിങ്ങൾ പ്രവേശിക്കുന്നുമില്ല, പ്രവേശിക്കുവാൻ പോകുന്നവർ പ്രവേശിക്കുവാൻ നിങ്ങൾ സമ്മതിക്കുന്നതില്ല" (മ

www.malankaralibrary.com



ത്താ. 23, 14) എന്നിങ്ങനെ യഹൂദപ്രമാണികളെ സംബന്ധിച്ചു കർത്താവു പറഞ്ഞ ശാപവാക്യങ്ങൾ തങ്ങളിൽ അന്വത്ഥമാകയില്ലേ എന്നു അവഗാഢം ചിന്തിക്കേണ്ടതത്രേ.

## 11. ഉപസംഹാരം.

കത്തോലിക്കസഭയുടെ സത്യാവസ്ഥയെ സംബന്ധിച്ച മനോബോധ്യം വന്നതിൻെറ ഫലമായി ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നു് ഓരോരോ കാലത്തു അഖിലലോക പ്രസിദ്ധരായ അസംഖ്യം പണ്ഡിതന്മാരും ചിന്തകന്മാരും സാഹിത്യകാരന്മാരും അകത്തോലിക്ക സഭകളിൽനിന്നു കത്തോലിക്കസഭയെ ആശ്ലേഷിച്ചിട്ടുണ്ടു്. കർദ്ദിനാൾ ന്യൂമാൻ, കർദ്ദിനാൾ മാനിങ്ങ്, സ്റ്റോഡാർഡ്, ജി. കെ. ചെസ്റ്റർട്ടൻ, ആർഡോൾഡ് ലൺ, മോൺസിഞ്ഞോർ നോക്സ്, മാർട്ടിൻ ഡോയിൽ, വെണ്ണൻ ജോൺസൺ, പപ്പീനി, ഡോക്ടർ ഒർച്ചാർഡ് ആദിയായവർ ഇങ്ങനെയുള്ളവരിൽ ചിലരാണു്. ഇവരിൽ ലൺ, പപ്പീനി എന്നിവർ മതബോധം തീരെ നശിച്ചു് മിക്കവാറും നിരീശ്വരന്മാരോ യുക്തിവാദികളോ ആയിത്തീർന്നവരായിരുന്നു. സുപ്രസിദ്ധ സാഹിത്യകാരനായ ചെസ്റ്റർട്ടൻ പറഞ്ഞിട്ടുള്ളതു്, മനുഷ്യരെ ജീവനോടെ കടിച്ചുതിന്നുന്ന കാട്ടാളന്മാരോടുകൂടി യോജിക്കണമെന്നുള്ള ചിന്ത തനിക്കു ഒരിക്കലും ഉണ്ടായിട്ടില്ലാത്തതുപോലെ കത്തോലിക്കസഭയിൽ പ്രവേശിക്കണമെന്നുള്ള ചിന്ത തൻെറ ജീവിതത്തിൻെറ ആരംഭകാലത്തോ പിന്നീട്ട അനേക കൊല്ലത്തേക്കോ

www.malankaralibrary.com



ഉണ്ടായിരുന്നില്ല എന്നാണ്. കത്തോലിക്കാസഭയെ സംബന്ധിച്ച് അന്വേഷണവും പഠനവും നടത്തിയതിൻെറ ഫലമായി ഈ പണ്ഡിതന്മാരെല്ലാം കത്തോലിക്കാസഭയിൽ ചേരുന്നതിനിടയായി. ജനിച്ചസഭയെ ഉപേക്ഷിച്ച കത്തോലിക്കാസഭയിൽ പ്രവേശിച്ച ഇവരെല്ലാം മനസ്സാക്ഷിക്ക വിരുദ്ധമായും പണം മോഹിച്ചും, ആത്മരക്ഷയിൽ ശ്രദ്ധയില്ലാഞ്ഞിട്ടുമാണ കത്തോലിക്കാസഭയിൽ വന്നതെന്നു പറഞ്ഞാൽ സാധാരണക്കാർ വിശ്വസിച്ചേക്കാമെങ്കിലും മാന്യന്മാരുടെയും അഭ്യസ്തവിദ്യരുടെയും ഇടയിൽ ആ അഭിപ്രായത്തിന വല്ല വിലയുമുണ്ടായിരിക്കുമോ? വിദേശങ്ങളിൽ കത്തോലിക്കാസഭയിൽ ചേരുന്ന നൂറ്റുകണക്കിനാളുകളും ചിന്തകന്മാരും പണ്ഡിതന്മാരും ധാരാളമുണ്ടെങ്കിൽ നമ്മുടെ നാട്ടിലും അങ്ങനെയുള്ളവർ ഉണ്ടാകുക അസാദ്ധ്യമോ?

മലങ്കരയിൽ 1930-ൽ സമാരംഭിച്ച പുനരൈക്യപ്രസ്ഥാനത്തോടുകൂടി യാക്കോബായ സഭയിൽ പേരും പെരുമയും ആഭിജാത്യവും സംസ്കാരവും വിദ്യാഭ്യാസവുംകൊണ്ടു ഒന്നാംകിടയിൽ നില്ക്കുന്ന പല മേല്പട്ടക്കാരും പട്ടക്കാരും അൽമായരും കത്തോലിക്കാസഭയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്തു വന്ദ്യദിവ്യശ്രീ വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ ബി. ഏ. യെക്കൂടാതെ ആലുവാ യൂണിയൻ കോളേജിൽ ദീർഘകാലം പ്രൊഫസറായിരുന്ന റവ. ഫാദർ. റ്റി. വി. ജോൺ എം. ഏ., എൽ റ്റി., അവിടെത്തന്നെ വേറൊരു പ്രൊഫസറായിരുന്ന റവ. ഫാദർ സി. എ. ഏബ്രഹാം എം. ഏ., ബി. ലിററ്. (ഓക്സൺ) എന്നിവർ കത്തോലിക്കാസഭയിൽ പ്രവേശിച്ചു. ഇവരൊക്കെ ആഭിജാ-

www.malankaralibrary.com


ത്ര്യമോ, സംസ്ക്കാരമോ, വിദ്യാഭ്യാസമോ ഇല്ലാത്തവരും ആത്മാവിനെ പണത്തിനായി വിററതിന്നു നിസ്സാരന്മാരും ആയിരിക്കുമോ? അട്ടയെ പിടിച്ചു കടിക്കയോ, അടുപ്പിൽനിന്നു തീവാരി കളിക്കാൻ മുതിരുകയോ ചെയ്യുന്ന പ്രായമോ, അപക്വബുദ്ധിയോ അല്ലല്ലോ ഇവർക്കുള്ളതു്. ഇങ്ങനെയുള്ളവരൊക്കെ കത്തോലിക്കസഭയിൽ ചേരുമ്പോൾ യാക്കോബായ സഹോദരങ്ങൾ വല്ലാതെ ക്ഷോഭിക്കയും, മനോബോദ്ധ്യമില്ലാതെ പണം മോഹിച്ചും മററുമാണു് ഇവരൊക്കെ കത്തോലിക്കവിശ്വാസം സ്വീകരിച്ചതെന്നെല്ലാം പറഞ്ഞു ഇവരെയും അതോടുകൂടി കത്തോലിക്കസഭയെയും നീച നീചമായി അധിക്ഷേപിക്കയും ചെയ്യുന്നപതിവാണു് ഇതുവരെമലങ്കരയിൽ കണ്ടുവരുന്നതു്. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ കത്തോലിക്കസഭയെ ആശ്ലേഷിച്ചശേഷം "കത്തോലിക്കസഭയിൽ ഞാൻ ചേർന്നതു് എന്തുകൊണ്ടു്?" എന്ന ഗ്രന്ഥം എഴുതി പ്രസിദ്ധപ്പെടുത്തി. അതുകണ്ടപ്പോൾ സലാമ റമ്പാൻ ചിത്തപറയുന്ന ആ പഴയപതിവു മുടക്കേണ്ടാ എന്നുകരുതി ഒരു ഗ്രന്ഥമെഴുതി. അതിനെയാണു് ഇതുവരെ നാം വിമർശിച്ചു സത്യാവസ്ഥയെല്ലാം ഗ്രഹിച്ചതു്.

ഗീവറുഗീസീസ് കോർ എപ്പിസ്ക്കോപ്പാ കത്തോലിക്കാസഭയിൽ ചേരാനുണ്ടായ കാരണങ്ങളെ വിവരിക്കയിൽ തന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു:—"ഇന്നത്തെ ലോകത്തിലെ വലിയ വിപത്തു ഭൌതികവാദവും നാസ്തികത്വവുമാണെന്നാണു് എനിക്കു തോന്നാറുള്ളതു്. അവയ്ക്കെതിരായി ഒരു സാക്ഷീകരണജീവിതം നടത്തുവാൻ ഭിന്നിച്ചുതകരുന്ന ഒരു ക്രിസ്തീയ വകുപ്പിനു സാധിക്കുമെന്നു് എനി

www.malankaralibrary.com



ക്കാശയില്ലാതായി. കത്തോലിക്കാ സഭയിലെ വിശുദ്ധന്മാരുടെ ജീവചരിത്രം എന്നെ അത്യധികം ആകർഷിച്ചു. ഈ നൂററാണ്ടിലും അതിൽ വിശുദ്ധന്മാർ ഉണ്ടായിക്കൊണ്ടിരിക്കുന്നതു് എന്നെ കണ്ണുതുറപ്പിച്ചു. കത്തോലിക്കാസഭയിലെ തത്വങ്ങളെക്കാൾ അതിലെ വിശുദ്ധന്മാരുടെ സംസർഗ്ഗമാണു് എന്നെ വശീകരിച്ചതു്. അതോടുകൂടി ഞാൻ കത്തോലിക്കാസഭയെപ്പററി തെററിദ്ധരിച്ചിരുന്ന അനേകസംഗതികൾ വേദാനുസരണമായും യുക്ത്യനുസരണമായും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചില്ലായിരുന്നെങ്കിൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ കഴിവുണ്ടാകയില്ലായിരുന്നു" (പുറം 6–7). "മലങ്കര യാക്കോബായ സഭയിൽ പ്രോട്ടസ്റ്റൻറ ചിന്ത വളരെ കയറിപ്പററിയിട്ടുണ്ടു്......ജ്ഞാനതൃഷ്ണയുള്ള തന്റെ മക്കൾക്കു ആവശ്യമായ ഭക്ഷണം കൊടുപ്പാൻ യാക്കോബായസഭ അപ്രാപ്തയായി...സ്വന്തം വീട്ടിൽ വിശപ്പുമാററുവാൻ പഴങ്കഞ്ഞിപോലും ഇല്ലെന്നുവന്നപ്പോൾ അയൽവീട്ടിലെ കഞ്ഞിവെള്ളം കുടിക്കുവാൻ വിശക്കുന്ന കുഞ്ഞുങ്ങൾ ഇറങ്ങിപ്പോയി" (പുറം 13). "കേടുവന്ന കപ്പലിലെ ഇരിപ്പിടങ്ങൾ നന്നാക്കുവാൻ തുടങ്ങിയിട്ടു എന്തുഫലം? കീറിയകുട്ടയിൽ മത്സ്യം പിടിച്ചിട്ടാൽ എന്തു വിശേഷം?" (പുറം 14). "യാക്കോബായ സഭയ്ക്കു ഞാൻ നോക്കിയിട്ടു കാണുന്ന രക്ഷാമാർഗ്ഗം അതു ഏതിൽനിന്നു വേർപെട്ടുവോ, ആ പഴയ സിംഹാസനവുമായി പുനരൈക്യപ്പെടുക എന്നതുതന്നെ. മുമ്പേ ചേരുന്നവർ ഭാഗ്യവാന്മാർ" (പുറം 16). "ഒരു നിവൃത്തിയുണ്ടായിരുന്നെങ്കിൽ യാക്കോബായ സഭയെ ഞാൻ വിടുകയില്ലായിരുന്നു. അങ്ങനെ മനഃപൂർവ്വം നിശ്ചയിച്ചിരുന്നു. എനിക്കതു വിടുവാൻ

www.malankaralibrary.com



ലൌകികപ്രകാരം ഇഷ്ടമില്ലായിരുന്നു; പ്രയാസവുമായിരുന്നു. ദൈവം എന്നെ സത്യസഭയിലേക്കു അത്ര ആകർഷിച്ചില്ലായിരുന്നെങ്കിൽ ഞാൻ ഇരുന്നിടത്തു തന്നെ ഇരുന്നു മരിക്കുമായിരുന്നു" (പുറം 19). "പ്രോട്ടസ്റ്റൻറിസം തെരഞ്ഞെടുത്തെങ്കിൽ ഞാൻ സംശയക്കടലിൽ വീണ്ടും അലയുമായിരുന്നു" (പുറം 26). "എന്നെ ദൈവം വിധിക്കുന്നതു്, എനിക്കു തരുന്ന വെളിച്ചമനുസരിച്ചാകയാൽ തന്മൂലം എൻെറയും അനേകരുടെയും പ്രതീക്ഷയ്ക്കു വിപരീതമായി എനിക്കു കത്തോലിക്കാ സഭയിൽ അംഗമായിത്തീരേണ്ടിവന്നു." (പുറം 58).

ഇങ്ങനെ ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ യാക്കോബായ സഭയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു കത്തോലിക്കാസഭ മാത്രമാണു ഏക സത്യസഭ എന്നു മനോബോദ്ധ്യം വന്നതു നിമിത്തമാണെന്നു് എത്രയും ഹൃദയസ്പർശകമായ വാക്കുകളിൽ ഭംഗിയായി വിവരിക്കുമ്പോൾ സലാമ റമ്പാൻ പറയുന്നു, യൂദസ്കറിയോത്തായെപ്പോലെ പണംമോഹിച്ചും, ഏഴു അത്തുലാരന്മാരും ആവസിച്ചതുകൊണ്ടുമാണു് അദ്ദേഹം കത്തോലിക്കാസഭയിൽ ചേർന്നതെന്നു്. ആരെ നാം വിശ്വസിക്കണം? "കണ്ട നീ നിൽക്കു്, കേട്ട ഞാൻ പറയട്ടെ" എന്നതുപോലെ അല്ലേ ഇതു്?

എന്തെല്ലാം വിഷമം നേരിട്ടാലും ജനിച്ച സഭയിൽതന്നെ ഉറച്ചു നിൽക്കണമായിരുന്നു എന്നത്രേ സലാമ റമ്പാൻ കോർ എപ്പിസ്കോപ്പായ്ക്കു കൊടുക്കുന്ന സദുപദേശം (വിശ്വാസത്യാഗി, പുറം 2). രക്ഷാസൈന്യക്കാർ നിൽക്കുന്ന സഭയിൽ മാമ്മോദീസാപോലുമില്ല. ഈ സഭയിൽ ജനിച്ചവർ അതിൽ

www.malankaralibrary.com



ഉറച്ചുനിന്നാൽ രക്ഷകിട്ടുമോ? നെസ്തോറിയൻ സഭയിൽ ജനിച്ചവർ ആ സഭയിൽ നിന്നാൽ മതിയെന്നാണോ റമ്പാച്ചന്റെ അഭിപ്രായം? യാക്കോബായ സഭ കേടുവന്ന കപ്പലാണെന്നു കോർ എപ്പിസ്കോപ്പാസ്സു മനോബോധ്യം വന്നെങ്കിൽ ആ കപ്പലിൽതന്നെ ഇരുന്നാൽ കടലിലെ ഉപ്പുവെള്ളംകുടിച്ചു പള്ള വീർത്തു അദ്ദേഹം ചാകയില്ലേ? വീടിനു തീപിടിച്ചാൽ "ഇത്രനാളും ഞാൻ ഇതിൽ താമസിച്ചതാണല്ലോ" എന്നു പറഞ്ഞു അതിൽതന്നെ ഇരുന്നു കരിഞ്ഞു ചാമ്പലാകുന്നതാണോ ബുദ്ധിമാന്റെ ലക്ഷണം? ക്രിസ്തു ഒരു സഭയെ മാത്രമേ ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളൂ, അതു യാക്കോബായ സഭയല്ലെന്നും, കത്തോലിക്കസഭയാണെന്നും ഒരാൾക്കു പരിപൂർണ്ണ ബോദ്ധ്യം വന്നാൽ പിന്നെയും യാക്കോബായസഭയിൽ തന്നെ നില്ക്കുന്നവൻ മനസ്സാക്ഷിക്കു വിരുദ്ധമായിട്ടല്ലേ അതിൽ നില്ക്കുന്നതു? അങ്ങനെയുള്ള ഒരാൾ എങ്ങനെ ദൈവസന്നിധിയിൽ ന്യായീകരിക്കപ്പെടും? എങ്ങനെ നിത്യരക്ഷയ്ക്കു അർഹനായി ഭവിക്കും?

ഇപ്രകാരം മനസ്സാക്ഷിയും മനോബോദ്ധ്യവുമനുസരിച്ചു കത്തോലിക്കസഭയിൽ ചേരുന്നവരെ അധിക്ഷേപിക്കയും, അതോടുകൂടി ഇല്ലാത്ത കുറ്റങ്ങളെല്ലാം കത്തോലിക്കസഭയിൽ ആരോപിച്ചു പൊതുജനങ്ങളുടെ ഇടയിൽ ആ സഭയെ താറടിച്ചു കാണിക്കയും ചെയ്യുന്നതുകൊണ്ടു യാക്കോബായസഭയാണു ഏക സത്യസഭയെന്നു തെളിയുമോ? സലാമ റമ്പാന്റെ ഗ്രന്ഥത്തിലും, അതുപോലെയുള്ള മറ്റു ഗ്രന്ഥങ്ങളിലും കത്തോലിക്കസഭയെ ആക്ഷേപിക്കയല്ലാതെ യാക്കോബായസഭ മാത്രമാണു സത്യസഭയെന്നുള്ളതിനു എന്തെങ്കിലും തെളിവുകൾ നൽകി ആരും ഇതു

www.malankaralibrary.com



വരെ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ല. വേദവാക്യങ്ങളെ കോട്ടിമാട്ടിയും, വ്യാജപ്രസ്താവനകൾ നടത്തിയും, കൃത്രിമങ്ങൾ കാണിച്ചും, ഇരിക്കും കമ്പു വെട്ടിയും, ദുർവ്യാഖ്യാനങ്ങൾ നടത്തിയും, വായനക്കാരെ തെററിദ്ധരിപ്പിച്ചും വഞ്ചിച്ചും മാത്രമേ അകത്തോലിക്കർ കത്തോലിക്കാ സഭയെ സംബന്ധിച്ചു എപ്പോഴും എഴുതുവാനും പറയുവാനും സാധിക്കയുള്ളുവെങ്കിൽ * എന്താണു് അതിന്റെ അർത്ഥം? കത്തോലിക്കാസഭമാത്രമാണു വാസ്തവത്തിൽ സത്യസഭയെന്നും, പണ്ഡിതന്മാരുടെ ഇടയിൽ വിലപ്പോകുന്ന യാതൊരായുധവും ആർക്കും അതിനെതിരായി പ്രയോഗിക്കുവാൻ ഒരിക്കലും സാധിക്കയില്ലെന്നുമല്ലേ?

കത്തോലിക്കാസഭയ്ക്കെതിരായി അകത്തോലിക്കർ എഴുതിക്കൊണ്ടിരിക്കുന്ന ഗ്രന്ഥങ്ങളെ വിമർശനപഠനത്തെ ഉദ്ദേശിച്ചു ഇരുപതുകൊല്ലമായി ഞാൻ വായിച്ചുകൊണ്ടിരിക്കയാണു്. സലാമ റമ്പാൻ വലിയ ഒരു പണ്ഡിതനാണെന്നു യാക്കോബായക്കാർ പറഞ്ഞു നേരത്തേ ഞാൻ കേട്ടിരുന്നു. തന്നിമിത്തം അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെങ്കിലും കൃത്രിമങ്ങളും വ്യാജപ്രസ്താവനകളും ദുർവ്യാഖ്യാനങ്ങളും അധിക്ഷേപങ്ങളും മററും കാണുകയില്ലെന്നു വിചാരിച്ചാണു ഞാൻ അദ്ദേഹത്തിന്റെ പുസ്തകം വായിച്ചുതുടങ്ങിയതു്. എന്റെ അനുഭവമോ? "പട

---

* "എന്റെ തെങ്ങേലിപ്രസംഗം", "ഫാദർ കെ. ററി. സഖറിയാസിന്റെ വിതണ്ഡാവാദങ്ങൾ" എന്നീ രണ്ടു ഗ്രന്ഥങ്ങളിൽ ആദ്യന്തം ഇക്കാര്യങ്ങൾ പ്രതിപാദിച്ചു സ്ഥാപിച്ചിരിക്കുന്നു.

www.malankaralibrary.com



പേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തവും കുത്തി പട" എന്നു പറഞ്ഞതുപോലെതന്നെ.

സലാമ റമ്പാൻ തന്റെ ഗ്രന്ഥത്തിന്റെ ഉപസംഹാരത്തിൽ പറയുന്നു:—"സഭയ്ക്കു (യാക്കോബായ സഭയ്ക്കു) എതിരായി കുപ്രചരണങ്ങൾ നടത്തുകയും ......വ്യാജപ്രസ്താവനകൾകൊണ്ടു ജനങ്ങളെ തെറ്റിക്കുകയും ചെയ്‌വാൻ അച്ചനും (കോർ എപ്പിസ്കോപ്പായും) കൂട്ടരും ഇനിയും മുതിരുന്നപക്ഷം ഞങ്ങൾ നിശ്ചയമായും മറുപടി പറയുന്നതാണ്" (II പുറം 39). 1940-ൽ വന്ദ്യദിവ്യശ്രീ അബ്ദൽ ആഹാദ് റമ്പാൻ (ഇപ്പോൾ യാക്കോബായ പാത്രിയർക്കീസ്) എഴുതിയ "മാർ തോമ്മാ ദീയസ്കോറോസിന്റെ തിരുസഭ" എന്ന കൃതിയിലും ഇപ്രകാരമൊരു ഭീഷണിപ്രയോഗം നടത്തിയിട്ടുണ്ട്. "റോമ്മാസഭയുടെ സകല മലിനതകളെയും വെളിപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അവർ ഇതുകൊണ്ടും മൌനമാകാതെ വീണ്ടും യാക്കോബായ സഭയുടെ സത്യവിശ്വാസങ്ങൾക്ക് എതിരായി വ്യാജപ്രസ്താവനകൾക്ക ഒരുങ്ങുന്നെങ്കിൽ, ആദിമുതൽ ഇന്നയോളമുള്ള റോമ്മാസഭയുടെ നഗ്നതകളെ വിശദമാക്കുവാൻ ഞങ്ങൾ നിർബന്ധിതരായേക്കും" (പുറം 12). പറയുവാൻ സാധിക്കുന്നിടത്തോളം ചീത്തകൾ പറഞ്ഞിട്ടാണു ഈ മാതിരി പ്രസ്താവനകൾ ഇവർ നല്കുന്നതു്. കുസൃതികളായ കുട്ടികൾ തമ്മിൽ വഴക്കുണ്ടാക്കിയിട്ടു പഠിച്ച ചീത്തകളെല്ലാം അന്യോന്യം പറഞ്ഞു അവസാനിപ്പിച്ചശേഷം അവസാനക്കൈയായി "നഗ്നത" വെളിപ്പെടുത്താറുണ്ട്. ആ കാര്യമാണു ഇവിടെയും ഈ വൈദികശ്രേഷ്ഠന്മാർ അനുസ്മരിപ്പിക്കുന്നതു്. ഇങ്ങനെയുള്ള ഓലപ്പാമ്പു

www.malankaralibrary.com



കളെ കണ്ട കത്തോലിക്കർ ഭയപ്പെട്ട നിശ്ശബ്ദരാകണംപോലും! കത്തോലിക്കരായ ഞങ്ങൾക്കു ചിത്തയല്ല കേൾക്കേണ്ടതു്. കൃത്രിമങ്ങളും, വ്യാജങ്ങളും, ദുർവ്യാഖ്യാനങ്ങളും മററും ഉപേക്ഷിച്ചിട്ട ഞങ്ങൾ പറയുന്ന തെളിവുകളെ അനിഷേധ്യമായി ഖണ്ഡിച്ചെഴുതുന്ന ഒററ പുസ്തകമെങ്കിലുമാണു കാണേണ്ടതു്. അങ്ങനെ ഒരു പുസ്തകമെങ്കിലും അകത്തോലിക്ക സഹോദരങ്ങൾ ഇതുവരെ എഴുതിയിട്ടില്ല. എൻെറ ഈ ഗ്രന്ഥത്തിനും മറുപടിയായി കൃത്രിമങ്ങളും ദുർവ്യാഖ്യാനങ്ങളും അധിക്ഷേപങ്ങളും പ്രയോഗിച്ച സഭാമറമ്പാനോ, മററാരെങ്കിലുമോ ഗ്രന്ഥം എഴുതിയെക്കാം. വായനക്കാരെ വഞ്ചിക്കാതെ സത്യാവസ്ഥ വെളിപ്പെടുത്തുന്ന ഗ്രന്ഥങ്ങളാണു ഞങ്ങൾക്കു കാണേണ്ടതു്.

പണ്ടൊരു മന്തുകാലൻ തൻെറ ഭാര്യയോടു കോപിക്കുമ്പോഴൊക്കെ "ഈ കാലുകൊണ്ടു ഞാൻ നിന്നെ തൊഴിച്ചു മലത്തിക്കളയും" എന്നു പറഞ്ഞു അവളെ പേടിപ്പിച്ചിരുന്നു. 'കാൽ വലുതാകകൊണ്ടു തൊഴികൊണ്ടാൽ വലിയ അപകടമുണ്ടാകുമെന്നു വിചാരിച്ചു് ഭാര്യ വല്ലാതെ ഭയപ്പെട്ടു. എന്നാൽ ഒരു ദിവസം കോപം സഹിക്കവയ്യാതെ മന്തുകാലൻ അവൻെറ ഭാര്യയെ തൊഴിച്ചു. തലയണകൊണ്ടു അടിക്കുന്നതുപോലെ ബഹുസുഖമായിട്ടാണു അവൾക്കു ആ തൊഴി തോന്നിയതു്. അന്നുതുടങ്ങി അവളുടെ ഭയവും പമ്പകടന്നു് ഭർത്താവിൻെറ തൊഴി കൂടക്കൂടെ കൊള്ളണമെന്നായി അവളുടെ ആഗ്രഹം. അകത്തോലിക്ക സഭകളിൽ ഉന്നതസ്ഥാനങ്ങളെ അലങ്കരിക്കുന്നവരും ഏററം വലിയ പണ്ഡിതന്മാരും പോലും ഇതുവരെ എഴുതിയി

www.malankaralibrary.com



ട്ടുള്ള ഗ്രന്ഥങ്ങളും, അവർ കത്തോലിക്കാ സഭയ്ക്കെതിരായി പറഞ്ഞിട്ടുള്ള പ്രസ്താവനകളും, കൃത്രിമങ്ങൾ, വ്യാജങ്ങൾ, അധിക്ഷേപങ്ങൾ മുതലായവ കൊണ്ടു നിറഞ്ഞതാണെങ്കിൽ ഇതുപോലെ ഇരിക്കയില്ലേ ഇനി വരുവാൻ പോകുന്ന കൃതികളും? കത്തോലിക്കർക്ക എന്താണു അതിൽ ഭയപ്പെടാനുള്ളതു്? അനേക നൂററാണ്ടുകളായി, പ്രത്യേകിച്ച പ്രോട്ടസ്റ്റൻറ സഭയുടെ ആവിർഭാവത്തോടുകൂടി കത്തോലിക്കാസഭ ഇവയെല്ലാം അഭിമുഖീകരിച്ചിട്ടുള്ളതാണു്. മന്തുകാലൻെറ തൊഴിപോലെയേ ഇവയൊക്കെ എന്നവർ നല്ലതുപോലെ മനസ്സിലാക്കിയിരിക്കുന്നു.

ക്രിസ്തു ദൈവപുത്രനാണെന്നുള്ളതിനു് ഏററവും വലിയ തെളിവുകൾ അവിടുന്നു പ്രവർത്തിച്ച നിരവധി അത്ഭുതങ്ങളും, പ്രത്യേകിച്ച മൂന്നാം ദിവസമുണ്ടായ അവിടുത്തെ ഉയിർപ്പുമാണു്. ഇവയുടെ ശക്തിയെത്തന്നെയും നശിപ്പിക്കുന്നതിനു യഹൂദപ്രമാണികൾ നിശ്ചയിച്ചു് പിശാചിൻെറ ശക്തിയാലാണു് ആ അത്ഭുതങ്ങൾ നടന്നതെന്നു പറഞ്ഞു. ക്രിസ്തു ഭ്രാന്തനാണു്, ജനങ്ങളെ ഇളക്കുന്നവനാണു്, വഞ്ചകനാണു്, കേസറിനു കപ്പം കൊടുക്കരുതെന്നു പറഞ്ഞ രാജ്യദ്രോഹിയാണു് എന്നെല്ലാം പറഞ്ഞു ജനങ്ങളുടെ ഇടയിൽ അവർ തെററിദ്ധാരണകൾ പ്രചരിപ്പിച്ചു. ഒടുവിൽ ക്രിസ്തുവിനെ കുരിശിൽ തറച്ചു കൊന്നു. അവിടുത്തെ മഹത്വമേറിയ ഉയിർപ്പിനെ വ്യാജമെന്നു വരുത്തുവാൻ വേണ്ടി യഹൂദപ്രമാണികൾ ധാരാളം പണംകൊടുത്തു ശിഷ്യന്മാർ ശവശരീരം രാത്രിയിൽ മോഷ്ടിച്ചുകൊണ്ടുപോയി എന്നും കാവൽക്കാരെക്കൊണ്ടു പ്രസ്താവിപ്പിച്ചു. പക്ഷെ ഫലമോ? സഭ പ്രചരിച്ചു; യഹൂദന്മാരിൽനിന്നും പുറജാതികളിൽ

www.malankaralibrary.com



നിന്നും ആളുകൾ കൂട്ടംകൂട്ടമായി സഭയിൽ ചേർന്നു സഭ അനുദിനം അഭിവൃദ്ധി പ്രാപിച്ചു് അചിരേണ ദിഗന്തങ്ങളെ നിറച്ചു. ഇതുപോലെ കത്തോലിക്കാ സഭയെ ദൂഷിച്ചു് അകത്തോലിക്കാ സഹോദരങ്ങൾ എത്രമാത്രം ഗ്രന്ഥങ്ങൾ എഴുതുകയും വ്യാജപ്രസ്താവനകൾ നടത്തുകയും ചെയ്യുന്നുവോ അത്രയ്ക്കു കൂടുതലായി കത്തോലിക്കാസഭയുടെ സത്യാവസ്ഥയും സുസ്ഥിതിയും മാഹാത്മ്യങ്ങളും സത്യാന്വേഷികൾക്കും ഹൃദയപരമാർത്ഥികൾക്കും ചിന്തകന്മാർക്കും ബോദ്ധ്യപ്പെടുകയും, അതേസമയംതന്നെ അകത്തോലിക്കാസഭകളുടെ അസ്ഥിവാരങ്ങൾ തകർന്നു തരിപ്പണമാകയുമാണു ചെയ്തുകൊണ്ടിരിക്കുന്നതെന്നു് ഇതുവരെയുള്ള അനുഭവങ്ങൾ സാക്ഷ്യം വഹിക്കുന്നു. എന്തുകൊണ്ടെന്നാൽ കത്തോലിക്കാ സഭാമന്ദിരം നിലകൊള്ളുന്നതു ദൈവപുത്രനായ ക്രിസ്തുതന്നെ അടിസ്ഥാനമിട്ട ഉറച്ച പാറപ്പുറത്താണു്. "മഴപെയ്യുകയും, നദികൾ ഒഴുകിവരികയും, കാറ്റുകൾ ഊതുകയും, അവ ആ വീട്ടിന്മേൽ തട്ടുകയും ചെയ്തു, എങ്കിലും അതു വീണില്ല. എന്തുകൊണ്ടെന്നാൽ അതിന്റെ അടിസ്ഥാനങ്ങൾ പാറമേൽ വെയ്ക്കപ്പെട്ടിരുന്നു" (1). അന്ധകാരശക്തികളുടെ പരാക്രമങ്ങൾ ഈ പാറമേൽ തട്ടിത്തകരുന്നതല്ലാതെ ഒരുകാലത്തും ഈ ഭവനത്തെ നശിപ്പിക്കയില്ല. ഉദിച്ചുയരുന്ന പൂർണ്ണചന്ദ്രനെ കണ്ടുകൊണ്ടു പട്ടി കുരച്ചാൽ ആ പട്ടി വശംകെടുകയല്ലാതെ ചന്ദ്രന്റെ കാന്തിക്കു എന്തെങ്കിലും കുറവു വരുമോ?

തന്റെ സ്നേഹമണവാളനെപ്പോലെ കത്തോലിക്കാ സഭയും തന്നെ ദ്വേഷിക്കുന്ന ഇതര മതസ്ഥ

1) മത്താ. 7, 25.

www.malankaralibrary.com



ടെ ആക്ഷേപങ്ങളും പീഡകളും നിന്ദനങ്ങളും സഹിച്ചു കുരിശിൽ തൂങ്ങുന്നു. എന്നാൽ അവർക്കു ഒരിക്കലും പരാജയമുണ്ടാകുന്നില്ല. ക്രിസ്തു ഉയിർത്തുപോലെ അവരും ശത്രുക്കളെ അടിച്ചു പിറകോട്ടോടിച്ചുകൊണ്ടു മഹത്വത്തോടെ ഉയിർത്തു വിജയശ്രീലാളിതയായി സ്വർഗ്ഗസമാനം ലോകരംഗത്തു പരിലസിക്കുന്നു. എല്ലാക്കാലത്തുമുള്ള ഹൃദയപരമാർത്ഥികളായ സത്യാന്വേഷകരും ചിന്തകന്മാരും അവളെ കണ്ടുപിടിച്ച് അവളുടെ വത്സലതനയരായിത്തീർന്ന് പരമാനന്ദം അനുഭവിക്കുന്നു. ഇതുപോലെയുള്ള മഹാഭാഗ്യം അനുഭവിച്ചു ആനന്ദിക്കുന്നതിനുവേണ്ട നൽവരങ്ങളും ദൈവാനുഗ്രഹസമൃദ്ധിയും അവളെ ദ്വേഷിച്ചു അവഹേളിക്കുന്നവർക്കും കരുണയുള്ള കർത്താവു എന്നെങ്കിലും നൽകി അവരുടെ ബോധങ്ങളെ പ്രകാശിപ്പിച്ചു ശുദ്ധീകരിക്കുമാറാകട്ടെ.

www.malankaralibrary.com

# ഗ്രന്ഥകാരന്റെ ഇതരകൃതികൾ.

1. എന്റെ മതങ്ങളെലിപ്രസംഗം.

യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാ ആദിയായ സഭകളുടെയും അവയിലെ നേതാക്കന്മാരുടെയും യഥാർത്ഥസ്ഥിതി ചിത്രീകരിക്കുന്നതും, ഒരു വിജ്ഞാനഭണ്ഡാഗാരമെന്നും നോവൽ പോലെ രസാവഹമെന്നും സർവ്വസമ്മതി സിദ്ധിച്ചിട്ടുള്ളതുമായ ഒരു വിമർശനഗ്രന്ഥം. 520 പുറങ്ങൾ—വില 2 രൂപാ.

| | രൂ. | ണ. | നാ. |
|---|---|---|---|
| 2. ദൈവമുണ്ടോ? | 0 | 5 | 0 |
| 3. എല്ലാ മതങ്ങളും ശരിയോ? | 0 | 2 | 0 |
| 4. ഏകസത്യസഭ. | 0 | 6 | 0 |
| 5. നിത്യരക്ഷ ഏതു സഭയിൽ? | 0 | 3 | 0 |
| 6. നിത്യരക്ഷയ്ക്കു വിശ്വാസം മാത്രം മതിയോ? | 0 | 3 | 0 |
| 7. യാക്കോബായക്കാർ എന്തുകൊണ്ടു കത്തോലിക്കാ സഭയിൽ ചേരണം? | 0 | 3 | 0 |
| 8. മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ? | 0 | 8 | 0 |
| 9. കൽക്കദോനിയാ സൂനഹദോസ് (12-ാം പീയൂസ് മാർപ്പാപ്പായുടെ "നിത്യരാജൻ" എന്ന തിരുവെഴുത്തിന്റെ മലയാള പരിഭാഷ) | 0 | 3 | 0 |
| 10. ഫാദർ കെ. റി. സഖറിയാസിന്റെ വിതണ്ഡാവാദങ്ങൾ. | 0 | 4 | 0 |
| 11. കൂനൻകുരിശുസത്യം. | 0 | 2 | 0 |

അപേക്ഷിക്കേണ്ടും മേൽവിലാസം:—

മാനേജർ,
കത്തോലിക്കാ ബുക്കുഡിപ്പോ,
തിരുവല്ലാ.